news@vachakam.com

03 ഏപ്രിൽ 2024
ബുധനാഴ്ച
1199 മീനം 17

CHICAGO

Vol.3 ◆ Issue 42 ◆ Pages32

Newspaper for Malayalees Worldwide

# വാചകം
VACHAKAM vachakam.com

01America | 12Canada | 13Keralam | 18India | 20Socialmedia | 23Cinema | 26Sports | 29Technology | 30 World

## വില കുറഞ്ഞ ഉൽപ്പന്നം ഇറക്കി വൻതോതിൽ നിക്ഷേപം

# ചൈനയുടെ വ്യാപാരത്തിന് തടയിടാൻ അമേരിക്ക



വാഷിംഗ്ടൺ: വ്യാപാര മേഖലയിലേയ്ക്കുള്ള ചൈനയുടെ കടന്നുകയറ്റത്തിന് തടയിടാൻ ഒരുങ്ങി യു.എസ്. ഇതിന്റെ ഭാഗമായി ചൈനയ്ക്കെതിരെ താരിഫുകളും മറ്റ് വ്യാപാര നിരോധനങ്ങളും ചുമത്തുന്നത് യുഎസ് പരിഗണിക്കുമെന്ന് ട്രഷറി സെക്രട്ടറി ജാനറ്റ് യെല്ലൻ. ബെയ്ജിംഗിന്റെ വർധിച്ച തോതിലുള്ള ഉൽപ്പാദനം ബാധിച്ച വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾക്ക് താരിഫുകളും മറ്റ് വ്യാപാര നിരോധനങ്ങളും ഏർപ്പെടുത്തുന്നത് പരിഗണിക്കുമെന്ന് ജാനറ്റ് യെല്ലൻ അറിയിച്ചു.തങ്ങൾ ഒരു വ്യവസായത്തെ പരിപോഷിപ്പിക്കാൻ ശ്രമിക്കുകയാണ്. ഉദാഹരണത്തിന്, സോളാർ സെല്ലുകൾ, ഇലക്ട്രിക് ബാറ്ററികൾ, ഇലക്ട്രിക് വാഹനങ്ങൾ യെല്ലൻ ബുധനാഴ്ച ചൈനയിലേക്ക് പോകുന്നതിന് മുമ്പ് അലാസ്കയിൽ പറഞ്ഞു. എന്നാൽ തങ്ങൾ അവരെ സംരക്ഷിക്കുന്നതിനുള്ള മറ്റ് സാധ്യമായ വഴികൾ തള്ളിക്കളയാൻ ആഗ്രഹിക്കുന്നില്ലെന്നും അവർ കൂട്ടിച്ചേർത്തു.ചൈന ആഗോള വിപണിയിലേക്ക് വിലകുറഞ്ഞ ഉൽപ്പന്നങ്ങൾ എത്തിക്കുകയും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ആവശ്യം മന്ദഗതിയിലാക്കുകയും ചെയ്യുന്നതിന്റെ സാമ്പത്തിക പ്രഭാവം തടയാനുള്ള ബൈഡൻ ഭരണകൂടത്തിന്റെ

ശേഷം പേജ് 8ൽ

സി.പി.എം ഭയക്കുന്ന ഈനാംപേച്ചിയും പവാറിന്റെയും ഉദ്ദവിന്റെയും ഭാവിയും ..... പേജ് 05
അന്ധവിശ്വാസത്തിൽ ശ്വാസംമുട്ടുന്ന വിദ്യാസമ്പന്നർ! ..... പേജ് 07
നടക്കാൻ പോകുന്നത് ഇന്ത്യയുടെ ഭാവി അടയാളപ്പെടുത്തൽ ..... പേജ് 09
അന്യസംസ്ഥാനക്രിമിനലുകളും കേരളത്തിലെ ക്വട്ടേഷൻ സംഘങ്ങളും ഭായി ഭായി? ..... പേജ് 22
കച്ചത്തീവ് വിഷയം ബി.ജെ.പിക്ക് ബൂമറാങ്ങായി മാറുമോ..? ..... പേജ് 25

## ഇസ്രായേൽ വ്യോമാക്രമണത്തിനെതിരെയുള്ള

# ബൈഡന്റെ പ്രതികരണം ഇസ്രയേലിനെ കൈവിടാതെ



നിരായുധരായ വാഹനവ്യൂഹത്തിന് നേരെ ഇസ്രായേൽ വ്യോമാക്രമണം നടത്തിയതിന് ശേഷം ഗാസയിലെ ഏഴ് വേൾഡ് സെൻട്രൽ കിച്ചൺ എയ്ഡ് വർക്കർമാർ മരിച്ചതിൽ രോഷം രേഖപ്പെടുത്തി പ്രസിഡന്റ് ജോ ബൈഡൻ. സംഭവം ഹൃദയഭേദകമാണെന്ന് വ്യാഴാഴ്ച വൈകുന്നേരം അദ്ദേഹം പറഞ്ഞു.തന്റെ 52 വർഷത്തെ ദേശീയ രാഷ്ട്രീയത്തിൽ ഇസ്രായേലിനെതിരായ ഏറ്റവും വലിയ വിമർശനം ഇതായിരിക്കുമെന്നും ബൈഡൻ വ്യക്തമാക്കി. സഹായ തൊഴിലാളികളെ കൊലപ്പെടുത്തിയതുപോലുള്ള ആക്രമണങ്ങൾ ഇനി സംഭവിക്കാൻ പാടില്ല എന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരത്തിൽ ഒരു ആക്രമണം ഒഴിവാക്കാൻ വേണ്ട കാര്യങ്ങൾ ഇസ്രായേൽ ചെയ്തിട്ടില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം സെലിബ്രിറ്റി ഷെഫ് ജോസ് ആന്ദ്രേസിന്റെ നേതൃത്വത്തിലുള്ള ഒരു സംഘടനയിൽ നിന്നാണ് സഹായ പ്രവർത്തകർ വന്നത് എന്നത് രാഷ്ട്രീയമായി പറഞ്ഞാൽ കാര്യങ്ങൾ കൂടുതൽ വഷളാക്കിയിട്ടുണ്ട് എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ഡൊണാൾഡ് ട്രംപിന്റെ ഇപ്പോൾ അടച്ചിട്ടിരിക്കുന്ന ഹോട്ടലിൽ നിന്ന് തന്റെ റെസ്റ്റോറന്റിനെ മോചിപ്പിച്ചപ്പോൾ അദ്ദേഹം നിരവധി വാഷിംഗ്ടൺ ലിബറലുകൾക്ക് ഒരു നായകനായി മാറിയിരുന്നു. വാഷിംഗ്ടണിലെ പവർ പ്ലേയർമാർ സംരക്ഷിക്കുന്ന നിരവധി റെസ്റ്റോറന്റുകൾ ആൻഡ്രേസ് നടത്തുന്നുണ്ട്. അദ്ദേഹം വാഷിംഗ്ട

ശേഷം പേജ് 8ൽ

ഏറ്റവും പുതിയ വാർത്തകൾ (24 X 7) അറിയുന്നതിന് www.vachakam.com സന്ദർശിക്കൂ

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ




# Dictators' Preferences: A Glimpse Through the Lens of History and Contemporary Governance

*"In understanding the whims and fancies of dictators, we are offered a mirror to the consequences of unchecked power."*

Dictators, with their iron-fisted rule and often flamboyant displays of authority, have carved marked patterns in the narrative of global and regional politics. To the discerning readers of Vachakam, particularly those hailing from a richly diverse and democratic ethos like India, the exploration of such authoritarian tendencies isn't merely an academic interest but a resonant topic given India's own nuanced governance and its geopolitical context in South Asia.

Every era of history and region has its Pharos, its Caesars - individuals who, through force or charisma, wrest control to rule with unchecked authority. Though wrapped under varied mantles of ideology, their preferences often reveal startling commonalities: a penchant for control, a taste for luxury amidst widespread privation, and a desire for perpetuity in statues and legends.

To comprehend the likes and dislikes of dictators is to understand the tremors they can send across nations, communities, and the individual psyche. In the Indian context, this becomes particularly significant when aligning the historical tapestry from imperial colonial rulers to contemporary bends towards authoritarian aspects in the region.

The South Asian milieu, with its colorful yet sobering track record of despotic regimes, provides a fertile ground for such introspections. The systematic centralization of authority, suppression of dissent, and curtailing of freedoms under such reigns, shockingly counterpoint the pluralistic and argumentative democracy that India has historically championed.

For an audience well-verbalized in the realm of Indian polity, insights from local political pundits serve to localize these global dialogues. Speaking to Vachakam, Dr. Reena K., a political scientist at the University of Delhi, notes that "India's steadfast democratic fabric, despite its challenges, stands in stark contrast to the typical fancies of despots who indulge in creating personalized cults of personality and fostering fear over constructive dialogue."

Historical recollections within Indian society, from the rule of the Mauryas and Guptas to the imperial endeavors of the British Raj, highlight various forms of centralized power. However, the echoes of dictatorial policies and inclinations feel more immediate when reflected from neighboring regimes where such practices have left indelible marks. This angle of examination reminds our readers not just of the perils of surrendering liberties but also of the resilience inherent in our societal structures.

Comparatively, the opulence that dictators often surround themselves with, and their vigorous efforts to construct narratives of invincibility, find their challenge in South Asia's inherent philosophy of karma and dharma which promotes moderation and duty over excess and pride. These worldviews, intrinsically Indian, act as a societal immune response to the excesses of tyrants.

But beyond dislikes, can there be likes when discussing dictators? It's a contentious notion, but among our readership, a growing understanding beckons - one that advocates for the meticulous study of the past and present despotism to bolster the bulwarks of our democracy.

Integrating experiences from our Indian heritage, insights from political patterns in South Asia, and the dynamics of current governance models enlightens this discussion beyond academic curiosity. For Indian society, especially one that engages with all its vibrancy in the political process, the dissection of the dictator's mind is not simply a cautionary exploration, but a reaffirmation of the democratic path India continues to tread - with its myriad voices, its debates, and its undying commitment to collective progress.

*"History warns us," as iterated by Ms. Gita Menon, a political journalist, "but it also empowers us. In recognizing the predilections of authoritarian leaders, we better arm ourselves with vigilance and advocacy for the democratic principles that are the beating heart of our nation."

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. Director: Cyril Chennikkara, Weekly publication. Phone: 1-773-888-2242, 1-773-888-2243 (WhatsApp). E-Mail: news@vachakam.com , vachakamonline@gmail.com. website www.vachakam.com. (An online news portal for Malayalees worldwide, 24 hrs updating). Cost $1.00 per copy.
**Phone Number: 1-773-888-2242.**
**Email: vachakamonline@gmail.com.**

## American Diary — 50 Years Ago

### Worst tornado outbreak in US history': A look back 50 years after Super Tornado Outbreak of April 3-4, 1974



Fifty years after the Super Tornado Outbreak of April 3-4, 1974 left trails of destruction across a wide swath of the eastern US, the twisters are still vivid in survivors' minds. It is still known as the "worst tornado outbreak in United States history," according to the NWS.

In just 16 hours, at least 148 tornadoes ravaged 13 states from the Great Lakes to the Gulf of Mexico. The event holds the record for the greatest number of F5 tornadoes in a single day. The violent twisters killed 335 people and injured more than 6,000. More than 27,000 families suffered loss. President Richard Nixon declared 10 states disaster zones.

April 03, 1974

# ബൈഡനെതിരെ പ്രതിഷേധ വോട്ടുകൾ രേഖപ്പെടുത്തി പതിനായിരക്കണക്കിന് ഡെമോക്രാറ്റുകൾ



വാഷിംഗ്ടൺ: പ്രസിഡന്റ് ബൈഡന്റെ പ്രചാരണത്തിന് ചൊവ്വാഴ്ച രാത്രി നടന്ന പ്രൈമറി തിരഞ്ഞെടുപ്പുകളിൽ വലിയ തോതിൽ പ്രതിഷേധ വോട്ടുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് പാർട്ടിയുടെ അടിത്തറ ദുർബലമാണെന്നും ഐക്യം ദുഷ്കരമാണെന്നും സൂചിപ്പിക്കുന്നു.

**വിസ്കോൺസിൻ:**

■ 8.4% വോട്ടർമാർ (ഏകദേശം 48,000 വോട്ട്) ബൈഡന് വോട്ടു ചെയ്യാതെ 'അൺകമ്മിറ്റഡ്' (പക്ഷപാതമില്ലാത്ത) വോട്ട് രേഖപ്പെടുത്തി. ■ ഡെമോക്രാറ്റിക് പ്രതിനിധി ഡീൻ ഫിലിപ്സിന് 3.1% വോട്ട് (17,553 വോട്ട്) ലഭിച്ചു.

**കണക്റ്റിക്കട്ട്:**

■ 11.5% വോട്ട് (8,000 വോട്ടിൽ താഴെ) 'അൺകമ്മിറ്റഡ്' ആയിരുന്നു.

**റോഡ് ഐലൻഡ്:**

■ 14.9% വോട്ടർമാർ (4,000 വോട്ട്) 'അൺകമ്മിറ്റഡ്' ആയിരുന്നു.

കാരണം:

■ ഇസ്രായേൽഹമാസ് യുദ്ധം, മറ്റ് വിഷയങ്ങളിൽ വൈറ്റ്ഹൗസിന്റെ നയങ്ങളെക്കുറിച്ചുള്ള പ്രതിഷേധം എന്നിവയാണ് പ്രതിഷേധ വോട്ടുകൾക്ക് കാരണം.

**പ്രത്യാഘാതങ്ങൾ:**

■ വിസ്കോൺസിനിൽ 48,000 പ്രതിഷേധ വോട്ടുകൾ ബൈഡന്റെ 2020 ലെ ട്രംപ് വിജയത്തിന്റെ മാർജിൻ (20,000 വോട്ട്) മറികടന്നു.

■ റോഡ് ഐലൻഡിലും കണക്റ്റിക്കട്ടിലും 15%, 12% വോട്ടർമാർ 'അൺകമ്മിറ്റഡ്' വോട്ട് ചെയ്തു.

■ ഇത് ഡെമോക്രാറ്റിക് പാർട്ടിയിൽ നയത്തിലെ മാറ്റത്തിനുള്ള ആഹ്വാനം ശക്തിപ്പെടുത്തുന്നു.

■ ഈ ഫലങ്ങൾ ഡെമോക്രാറ്റിക് പാർട്ടിക്ക് ഭീഷണിയാണ്, പ്രത്യേകിച്ച് 2024 ലെ തിരഞ്ഞെടുപ്പിൽ. ബൈഡന് പാർട്ടിയെ ഐക്യപ്പെടുത്താനും വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ വിജയിക്കാനും കഴിയുമോ എന്ന് കാത്തിരുന്ന് കാണണം.

## റീ...പോളിംഗ്




*ധനമന്ത്രി നിർമ്മല സീതാരാമന് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പണമില്ല*

# പെസഹാ, ദുഃഖവെള്ളിയാചരണം ഭക്തിനിർഭരമായി



ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ പെസഹാ ആചരണത്തിന് വികാരി ഫാ. തോമസ് മുളവനാൽ മുഖ്യകാർമികത്വം വഹിച്ചു. നമുക്കുവേണ്ടി സ്വന്തം ശരീരരക്തങ്ങൾ ദാനമായി നൽകി വി.കുർബാന സ്ഥാപിച്ച കർത്താവിനെ ജീവിതത്തിന്റെ കേന്ദ്രമാക്കാൻ മറക്കരുതെന്നും പൗരോഹിത്യസ്ഥാപനദിനമോർമിപ്പിച്ചുകൊണ്ട് ഉച്ചിയുറയ്ക്കാത്ത പിഞ്ചുകുഞ്ഞിന്റെ ശിരസ്സിൽ മാമോദീസാജലം തളിച്ചാരംഭിച്ച് മരവിച്ച മൃതദേഹത്തിൽ കുന്തിരിക്കമിട്ട് സ്വർഗയാത്രയുടെ അനുഭവങ്ങളിലേയ്ക്ക് നയിക്കുന്ന പുരോഹിതരെ നന്ദിയോടെ ഓർക്കുവാനും പെസഹാ സന്ദേശത്തിൽ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ആഹ്വാനം ചെയ്തു.

കാൽ കഴുകൽ ശുശ്രൂഷയിൽ റ്റീൻ മിനിസ്ട്രി അംഗങ്ങളായ 12 കുട്ടികളാണ് പങ്കെടുത്തത്. ദുഃഖവെള്ളിയാചരണത്തിന്റെ ഭാഗമായി നടന്ന പീഡാനുഭവസ്മരണയ്ക്ക് ഷിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ. ജോയ് ആലപ്പാട്ട് മുഖ്യകാർമികനായി. സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. സിജു മുടക്കോടിൽ ദുഃഖവെള്ളിയുടെ സന്ദേശം നൽകി. സഹനങ്ങളെ ദൈവീക പദ്ധതിയുടെ ഭാഗമായി കാണാനും സ്നേഹത്തിന്റെ എക്കാലത്തെയും പ്രസക്തമായ ചിഹ്നമായ വി. കുരിശിന്റെ മാർഗം നമ്മുടെ ജീവിതവഴികളെ നയിക്കട്ടെയെന്നും അച്ചൻ ആഹ്വാനം ചെയ്തു.

കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് അസി. വികാരി ഫാ.ബിൻസ് ചേത്തലിൽ നേതൃത്വം നൽകി. കുരിശുരൂപം വണങ്ങിയശേഷം എല്ലാവർക്കും നേർച്ചക്കഞ്ഞിയും ഉണ്ടായിരുന്നു. ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

*ലിൻസ് താന്നിച്ചുവട്ടിൽ*

## ഫൊക്കാന കൺവെൻഷൻ മിഡ് വെസ്റ്റ് റീജിയൻ കിക്ക് ഓഫ് ഷിക്കാഗോയിൽ

ഷിക്കാഗോ: ജൂലൈ 17, 18, 19 തീയതികളിൽവാഷിംഗ്ടൺഡിസിയിൽവച്ച്നടക്കുന്നഫൊക്കാനനാഷണൽകൺവെൻഷന്റെ ഭാഗമായി ഫൊക്കാന മിഡ്‌വെസ്റ്റ് റീജിയൻഷിക്കാഗോയിൽഏപ്രിൽ12നു 7 മണിക്ക് മോർട്ടൻഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ പള്ളി ഹാളിൽ വച്ച് കിക്ക് ഓഫ് സംഘടിപ്പിച്ചിരിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽ നാലു പതിറ്റാണ്ടിലേറെക്കാലത്തെ ചരിത്രവും സേവന പാരമ്പര്യവുമുള്ള ഫൊക്കാന ലോകമെമ്പാടും അറിയപ്പെടുന്ന അമേരിക്കൻ മലയാളികളുടെ ഏറ്റവും പ്രബലമായ സംഘടനയാണ്. ഒട്ടനവധി കാരുണ്യ പ്രവർത്തികൾ ഫൊക്കാന നടപ്പിലാക്കികൊണ്ടിരിക്കുന്നു.

മലയാളഭാഷയെ പരിപോക്ഷിപ്പിക്കുന്നതിനും സാമൂഹ്യ നന്മക്കും വേണ്ടി ഫൊക്കാന ചെയ്യുന്ന പ്രവർത്തികൾ കേരളത്തിൽ ഫൊക്കാനയുടെ യശസ്സ് വർദ്ധിപ്പിക്കുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നുവരെയും നടന്നിട്ടില്ലാത്ത അത്യുജ്ജ്വല കൺവെൻഷനായിരിയ്ക്കും വാഷിംഗ്ടൺ ഡിസിയിലേതെന്ന് നാഷണൽ കമ്മറ്റി ഭാരവാഹികൾ പറഞ്ഞു.ഫൊക്കാന മിഡ്‌വെസ്റ്റ് റീജിയൻ വൈസ് പ്രസിഡന്റ് ഫ്രാൻസിസ് കിഴക്കേക്കുറ്റ് അധ്യക്ഷത വഹിക്കുന്ന കിക്ക് ഓഫ് യോഗം നാഷണൽ പ്രസിഡന്റ് ഡോ: ബാബു സ്റ്റീഫൻ ഉദ്ഘാടനം ചെയ്യുന്നതാണ്.

കിക്ക് ഓഫ് ന്റെ വിജയകരമായ നടത്തിപ്പിന് ഫൊക്കാന നേതാക്കളായ ജെയ്‌ബു കുളങ്ങര, സിറിയക് കൂവക്കാട്ടിൽ, ടോമി അമ്പേനാട്ട്, ലെജി പട്ടരുമഠം, സന്തോഷ് നായർ, പ്രവീൺ തോമസ്, ജോർജ് പണിക്കർ, ബ്രിജിറ്റ് ജോർജ്, അനിൽകുമാർപിള്ള, സതീശൻനായർ, വിജി എസ്. നായർ, ഷൈബു കിഴക്കേക്കുറ്റ്, മത്തിയാസ് പുല്ലാപ്പള്ളിൽ, ലീല ജോസഫ്, സൂസൻ ചാക്കോ, മോൻസി ചാക്കോ, സൈമൺ പള്ളികുന്നേൽ, ബൈജു കണ്ടത്തിൽ, ജിബിറ്റ് കിഴക്കേക്കുറ്റ് തുടങ്ങിയവർ നേതൃത്വം നൽകുന്നു. എല്ലാ ഫൊക്കാന നേതാക്കളെയും പ്രവർത്തകരെയും അനുഭാവികളെയും കിക്ക് ഓഫ് കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

## ഷിക്കാഗോ മലയാളി അസോസിയേഷൻ ഫാമിലി എൻ – റീച്ച്മെന്റ് പ്രോഗ്രാം മെയ് 24ന്



ഷിക്കാഗോ മലയാളീ അസോസിയേഷൻ ഫാമിലി എൻ-റീച്ച്മെന്റ് പ്രോഗ്രാം മെയ് 24 വെള്ളിയാഴ്ച വൈകിട്ട് 6.30ന് നടത്തപ്പെടുന്നു. ഫിലോകാലിയ ഫൗണ്ടേഷന്റെ സ്ഥാപകരായ ബ്രദർ മാരിയോ ജോസഫ്, ജിജി മാരിയോ എന്നിവർ പങ്കെടുക്കുന്നു.

മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന ഫാമിലി എൻ-റീച്ച്മെന്റ് പ്രോഗ്രാം വിവിധ വിഭാഗങ്ങൾ ആയാണ് നടത്തപെടുക. വെള്ളിയാഴ്ച കപ്പിൾസ് ഗൈഡൻസ് ക്ലാസ്സ് പ്രസിദ്ധ പ്രഭാഷകരായ മാരിയോ ജോസഫ്, ജിജി മാരിയോ നയിക്കും. ദമ്പതികൾക്കായി നടത്തുന്ന ഈ പരിപാടി കുടുംബജീവിതം നയിക്കുന്നർക്കൊരു മുതൽകൂട്ടായിരിക്കും എന്ന് ഷിക്കാഗോ മലയാളീ അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി അറിയിച്ചു. 12 മുതൽ 17 വയസ്സ് പ്രായമുള്ള കുട്ടികൾക്കായി കിഡ്‌സ് കോർണർ മെയ് 26 ഞായർ വൈകിട്ട് 4 മണിക്ക് ബ്രദർ. മാരിയോ ജോസഫ്, ജിജി മാരിയോ ഉദ്ഘാടനം ചെയ്യും.

നേരത്തെ നിശ്ചയിച്ച തിയതിയിൽ ചില ചെറിയ മാറ്റങ്ങൾ നടത്തേണ്ടി വന്നു എന്ന് സംഘാടകർ അറിയിച്ചു.

യുവജനങ്ങൾക്കായുള്ള യൂത്ത് സമ്മിറ്റ് മെയ് 27 തിങ്കൾ രാവിലെ 10 മുതൽ 4 വരെ വിവിധ പരിപാടി കളോടുകൂടി നടത്തപ്പെടും. ബ്രദർ മാരിയോ ജോസഫ് ക്ലാസ്സ് നയിക്കും. സിജെ മാത്യു, സാറ അനിൽ, ബോബി ചിറയിൽ എന്നിവർ യൂത്ത് സമ്മിറ്റ് പ്രോഗ്രാം നേതൃത്വം കൊടുക്കുന്നു.ഷിക്കാഗോയിൽ മാത്രമല്ല അമേരിക്കയിലുള്ള എല്ലാവരെയും ഈ മെമ്മോറിയൽ ഡേ വീക്കെൻഡിൽ നടത്തുന്ന ഫാമിലി എന്റിച്ച്മെന്റ് പരിപാടികളിലേക്ക് ക്ഷണിക്കുന്നതായി ഷിക്കാഗോ മലയാളീ അസോസിയേഷൻ ഭാരവാഹികളായ ആൽവിൻ ഷിക്കോർ, മനോജ് അച്ചേട്ടു, ഫിലിപ്പ് പുത്തൻപുരയിൽ, ഡോ. സിബിൾ ഫിലിപ്പ്, വിവിഷ് ജേക്കബ് എന്നിവർ അറിയിച്ചു.എക്യൂമെനിക്കൽ കൗൺസിൽ ദേശീയ സംഘടനകളായ ഫോക്കാനാ, ഫോമ മുതലായ എല്ലാ സംഘടനകളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അഭ്യർത്ഥിച്ചു.

RELIABLE TAX & ACCOUNTING INC.

REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com

# കേന്ദ്ര അന്വേഷണത്തെ നേരിടാൻ കൂടുവിട്ട് കൂടുമാറുന്ന വിദ്യ

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ അഴിമതി കേസുകളിൽ കേന്ദ്ര ഏജൻസികളുടെ അന്വേഷണം നേരിട്ട 25 പ്രതിപക്ഷ നേതാക്കൾ ബി.ജെ.പിയിൽ ചേർന്നു. ബി.ജെ.പിയുടെയും എൻ.ഡി.എ മുന്നണിയുടെയും ഭാഗമായതിന് പിന്നാലെ ഏജൻസികളുടെ നടപടികൾ പാതിവഴിയിൽ അവസാനിപ്പിച്ചുവെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ഇ.ഡി, സി.ബി.ഐ, ഇൻകം ടാക്സ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തിയ കേസിൽ പ്രതികളായ 25 പേരാണ് പാർട്ടി വിട്ട് എൻ.ഡി.എയുടെ ഭാഗമായത്. പാർട്ടിവിട്ടതിന് പിന്നാലെ 23 പേർക്കും അവർ നടപടി നേരിട്ടിരുന്ന കേസുകളിൽ ഇളവ് ലഭിക്കുകയായിരുന്നു. 3 കേസുകൾ പൂർണമായും അവസാനിപ്പിച്ചപ്പോൾ 20 എണ്ണത്തിൽ അന്വേഷണം പാതിവഴിയിൽ തടസപ്പെട്ടു.

2014 മുതൽ അഴിമതിക്കേസുകളിൽ കക്ഷിഭേദമന്യേ എല്ലാ പാർട്ടിയിൽ നിന്നുമുള്ള നേതാക്കൾ പ്രതികളായിരുന്നു. കോൺഗ്രസിൽ നിന്ന് 10 പേരും എൻസിപിയിൽ നിന്നും ശിവസേനയിൽ നിന്നും നാലുവീതവുമാണ് പാർട്ടിവിട്ടത്. ടിഎംസിയിൽ നിന്ന് മൂന്ന്, ടിഡിപിയിൽ നിന്ന് രണ്ടുപേർ, എസ്.പിയിൽ നിന്നും വൈ. എസ്.ആർ.സി.പിയിൽ നിന്നും ഓരോരുത്തർ വീതമാണ് എൻ.ഡി.എയിലേക്ക് കൂടിയേറിയത്. രാഷ്ട്രീയ നീക്കം അവർക്ക് ഗുണകരമായെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. 2022ലും 2023 ലും മഹാരാഷ്ട്രയിൽ ഉണ്ടായ രാഷ്ട്രീയ അട്ടിമറിയിലൂടെയാണ് കൂടുതൽ പേരും മറുകണ്ടം ചാടിയത്.

2022 ൽ ഏകനാഥ് ഷിൻഡെ വിഭാഗം ശിവസേനയിൽ നിന്ന് പിരിഞ്ഞ് ബി.ജെ.പിയുമായി ചേർന്ന് പുതിയ സർക്കാർ രൂപീകരിച്ചു. ഒരു വർഷത്തിനുശേഷം അജിത് പവാർ വിഭാഗം എൻ.സി.പയിൽ നിന്ന് പിരിഞ്ഞ് ഭരണകക്ഷിയായ എൻ.ഡി.എ സഖ്യത്തിൽ ചേർന്നു. എൻ.സി.പി വിഭാഗത്തിലെ മുതിർന്ന നേതാക്കളായ അജിത് പവാറും പ്രഫുൽ പട്ടേലും നേരിട്ട കേസുകൾ പിന്നീട് അവസാനിപ്പിച്ചതായി രേഖകൾ വ്യക്തമാക്കുന്നു. പ്രമാദമായ കുറ്റകൃത്യങ്ങളിൽ അന്വേഷണം അവസാനിപ്പിച്ച ഏജൻസികൾ പേരിന് മാത്രമുള്ള കേസുകളിൽ അന്വേഷണം തുടരുന്നുമുണ്ട്. എന്നാൽ എല്ലാം കേസുകളിലും തെളിവുകളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടന്നതെന്നും നടപടികൾ തുടരുകയാണെന്നുമാണ് അന്വേഷണ ഏജൻസികൾ പറയുന്നത്.

## നേതാക്കളുടെ കേസുകൾ പോയ വഴി!

### അജിത് പവാർ

മഹാരാഷ്ട്ര സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അജിത് പവാർ, ശരദ് പവാർ എന്നിവരുൾപ്പടെയുള്ളവർക്കെതിരെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം (ഇഒഡബ്ല്യു) കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പിന്നാലെ ഇ.ഡിയും നടപടി തുടങ്ങി. കോൺഗ്രസ് നേതാക്കളായ ജയന്ത് പാട്ടീൽ, ദിലീപ്റാവു ദേശ്മുഖ്, മദൻ പാട്ടീൽ എൻസിപിയുടെ ഈശ്വർലാൽ ജെയിൻ, ശിവാജി റാവു നലവാഡെ,ഒപ്പംശിവസേനയുടെ ആനന്ദറാവു അദ്സുലും എന്നിവരെയും പ്രതികളാക്കി. ഇഡി പവാറിന്റെ പേരിടാതെയാണ് കുറ്റപത്രം സമർപ്പിച്ചത്. അതിനിടയിൽശിവസേന പിളർന്ന് ഷിൻഡെസർക്കാർ രൂപീകരിച്ചു.

ഇഡി തെളിവുകളുടെ അടിസ്ഥാനത്തിൽ ഇഒഡബ്ല്യു കൂടുതൽ അന്വേഷണം ആവശ്യപ്പെട്ട് രംഗത്തെത്തി. പിന്നീട് കാണുന്ന കാഴ്ച പവാർ എൻ.ഡി.എ സർക്കാരിൽ ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതാണ്. അതിന് പിന്നാലെ കേസുകൾ അവസാനിപ്പിക്കാൻ ഇഒഡബ്ല്യു അപേക്ഷ നൽകിയതോടെ നടപടികൾ ഏതാണ്ട് അവസാനിച്ച മട്ടിലാണ്.

### പ്രഫുൽ പട്ടേൽ

എയർ ഇന്ത്യ 111 വിമാനങ്ങൾ വാങ്ങിയതിലും എ.ഐഇന്ത്യൻ എയർലൈൻസ് ലയനത്തിലും അഴിമതി നടന്നെന്നാരോപിച്ച് മുൻ സിവിൽ ഏവിയേഷൻ മന്ത്രിക്കെതിരെ 2017 ലാണ് സി.ബി.ഐയും ഇഡിയും അന്വേഷണം ആരംഭിച്ചത്. എഫ്.ഐ. ആറിൽ പട്ടേൽ പ്രതിയല്ലെങ്കിലും അദ്ദേഹത്തിന്റെ പേര് എഫ്.ഐ.ആറിൽ പരാമർശിച്ചു. 2023 ൽ എൻ.സി.പി ബി.ജെ.പയിുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ മുന്നണിയുടെ ഭാഗമായതിന് പിന്നാലെ കേസുകൾ മരവിപ്പിക്കുകയായിരുന്നു.



### പ്രതാപ് സർനായിക്

സെക്യൂരിറ്റി സ്ഥാപന ഇടപാടുകളിൽ ക്രമക്കേട് ആരോപിച്ച് ശിവസേന വക്താവായ പ്രതാപ് സർനായികിനെ ഇഡി അറസ്റ്റ് ചെയ്യുന്നു. പിന്നാലെ വിവിധയിടങ്ങളിൽ റെയ്ഡും നടത്തി. ബി.ജെ.പിയുമായി ഒത്തുകളിച്ച് ഇഡി പീഡിപ്പിക്കുന്നു എന്ന് വ്യക്തമാക്കിരംഗത്തെത്തി. 2022 ജൂണിൽ, സേന പിളർന്നപ്പോൾ അദ്ദേഹം ഏകനാഥ് ഷിൻഡെക്കൊപ്പം നിന്നു. 2022 ൽ ഷിൻഡക്കൊപ്പം എൻഡിഎയിലെത്തി. പിന്നെയെല്ലാം വളരെ പെട്ടെന്നായിരുന്നു മാസങ്ങൾക്കുള്ളിൽ കേസ് അവസാനിപ്പിക്കുന്നുവെന്ന റിപ്പോർട്ട് കോടതി സ്വീകരിച്ചു എന്നും അറിഞ്ഞു.

### ഹിമന്ത ബിശ്വ ശർമ്മ

അസം മുഖ്യമന്ത്രിയായ ഹിമന്ത ബിശ്വ ശർമ്മക്കെതിരെ 2014 ലും 2015 ലുമാണ് സി.ബി.ഐയും ഇ.ഡിയും അന്വേഷണം നടത്തുന്നത്. ശാരദാ ചിട്ടി ഫണ്ട് അഴിമതിക്കേസ് പ്രതിയായ സുദീപ്ത സെന്നുമായുള്ള സാമ്പത്തിക ഇടപാടുകൾ ആരോപിച്ച് 2014ൽ സി.ബി.ഐ അദ്ദേഹത്തിന്റെ വീടും ഓഫീസും റെയ്ഡ് ചെയ്തു. 2015ൽ കോൺഗ്രസ് വിട്ട് ബിജെപയിൽ ചേർന്നതോടെ കേസുകളും നടപടികളും അവസാനിച്ചു.

### ഹസൻ മുഷ്രിഫ്

മഹാരാഷ്ട്രയിലെ കോലാപൂരിലുള്ള സർ സേനാപതി സാന്താജി ഘോർപഡെ പഞ്ചസാര ഫാക്ടറിയിൽ നടന്ന ക്രമക്കേടുകളുടെ മറവിൽ കള്ളപ്പണം വെളുപ്പിച്ചതിന് 2023 ഫെബ്രുവരിയിലാണ് ഇഡി കേസെടുത്തത്. 40,000 കർഷകരിൽ നിന്ന് മൂലധനം ശേഖരിച്ചതിന് ശേഷം അവർക്ക് ഷെയർ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്ന് ഇഡി കണ്ടെത്തി. പിരിച്ചെടുത്ത പണം മുഷ്‌രിഫിന്റെ കുടുംബവുമായി ബന്ധമുള്ള ഷെൽ കമ്പനികളിലേക്ക് വകമാറ്റിയെന്നാണ് ആരോപണം. 2023 ജൂലൈയിൽ മുഷ്‌രിഫ് അജിത് പവാറിനൊപ്പം എൻഡിഎയിൽ ചേരുന്നതോടെ ആ കേസുകളിലും തീരുമാനമായി.

### ഭാവന ഗവാലി

ശിവസേന നേതാവും എം.പിയുമായ ഭാവന ഗവാലിക്കെതിരെ 2020ലാണ് കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് ഇ.ഡിറെയ്ഡുകൾ നടത്തുന്നത്. എം.പിയും സഹായിയും ഒരു ട്രസ്റ്റ് വഴി 17 കോടിരൂപ തട്ടിയതായി കണ്ടെത്തി. പിന്നാലെ സഹായിയായ സയീദ് ഖാന് ബന്ധമുണ്ടെന്ന് ആരോപിക്കപ്പെടുന്ന 3.75 കോടി രൂപ വിലമതിക്കുന്ന മുംബൈയിലെ ഓഫീസ് കെട്ടിടവും ഇഡി കണ്ടുകെട്ടി. 2022ൽ ശിവസേനക്കൊപ്പം എൻ.ഡി.എയിൽ ചേർന്നതോടെ കേസിൽ തുടർ നടപടികളില്ല.

### യാമിനി, യശ്വന്ത് ജാദവ്

ശിവസേന നേതാവും എം.എൽ.എയുമായ യാമിനിക്കും വ്യവസായിയായ യശ്വന്ത് ജാദവിനുമെതിരെ ഇഡി ഉൾപ്പെടെ ഒന്നിലധികം ഏജൻസികളുടെ അന്വേഷണം നടന്നിരുന്നു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ) ലംഘനം ആരോപിച്ച് ബന്ധുക്കളുടേതടക്കം ആറ് കമ്പനികൾക്കെതിരെ ഇഡി അന്വേഷണം നടത്തി. 2022ൽ നികുതി വകുപ്പ് 40 ലധികം സ്വത്തുക്കൾ കണ്ടുകെട്ടിയതോടെ 2022 ജൂണിൽ ഷിൻഡെക്കൊപ്പം എൻഡിഎയിൽ ചേർന്നു.

### സി.എം. രമേഷ്

ടി.ഡി.പി എം.പിയായിരുന്ന സി.എം രമേഷിന്റെ കമ്പനികളിൽ 2018 ഒക്ടോബറിൽ, 100 കോടി രൂപയുടെ ക്രമക്കേട് ആരോപിച്ച് ഐടി വകുപ്പ് റെയ്ഡ് നടത്തി. 2019 ജൂണിൽ ബി ജെ പിയിൽ ചേർന്നതിന് പിന്നാലെ തുടർ നടപടികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

### രനീന്ദർ സിംഗ്

മുൻ പഞ്ചാബ് മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർസിങ്ങിന്റെമകൻരനീന്ദർസിങ്ങിനെതിരെ ഫെമ നിയമ ലംഘനം ആരോപിച്ചാണ് ഇഡി അന്വേഷണം ആരംഭിക്കുന്നത്. 2016ൽ അദ്ദേഹം ഇഡിക്ക് മുമ്പാകെ ഹാജരാകുന്നു. സിംതോലി ഷുഗേഴ്സിന്റെ പേരിൽ നടന്ന 98 കോടി രൂപയുടെ വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് അമരീന്ദർ സിങ്ങിന്റെ മരുമകൻ ഗുർപാൽ സിംഗിനെ 2018 മാർച്ചിൽ സിബിഐ ചോദ്യം ചെയ്യുന്നു. സിബിഐയുടെ എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിൽ ഇഡി കള്ളപ്പണം വെളുപ്പിക്കൽ കേസ് രജിസ്റ്റർ ചെയ്യുകയും 2019 ജൂലൈയിൽ 110 കോടി രൂപയുടെ ആസ്തി കണ്ടുകെട്ടുകയും ചെയ്തു. 2021 നവംബറിൽ അമരീന്ദർ കോൺഗ്രസ് വിടുന്നു. 2022 സെപ്റ്റംബറിൽ അമരീന്ദർ ബിജെപിയിൽ ചേർന്നു. ആ കേസുകളിലെ തുടർനടപടികളെ പറ്റി പിന്നെ ലോകം ഒന്നും അറിഞ്ഞില്ല.

### സഞ്ജയ് സേത്

എസ്പി നേതാവായ സഞ്ജയ് സേതുമായി ബന്ധമുള്ള ഷാലിമാർ കോർപ്പറേഷന്റെ ഓഫീസുകളിൽ 2015 ലാണ് ഐടി വകുപ്പ് റെയ്ഡ് നടത്തുന്നത്. മുലായം സിംഗ് യാദവിന്റെ കുടുംബവുമായി അടുത്ത ബന്ധം പുലർത്തുന്ന സേത്ത്, 2019 ൽ എസ്പിബിഎസ്പി സഖ്യം രൂപീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ച നേതാവ് കൂടിയാണ്. അടുത്തിടെ നടന്ന രാജ്യസഭയിൽ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ അപ്രതീക്ഷിത സ്ഥാനാർഥിയായാണ് സേതിന്റെ പേര് പിന്നെ കേൾക്കുന്നത്. യുപിയിൽ നിന്ന് സേത്തിനെ രാജ്യസഭയിലേക്ക് ബിജെപി മത്സരിപ്പിച്ചു.

### സുവേന്ദു അധികാരി

നാരദ സ്റ്റിംഗ് ഓപ്പറേഷൻ കേസിൽ 11 തൃണമൂൽ കോൺഗ്രസ് നേതാക്കൾക്കൊപ്പം പ്രതിയാണ് ലോക് സഭാ എംപി ആയിരുന്ന സുവേന്ദു അധികാരി. സുവേന്ദു അധികാരിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടരാൻ 2019 ൽ ലോക്സഭാ സ്പീക്കറിൽ നിന്ന് സി.ബി.ഐ അനുമതി തേടിയിരുന്നു. 2020 ൽ ബി.ജെ.പിയിൽ ചേർന്നു. നാല് വർഷം പിന്നിട്ടിട്ടും സ്പീക്കറുടെ അനുമതിക്കായി ഇപ്പോഴും സി.ബി.ഐ കാത്തിരിക്കുകയാണ്.

### കെ ഗീത

വൈഎസ്ആർസിപി എംപി ഗീതയ്ക്കും ഭർത്താവ് പി രാമകോടേശ്വര റാവുവിനും എതിരെ 2015ൽ സിബിഐ കേസെടുക്കുന്നു. അവരുടെ കമ്പനിയായ വിശേശ്വര ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് പഞ്ചാബ് നാഷണൽ ബാങ്കിൽ 42 കോടി രൂപ വായ്പയെടുത്ത് തട്ടിപ്പ് നടത്തിയെന്നാണ് കേസ്.മാർച്ച്12ന്തെലങ്കാനഹൈക്കോടതി ശിക്ഷ സ്റ്റേ ചെയ്തു. മാർച്ച് 28 ന് സ്ഥാനാർഥിയായി അവരെ ബിജെപി പ്രഖ്യാപിച്ചു. ആ കേസിൽ അപ്പീൽ കൊടുക്കാൻ സിബിഐ ഇതുവരെ തയാറായിട്ടില്ല.

### സോവൻ ചാറ്റർജി

മുൻ കൊൽക്കത്ത മേയറും ടിഎംസി നേതാവും എംഎൽഎയുമായ സോവൻ ചാറ്റർജി നാരദ സ്റ്റിംഗ് ഓപ്പറേഷൻ കേസിലെ പ്രധാന പ്രതിയാണ്, ശാരദ ചിട്ടിഫണ്ട് കേസിലും കേന്ദ്ര ഏജൻസികൾ ചോദ്യം ചെയ്തു. 2019 ൽ ബി.ജെ.പിയിൽ ചേർന്നു. 2021ൽ സീറ്റ് നിഷേധിച്ചതിനെത്തുടർന്ന് ബിജെപിയിൽ നിന്ന് രാജിവച്ചു. 2021 ൽ നാരദ കേസിൽ സിബിഐ അറസ്റ്റ് ചെയ്തു. ഇപ്പോൾ ജാമ്യത്തിലാണ്.

### ഛഗൻ ഭുജ്ബൽ

എൻസിപി നേതാവായിരുന്ന ഛഗൻ ഭുജ്ബൽ നിലവിൽ മഹാരാഷ്ട്ര മന്ത്രിസഭയിലെ അംഗമാണ്. 2006ൽ 100 കോടിയിലധികം രൂപയുടെ കരാർ നൽകിയതിൽ ക്രമക്കേട് നടത്തിയെന്ന കേസിൽ 2015ൽ മഹാരാഷ്ട്രയിലെ അഴിമതി വിരുദ്ധ ബ്യൂറോ കേസെടുത്തു. എഫ്ഐആറിന്റെ അടിസ്ഥാനത്തിൽ ഇഡി കള്ളപ്പണം വെളുപ്പിക്കൽ കേസ് രജിസ്റ്റർ ചെയ്യുകയും 2016 മാർച്ചിൽ ഭുജ്ബലിനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 2018 മെയ് മാസത്തിൽ ഭുജ്ബൽ ജാമ്യവും വിദേശയാത്രയ്ക്കുള്ള അനുമതിയും നേടി. ഇ.ഡി അതിനെതിരെ ഹർജി നൽകി. 2023ൽ അജിത് പവാറിനൊപ്പം എൻഡിഎയിൽ ചേർന്നതിന് പിന്നാലെ ഭുജ്ബൽ നിരവധി തവണ വിദേശയാത്ര നടത്തി. ഇക്കാര്യം കോടതി ചൂണ്ടിക്കാട്ടിയതോടെ ഇഡി ഹർജി പിൻവലിച്ചു.

### കൃപാശങ്കർ സിംഗ്

2012 ലാണ് അന്നത്തെ മുംബൈ കോൺഗ്രസ് മേധാവി കൃപാശങ്കർ സിങ്ങിനെതിരെഅനധികൃതസ്വത്ത്സമ്പാദനകേസിൽ പൊലീസ് കേസെടുത്തത്. എഫ്ഐആറിന്റെ അടിസ്ഥാനത്തിൽ ഇഡി കള്ളപ്പണം വെളുപ്പിക്കൽ അന്വേഷിക്കുകയും മക്കളെ ചോദ്യം ചെയ്യുകയും ചെയ്തു. 2019 സെപ്റ്റംബറിൽ കോൺഗ്രസിൽ നിന്ന് രാജിവെച്ച സിങ് 2021 ജൂലൈയിൽ ബിജെപിയിൽ ചേർന്നു. തുടർ നടപടികളുമായി ഇ.ഡി മുന്നോട്ട് പോയതുമില്ല.

### ദിഗംബർ കാമത്ത്

കോൺഗ്രസ് നേതാവും മുൻ ഗോവ മുഖ്യമന്ത്രിയുമായ ദിഗംബർ കാമത്ത് 2015 മുതൽ ലൂയിസ് ബർഗർ അഴിമതിയിൽ ഇഡി അന്വേഷണം നേരിടുകയാണ്. കാമത്തിന്റെയും എൻസിപി നേതാവ് ചർച്ചിൽ അലെമാവോയുടെയും രണ്ട് കോടിയോളം രൂപ വിലമതിക്കുന്ന സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി. 2022 സെപ്തംബറിൽ എട്ട് കോൺഗ്രസ് എംഎൽഎമാരുമായി കാമത്ത് ബിജെപിയി ചേർന്നു. കേസിൽ വിചാരണ അനന്തമായി നീളുകയാണ്.

### അശോക് ചവാൻ

മുംബൈയിലെ ആദർശ് കോഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയിൽ ഫ്ലാറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട കേസിലെ പ്രധാന പ്രതികളിൽ ഒരാളാണ് മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന അശോക് ചവാൻ. 2011ൽ സി.ബി.ഐ അന്വേഷണം ആരംഭിച്ചു. പിന്നാലെ ഇഡി അന്വേഷണം ആരംഭിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു.2024 ഫെബ്രുവരിയിൽ ബിജെപിയിൽ ചേർന്നതോടെ നടപടികൾ അവസാനിക്കുകയും ചെയ്തു.

### നവീൻ ജിൻഡാൽ

2016 ലും 17 ലുമെടുത്ത കൽക്കരിപ്പാടം കേസുകളിൽ കോൺഗ്രസ് നേതാവായ നവീൻ ജിൻഡാലിനെതിരെ സിബിഐ കുറ്റപത്രം സമർപ്പിച്ചു. കള്ളപ്പണം വെളുപ്പിക്കൽ അന്വേഷണം നടത്തിയ ഇഡിയും കുറ്റപത്രം സമർപ്പിച്ചു. 2022 ഏപ്രിലിൽ ജിൻഡാൽ സ്റ്റീൽ ആൻഡ് പവറിലും നവിൻ ജിൻഡാലിന്റെ വീട്ടുകളിലും ഇഡി റെയ്ഡ് നടത്തി.2024 മാർച്ചിൽ ജിൻഡാൽ ബി.ജെ.പിയിൽ ചേർന്നതോടെ എങ്ങും എത്താതെ അന്വേഷണം നീളുകയാണ്.

### തപസ് റോയ്

ടിഎംസി നേതാവായ തപസ് റോയി കള്ളപ്പണം വെളുപ്പിക്കൽ കേസ്, റിക്രൂട്ട്മെന്റ് തട്ടിപ്പ് തുടങ്ങിയ കേസുകളിൽ പ്രതിയാകുന്നു. 2024 ജനുവരിയിൽ ഇ.ഡി ഇയാളുടെ വസതിയിൽ റെയ്ഡ് നടത്തുന്നു. 2024 മാർച്ചിൽ ബി.ജെ.പിയിൽ ചേർന്ന റോയി നിലവിൽ സ്ഥാനാർഥിയുമാണ്.

### അർച്ചന പാട്ടീൽ

കോൺഗ്രസ് നേതാവായ അർച്ചന പാട്ടീലിന്റെ ഭർത്താവും മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവുമായ ശിവരാജ് പാട്ടീലിന്റെ കമ്പനിയായ എൻവി ഗ്രൂപ്പിന്റെ സ്ഥാപനത്തിൽ ഐടി വകുപ്പ് റെയ്ഡ് നടത്തി. മഹാരാഷ്ട്രയിലെ കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയും മകനുമായ ശൈലേഷാണ് കമ്പനിയുടെ ഡയറക്ടർ. ഈ വർഷം ഫെബ്രുവരിയിൽ, ആദായനികുതി അപ്പലേറ്റ് ട്രിബ്യൂണൽ (ഐടിഎടി) റെയ്ഡിൽ കുറ്റകരമായ ഒന്നും കണ്ടെത്തിയില്ലെന്ന് റിപ്പോർട്ട് നൽകുന്നു. മാർച്ചിൽ അർച്ചന ബി.ജെ.പയിൽ ചേർന്നു. ലാത്തൂരിൽ നിന്ന് മത്സരിക്കുമെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം.

### ഗീത കോഡ

അനധികൃത സ്വത്ത് സമ്പാദനത്തിലും കൽക്കരിപ്പാടങ്ങൾ അനുവദിച്ച കേസുകളിലും കേന്ദ്ര ഏജൻസികളുടെ നടപടി നേരിടുകയാണ് ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി മധു കോഡ. കോഡയ്ക്കെതിരായ മറ്റ് കേസുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. 2017 ൽ കോഡയെ ശിക്ഷിച്ചു. 2018 ൽ ശിക്ഷ വിധി സ്റ്റേ ചെയ്തു. 2024 ൽ ഗീത കോഡ കോൺഗ്രസ് വിട്ട് ബി.ജെ.പിയിലേക്ക് മാറി.

### ബാബ സിദ്ദിഖി

നഗരത്തിലെ ചേരി പുനർവികസന പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് മുംബൈ കോൺഗ്രസ് നേതാവ് ബാബ സിദ്ദിഖിന്റെ വസതികളിലും ഓഫീസുകളിലും 2017 മെയിലാണ് ഇഡി പരിശോധന നടത്തുന്നത്. 2018ൽ കേസുമായി ബന്ധപ്പെട്ട ഒരു ഡെവലപ്പറുടെതടക്കം 450 കോടിയിലധികം വരുന്ന സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി. 2024ൽ അജിത് പവാറിന്റെ എൻസിപിയിൽ ചേർന്നതോടെ അന്വേഷണം നടക്കുന്നു എന്ന് മാത്രം.

### ജ്യോതി മിർധ

യെസ് ബാങ്ക് കേസ് ഉൾപ്പെടെ ഒന്നിലധികം കേസുകളിൽ ഇഡി ഇന്ത്യാബുൾസിനെതിരെ 2020 മാർച്ചിൽ ഇ.ഡി അന്വേഷണം ആരംഭിച്ചു.ഓഹരി വിലകളിലെ കൃത്രിമ പണപ്പെരുപ്പം,സ്വത്തുക്കൾ തട്ടിയെടുക്കൽ തുടങ്ങിയ പരാതികളിലാണ് നടപടി നേരിട്ടത്. 2023ൽ ജ്യോതി മിർധ ബിജെപിയിൽ ചേർന്നു.

ഇതൊക്കെയാണ് രാഷ്ട്രീയത്തിലെ മനോഹരമായ ആചാരങ്ങൾ...

# സി.പി.എം ഭയക്കുന്ന ഈനാംപേച്ചിയും പവാറിന്റെയും ഉദ്ദവിന്റെയും ഭാവിയും




സി.പി.എം ഒരു ധർമ്മ സങ്കടമുനമ്പിലാണ്. മുൻ മന്ത്രിയും പാർട്ടി കേന്ദ്ര കമ്മിറ്റി അംഗവുമായി എ.കെ ബാലൻ അത് പരസ്യമായി തന്നെ പറഞ്ഞു. ഇങ്ങനെ:

‘ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ഒരു ഔപചാരിക ചിഹ്നമുണ്ട്. അത് നഷ്ടപ്പെട്ടാൽ അടുത്ത തെരഞ്ഞെടുപ്പിൽ വല്ല ഈനാംപേച്ചിയോ, എലിപ്പെട്ടിയോ ആയിരിക്കും ചിഹ്നം. മര്യാദയുള്ള ചിഹ്നങ്ങളൊക്കെ ഇതിനകം തന്നെ ഇലക്ഷൻ കമ്മിഷൻ മറ്റുള്ളവർക്ക് കൊടുത്തുകഴിഞ്ഞു. ചിഹ്നം സംരക്ഷിക്കണമെങ്കിൽ നിശ്ചിത ശതമാനം വോട്ടും നിശ്ചിത ശതമാനം എംപിമാരും വേണം.’

കാര്യം വളരെ ഗൗരവമുള്ളതാണെന്ന് വ്യക്തം. ദേശീയ പാർട്ടി പദവി നിലനിർത്തുക എന്നത് സി.പി.എമ്മിനെ സംബന്ധിച്ച് അതി പ്രധാനമാണ്. എ.കെ ബാലൻ പ്രവർത്തകരെ പേടിപ്പിച്ചതുപോലെ, പൊടുന്നനെ ചിഹ്നം ഈനാംപേച്ചിയൊന്നും ആകില്ല. പക്ഷെ ദേശീയ പാർട്ടി പദവി തുലാസിലാണ്. ഇപ്പോൾ തന്നെ കമ്മിഷന്റെ ഔദ്യാര്യത്തിലാണ് ആ മേൽവിലാസം.



**എന്താണ് അംഗീകാരത്തിന്റെ മാനദണ്ഡം:**

1. ലോക്സഭ അല്ലെങ്കിൽ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ നാലോ അതിൽ അധികമോ സംസ്ഥാനങ്ങളിൽ പോൾ ചെയ്ത വോട്ടിന്റെ ആറ് ശതമാനമെങ്കിലും ലഭിക്കണം. മാത്രമല്ല അതിൽ കുറഞ്ഞത് നാല് ലോക്സഭാ അംഗങ്ങൾ ഉണ്ടാവുകയും വേണം.

2. ലോക്സഭാ സീറ്റുകളിൽ കുറഞ്ഞത് രണ്ട് ശതമാനം എങ്കിലും വേണം. മാത്രമല്ല, കുറഞ്ഞത് മൂന്ന് സംസ്ഥാനങ്ങളിൽനിന്നെങ്കിലും സ്ഥാനാർത്ഥികൾ ഉണ്ടാകണം.

3. നാല് സംസ്ഥാനങ്ങളിൽ എങ്കിലും ഒരു സംസ്ഥാന പാർട്ടി എന്ന അംഗീകാരം വേണം.

ഈ മൂന്ന് മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് പാലിച്ചാൽ മതി. ദേശീയ പാർട്ടി അംഗീകാരം ലഭിക്കും. ഇതാണ് സി.പി.എമ്മിന്റെ മുന്നിലുള്ള വെല്ലുവിളി. ബംഗാളിലും ത്രിപുരയിലും ഉലഞ്ഞുപോയ സി.പി.എമ്മിന് ശക്തമായ വേരുള്ളത് കേരളത്തിൽ മാത്രമാണ്. നിലവിലെ ലോക്സഭയിൽ സി.പി.എമ്മിന് മൂന്ന് എം.പിമാരേയുള്ളൂ. തമിഴ്നാട്ടിൽനിന്ന് രണ്ടും കേരളത്തിൽനിന്ന് ഒന്നും.

കേരളത്തിൽനിന്ന് പരമാവധി എംപിമാരെ നേടിയെടുക്കുകയെന്ന ലക്ഷ്യം അതുകൊണ്ടുതന്നെ വളരെ പ്രധാനമായി പാർട്ടി കണക്കാക്കുന്നു. 15 മണ്ഡലങ്ങളിൽ ആണ് സി.പി.എം കേരളത്തിൽ മത്സരിക്കുന്നത്. കഴിഞ്ഞ തവണത്തെ പോലെ സ്വതന്ത്രരെ സ്വതന്ത്ര ചിഹ്നനത്തിൽ ഇത്തവണ മത്സരിപ്പിക്കുന്നില്ല. കാരണം വോട്ട് ശതമാനം കൂട്ടുമ്പോൾ സ്വതന്ത്രരുടെ വോട്ട് പാർട്ടി ശതമാനക്കണക്കിൽ ഉൾപ്പെടുത്തില്ല എന്നത് തന്നെ. തമിഴ്നാട്ടിൽ ഡി.എം.കെ-കോൺഗ്രസ് മുന്നണിയുടെ ഭാഗമാണ് സി.പി.എം. കഴിഞ്ഞ തവണ കിട്ടിയ രണ്ട് സീറ്റ് നിലനിർത്തുക എന്നത് അവർക്ക് അനിവാര്യമാണ്.

ആദ്യഘട്ടത്തിൽ സി.പി.എം 44 സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്. അതിൽ കേരളത്തിലെ 15ഉം ബംഗാളിലെ 17ഉം ഉൾപ്പെടും. കൂടാതെ തമിഴ്നാട്, ത്രിപുര, ആന്ധ്ര പ്രദേശ്, ബിഹാർ, കർണാടകം, അസം, ജാർഖണ്ഡ്, പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിൽനിന്നുകൂടി സി.പി.എം മത്സരിക്കുന്നു.

ബംഗാളിൽ സി.പി.എമ്മിന്റെ കഷ്ടകാലം അവസാനിക്കുമോ എന്നതാണ് ഏവരും ഉറ്റുനോക്കുന്നത്. കഴിഞ്ഞ തവണ ഒരു എം.പിയെ പോലും, 30 വർഷം തുടർച്ചയായി ഭരിച്ച പാർട്ടിക്ക് അവിടെ ഉണ്ടാക്കാനായില്ല. കോൺഗ്രസുമായി ധാരണയുണ്ടാക്കിയിട്ടും രക്ഷ കിട്ടിയില്ല. ഇത്തവണയും കോൺഗ്രസുമായി ധാരണയിലാണ് മത്സരം. തമിഴ്നാടിന് പുറമെ രാജസ്ഥാൻ, അസം, മഹാരാഷ്ട്ര, ബിഹാർ സംസ്ഥാനങ്ങളിൽ കൂടി ഇന്ത്യാ സംഖ്യത്തിന്റെ ഭാഗമായോ മറ്റ് പാർട്ടികളുടെ പിന്തുണയോടെയോ മത്സരിക്കുന്നു. ഇതിൽ നാല് പേരെ ജയിപ്പിക്കുകയും നാല് സംസ്ഥാനങ്ങളിൽ പോൾ ചെയ്ത വോട്ടിന്റെ ആറ് ശതമാനം നേടുകയും ചെയ്താൽ ഈനാംപേച്ചി ഭയം സി.പി.എമ്മിനെ വിട്ടൊഴിയും. അതായത് കമ്മീഷൻ നിശ്ചയിച്ച ആദ്യ മാനദണ്ഡം പാലിക്കാൻ കഴിയും. 12 എംപിമാർ ഉണ്ടെങ്കിൽ രണ്ടാമത്തെ മാനദണ്ഡമായ രണ്ട് ശതമാനം എംപിമാരുടെ ഗണത്തിൽപെടുത്തി ദേശീയ പാർട്ടി പദവി നിലനിർത്താൻ കഴിയൂ. ഇപ്പോഴത്തെ നിലയിൽ അത് സാധ്യമാകണമെങ്കിൽ കേരളത്തിൽനിന്ന് പരമാവധി ജയിക്കണം. തമിഴ്നാട്ടിലെ രണ്ട് പോയാലും 12 പേരെ കേരളത്തിൽ ജയിപ്പിച്ച് പാർട്ടിയുടെ അംഗീകാരം നിലനിർത്താം.

ചിഹ്നം നിലനിർത്തുക എന്നത് പ്രധാനമാണെങ്കിലും സി.പി.എമ്മും ഇടതുപാർട്ടികളും ദേശീയതലത്തിൽ സ്വീകരിക്കുന്ന നിലപാടുകൾ എക്കാലവും ശ്രദ്ധ നേടിയതായിരുന്നു. ഒന്നാം യു.പി.എ സർക്കാറിന്റെ കാലത്ത് ഇടതുപാർട്ടികൾ വഹിച്ച പങ്ക് വളരെ വലുതാണ്. അതിന് മുമ്പ് ദേവെ ഗൗഡയെ പ്രധാനമന്ത്രിയാക്കിയുള്ള യുണൈറ്റഡ് ഫ്രണ്ട് സർക്കാർ രൂപീകരിക്കണതിലും ഇടതുപാർട്ടികൾക്ക് മികച്ച റോൾ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ തെരഞ്ഞെടുപ്പിലൂടെ സി.പി.എമ്മിന്റെ രാഷ്ട്രീയ ഭാവി എന്താകും എന്നത് രാജ്യത്തെ ജനാധിപത്യ പ്രക്രിയയിൽ പ്രധാനമായ ഒന്നാണ്.

ഇതുപോലെ പ്രധാനമാണ് മഹാരാഷ്ട്രയിൽ ശരദ് പാവറിന്റെയും ഉദ്ദവ് താക്കറെയുടെയും ഭാവി. രണ്ട് നേതാക്കളുടെയും പാർട്ടി നേതാക്കളെ കൈവിട്ട അവസ്ഥയിലാണ്. എന്നാൽ, ജനം തങ്ങളുടെ കൂടെയുണ്ടെന്ന് സ്ഥാപിക്കുക ഈ നേതാക്കളുടെ ആവശ്യവും. ഉദ്ദവിനെ വിട്ട് മറ്റ് എം.എൽ.മാരെയും കൊണ്ടാണ് ഏക്നാഥ് ഷിൻഡെ ബി.ജെ.പിക്കൊപ്പം ചേക്കേറിയത്. ഉദ്ദവിന് ഓർക്കാപ്പുറത്ത് കിട്ടിയ അടി. ബി.ജെ.പിയുമായി ഏറ്റുമുട്ടലിൽ ഉള്ള ഉദ്ദവിന് പിന്തുണ നൽകാൻ തീവ്രഹിന്ദുത്വവാദക്കാരായ ശിവസേന അണികൾ തയ്യാറാകുമോ എന്നതിന്റെ ഉത്തരമാകും ഈ തെരഞ്ഞെടുപ്പ്.

ശരത് പവാർ ദേശീയ രാഷ്ട്രീയത്തിലും മഹാരാഷ്ട്രയിലും ഒരുപോലെ അതികായനായിരുന്നു ദീർഘകാലം. കോൺഗ്രസിൽ ആയിരുന്നപ്പോഴും പിന്നീട് സോണിയാ വിരുദ്ധ മുദ്രാവാക്യം മുഴക്കി കോൺഗ്രസ് വിട്ട് എൻ.സി.പി രൂപീകരിച്ചപ്പോഴും അതിൽ മാറ്റമുണ്ടായില്ല. പവാറിനോട് ഒരുവാക്ക് പോലും പറയാതെ പാതിരാത്രിയിൽ ഫഡ്നാവിനൊപ്പം സത്യപ്രതിജ്ഞ ചെയ്ത് അജിത് പവാർ ഒരിക്കൽ ഞെട്ടിച്ചിരുന്നു. 2019ൽ അങ്ങനെ ഉപമുഖ്യമന്ത്രിയായി. പക്ഷെ 80 മണിക്കൂർ മാത്രമായിരുന്നു അതിന്റെ ആയുസ്സ്. പിന്നീട് എൻ.സി.പിയിൽ തന്നെ തിരിച്ചുവന്നു. എങ്കിലും അജിത്തിന്റെ ചാഞ്ചാട്ടം ബി.ജെ.പി പാളയത്തിൽ തന്നെയായിരുന്നു. അതാണ് ഒരിക്കൽ കൂടി അദ്ദേഹത്തെ ബി.ജെ.പി പക്ഷത്ത് എത്തിച്ചത്. കൊണ്ടുപോകുമ്പോൾ എൻ.സി.പി പാർട്ടിയെ ഒന്നാകെ കൂടെക്കൂട്ടുകയും ചെയ്തു. ശരദ് പവാർ ഇന്ത്യൻ രാഷ്ട്രീയത്തിലെ വിരമിക്കൽ പ്രായത്തിലാണെന്ന് അജിത്തിന് അറിയാം. അണികളും അങ്ങനെ തന്നെ തീരുമാനിക്കുകയാണെങ്കിൽ ഈ തെരഞ്ഞെടുപ്പോടെ ശരത്പവാറിന്റെ രാഷ്ട്രീയ ജീവിതത്തിന് പൂർണ വിരാമമാകും.

◗ ചൗക്കിദാർ






# ആക്രമണങ്ങളും മരണവും തുടർക്കഥയാകുന്ന ചൈന–പാക് സാമ്പത്തിക ഇടനാഴി

ചൈന-പാകിസ്ഥാൻ സാമ്പത്തിക ഇടനാഴിയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം വർധച്ചിരിക്കുന്നു. ബലൂചിസ്ഥാൻ വിമോചന സേന (ബിഎൽഎ)യിൽ നിന്നടക്കമുള്ള അതിക്രമങ്ങളാണ് ചൈനയുടെ നിർമ്മിതിക്ക് മേൽ ഉണ്ടായിരിക്കുന്നത്. ഇതിന് പുറമെ തുർബാറ്റിലെ പാകിസ്ഥാൻ നാവിക കേന്ദ്രത്തിന് നേരെയും ആക്രമണം ഉണ്ടായിട്ടുണ്ട്. രാജ്യത്തിന്റെ വടക്ക് പടിഞ്ഞാറൻ മേഖലയിലുള്ള ഖൈബർ പഖ്തൂൺഖ്വയിലെ ജില്ലയായ ഷങ്ക്ലയിലെ ചൈനീസ് എൻജിനീയർമാർക്ക് നേരെ ചാവേർ ആക്രമണവും നടന്നു.



ദസുവിലെ ഹൈഡൽ പവർ പ്രൊജക്ടിൽ നിന്ന് ഇസ്ലാമാബാദിലേക്ക് എത്തിയവരായിരുന്നു. ഗ്വാഡറിലെയും തുർബാത്തിലെയും ആക്രമണത്തിന്റെ ഉത്തരവാദിത്തം ബിഎൽഎ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഒരു ഭീകരസംഘടനയും ചൈനാക്കാർക്ക് നേരെ നടന്ന ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടില്ല. ചൈനാക്കാർക്ക് നേരെ നടന്ന ആക്രമണം പാകിസ്ഥാന് നേരെയുള്ള ചൈനയുടെ ദേഷ്യം കടുപ്പിച്ചിട്ടുണ്ട്. പാകിസ്ഥാനിൽ ചൈനാക്കാർ നിരന്തരം ആക്രമിക്കപ്പെടുകയാണ്.

ചൈനയുമായുള്ള തങ്ങളുടെ സൗഹൃദം സഹിക്കാനാകാത്ത ശത്രുക്കളാണ് ഇതിന് പിന്നിലെന്നാണ് പാകിസ്ഥാന്റെ ആരോപണം. വിദേശ ശക്തികൾ പാകിസ്ഥാനിൽ ഭീകരത വളർത്താൻ ശ്രമിക്കുന്നു. അവരുടെ നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണിത്. അഫ്ഗാൻ താലിബാന്റെ പിന്തുണയുള്ള തെഹരീക് ഇ താലിബാൻ പാകിസ്ഥാനാണ് (ടിടിപി) ആക്രമണത്തിന് പിന്നിലെന്നാണ് പാകിസ്ഥാന്റെ ആരോപണം. എന്നാൽ ടി.ടി.പി ഈ ആരോപണം നിഷേധിച്ചിട്ടുണ്ട്. ടി.ടി.പിയെ ഇന്ത്യ കാബൂൾ വഴി പിന്തുണയ്ക്കുന്നു എന്നൊരു ആരോപണവും അടുത്തിടെ ഇന്ത്യയ്ക്കെതിരെ പാകിസ്ഥാൻ ഉയർത്തിയിരുന്നു. ചൈന-ഇന്ത്യ ബന്ധത്തിലെ വിള്ളലിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ആരോപണം.

ആക്രമണത്തിൽ ധാരാളം നിഗൂഢതകൾ ആദ്യം മുതൽ തന്നെ മണത്തിരുന്നു. ചൈനീസ് ഉദ്യോഗസ്ഥരും അന്വേഷണത്തിൽ പങ്കുചേർന്നു. പാകിസ്ഥാൻ സമഗ്ര അന്വേഷണം നടത്താൻ സാധ്യതയില്ലെന്ന സംശയത്തിലായിരുന്നു ഇത്. ദസു, ഡയമെർ ബാഷാ തുടങ്ങിയ അണക്കെട്ടുകളിലെയും തർബേല 5 എക്സ്റ്റൻഷന്റെയും പ്രവർത്തനം ചൈനീസ് കമ്പനികൾ നിർത്തി വച്ചു. ഇത് ആയിരക്കണക്കിന് പ്രാദേശിക തൊഴിലാളികളുടെ ജീവിതം അവതാളത്തിലാക്കിയിരിക്കുകയാണ്.

സി.പി.ഇ.സി പദ്ധതിയിൽ പ്രവർത്തിക്കുന്ന ചൈനക്കാർ പലരും പേടിച്ചിരിക്കുകയാണ്. പലരും മടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കുന്നു. 2021 ജൂലൈയിൽ ഒൻപതുപേരുടെ മരണത്തിനിടയാക്കിയ ദാസു പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന എൻജിനീയർമാരുടെ നേരെയുണ്ടായ ആക്രമണത്തെ തുടർന്ന് ചൈനീസ് ജോലിക്കാരുടെ ഒരു കൂട്ടപ്പലായനം ഉണ്ടായിരുന്നു. പിന്നീട് ഏറെ സമയമെടുത്താണ് ചൈനാക്കാരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി തിരികെ എത്തിച്ച് ഇതിന്റെ പണി തുടരാനായത്.

പാകിസ്ഥാനിൽ ജോലി ചെയ്യുന്ന തങ്ങളുടെ പൗരൻമാർക്ക് സുരക്ഷ വേണമെന്ന് ചൈന നിരന്തരം ആവശ്യപ്പെടുന്നുണ്ട്. 2021ൽ കൊല്ലപ്പെട്ട ഒൻപത് എൻജിനീയർമാർക്ക് 380 ലക്ഷം അമേരിക്കൻ ഡോളർ നഷ്ടപരിഹാരം നൽകണമെന്നും ചൈന ആവശ്യപ്പെട്ടിരുന്നു. ഇത് ഇസ്ലാമാബാദിന് താങ്ങാനാകുന്നതിലും വലിയ തുകയായിരുന്നു. പാകിസ്ഥാൻ, ഇത് പുനഃപരിശോധിക്കണമെന്ന ആവശ്യം ചൈനയ്ക്ക് മുന്നിൽ വച്ചിരുന്നു. പിന്നീട് എത്ര പണമാണ് നൽകിയത് എന്ന കാര്യം വ്യക്തമല്ല.

2023ഏപ്രിലിൽ ഒരു ചൈനീസ് എൻജിനീയർക്കെതിരെ മതനിന്ദ ആരോപണം ഉയർന്നിരുന്നു. ഇയാളെ പൊലീസ് നാടുകടത്തി. കഴിഞ്ഞ ഓഗസ്റ്റിൽ 23 ചൈനീസ് എൻജിനീയർമാർ യാത്ര ചെയ്തിരുന്ന ഒരു ബസ് ആക്രമിക്കപ്പെട്ടു. അക്രമികളെ പാകിസ്ഥാൻ സേന തുരത്തി. ചൈനാക്കാരുടെ ജീവന് അപകടമുണ്ടായില്ല. 2021ൽ ചൈനീസ് സ്ഥാനപതിയടക്കം താമസിക്കേണ്ടിയിരുന്ന ക്വറ്റയിലെ ഒരു ഹോട്ടലിന് നേരെയും ആക്രമണം ഉണ്ടായി. എന്നാൽ ആ സമയം ചൈനീസ് സ്ഥാനപതി എത്തിയിരുന്നില്ല. ഒരു മാസത്തിന് ശേഷം ഒരു ചാവേർ ഒരു ബസിന് നേരെ നടത്തിയ ആക്രമണത്തിൽ മൂന്ന് ചൈനീസ് ജീവനക്കാർ കൊല്ലപ്പെട്ടു. ചൈന നിർമ്മിച്ച കറാച്ചി സർവകലാശാലയിലെ കൺഫ്യൂഷസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരായിരുന്നു ഇവർ. എല്ലാ ആക്രമണം ഉണ്ടാകുമ്പോഴും ചൈന സമഗ്ര അന്വേഷണം ആവശ്യപ്പെടാറുണ്ട്. പാകിസ്ഥാൻ സൈന്യം നാട്ടുകാരെ കൂട്ടത്തോടെ അറസ്റ്റ് ചെയ്ത് അവരെ ബലം പ്രയോഗിച്ച് കുറ്റസമ്മതം നടത്തി ജയിലിലാക്കുകയാണ് പതിവ്.

ചൈനാക്കാർക്ക് നേരെ നടക്കുന്ന ആക്രമണത്തിൽ പാകിസ്ഥാൻ എപ്പോഴും വിദേശ ഇടപെടൽ ആരോപിക്കാറുണ്ട്. തങ്ങളുടെ ഓരോ പൗരൻമാർ കൊല്ലപ്പെടുമ്പോഴും ചൈനയ്ക്ക് ഉറക്കം നഷ്ടമാകുന്നു. എന്നാൽ ഇവർക്ക് തങ്ങളുടെ സ്വപ്ന പദ്ധതിയായ സിപിഇസിയിൽ നിന്ന് പിൻമാറാനാകുന്നില്ല. തങ്ങളുടെ എല്ലാ നഷ്ടത്തിനുമിടയിലും പാകിസ്ഥാനുമായി കൂടുതൽ അടുക്കാനാണ് ഇവരുടെ ശ്രമം. പാകിസ്ഥാന് തിരികെ നൽകാൻ കഴിയില്ലെന്ന് അറിയാവുന്നത് കൊണ്ട് തന്നെ ചൈന തങ്ങളുടെ പദ്ധതികളിലെല്ലാം ഒരു മെല്ലെപ്പോക്ക് സമീപനമാണ് കൈക്കൊള്ളുന്നത്. പാകിസ്ഥാനാകട്ടെ അമേരിക്ക അടക്കമുള്ള സൗഹൃദ രാജ്യങ്ങളിൽ നിന്ന് അനുതാപം നേടിയെടുക്കുകയും ചെയ്യുന്നു.

സി.പി.ഇ.സി പദ്ധതികളിൽ ജോലി ചെയ്യുന്ന തങ്ങളുടെ പൗരൻമാരുടെ സുരക്ഷയ്ക്കായി സ്വന്തം സൈന്യത്തെ വിന്യസിക്കാമെന്ന നിലപാട് ചൈന ആവർത്തിക്കുകയാണ്. എന്നാൽ ഇത്തരം ഒരു തീരുമാനം അംഗീകരിച്ചാൽ അത് പാകിസ്ഥാന്റെ ചെലവ് വർധിപ്പിക്കും. മാത്രമല്ല പാകിസ്ഥാൻ സൈന്യത്തിന് സ്വന്തം രാജ്യത്ത് പോലും സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നില്ലെന്നതിന്റെ തെളിവുമാകും. ചൈനീസ് സൈന്യത്തെ പാകിസ്ഥാനിൽ വിന്യസിക്കുന്നത് അവരുടെ പരമാധികാരത്തെയും ബാധിക്കും. പാകിസ്ഥാന് ഒരിക്കലും നൽകാനാകാത്ത നഷ്ടപരിഹാരം ആവശ്യപ്പെടലിലേക്കാകും വീണ്ടും ഇതെല്ലാം നയിക്കപ്പെടുക.

ഷെഹബാസ് ഷെരീഫിന്റെ ആദ്യ വിദേശ സന്ദർശനം ചൈനയിലേക്ക് ആയിരിക്കും. അത് ഉടനെ തന്നെ ഉണ്ടാകുമെന്നാണ് സൂചന. ബീജിങ്ങിന്റെ ആവശ്യങ്ങൾ അംഗീകരിക്കാൻ തങ്ങൾക്ക് ബുദ്ധിമുട്ടാണെന്ന് ഈ കൂടിക്കാഴ്ചയിൽ അദ്ദേഹം ആവർത്തിക്കും. കൂടുതൽ നിക്ഷേപത്തിനും കടം പുനക്രമീകരണത്തിനുമുള്ള അഭ്യർഥനകളും നടത്തിയേക്കും.

പാകിസ്ഥാൻ ഇപ്പോഴും കരുതുന്നത് തങ്ങൾ ഭീകരതയ്ക്കെതിരെ പോരാടുന്ന ഏറ്റവും പ്രധാന രാജ്യമാണെന്നാണ്. യഥാർഥത്തിൽ വിവിധ ഭീകരസംഘടനകളുടെ തട്ടകമാണ് പാകിസ്ഥാൻ. ഇവരെ പാകിസ്ഥാൻ വിളിക്കുന്നത് നല്ല ഭീകരർ എന്നാണ്. തങ്ങളുടെ അയൽരാജ്യങ്ങളായ ഇറാൻ, അഫ്ഗാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ ഭീകരപ്രവർത്തകരുമായി ബന്ധമുള്ള ഭീകരസംഘടനകളെ ഇവർ പിന്തുണയ്ക്കുന്നു. ഇറാനും അഫ്ഗാനുമാകട്ടെ പാക് വിരുദ്ധ സംഘടനകളെ തങ്ങളുടെ മണ്ണിൽ വളരാൻ അനുവദിക്കുകയും ചെയ്യുന്നു.

ചൈനയോടും സി.പി.ഇ.സിയോടുമുള്ള പാകിസ്ഥാന്റെ അമിത ആശ്രയത്വം കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു. സി.പി.ഇ.സിയുടെ പ്രധാന കേന്ദ്രങ്ങളിലൊന്നായ ബലൂചിസ്ഥാൻ പാകിസ്ഥാനെ നന്നായി ചൂഷണം ചെയ്യുന്നു. അതേസമയം വികസനത്തെ അവർ അവഗണിക്കുകയും ചെയ്യുന്നു. ഇത് ബലൂച് സ്വതന്ത്ര സംഘങ്ങളുടെ കൂട്ടായ്മയായ ബലൂച് രാജി അജോയ് സങ്കറിലേക്ക് കൂടുതൽ ആളെ ചേർക്കാനുള്ള നടപടിയായും പരിണമിക്കുന്നു. ബലൂചിന്റെ പശ്ചിമമേഖലകളായ ബലൂചിസ്ഥാനിലും കെപിയും ഭരണമേ ഇല്ലെന്ന് തന്നെ പറയാം. കെപിയുടെ വലിയൊരു ഭാഗം ടിടിപിയുടെ നിയന്ത്രണത്തിലാണ്. പാകിസ്ഥാൻ കേന്ദ്രങ്ങളിൽ നിത്യേന നടക്കുന്ന ആക്രമണങ്ങൾ ആശങ്ക പകരുന്നതാണ്. സിപിഇസിയാണ് ഇവരുടെ പ്രധാന ലക്ഷ്യം. ഇത് പാക് സൈന്യത്തെയും അമ്പരപ്പിക്കുന്നു. ചൈനയ്ക്ക് മേൽ കൂടുതൽ സമ്മർദവും ഉണ്ടാക്കുന്നു.

പഞ്ചാബിലും സിന്ധിലുമുള്ള ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനാണ് ഈ പദ്ധതിയെന്ന് നാട്ടുകാർ കരുതുന്നു. ഇത് തങ്ങൾക്ക് ഗുണകരമാകില്ലെന്നും അവർ ചിന്തിക്കുന്നു. അണക്കെട്ടുകളുടെ നിർമ്മാണവും പാതകൾക്ക് വീതികൂട്ടലും മൂലം നഗരവത്ക്കരണം നടക്കുന്നു. ഇത് സ്ത്രീകളുടെ ഉന്നമനത്തിനും ആധുനികവത്ക്കരണത്തിനും കാരണമാകും. ഇത് സംസ്കാരത്തിനും മതത്തിനും ഭീഷണിയാകുമെന്നും ഇവർ കരുതുന്നു.

സിപിഇസി നിർമ്മാണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് തങ്ങളുടെ ജനതയെ ബോധവത്ക്കരിക്കാൻ പാകിസ്ഥാന് കഴിയണം. ഇതിന്റെ നല്ലതും മോശവും ആയ ഭീകര നയങ്ങളിൽ മാറ്റം കൊണ്ടുവരണം. തങ്ങളുടെ ജനതയിലെ മത സാംസ്കാരിക പേടി മാറ്റാനും അധികൃതർക്ക് കഴിയണം. ഇതിന് കഴിയുന്നില്ലെങ്കിൽ സ്വന്തം സൈന്യവും സിപിഇസിയും എന്നും ഇവരുടെ ലക്ഷ്യങ്ങളായി തുടരും.





# ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിച്ച മോർബി

ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിച്ച നഗരമാണ് ഗുജറാത്തിലെ മോർബി. ഇന്ത്യയെ ലോകത്തിലെ രണ്ടാമത്തെ വലിയ സെറാമിക് നിർമ്മാതാക്കളായി മാറ്റിയത് ഈ നഗരമാണ്. ആയിരത്തിലധികം ടൈലുകളും സാനിറ്ററിവെയർ ഫാക്ടറികളുമുള്ള മോർബി, 50,000 കോടി രൂപയുടെ വാർഷിക വിറ്റുവരവാണ് രേഖപ്പെടുത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവിടെ നിന്നുള്ള കയറ്റുമതി 12,000 കോടി രൂപ കവിഞ്ഞിരുന്നു. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന സെറാമിക്കുകളുടെ 90 ശതമാനവും മോർബിയിൽ നിന്നാണ്. ഇന്ത്യയ്ക്ക് ഒരു മോർബി മതിയോ എന്ന ചോദ്യമാണ് ഇപ്പോൾ ഉയരുന്നത്.



2022 സാമ്പത്തിക വർഷത്തിൽ കോവിഡിന് ശേഷം, ഇന്ത്യയിലെ ഫ്ളോർ ആൻഡ് വാൾ ടൈൽസ് മേഖല 261 ബില്യൺ രൂപയുടെ വിപണി മൂല്യത്തിലെത്തി. അതേ സാമ്പത്തിക വർഷത്തിൽ സെറാമിക് ടൈലുകളുടെ ആവശ്യകതയിൽ 15 ശതമാനം വർദ്ധനവുണ്ടായി എന്നത് ശ്രദ്ധേയമാണ്. ഇത് പ്രധാനമായും ടയർ ടൂ, ത്രീ നഗരങ്ങളിലാണ്. 2050 ഓടെ ഇന്ത്യയിൽ 50 ശതമാനം നഗരവൽക്കരണ നിരക്കാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് അടുത്ത റിയൽ എസ്റ്റേറ്റ് ഹബ്ബുകളായി വികസിക്കുന്ന ടയർ ടൂ പട്ടണങ്ങളുടെ സാധ്യതകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

വർദ്ധിച്ചുവരുന്ന നഗര ജനസംഖ്യയെ ഉൾക്കൊള്ളുന്നതിന്, 2047 ഓടെ ഇന്ത്യയിലെ നഗരങ്ങൾക്ക് 230 ദശലക്ഷം ഭവന യൂണിറ്റുകൾ ആവശ്യമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വിദേശത്ത് ഇന്ത്യൻ സെറാമിക് 42 ലധികം രാജ്യങ്ങളിൽ സ്വീകാര്യതയും പ്രചാരവും നേടിക്കഴിഞ്ഞു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇന്ത്യയിലെ സെറാമിക് വ്യവസായം 10 ദശലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതുവരെ ഉപയോഗിക്കപ്പെടാത്ത ലോകത്തെ ഏറ്റവും വലിയ തൊഴിൽ ശക്തിയും ആഗോള പ്രശസ്തിയുള്ള ടൈലുകൾ നിർമ്മിക്കുന്ന ചരിത്രപരമായ പാരമ്പര്യവുമുള്ള ഇന്ത്യൻ സെറാമിക് ടൈൽ വ്യവസായം വരും വർഷങ്ങളിൽ ലോകത്തെ ഏറ്റവും വലിയ വിതരണക്കാരായി മാറും.

ദക്ഷിണേന്ത്യയിൽ ഒരു പുതിയ സെറാമിക് ക്ലസ്റ്റർ അതിവേഗം സൃഷ്ടിക്കപ്പെടും. ഇതിന് ആതിഥേയത്വം വഹിക്കാൻ ഏറ്റവും അനുയോജ്യമായ സംസ്ഥാനം ആന്ധ്രാപ്രദേശാണ്. ദ്വാരക തിരുമല മേഖലയിലെ ബോൾ ക്ലേ, ടാൽക്, മറ്റ് കളിമണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നെല്ലൂർ/ഗൂഡൂർ മേഖലയിലെ ഫെൽഡ്സ്പാർ, ക്വാർട്സ് നിക്ഷേപങ്ങൾ, കെജി തടത്തിലെ പ്രകൃതിവാതക ശേഖരം തുടങ്ങിയവ ഈ സംസ്ഥാനത്തെ സെറാമിക് ക്ലസ്റ്ററിന്റെ അതിശയകരമായ സാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ചെന്നൈ, വിശാഖപട്ടണം തുറമുഖങ്ങൾ അടുത്തായതിനാൽ, ദക്ഷിണേന്ത്യയിൽ ഒരു പുതിയ ഉൽപ്പാദന കേന്ദ്രം വന്നാൽ ലോജിസ്റ്റിക് ചെലവ് ഗണ്യമായി കുറയും.

തെക്കൻ സംസ്ഥാനങ്ങൾ സെറാമിക് ടൈലുകളുടെ വലിയ ഉപഭോക്താവും ഇന്ത്യയിലെ സെറാമിക് ടൈൽ വിപണിയുടെ 2530% ഉൾക്കൊള്ളുന്നതുമാണ്. ഗുജറാത്തിൽ നിന്ന്

തെലങ്കാനയിലേക്ക് ടൈലുകൾ വാങ്ങുമ്പോൾ ഒരു ചതുരശ്ര മീറ്ററിന് ഗതാഗതച്ചെലവ് ഏകദേശം 5060 രൂപയാണ്. എന്നാൽ, യാനത്തിൽ നിന്ന് ഹൈദരാബാദിലേക്കുള്ള ഗതാഗതച്ചെലവ് വെറും 15 രൂപയായിരിക്കും. ഇത് ഡീലർമാർക്കും അന്തിമ ഉപഭോക്താക്കൾക്കും ചെലവ് വൻതോതിൽ കുറയ്ക്കുന്നതിന് കാരണമാകും.

സെറാമിക് ഉൽപ്പാദനത്തിൽ ഇന്ത്യയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തണമെങ്കിൽ, വൻതോതിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളിൽ നാം വിശ്വസിക്കണം. രാജ്യത്തിന് തീർച്ചയായും മറ്റൊരു സെറാമിക് ക്ലസ്റ്ററിന് ആതിഥേയത്വം വഹിക്കാൻ കഴിയും. അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ പോൾ ക്രുഗ്മാന്റെ അഗ്ലോമെറേഷനെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ സൂചിപ്പിച്ചതുപോലെ, ഫോഷൻ, മോർബിയുടെ സെറാമിക് ക്ലസ്റ്ററുകൾ ഭൂമിശാസ്ത്രപരമായ സാമീപ്യം, സഹകരണം, സ്പെഷ്യലൈസേഷൻ എന്നിവയുടെ നേട്ടങ്ങളെ വ്യക്തമാക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ നാശനഷ്ടങ്ങളിൽ നിന്ന് ഇപ്പോഴും കരകയറിക്കൊണ്ടിരുന്ന ഇറ്റലിയിൽ, തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പ്രതീക്ഷിക്കാൻ കൂടുതലൊന്നും ഉണ്ടായിരുന്നില്ല. എമിലിയറൊമാഗ്ന മേഖലയുടെ ഹൃദയഭാഗത്തുള്ള സസ്സുവോളോ പട്ടണം കുന്നുകൾക്കിടയിലുള്ള ഒരു കാർഷിക വാസസ്ഥലമായിരുന്നു. ഇന്ന്, സസ്സുവോളോ ഇറ്റലിയുടെ സെറാമിക് ടൈലുകളുടെ 80% ത്തിലധികം ഉൽപ്പാദിപ്പിക്കുകയും രാജ്യത്തിന്റെ കയറ്റുമതി വരുമാനത്തിന് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു. ലോകത്തിലെ ഏറ്റവും മികച്ച ടൈലുകളായി സസ്സുവോളോ ടൈലുകൾ കണക്കാക്കപ്പെടുന്നു.

400 ദശലക്ഷം ചതുരശ്ര മീറ്ററിലധികം വാർഷിക ഉൽപാദനമുള്ള ഈ ക്ലസ്റ്റർ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക സമ്പദ് വ്യവസ്ഥയെ മുന്നോട്ട്

നയിക്കുകയും ചെയ്യുന്നു. പ്രാദേശിക ടൈൽ നിർമ്മാതാക്കൾക്കിടയിൽ കൂട്ടായ്മ വളർത്തിയെടുക്കുകയും സഹകരണ സംരംഭങ്ങൾ സ്ഥാപിക്കുകയും ചെയ്തതോടെയാണ് സസ്സുവോളോയുടെ ഉയർച്ച ആരംഭിച്ചത്.

# അന്ധവിശ്വാസത്തിൽ ശ്വാസംമുട്ടുന്ന വിദ്യാസമ്പന്നർ!

ഈ കാലഘട്ടം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അപചയമാണ് അന്ധവിശ്വാസം. മലയാളി ദമ്പതികളും സുഹൃത്തായ അധ്യാപികയും അരുണാചൽ പ്രദേശിൽ ദുരൂഹസാഹചര്യത്തിൽ മരിച്ച സംഭവത്തിൽ അന്ധവിശ്വാസവും ദുർമന്ത്രവാദവുമാണ് പ്രതിസ്ഥാനത്ത് നിൽക്കുന്നത്. മരണമടഞ്ഞത് വിദ്യാസമ്പന്നരായ ആളുകളും. ഇടുക്കിയിലെ ഇരട്ടക്കൊലപാതകവും ഒടുവിൽ ചെന്നുനിന്നത് മന്ത്രവാദത്തിന്റെ ഇരുട്ടറകളിലേയ്ക്കാണ്. ഈ മനുഷ്യൻമാർക്ക് ഇതെന്തുപറ്റി? എന്തിന് പിന്നാലെയാണ് ഇവർ പായുന്നത്?



മനുഷ്യന് വിദ്യാഭ്യാസവും വിവേചനബുദ്ധിയും ശാസ്ത്രാവബോധവും തീരെ കുറവായിരുന്ന കാലത്ത് പോലും ഉണ്ടായിരുന്നിട്ടില്ലാത്തത്ര അന്ധവിശ്വാസവും ദുർമ്രന്ത്രവാദ പ്രവണതയുമാണ് ഇന്ന് നമ്മുടെ രാജ്യത്തുടനീളം കാണപ്പെടുന്നത്. സാർവ്വത്രിക വിദ്യാഭ്യാസവും ശാസ്ത്രീയ നിരീക്ഷണ പരിക്ഷണങ്ങളിൽ അത്ഭുതപൂർവ്വ വിജയവും കൈവരിച്ചുകൊണ്ടിരിക്കുമ്പോഴും അതിന് ആനുപാതികമായി അന്ധവിശ്വാസവും അനാചാരവും വളർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഞെട്ടിക്കുന്ന യാഥാർത്ഥ്യം.

വഴിയോരങ്ങളിൽ കുറച്ചു ചീട്ടും കൂട്ടിലെ തത്തയുമായിരിക്കുന്നവരും കൈനോട്ടക്കാരും പറയുന്നത് സത്യമാണെന്ന് വിശ്വസിക്കുന്ന ധാരാളം അഭ്യസ്തവിദ്യർ ഇപ്പോഴും നമ്മുടെ ചുറ്റുമുണ്ട്.

2021 ജനുവരി 25 ന് ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിൽ നടന്ന ഒരു ദുർമന്ത്രവാദത്തെ സംബന്ധിച്ച് മലയാള പത്രങ്ങളുൾപ്പെടെ എല്ലാ ഭാഷാപത്രങ്ങളും റിപ്പോർട്ടു ചെയ്യുകയുണ്ടായി. ദൂർമന്ത്രവാദിയുടെ നിർദ്ദേശപ്രകാരം ബാധയൊഴിപ്പിക്കാനായി 2 പെൺമക്കളെ അച്ഛനും അമ്മയും ചേർന്നു കൊലപ്പെടുത്തുകയായിരുന്നു. വ്യായാമം ചെയ്യാനുപയോഗിക്കുന്ന ഉരുക്കുകട്ട കൊണ്ട് തലയ്ക്കടിച്ചാണ് രണ്ടുപേരെയും കൊലപ്പെടുത്തിയത്.

ആ മാതാപിതാക്കളും മക്കളും വിദ്യാഭ്യാസമില്ലാത്തവരായിരുന്നില്ല. അച്ഛൻ ഡോ. വി.പുരുഷോത്തം നായിഡു മദനപ്പള്ളിയിലെ ഗവ. ഗേൾസ് ഡിഗ്രി കോളേജിലെ വൈസ് പ്രിൻസിപ്പലും കെമിസ്ട്രി പ്രൊഫസറുമാണ്. ഐ.ഐ.ടി കോച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപികയും ഗണിതശാസ്രത്തിൽ ബിരുദാനന്തര ബിരുദവും സ്വർണ്ണമെഡലും നേടിയ പത്മജയാണ് അമ്മ. മക്കൾ 27 കാരി അലേഖ്യയും 23 കാരി സായിദിവ്യയും. അലേഖ്യ ഭോപ്പാലിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഫോറസ്റ്റ് മാനേജ്മെന്റിൽ ജോലി ചെയ്യുകയും സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയുമായിരുന്നു. ബിരുദധാരിയും ചെന്നൈയിലെ എ.ആർ റഹ്മാൻ ഇൻസ്റ്റിറ്റ്യൂട്ടിലെ സംഗീത വിദ്യാർത്ഥിനിയുമായിരുന്നു സായി ദിവ്യ.

മക്കളിൽ ബാധ കൂടിയിട്ടുണ്ടെന്ന് ദൂർമ്രന്തവാദി അറിയിച്ചതിനെ തുടർന്ന് മാതാപിതാക്കൾ മക്കളെ പുറത്തേക്കുവിടുകയോ ആരെയും വീട്ടിലേക്ക് കയറ്റുകയോ ചെയ്തിരുന്നില്ല. ബാധ ഒഴിപ്പിക്കലിനിടയിൽ മക്കൾ കൊല്ലപ്പെട്ടാലും കുഴപ്പമില്ലെന്നും മണിക്കൂറുകൾക്കുള്ളിൽ അവർ ജീവൻവച്ച് വരുമെന്നും അപ്പോൾ ശരീരത്തു കൂടിയ ബാധ ഒഴിഞ്ഞിരിക്കുമെന്നും മാതാപിതാക്കളെ വിശ്വസിപ്പിച്ചാണ് ദുർമ്രന്തവാദി അരുംകൊല ചെയ്യിച്ചത്.

യാതൊരു വിദ്യാഭ്യാസവും വിവരവും വിവേകവും വിജ്ഞാനബോധധവുമില്ലാത്ത, തട്ടിപ്പുമാത്രം അറിയുന്ന ദൂർമ്രന്തവാദിയുടെ വാക്കുകൾ വിശ്വസിച്ച് ഉന്നത വിദ്യാഭ്യാസവുംഉദ്യോഗവും സമ്പദ് സമൃദ്ധിയും സർവ്വൈശ്വര്യങ്ങളുമുണ്ടായിരുന്ന ഒരു കുടുംബം തകർന്നു തരിപ്പണമായി. ഇതുപോലെ എത്രയെത്ര സംഭവങ്ങൾ.

അനുഭവങ്ങൾ ഉണ്ടായാലും ജനം അന്ധവിശ്വാസം കൈവിടാൻ തയ്യാറാകില്ല. വിദ്യാസമ്പന്നരും ഉന്നത സ്ഥാനമാനങ്ങൾ അലങ്കരിക്കുന്നവരും അന്ധവിശ്വാസങ്ങളെ പിൻതാങ്ങുന്നത് നിർഭാഗ്യകരമാണ്. മലയാളിയും പുരോഗമന ചിന്താഗതിക്കാരനും പ്രശസ്ത അഡ്വക്കേറ്റും മുൻ സുപ്രീം കോടതി ജഡ്ജിയുമായിരുന്ന പ്രഗൽഭനായ ഒരാൾ മരിച്ചു പോയ സ്വന്തം മകളെ ഇടയ്ക്കിടെ കാണാറുണ്ടെന്നും സംസാരിക്കാറുണ്ടെന്നും വെളിപ്പെടുത്തുകയുണ്ടായി. ഐപിഎസ് നേടി നേരിട്ട് ഓഫീസർ റാങ്കിൽ നിയമിതനാകുകയും തുടർന്ന് അത്യുന്നത പൊലീസ് മേധാവിയും സർവജനസമ്മതനും പ്രഗൽഭ വാഗ്മിയും പ്രഭാഷകനുമായ ഒരാൾ അന്ധവിശ്വാസങ്ങളെയും ദൂർമ്രന്തവാദങ്ങളെയുംപരോക്ഷമായിപ്പോലുംപിൻതുണക്കാൻ പാടില്ലാത്തതാണ്.

അദ്ദേഹം സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ ഒരു കൊലപാതകക്കേസ് പ്രതിയെ കണ്ടു പിടിക്കാൻ എത്ര ശ്രമിച്ചിട്ടും കഴിയാതെ വരികയും അറ്റകൈക്കെന്ന നിലയിൽ കീഴുദ്യോഗസ്ഥന്റെ അഭിപ്രായം മാനിച്ച് ദുർമ്രന്തവാദിയെ വിളിച്ചു വരുത്തി കർമ്മങ്ങൾ ചെയ്യിച്ചതായും കൊല്ലപ്പെട്ടയാൾ ഒരു ബന്ധുവിന്റെ ശരീരത്തിൽ പ്രവേശിച്ച് തന്നെ കൊലപ്പെടുത്തിയ ആളിന്റെ പേര് സ്വന്തം ശബ്ദത്തിൽ വിളിച്ചു പറഞ്ഞതായും അങ്ങനെ ആ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞതായും വെളിപ്പെടുത്തുകയുണ്ടായി.

അവിശ്വസനീയവും അശാസ്ത്രീയവും സാമാന്യബുദ്ധിക്കുപോലും നിരക്കാത്തതുമായ ഇത്തരം വെളിപ്പെടുത്തലുകൾ സമൂഹത്തിന് എന്ത് സന്ദേശമാണ് നൽകുന്നത്? അന്ധവിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കാനും ദുർമ്രന്തവാദികളെ സഹായിക്കാനും മാത്രമേ ഈ വിധത്തിലുള്ള സാക്ഷ്യപ്പെടുത്തൽ ഉപകരിക്കുകയുള്ളൂ. കൊല്ലപ്പെട്ട ആളെ വിളിച്ചു വരുത്തി കൊലപ്പെടുത്തിയ ആളെക്കുറിച്ച് അറിയാൻ കഴിയുമെങ്കിൽ ഇവിടെ തെളിയിക്കാതെ കിടക്കുന്ന ആയിരക്കണക്കിന് കേസുകൾ നിഷ്പ്രയാസം തെളിയിക്കാൻ കഴിയില്ലേ?

സമൂഹത്തിൽ നിന്ന് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമ്മാർജ്ജനം ചെയ്യാൻ കഴിയാത്തിടത്തോളം ശാസ്ത്ര പുരോഗതിയിലും അഭൂതപൂർവ്വ നേട്ടങ്ങളിലും ഊറ്റം കൊള്ളാൻ നമുക്ക് കഴിയുമോ? മനുഷ്യൻ ചന്ദ്രനിൽ എത്രവട്ടം കാലുകുത്തിയാലും അവിടെത്തന്നെ സ്ഥിരതാമസമാക്കിയാലും ശുന്യാകാശത്തിലെവിടെയും ഉപഗ്രഹങ്ങൾ നിറച്ചാലും, ഭൂമിയിൽ ബുള്ളറ്റ് ട്രെയിനും, സിൽവർ ലൈനും യാഥാർത്ഥ്യമാക്കിയാലും ഹൈടെക് റോഡുകളും കെട്ടിടസമുച്ചയങ്ങളും പണിതു കൂട്ടിയാലും ഡിജിറ്റൽ മേഖലയിൽ എത്ര കുതിച്ചുചാട്ടം നടത്തിയാലും 5 ജി പോലുള്ള അതിവേഗ ഇന്റർനെറ്റ് സേവനം സാർവ്വത്രികമാക്കിയാലും മനുഷ്യൻ അന്ധവിശ്വാസങ്ങളിൽ നിന്ന് മോചിതനാകാത്തിടത്തോളം കാലം എല്ലാം വ്യർത്ഥമാണ്.

യഥാർത്ഥ വികസനം ഉണ്ടാകേണ്ടത് മനുഷ്യ മനസിനാണ്. മനുഷ്യൻ ചൂഷണങ്ങളിൽ നിന്നും മനോദൗർബല്യങ്ങളിൽ നിന്നും മുക്തനാകണം. നമ്മുടെ വികസന ലക്ഷ്യം അന്ധവിശ്വാസ മുക്ത സമുഹമായിരിക്കണം.




# ആർട്ടെമിസ് ദൗത്യം; ബഹിരാകാശയാത്രികർക്കായി മൂൺ കാർ വികസിപ്പിക്കാൻ നാസ മൂന്ന് കമ്പനികളെ തിരഞ്ഞെടുത്തു

വാഷിംഗ്ടൺ: ആർട്ടെമിസ് ബഹിരാകാശയാത്രികർക്കായി മൂൺ കാർ വികസിപ്പിക്കാൻ നാസ മൂന്ന് കമ്പനികളെ തിരഞ്ഞെടുത്തു. ഇന്റുട്ടീവ് മെഷിൻസ്, ലൂണാർ ഔട്ട്പോസ്റ്റ്, വെഞ്ചൂറി ആസ്ട്രോലാബ് എന്നിവയെയാണ് തിരഞ്ഞെടുത്തുത്. 4.6 ബില്യൺ ഡോളർ ആണ് കരാർ.ചന്ദ്രന്റെ ദക്ഷിണ ധ്രുവപ്രദേശം പര്യവേക്ഷണം ചെയ്യാൻ ബഹിരാകാശയാത്രികരെ സഹായിക്കുന്നതിന് ലൂണാർ ടെറൈൻ വെഹിക്കിളിനായി (എൽടിവി) മൂവരും അവരുടെ ടീമിന്റെ ആശയങ്ങൾ വികസിപ്പിക്കും. ഈ പ്രദേശത്ത് തണുത്തുറഞ്ഞ വെള്ളമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു, അതിനാൽ നാസ അവിടെ ബേസ് ക്യാമ്പ് സ്ഥാപിക്കുന്നത് അർത്ഥമാക്കുന്നു. മൂവരും അനുയോജ്യമായ രണ്ട് ബഹിരാകാശ സഞ്ചാരികളെ ഉൾക്കൊള്ളാനും പ്രദേശത്തിന്റെ അവസ്ഥകൾ കൈകാര്യം ചെയ്യാനും കഴിയുന്ന വാഹനങ്ങൾ രൂപകൽപ്പന ചെയ്യണം. അവയിൽ റോബോട്ടിക്, റിമോട്ട് ഓപ്പറേഷൻ കഴിവുകൾ ഉണ്ടായിരിക്കണം. ബഹിരാകാശയാത്രികർ ചന്ദ്രനിൽ ഇല്ലെങ്കിലും നാസയ്ക്ക് പരിശോധനകൾ തുടരാനും പര്യവേക്ഷണം നടത്താനും കഴിയും.

പ്രാഥമിക ഡിസൈൻ മെച്യൂരിറ്റി പ്രോജക്റ്റ് ഘട്ടത്തിലൂടെ നാസയുടെ ആവശ്യകതകൾ നിറവേറ്റുന്ന ഒരു സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു പ്രത്യേക പഠനമായ ഒരു ഫീസിബിലിറ്റി ടാസ്ക് ഓർഡർ‘ ഏറ്റെടുക്കുക എന്നതാണ് അവരുടെ അടുത്ത ഘട്ടം.

‘നമുക്ക് കാൽനടയായി എത്താൻ കഴിയാത്ത സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാൻ ഞങ്ങൾ എൽടിവി ഉപയോഗിക്കും, പര്യവേക്ഷണം ചെയ്യാനും പുതിയ ശാസ്ത്ര കണ്ടെത്തലുകൾ നടത്താനുമുള്ള ഞങ്ങളുടെ കഴിവ് വർദ്ധിപ്പിക്കും,‘ നാസ ആസ്ഥാനത്തെ എക്സ്പ്ലോറേഷൻ സിസ്റ്റംസ് ഡെവലപ്മെന്റ് മിഷൻ ഡയറക്ടറേറ്റിലെ ചീഫ് എക്സ്പ്ലോറേഷൻ സയന്റിസ്റ്റ് ജേക്കബ് ബ്ലീച്ചർ പറഞ്ഞു.




# ഇന്ത്യയിലെ ലോഹ വ്യവസായം പൊളിച്ചുപണിയാൻ അദാനി

ശതകോടീശ്വരനും പ്രമുഖ വ്യവസായിയുമായ ഗൗതം അദാനിയുടെ പുതിയ പ്രോജക്ട് എന്താണെന്ന് നോക്കാം. 1.2 ബില്യൺ ഡോളറിന്റെ പദ്ധതിയിലൂടെ ഒരുമില്യൺടൺചെമ്പ്ഉത്പാദനമാണ് കമ്പനിലക്ഷ്യമിടുന്നത്.അതിന്സാക്ഷിയാകുന്നത് മുന്ദ്രയെന്ന ഗുജറാത്തിലെ വ്യവസായ ലോകമാണ്. അദാനി ഗ്രൂപ്പ് നിർമിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ചെമ്പ് നിർമാണ യൂണിറ്റിനാണ് മുന്ദ്രയിൽ തുടക്കമാകുന്നത്.

ഏപ്രിൽ ആദ്യവാരത്തോടെ ആരംഭിക്കുന്നചെമ്പ്വ്യവസായപദ്ധതിയുടെ ആദ്യഘട്ടം 2029 മാർച്ച് ആകുമ്പോഴേക്കും പൂർണമായുംപ്രവർത്തനക്ഷമമാകും. അദാനി എന്റർപ്രൈസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കച്ച് കോപ്പർ ലിമിറ്റഡ് ആണ് ഈ ബൃഹത്തായപദ്ധതിക്ക്പിന്നിൽ.രണ്ട്ഘട്ടങ്ങളിലായി പ്രതിവർഷം 1 ദശലക്ഷം ടൺ ശുദ്ധീകരിച്ച ചെമ്പ് ഉത്പാദിപ്പിക്കാനുള്ള ഗ്രീൻഫീൽഡ് കോപ്പർ റിഫൈനറി കമ്പനി നിർമിക്കും. 2030 ആകുമ്പോഴേക്കും ലോകത്തിലെ ഏറ്റവും വലിയ ചെമ്പ് വ്യവസായ പദ്ധതിയെ നയിക്കുന്നകമ്പനിയാവുകയാണ്അദാനിഗ്രൂപ്പിന്റെ ലക്ഷ്യം.

ഇന്ത്യയിലെ ചെമ്പ് ഉപയോഗം 2030 ഓടെമൂന്നിരട്ടിയാകുമെന്ന്നിരീക്ഷകർ പ്രവചിക്കുന്നു. ശുദ്ധീകരിച്ച ചെമ്പിന് പുറമേ,സ്വർണം,വെള്ളി,സെലീനിയം, പ്ലാറ്റിനം, സൾഫ്യൂരിക് ആസിഡ് തുടങ്ങിയ വിലയേറിയ ഉപോത്പന്നങ്ങളും കച്ച് കോപ്പറിൽ ഉത്പാദിപ്പിക്കും. സുസ്ഥിരമായ ഊർജ്ജ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് ഇന്ത്യ വലിയ പ്രാധ്യാന്യമാണ് നൽകുന്നത് എന്നതിനാൽ ഇലക്ട്രിക് വാഹനങ്ങൾ നിരത്ത് കീഴടക്കുന്ന കാലവും വിദൂരമല്ല.

ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ആഭ്യന്തര ചെമ്പ് ഉപഭോഗം 2030 ഓടെ ഇരട്ടിയാകും. ചെമ്പ് ഉത്പാദനത്തിൽ മുൻനിരയിലുള്ള ചൈന പോലുള്ള രാജ്യങ്ങൾ കൈവരിച്ച പുരോഗതി ഇന്ത്യക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് മാറാൻ ചെമ്പ് പോലുള്ള ലോഹങ്ങൾ അത്യന്താപേക്ഷിതമാണ്. വൈദ്യുത വാഹനങ്ങൾ (ഇ.വി), ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ, സോളാർ പിവി, ബാറ്ററികൾ എന്നിവയുടെ നിർമാണത്തിൽ ചെമ്പ് വഹിക്കുന്ന പങ്ക് നിർണായകമാണ്.

പുനരുപയോഗഊർജം,ടെലികോം, ഇവി എന്നീ മേഖലകളുടെ പ്രാധാന്യം കുതിച്ചുയരുന്നതിനാൽ കോപ്പർ കമ്പനിയുടെ നിക്ഷേപ സാധ്യതയും വർദ്ധിക്കുന്നു. രാജ്യത്ത് കഴിഞ്ഞ സാമ്പത്തിക വർഷം (2023-2024) ചെമ്പിന്റെ റെക്കോർഡ് ഇറക്കുമതിയാണ് രേഖപ്പെടുത്തിയത്. 1,81,000 ടൺ ചെമ്പ് രാജ്യത്ത് ഇറക്കുമതി ചെയ്തിരുന്നു. ചെമ്പ് ഉത്പാദനത്തിൽ നിലവിൽ രാജ്യം നേരിടുന്ന അപര്യാപ്തതയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന ചെമ്പിന്റെ ആവശ്യകതയെ നിറവേറ്റുകകൂടിയാണ്കച്ചിലെകോപ്പർവ്യവസായം ലക്ഷ്യമിടുന്നത്.

പടിഞ്ഞാറൻ തീരദേശ മേഖലയിലാണ് കമ്പനിയുടെ ലൊക്കേഷൻ എന്നതിനാൽ ആഭ്യന്തര വിപണികൾ കൂടാതെ അന്താരാഷ്ട്ര വിപണിയിലേക്കുള്ള സാധ്യതകൾ കൂടി കച്ച് കോപ്പറിന് ലഭിക്കും.

ഫോസിൽ ഇന്ധനങ്ങളിൽ നിന്നും ഊർജത്തിലേക്ക് മാറുന്ന കാഴ്ചയാണ് ആഗോളതലത്തിൽ കാണാനാവുന്നത്. പ്രത്യേകിച്ച് യുഎസ്, ചൈന, യൂറോപ്പ്, ഇന്ത്യ എന്നിവിടങ്ങളിൽ. അതുകൊണ്ട് തന്നെ ഈ രാജ്യങ്ങളിലെല്ലാം ചെമ്പിന്റെ ആവശ്യവും ഉയരുമെന്നാണ് വിലയിരുത്തൽ. ഇത് കച്ച് കോപ്പറിനുള്ള വിപണി സാധ്യതയും വർദ്ധിപ്പിക്കുന്നു.

# ചൈനയുടെ വ്യാപാരത്തിന് തടയിടാൻ അമേരിക്ക

(ഒന്നാം പേജ് തുടർച്ച)

നീക്കത്തെയാണ് യെല്ലന്റെ പരാമർശങ്ങൾ സൂചിപ്പിക്കുന്നത്. ഉൽപ്പാദനം വർധിക്കുന്ന ചില വ്യവസായങ്ങളിൽ ചൈന വൻതോതിലുള്ള നിക്ഷേപം നടത്തിയിട്ടുണ്ടെന്നും എന്നാൽ ആവശ്യം പൂർണ്ണമായി പിന്തുടരുന്നില്ലെന്നും യെല്ലൻ പറഞ്ഞു. ഈ വ്യവസായങ്ങൾക്കുള്ള ചൈനീസ് സബ്സിഡികൾ അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും സംഭവിക്കുന്നതിൽ തങ്ങൾ ആശങ്കാകുലരാണ്. യുഎസിന് പുറമെ ജപ്പാൻ, മെക്സിക്കോ, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയ രാജ്യങ്ങളും ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് യെല്ലൻ കൂട്ടിച്ചേർത്തു.

ഒരു വർഷത്തിനുള്ളിൽ ഇത് അവരുടെരണ്ടാമത്തെചൈനായാത്രയാണ്. പ്രസിഡന്റ് ബൈഡനും ചൈനയുടെ പ്രസിഡന്റ് ഷി ജിൻപിംഗും ഈ ആഴ്ച നടത്തിയ സംഭാഷണത്തിന് ശേഷമാണ് ഈ സന്ദർശനം. ചൈനയുടെ വൈദ്യുത വാഹനങ്ങൾ, ലിഥിയം അയൺ ബാറ്ററികൾ, സൗരോർജ്ജം എന്നിവയുടെ തീവ്രമായ ഉൽപ്പാദനം ആഗോള വിലയെ വളച്ചൊടിക്കുന്ന അന്യായമായ മത്സരം വിപണിയിൽ സൃഷ്ടിക്കുകയും അത് യുഎസ് കമ്പനികളെയും തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുവെന്ന് അവർ മുമ്പ് വ്യക്തമാക്കിയിരുന്നു. സന്ദർശനത്തിന് മുന്നോടിയായി ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ മറ്റ് രാജ്യങ്ങളോട് സമ്മർദ്ദം ചെലുത്തുമെന്നും അവർ വ്യക്തമാക്കി.

# ഇസ്രായേൽ വ്യോമാക്രമണത്തിനെതിരെയുള്ള ബൈഡന്റെ പ്രതികരണം ഇസ്രയേലിനെ കൈവിടാതെ

ണിന്റെ പാർട്ടി സർക്യൂട്ടിലെ ഒരു പ്രധാന ഘടകമായിരുന്നു.

അതേസമയം ആൻഡ്രേസിന്റെ ഉയർന്ന പ്രൊഫൈൽ പോലും ബൈഡനെ ഇസ്രായേലിനെക്കുറിച്ചുള്ള നയം മാറ്റാൻ പ്രേരിപ്പിച്ചില്ല എന്നത് ശ്രദ്ധേയമാണ്. ''വേഗത്തിലുള്ള സമഗ്രമായ ഒരു അന്വേഷണം കാണാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്നും അത് പരസ്യമായി ഉറപ്പാക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു,'' എന്നും വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരീൻ ജീൻപിയറി ബുധനാഴ്ച മാധ്യമപ്രവർത്തകരോട് പറഞ്ഞു.

അതേസമയം ഇസ്രായേലിന് 14.1 ബില്യൺ ഡോളർ സഹായം നൽകുന്ന ഒരു വിദേശ സഹായ പാക്കേജ് പാസാക്കാൻ ബൈഡൻ സഭയെ പ്രേരിപ്പിക്കുമ്പോൾ ഈ സാഹചര്യത്തിൽ ഇത് ബൈഡന്റെ വിമർശനങ്ങളെ അർത്ഥശൂന്യമാക്കുന്നു. കൂടാതെ രാജ്യത്തിന് × 18 ബില്യൺ മൂല്യമുള്ള യുദ്ധവിമാനങ്ങൾ വിൽക്കാൻ അദ്ദേഹം ആലോചിക്കുന്നതായി ഒന്നിലധികം പ്രസിദ്ധീകരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇതും വിമർശനങ്ങളിൽ കാമ്പില്ലെന്ന തോന്നൽ ഉണ്ടാക്കുന്നു.



# ‘കൗബോയ് കാർട്ടർ’ ആൽബം വോട്ട് ചെയ്യാനുള്ള ഓർമ്മപ്പെടുത്തൽ: മിഷേൽ ഒബാമ





ന്യൂയോർക്ക്: മിഷേൽ ഒബാമ ഒരു ഇൻസ്റ്റാഗ്രാം പോസ്റ്റിൽ ബിയോൺസിന്റെ പുതിയ ആൽബത്തെ പ്രശംസിച്ച് രംഗത്തെത്തി. ഈ വർഷത്തെ തിരഞ്ഞെടുപ്പിൽ ബാലറ്റ് ബോക്സിൽ തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾക്കായി നിലകൊള്ളാൻ വോട്ടർമാരോട് അഭ്യർത്ഥിക്കുന്നതാണ് പുതിയ ആൽബം. മുൻ പ്രസിഡന്റ് ഒബാമയെയും നിലവിലെ പ്രസിഡന്റ് ബൈഡനെയും പിന്തുണച്ച ബിയോൺസ്തന്റെപുതിയരാജ്യതീംസോങ്ങായ ‘കൗബോയ് കാർട്ടർ’ ആൽബം വെള്ളിയാഴ്ച പുറത്തിറക്കിയിരുന്നു.

‘കൗബോയ് കാർട്ടറിനൊപ്പം, ഒരു സംഗീത വിഭാഗത്തെ പുനർനിർവചിക്കാനും നമ്മുടെ സംസ്കാരത്തെ പരിവർത്തനം ചെയ്യാനും സഹായിച്ചുകൊണ്ട് നിങ്ങൾ ഗെയിം വീണ്ടും മാറ്റി. ഞാൻ നിങ്ങളെക്കുറിച്ച് അഭിമാനിക്കുന്നു!’ മുൻ പ്രഥമ വനിത ഇൻസ്റ്റാഗ്രാമിൽ കുറിച്ചു.

കൗബോയ് കാർട്ടർ എന്നത് ഒരു ഓർമ്മപ്പെടുത്തലാണ്. നമ്മുടെ ചരിത്രത്തിലും, സന്തോഷത്തിലും, നമ്മുടെ വോട്ടുകളിലും നമുക്ക് ഏറ്റവും പ്രാധാന്യമുള്ള വിഷയങ്ങളിൽ നമ്മുടെ ശബ്ദം കേൾക്കാൻ നമുക്ക് ഓരോരുത്തർക്കും നമ്മുടെ സ്വന്തം കഴിവുകൾ ഉപയോഗിക്കാമെന്നും അവർ പോസ്റ്റിൽ വ്യക്തമാക്കി.

# നാറ്റോയുടെ നേതൃത്വത്തിൽ ഉക്രെയിന് ആയുധം; നിലപാട് വ്യക്തമാക്കി വൈറ്റ് ഹൗസ്




വാഷിംഗ്ടൺ: നാറ്റോയുടെ നേതൃത്വത്തിൽ ഉക്രെയ്നിന് ആയുധ വിതരണത്തെ ഏകോപിപ്പിക്കുന്ന യുഎസിന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പിനെ നീക്കാനുള്ള നിർദ്ദേശത്തിൽ നിന്നും വൈറ്റ് ഹൗസ് ബുധനാഴ്ച പിൻമാറി. റാംസ്റ്റൈൻ ഗ്രൂപ്പിനെ നയിക്കുന്നതിൽ നിന്ന് യുഎസ് മാറിനിൽക്കുന്നതിനെക്കുറിച്ച് വൈറ്റ് ഹൗസ് ദേശീയ സുരക്ഷാ കമ്മ്യൂണിക്കേഷൻസ് അഡ്വൈസർ ജോൺ കിർബി സംശയം ഉന്നയിച്ചിരുന്നു. ഉക്രെയ്നിനായി ആയുധങ്ങൾ വിതരണം ചെയ്യുന്ന 50ലധികം രാജ്യങ്ങളുടെ യോഗം മാസത്തിലൊരിക്കൽ ചേരാറുണ്ട്. ഈ യോഗത്തിലായിരുന്നു കിർബിയുടെ സംശയം.

ഇത് നാറ്റോയേക്കാൾ വലുതാണ്, ഇൻഡോപസഫിക് ഉൾപ്പെടെ ലോകമെമ്പാടുമുള്ള 50 രാഷ്ട്രങ്ങളാണ് ഇതിലുള്ളത്. അവരെ ഒരുമിച്ച് കൊണ്ടുവന്നത് അമേരിക്കൻ നേതൃത്വമാണ്. കിർബി ബുധനാഴ്ച മാധ്യമപ്രവർത്തകരോട് പറഞ്ഞു. നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ്, ഉക്രെയ്നിനുള്ള സഹായവുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന യുഎസ് പക്ഷപാതത്തിൽ നിന്ന് സംരക്ഷിക്കാനുള്ള ശ്രമമായി വീക്ഷിക്കുന്ന, റാംസ്റ്റൈൻ ഗ്രൂപ്പിംഗിനെ നയിക്കാൻ സഖ്യം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. രണ്ടാം തവണയും പ്രസിഡന്റായി അധികാരത്തിൽ എത്തുന്നതിൽ വിജയിച്ചാൽ മുൻ പ്രസിഡന്റ് ട്രംപ് കീവിനും നാറ്റോയ്ക്കുമുള്ള പിന്തുണ പിൻവലിച്ചേക്കുമെന്നും യൂറോപ്പ് ഭയപ്പെടുന്നു. ഉക്രേനിയക്കാർക്ക് കൂടുതൽ പിന്തുണ ആവശ്യമണെന്ന് സ്റ്റോൾട്ടൻബർഗ് ബുധനാഴ്ച ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു.

നാറ്റോയുടെ 75-ാം വാർഷികം പ്രമാണിച്ച് ജൂലൈയിൽ നടക്കുന്ന വാഷിംഗ്ടൺ ഉച്ചകോടിയിൽ സമവായത്തിലെത്തുക എന്ന ലക്ഷ്യത്തോടെ നാറ്റോ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ ഈ ആഴ്ച ബ്രസൽസിൽ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നു. കിർബി ചർച്ചകളെ പ്രാഥമിക ചർച്ച എന്നാണ് വിശേഷിപ്പിച്ചത്. എന്നാൽ റാംസ്റ്റൈൻ ഗ്രൂപ്പിന്റെ അമരത്ത് യു.എസ് ഉള്ളതിന്റെ പ്രയോജനം അടിവരയിടുന്നതായിരുന്നു യോഗം.

# നടക്കാൻ പോകുന്നത് ഇന്ത്യയുടെ ഭാവി അടയാളപ്പെടുത്തൽ



തിരഞ്ഞെടുപ്പ് എന്നാൽ ജനാധിപത്യത്തിന്റെ ആഘോഷവും ഉത്സവുമാണ്. 18-ാം ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പിന് ഇനി ഏതാനും ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. കാശ്മീർ മുതൽ കന്യാകുമാരി വരെയും കച്ച് മുതൽ അഗർത്തല വരെയുമുള്ള ഇന്ത്യയിലെ 97 കോടി വോട്ടർമാർ ഏപ്രിൽ, മെയ് മാസങ്ങളിൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള തങ്ങളുടെ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനായി തങ്ങളുടെ വോട്ടവകാശം രേഖപ്പെടുത്തും.

1951-52 ലാണ് ഇന്ത്യയിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് അഥവാ ലോക്സഭാ തിരഞ്ഞെടുപ്പ്നടന്നത്. 52ന്പുറമെ 1957, 1962, 1967, 1971, 1977, 1980, 1984, 1989, 1991, 1996, 1998, 1999, 2004, 2009, 2014, 2019, വർഷങ്ങളിലാണ് ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പുകൾ നടന്നത്. 1952 നും 2024 നും ഇടയിൽ ഇന്ത്യയിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആ മാറ്റങ്ങളൊക്കെ ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനത്തിലും രാഷ്ട്രീയ കക്ഷികളിലും പ്രതിഫലിക്കുകയും ചെയ്തു.

1951-52 കാലത്ത് ഇന്ത്യ ആദ്യ പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ ഇന്ത്യയിലെ വോട്ടിംഗ് അവകാശം 21 വയസിനും അതിന് മുകളിലുള്ളവർക്കും ആയിരുന്നു. അന്ന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉണ്ടായിരുന്നില്ല. ബാലറ്റ് പേപ്പറിലായിരുന്നു വോട്ടർമാർ തങ്ങളുടെ സമ്മതിദാനവകാശം വിനിയോഗിച്ചത്. അന്ന് ആദ്യത്തെ തിരഞ്ഞെടുപ്പ് 489 ലോകസഭാ സീറ്റിലേക്കുള്ളതായിരുന്നുവെങ്കിൽ ഇപ്പോളത് 543 ആയി ഉയർന്നിരിക്കുന്നു.

1951-52 ൽ ആദ്യത്തെ തിരഞ്ഞെടുപ്പിൽ ഇന്ത്യയിൽ 17 കോടി 32 ലക്ഷം പേർക്കായിരുന്നു വോട്ടിംഗ് അവകാശം ഉണ്ടായിരുന്നത്. ഇന്ത്യ ആദ്യത്തെ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ ഇന്ത്യൻ രാഷ്ട്രീയ രംഗത്തുണ്ടായിരുന്നത് അതികായകന്മാരായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ബി.ആർ അംബേദ്കർ, ജയപ്രകാശ് നാരായൻ, ശ്യാമപ്രസാദ് മുഖർജി, ജെ.ബി കൃപലാനി, എ.കെ ഗോപാലൻ തുടങ്ങിയവർ. 1951 ൽ ഇന്ത്യയുടെ പ്രഥമ തിരഞ്ഞെടുപ്പിന്റെ സമയത്ത് കോൺഗ്രസിന്റെ പ്രധാന എതിരാളികൾ അഭിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അഥവാ സി.പി.ഐ, ഭാരതീയ ജനസംഘ്, കിസാൻ മസ്തൂർ പാർട്ടി തുടങ്ങിയവയായിരുന്നു.

കഴിഞ്ഞ 72 വർഷത്തിനിടയിൽ ഇന്ത്യയിൽ സംഭവിച്ച ഒരു പ്രധാനപ്പെട്ട മാറ്റം ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ കക്ഷികൾക്കുണ്ടായ ജനസ്വാധീനമാണ്. പലസംസ്ഥാനങ്ങളിലും ഇന്നും ഭരിക്കുന്നത് പ്രാദേശിക രാഷ്ട്രീയ കക്ഷികളാണ്. 1980 കൾക്ക് ശേഷമാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രാദേശിക കക്ഷികളുടെ സ്വാധീനവും പ്രസക്തിയും കൂടുതൽ വർധിക്കുന്നത്. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ പ്രാദേശിക പാർട്ടികളാണ്. ഇതിന് ഉദാഹരണമാണ് ഡി.എം.കെ, എ.ഐ.ഡി.എം.കെ, തെലുങ്ക് ദേശം പാർട്ടി. വൈ.എസ്.ആർ കോൺഗ്രസ്, ബി.ആർ.എസ് തുടങ്ങിയവ.

ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളായ ആസാം, നാഗാലാന്റ്, മണിപ്പൂർ, മിസോറാം, അരുണാചൽ പ്രദേശ്, ഇവിടെയെല്ലാം ഏറ്റവും സ്വാധീനമുള്ളത് പ്രാദേശിക കക്ഷികൾക്കാണ്. ഇന്ത്യയുടെ പ്രാദേശിക കക്ഷികൾ ഇന്ത്യയുടെ സാസ്കാരിക വൈവിധ്യത്തെയും ബഹുസ്വരതയെയുമാണ് യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത്. കോൺഗ്രസിനെയും ബി.ജെ.പിയേയും പോലുള്ള ദേശീയ പാർട്ടികൾ പലപ്പോഴും പ്രാദേശിക കക്ഷികളുമായി തിരഞ്ഞെടുപ്പ്, ധാരണകൾ ഉണ്ടാക്കുന്നു. അങ്ങനെ ഇന്ത്യയുടെ ദേശീയ പാർട്ടികൾക്ക് പോലും പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ സഹായമില്ലാതെ അധികാരത്തിലെത്താൻ പറ്റുകയില്ല എന്നുള്ളതാണ് ഇന്നത്തെ സാഹചര്യം.

1980 കൾക്ക് ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടായ മറ്റൊരു പ്രധാനപ്പെട്ട സവിശേഷത സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ തിരോധാനമാണ്. 1959 ൽ കോൺഗ്രസിന്റേയും നെഹ്റുവിന്റേയും സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് എതിരായിട്ടാണ് ഇന്ത്യയിൽ ആദ്യത്തെ വലതുപക്ഷ പാർട്ടി സ്വതന്ത്രപാർട്ടി സി. രാജഗോപാലചാരിയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്നത്. 1980 കൾ വരെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സോഷ്യലിസ്റ്റുകൾ വളരെ ശക്തരായിരുന്നു. സോഷ്യലിസ്റ്റ് പാർട്ടി, ഇന്ത്യാ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി തുടങ്ങിയ നിരവധി സോഷ്യലിസ്റ്റ് രാഷ്ട്രീയ പാർട്ടികളും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇക്കാലത്ത് സജീവമായിരുന്നു. എന്നാൽ ഇന്ന് സമാജ് വാദി പാർട്ടിയും ചുരുക്കം ചില സോഷ്യലിസ്റ്റ് പാർട്ടികളും ഒഴിച്ച് സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയകക്ഷികൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ കുറവാണ്.

കഴിഞ്ഞ 72 വർഷത്തിനുശേഷം ഉണ്ടായ മറ്റൊരു പ്രധാനപ്പെട്ട മാറ്റം ഇടതുപക്ഷ പാർട്ടികൾക്ക് അഥവാ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് സംഭവിച്ച തിരിച്ചടികളാണ്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഢീഷ, വെസ്റ്റ് ബംഗാൾ, ബീഹാർ, മഹാരാഷ്ട്ര, പഞ്ചാബ്, ആസാം, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ശക്തമായ ജനസ്വാധീനം ഉണ്ടായിരുന്നു. 34 വർഷത്തോളം ഇടതുപക്ഷ പാർട്ടികളാണ് അഥവാ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിലാണ് പശ്ചിമബംഗാളിൽ ഭരണം ഉണ്ടായത്.

2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും 2021 ലെ അസംബ്ലി തിരഞ്ഞെടുപ്പിലും പശ്ചിമബംഗാളിലും ഒരു സീറ്റ്പോലും നേടാൻ സിപിഎമ്മിന് കഴിഞ്ഞിട്ടില്ല. 2024 ലെ തിരഞ്ഞെടുപ്പിലൂടെ ശക്തമായ തിരിച്ചുവരവിന് ഒരുങ്ങുകയാണ് സി.പി.ഐ, സി.പി.എം പോലുള്ള ഇടതുപക്ഷ പാർട്ടികൾ. ഇന്ത്യൻ രാഷ്ട്രീയത്തിൽ ജാതിയുടേയും മതത്തിന്റേയും സ്വാധീനം കൂടുതൽ വർദ്ധിക്കുന്നത് 1980 കൾക്ക് ശേഷമാണ്. ഇന്ന് നമ്മുടെ രാഷ്ട്രീയപാർട്ടികൾ യാതൊരുമടിയും കൂടാതെയാണ് മതപരമായ കാര്യങ്ങൾ ഉയർത്തുന്നതും അതിന്റെ പേരിൽ വോട്ടുകൾ തേടുന്നതും. ഇത് ഇന്ത്യൻ ജനാധിപത്യത്തിന് ഒട്ടും ഗുണകരമായ കാര്യമല്ലെന്ന് മുൻപെ തന്നെ പ്രഗൽഭർ പറഞ്ഞുവച്ചിട്ടുണ്ട്.

കൂടാതെ ഇന്ത്യയിൽ 17 ലോക്സഭാ തിരഞ്ഞെടുപ്പുകൾ കഴിഞ്ഞുവെങ്കിലും ഇന്ത്യൻ ലോക്സഭയിൽ സ്ത്രീകൾക്കിനിയും അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചിട്ടില്ല. കഴിഞ്ഞ 72 വർഷത്തിനിടയിൽ മാറ്റമില്ലാതെ നിൽക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് ഇതാണ്. ഇന്ത്യൻ ജനസംഖ്യയുടെ ഏതാണ്ട് പകുതിയോളം സ്ത്രീകൾ വരുന്നുവെങ്കിലും ലോക്സഭയിൽ പലപ്പോഴും 10% മാത്രമേ സ്ത്രീകളുടെ പ്രാതിനിധ്യം ഉള്ളു. മാത്രമല്ല ഇന്ത്യൻ ജനസംഖ്യയുടെ ഏതാണ്ട് പകുതിയോളം ഇന്നും കഷ്ടപ്പാടിലും ദുരിതത്തിലുമാണ്. അവരെ ആകർഷിക്കാനായി നമ്മുടെ രാഷ്ട്രീയ കക്ഷികൾ പ്രകടന പത്രികയിൽ മോഹന വാഗ്ദാനങ്ങൾ മാത്രമാണ് നല്കുന്നത്.

ഏതായാലും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യപ്രക്രിയക്ക് നമ്മൾ ഒരുങ്ങിക്കഴിഞ്ഞു. 18-ാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പിലെ പ്രധാന മത്സരം ബി.ജെ.പി നയിക്കുന്ന എൻ.ഡി.എയേയും കോൺഗ്രസ് നയിക്കുന്ന ഇന്ത്യാ മുന്നണിയും തമ്മിലാണ്.






# തിരഞ്ഞെടുപ്പ് അടുത്തപ്പോൾ കത്തിച്ച 'കച്ചത്തീവ്'

ലോക്സഭ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതിയ ചർച്ചാ വിഷയമായിരിക്കുകയാണ് കച്ചത്തീവ്. ഇന്ത്യ ശ്രീലങ്ക രാജ്യങ്ങൾക്കിടയിൽ പാക് കടലിടുക്കിൽ സ്ഥിതി ചെയ്യുന്ന ചെറുദ്വീപാണിത്. 285 ഏക്കർ മാത്രം വിസ്തൃതിയുള്ള ജനവാസമില്ലാത്ത ഒരു ദ്വീപ്. ഇന്ത്യ ശ്രീലങ്ക രാജ്യങ്ങൾക്കിടയിൽ ദീർഘകാലമായുള്ള തർക്ക വിഷയവുമാണ്. തമിഴ്നാട്ടിൽ ദ്വീപിനെച്ചൊല്ലിയുള്ള ഒച്ചപ്പാട് ഉണ്ടാകാൻ തുടങ്ങിയിട്ട് കാലം കുറെയായി. തമിഴ്നാട് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് അണ്ണാമലൈയിലൂടെയാണ് വിഷയം വീണ്ടും ചർച്ചയാകുന്നത്. വിവരാവകശ രേഖ പ്രകാരം ലഭിച്ച കച്ചത്തീവിന്റെ കൈമാറ്റവുമായി ബന്ധപ്പെട്ട വിവരങ്ങൾ അണ്ണാമലൈ പുറത്തുവിട്ടതോടെ പ്രധാനമന്ത്രി നരേന്ദ്ര മോഡി അത് കോൺഗ്രസിനെതിരെതിരഞ്ഞെടുപ്പ്ആയുധമാക്കിയിരിക്കുകയാണ്.



കോൺഗ്രസിനെവിശ്വസിക്കാൻകഴിയില്ല എന്നതിന്റെ തെളിവാണ് കച്ചത്തീവ് എന്നായിരുന്നുപ്രധാനമന്ത്രിയുടെപരാമർശം. ഇതോടെയാണ് വിഷയം ഇപ്പോൾ ദേശീയ ശ്രദ്ധയാകർഷിക്കുന്നത്.1947മുതൽദ്വീപിൻ മേൽ ശ്രീലങ്ക അവകാശവാദം ഉന്നയിക്കുന്നുണ്ടെങ്കിലും1974ൽആയിരുന്നുഉഭയക്ഷി കരാറിലൂടെ ഇന്ത്യ അത് അംഗീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി വ്യവഹാരങ്ങൾ സുപ്രീം കോടതിയിൽ നടന്നിട്ടും ഉണ്ട്. 2013 ൽ കേസ് സുപ്രീം കോടതിയിൽ എത്തിയപ്പോൾ കച്ചത്തീവ് ഇന്ത്യയുടെ ഭാഗമല്ലെന്ന നിലപാടാണ് അന്നത്തെ കോൺഗ്രസ് സർക്കാർ സ്വീകരിച്ചത്.

ഇന്ത്യയുടെ ഒരു പ്രദേശവും ശ്രീലങ്കയ്ക്ക്വിട്ടുകൊടുത്തിട്ടില്ല.അതൊരു തർക്കപ്രദേശമായിരുന്നു. ചരിത്രപരമായ തെളിവും രേഖകളും പരിശോധിച്ച ശേഷമാണ് ലങ്കയുടെ വാദങ്ങൾ ഇന്ത്യ അംഗീകരിച്ചതെന്നാണ് കേന്ദ്ര സർക്കാർ അന്ന് കോടതിയെ അറിയിച്ചത്. വിഷയത്തിൽ അന്ന് കേന്ദ്രത്തിനും തമിഴ്നാടിനും വ്യത്യസ്ത നിലപാടുകളായിരുന്നു. കച്ചത്തീവ് ലങ്കയുടേത് അല്ലെന്നും തങ്ങളുടേതാണെന്നുമാണ് തമിഴ്നാട്ടിലെ രാഷ്ട്രീയ നേതാക്കൾ അന്നും ഇന്നും അവകാശവാദം ഉന്നയിക്കുന്നത്.

## കച്ചത്തീവ് ചരിത്രവും തർക്കവും

ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടയിലുള്ള പാക് കടലിടുക്കിലെ ഒരു ചെറുദ്വീപാണ് കച്ചത്തീവ്. 285 ഏക്കർ മാത്രം വിസ്തൃതിയുള്ള ഇവിടം ജനവാസമില്ലാത്ത പ്രദേശമാണ്. ഇവിടെ സ്വാഭാവിക കുടിവെള്ളമില്ലാത്തതിനാൽ ജനവാസത്തിന് പ്രായോഗിക തടസങ്ങളുണ്ട്. 14-ാം നൂറ്റാണ്ടിലുണ്ടായ അഗ്നിപർവ്വത സ്ഫോടനത്തെ തുടർന്നാണ് ദ്വീപ് രൂപം കൊണ്ടതെന്നാണ് കരുതപ്പെടുന്നത്. തമിഴ്നാട്ടിലെ രാമേശ്വരത്ത് നിന്നും 33 കിലോമീറ്റർ അകലെ വടക്ക് കിഴക്കായും ലങ്കയിലെ ജാഫ്നയിൽ നിന്ന് 62 കിലോ മീറ്റർ ദൂരത്തിൽ തെക്ക് പടിഞ്ഞാറായും ഇന്ത്യൻ മഹാസമുദ്രത്തിലാണ് ദ്വീപ് സ്ഥിതി ചെയ്യുന്നത്.

ജനവാസമില്ലാത്ത ദ്വീപിലെ ഏക നിർമിതി 20-ാം നൂറ്റാണ്ടിൽ പണി കഴിപ്പിച്ച സെന്റ് ആന്റണീസ് കത്തോലിക്ക ദേവാലയമാണ്. ഇന്ത്യയിൽ നിന്നും ശ്രീലങ്കയിൽ നിന്നുമുള്ള ക്രിസ്തുമത വിശ്വാസികൾ എല്ലാ വർഷവും പെരുന്നാളിന് ഇവിടെ എത്താറുണ്ട്. 2023 ൽ രാമേശ്വരത്ത് നിന്നും 2500 പേർ ഇവിടേക്ക് എത്തിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വർഷം നടന്ന പെരുന്നാൾ ആഘോഷങ്ങൾ തമിഴ്നാട്ടിലെ ബോട്ടുകാരും മത്സ്യത്തൊഴിലാളികളും ബഹിഷ്കരിച്ചിരുന്നു.

കച്ചത്തീവിന്റെ നിയന്ത്രണം ആദ്യ കാലങ്ങളിൽ ശ്രീലങ്കയിലെ ജാഫ്ന സാമ്രാജ്യത്തിനായിരുന്നു എന്നാണ് കരുതപ്പെടുന്നത്. 17-ാം നൂറ്റാണ്ടിൽ രാമനാഥപുരം കേന്ദ്രീകരിച്ചുള്ള രാമനാട് രാജ്യത്തിന് ഇതിന്റെ നിയന്ത്രണം ലഭിക്കുന്നു. ബ്രിട്ടീഷ് ഭരണകാലം ആയപ്പോൾ കച്ചത്തീവ് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി.

1921 ൽ മത്സ്യബന്ധനത്തിന്റെ അതിരുകൾ നിർണയിക്കുന്നതിനിടെ അന്ന് ബ്രിട്ടീഷ് കോളനികളായിരുന്ന ഇന്ത്യയും ശ്രീലങ്കയും ദ്വീപിൽ അവകാശവാദം ഉന്നയിച്ചു. സർവേ പ്രകാരം ഇത് ശ്രീലങ്കയുടെ ഭാഗമായിട്ടാണ് നിശ്ചയിച്ചത്. എന്നാൽ ദ്വീപിന്റെ അവകാശം രാംനാട് രാജ്യത്തിനാണെന്ന വാദം അന്നേ ഉയർന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ബ്രിട്ടീഷുകാർ രാജ്യം വിട്ടെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടിരുന്നില്ല. 1947ന് ശേഷവും ശ്രീലങ്ക ദ്വീപിൽ അവകാശവാദം ഉന്നയിക്കുന്നത് തുടർന്നു. നിരവധി ചർച്ചകൾ ഇന്ത്യയും ശ്രീലങ്കയും തമ്മിൽ നടത്തി.

1961ൽ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു കച്ചത്തീവിനെ ലങ്കയ്ക്ക് കൈമാറാൻ മടിക്കില്ലെന്ന് പറയുന്നത്. അതിന് ഒരുവർഷം മുൻപ് അറ്റോർണി ജനറൽസെതൽവാദ്കച്ചത്തീവ്ദ്വീപിന്മേലുള്ള ഇന്ത്യയുടെ അവകാശവാദത്തെക്കുറിച്ച് അഭിപ്രായപ്പെട്ടിരുന്നതായും വിവരങ്ങളുണ്ട്.

## കച്ചത്തീവ് ദേവാലയം

ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് 1974 ൽ ആണ് ശ്രീലങ്കയ്ക്ക് കച്ചത്തീവ് ലഭിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുണ്ടാക്കിയ ഉഭയകക്ഷി കരാർ പ്രകാരമായിരുന്നു ഈ നീക്കം. ഇന്ത്യൻ മത്സ്യത്തൊഴിലാളികൾക്ക് ഈ മേഖലയിൽ പ്രവേശനാനുമതി അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പടെ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ അടിയന്തരാവസ്ഥക്കാലത്ത് കരാർ പ്രാബല്യത്തിലായപ്പോൾ തമിഴ്നാട്ടിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾക്ക് ദ്വീപിൽ നിന്ന് മീൻ പിടിക്കുന്നതിനുള്ള അനുമതി നിഷേധിക്കപ്പെട്ടു. പകരം തീർഥാടനത്തിനും മത്സ്യത്തൊഴിലാളികളുടെ വിശ്രമത്തിനും വലയുണക്കാനും മാത്രമായി അവകാശം.

കച്ചത്തീവിന് സമീപത്തെ പരമ്പരാഗത സ്ഥലത്ത് മത്സ്യബന്ധനത്തിന് പോയ തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികളെ പ്രദേശത്ത് നിന്നും അടിച്ചോടിക്കുന്ന സ്ഥിതിയടക്കം ഉണ്ടായിട്ടുണ്ട്. പക്ഷേ ശ്രീലങ്കയിൽ ആഭ്യന്തര കലഹം കലശലായ കാലത്ത് അവരുടെ സേന യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ഈ മേഖലയിലെ നിരീക്ഷണത്തിൽ നിന്ന് പിൻമാറിയിരുന്നു. ഈ കാലത്ത് തമിഴ്നാട്ടിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ ഇവിടെ മീൻപിടിക്കുകയും ചെയ്തിരുന്നു. എന്നാൽ 2009 ന് ഇപ്പുറം ശ്രീലങ്കയിലെ ആഭ്യന്തര യുദ്ധത്തിന് അറുതിയായപ്പോൾ ഇവിടെ സേന നിരീക്ഷണം ശക്തമാക്കി. അതേസമയം ശ്രീലങ്കയിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ 700ൽ അധികം തമിഴ്നാട് മത്സ്യത്തൊഴിലാളികൾ തെറ്റിദ്ധരിക്കപ്പെട്ടും മറ്റും വെടിയേറ്റ് മരിച്ചതായും ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നു.

## തമിഴ്നാട് നിലപാട്

രാമനാഥപുരംജമീന്ദാരുടെഅധീനതയിലായിരുന്നുകച്ചത്തീവ്എന്ന്ചൂണ്ടിക്കാണിച്ച്, തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികൾക്ക് ദ്വീപിലെത്തി മീൻ പിടിക്കാൻ അവകാശമുണ്ടെന്ന് സംസ്ഥാനം ഉറച്ചുപറയുന്നു. കച്ചത്തീവ് വീണ്ടെടുക്കണമെന്ന പ്രമേയം 1991ൽ തമിഴ്നാട് നിയമസഭ പാസാക്കി. ഡി.എം.കെ, എ.ഐ.എ.ഡി.എം.കെ സർക്കാരുകളുടെ ഭരണകാലങ്ങളിൽ ഒരേ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കപ്പെട്ടത്.

കച്ചത്തീവ് ശ്രീലങ്കയ്ക്ക് കൈമാറിയ ഇന്ദിരാഗാന്ധി സർക്കാരിനെ വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രംഗത്തുവന്നതോടെയാണ് ഇത് വീണ്ടും ചർച്ചാവിഷയമായിരിക്കുന്നത്. ഇന്ത്യയുടെ ഐക്യവും താത്പര്യങ്ങളും തകർക്കുകയാണ് ഇതിലൂടെ കോൺഗ്രസ് ചെയ്തത്. കച്ചത്തീവിനെ കൈമാറിയ നടപടി കോൺഗ്രസിനെ വിശ്വസിക്കാൻ കഴിയില്ല എന്നതിന്റെ തെളിവാണെന്നും മോദി ആരോപിച്ചിരുന്നു.

തമിഴ്നാട്ടിലെ ഈ പ്രശ്നത്തിൽ ഡിഎംകെയ്ക്ക് താത്പര്യം ഇല്ലെന്നും മോദി അഭിപ്രായപ്പെട്ടിരുന്നു. അതേസമയം, ഏപ്രിൽ ഒന്നിന് ഡൽഹിയിൽ മാധ്യമങ്ങളെ കണ്ട വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ കച്ചത്തീവ് വീണ്ടെടുക്കാനുള്ള സാധ്യതകൾ കേന്ദ്രം ആരായുകകയാണെന്ന് വ്യക്തമാക്കി. എന്നാൽ, പ്രധാനമന്ത്രിയുടെ പരാമർശങ്ങൾക്കെതിരെ ഡിഎംകെ രംഗത്ത് വന്നിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷമായി ഉറങ്ങി കിടന്നവർ പെട്ടെന്ന് എങ്ങനെയാണ് മത്സ്യത്തൊഴിലാളികളെ ഇഷ്ടപ്പെടുന്നവരായി മാറിയതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിൻ ചോദിച്ചു.

ചരിത്രം പഠിക്കാതെ കച്ചത്തീവ് വിഷയത്തിൽ പ്രധാനമന്ത്രി നുണ പ്രചരിപ്പിക്കാൻശ്രമിക്കുകയായിരുന്നുവെന്നാണ്ഡിഎംകെ സംഘടന സെക്രട്ടറി ആർഎസ് ഭാരതിയുടെ പ്രതികരണം. ശ്രീലങ്കൻ സർക്കാർ സാമ്പത്തിക പാപ്പരത്തത്തിലായിരിക്കെ അടുത്തിടെ പോലും അവർ ഇന്ത്യൻ സർക്കാരിൽ നിന്ന് ഏകദേശം 34,000 കോടി രൂപ വാങ്ങി. ഇത്തരമൊരു ചുറ്റുപാടിൽ കച്ചത്തീവ് ചോദിച്ച് വാങ്ങിക്കൂടായിരുന്നില്ലേയെന്നും അദ്ദേഹം ചോദിച്ചു. മുൻ ധനമന്ത്രി പി. ചിദംബരവും മോദിക്കും ജയ്ശങ്കറിനുമെതിരെ രംഗത്തെത്തിയിട്ടുണ്ട്. 10 വർഷത്തെ എൻഡിഎ ഭരണകാലത്ത് പലപ്പോഴായി ശ്രീലങ്കൻ മത്സ്യത്തൊഴിലാളികളെ ഇന്ത്യ തടഞ്ഞുവച്ചിട്ടില്ലേയെന്നായിരുന്നു ചിദംബരത്തിന്റെ ചോദ്യം.

## ദ്വീപ് തിരിച്ചെടുത്താൽ എന്ത് പ്രയോജനം

നിലവിൽ സാമ്പത്തികമായി ദുർബലരാണെങ്കിലും ഇന്ത്യയെ ആശ്രയിക്കുന്ന ശ്രീലങ്ക ചൈനയുമായുള്ള ബന്ധം ഉപേക്ഷിക്കാൻ തയ്യാറായിട്ടില്ല. ഹംബന്തോട്ട തുറമുഖം ഉൾപ്പടെയുള്ള നിർമാണ പ്രവർത്തനങ്ങളിൽ ശ്രീലങ്കയ്ക്ക് ചൈനയുടെ സഹായം ലഭിക്കുന്നുണ്ട്. ഇത് ആഗോളതലത്തിൽ ഇന്ത്യയുടെ സുരക്ഷയ്ക്ക് ഭീഷണിയായേക്കാമെന്നാണ്വിദഗ്ധരുടെഅഭിപ്രായം. കൂടാതെ ശ്രീലങ്കയുമായുള്ള ഉഭയകക്ഷിനയതന്ത്ര ബന്ധങ്ങളിൽ വലിയ ഉലച്ചിലുണ്ടാകും. അതേസമയം, നിയമങ്ങൾ അനുസരിച്ച്, ഒരു രാജ്യത്തിന്റെ അതിർത്തി അതിന്റെ കര അതിർത്തിയിൽ നിന്ന് 12 നോട്ടിക്കൽ മൈൽ ആയി നിർവചിക്കപ്പെട്ടിട്ടുണ്ട്.









## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**

**longwood81@yahoo.com**

#032024

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 0097150281104 6**

**Mail to: susanpadiyath@gmail.com**

#032024

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**

**Mail: sibymathayi@icloud.com**

#032024

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**

**224 – 382 – 3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#032724

## BABYSITTER WANTED

**ഫിലാഡൽഫിയയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് 2 വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**ഷീബ (516–209–8800),**
**സിറിയക് (718–869–4626)**

#032024






## നൊവേന

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാ വിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**ആൻ മരിയ**

#040324

### ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും, വിശുസ്ത ദാസനുമായ വി.യുദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായേ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ദിവസം 9 പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനക്കു നിവൃത്തിയുണ്ടാകും. ഒൻപുത ദിവസം ചൊല്ലുക അത് ഒരുകാലത്തും സഫലമാകാതിരിക്കില്ല.

**മരിയ തോമസ്**

#0424

വാചകം VACHAKAM vachakam.com

മാട്രിമോണിയൽ, ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്

ബന്ധപ്പെടുക: 773 – 888 – 2242

E-mail: vachakamonline@gmail.com

news@vachakam.com

# ആറ് സ്വിംഗ് സ്റ്റേറ്റുകളിൽ ട്രംപ് ബൈഡനേക്കാൾ മുന്നിലെന്ന് സർവ്വേ



വാഷിംഗ്ടൺ: വാൾസ്ട്രീറ്റ് ജേർണൽ അടുത്തിടെ നടത്തിയ സർവേ അനുസരിച്ച് ഏഴ് സ്വിംഗ് സ്റ്റേറ്റുകളിൽ ആറിലും ജോ ബൈഡനെക്കാൾ ഡൊണാൾഡ് ട്രംപ് ലീഡ് ചെയ്യുന്നു എന്നാണ്. പെൻസിൽവാനിയ, മിഷിഗൺ, അരിസോണ, ജോർജിയ, നെവാഡ, നോർത്ത് കരോലിന എന്നിവിടങ്ങളിലെ വോട്ടർമാർക്കിടയിൽ ജിഒപി നോമിനി 2 മുതൽ 8 ശതമാനം വരെ ലീഡ് നേടിയതായി ബുധനാഴ്ച പുറത്തിറക്കിയ സർവ്വേ വ്യക്തമാക്കുന്നു.

മൂന്നാം കക്ഷിയും സ്വതന്ത്ര സ്ഥാനാർത്ഥികളും ഉൾപ്പെടുന്ന ബാലറ്റിൽ യുഎസ് പ്രസിഡന്റുമായുള്ള 'വൺഓൺവൺ മാച്ച് അപ്പിൽ' ഫലങ്ങൾ സമാനമാണെന്ന് ജേണൽ കൂട്ടിച്ചേർത്തു. അതേസമയം, ഏഴാമത്തെ സംസ്ഥാനമായ വിസ്കോൺസിനിൽ, ഒന്നിലധികം സ്ഥാനാർത്ഥികളുടെ ബാലറ്റിൽ ബൈഡൻ ഇതിനകം 3 പോയിന്റിന് മുന്നിലായിരുന്നു. രണ്ട് എതിരാളികളും റോയിട്ടേഴ്സിന്റെ റിപ്പോർട്ട് അനുസരിച്ച് സമനിലയിലായി.

തൊഴിൽ വളർച്ച, ആരോഗ്യകരമായ ചെലവുകൾ, പ്രതീക്ഷിച്ചതിലും മികച്ച ജിഡിപി വർദ്ധനവ് എന്നിവയ്ക്കിടയിലും ബൈഡൻ വീണ്ടും തിരഞ്ഞെടുപ്പ് പ്രചാരണം യുഎസ് സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള വോട്ടർമാരുടെ ആശങ്കകളുമായി പൊരുത്തപ്പെടുന്നു. ഇത് സാമ്പത്തിക വിദഗ്ധരെയും ഡെമോക്രാറ്റിക് രാഷ്ട്രീയ തന്ത്രജ്ഞരെയും വിഷമിപ്പിച്ച ഒരു പ്രശ്നമാണെന്ന് ഔട്ട്ലെറ്റ് പറയുന്നു.

വോട്ടെടുപ്പിൽ, ബൈഡനോടുള്ള നെഗറ്റീവ് വീക്ഷണങ്ങൾ പോസിറ്റീവ് വീക്ഷണങ്ങളെക്കാൾ കുറഞ്ഞത് 16 ശതമാനം പോയിന്റും നാല് സംസ്ഥാനങ്ങളിൽ 20 പോയിന്റും കൂടുതലാണ്. ഏഴ് സംസ്ഥാനങ്ങളിൽ ഒന്നായ അരിസോണയിൽ മാത്രം ട്രംപിന് അനുകൂലമല്ലാത്ത റേറ്റിംഗ് ലഭിച്ചുവെന്നും ഔട്ട്ലെറ്റ് കൂട്ടിച്ചേർത്തു.

# ആറ് സ്വിംഗ് സ്റ്റേറ്റുകളിൽ പ്രസിഡന്റിനെ പിന്നിലാക്കി ട്രംപ്; പ്രതികരണവുമായി ജിൽ ബൈഡൻ

വാഷിംഗ്ടൺ: മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തന്റെ ബൈഡനെ ഒരിടത്തൊഴികെ മറ്റെല്ലായിടത്തും പിന്നിലാക്കിയെന്നുള്ള വോട്ടെടുപ്പ് തള്ളിക്കളയാൻ ശ്രമിച്ച് പ്രഥമ വനിത ജിൽ ബൈഡൻ. ബുധനാഴ്ച 'സിബിഎസ് മോണിംഗ്സ്' എന്ന പരിപാടിയിൽ ബൈഡന്റെ പുതിയ പ്രചാരണത്തെക്കുറിച്ച് പ്രഥമ വനിതയോട് ചോദിച്ചിരുന്നു. 2024 ലെ ഏഴ് സ്വിംഗ് സ്റ്റേറ്റുകളിൽ ആറിലും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി മുൻ പ്രസിഡന്റ് ട്രംപിന് പിന്നിലാണെന്ന് അടുത്തിടെ വാൾസ്ട്രീറ്റ് ജേണൽ നടത്തിയ സർവേയെക്കുറിച്ചും പ്രത്യേകം ചോദ്യം ചെയ്യപ്പെട്ടു. ഈ ചോദ്യങ്ങളോടോക്കെ പ്രതികരിക്കുകയായിരുന്നു അവർ.

ഇല്ല, അദ്ദേഹം തോൽക്കില്ല എന്ന് പറയുന്നതിന് മുമ്പ് സിബിഎസ് ഹോസ്റ്റ് ടോണി ഡോകുപിൽ ജില്ലിനോട് പോളിംഗ് ഫലങ്ങളെക്കുറിച്ച് ചോദിക്കാൻ തുടങ്ങി. നിങ്ങൾക്കറിയാമോ, ആളുകൾ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങിയാൽ, അവരുടെ രണ്ട് തിരഞ്ഞെടുപ്പ് ഫലങ്ങൾ കാണുമ്പോൾ തന്നെ ജോ ഈ തിരഞ്ഞെടുപ്പിൽ വിജയിക്കുമെന്ന് വ്യക്തമാണ്. അദ്ദേഹം കൂടുതൽ നന്നായി പ്രവർത്തിക്കുന്നുവെന്നും ജിൽ കൂട്ടിച്ചേർത്തു.



ഇല്ല, ഇല്ല, ജോ വീണ്ടും തിരഞ്ഞെടുക്കപ്പെടുമെന്ന് തനിക്ക് തോന്നുന്നു എന്ന് പ്രതികരിച്ചുകൊണ്ട് പ്രസിഡന്റ് ബൈഡന്റെ തിരഞ്ഞെടുപ്പ് ശ്രമങ്ങളെക്കുറിച്ച് എന്തെങ്കിലും ആശങ്കയുണ്ടോ എന്നും പ്രഥമ വനിതയോട് ചോദിച്ചു. പെൻസിൽവാനിയ, മിഷിഗൺ, അരിസോണ, ജോർജിയ, നെവാഡ, നോർത്ത് കരോലിന എന്നിവിടങ്ങളിൽ ട്രംപ് നിലവിൽ ബൈഡനെ നയിക്കുന്നതായി ചൊവ്വാഴ്ച പുറത്തുവിട്ട വാൾസ്ട്രീറ്റ് ജേണൽ വോട്ടെടുപ്പിൽ കണ്ടെത്തി. നവംബർ ബാലറ്റിൽ വിജയം ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന സംസ്ഥാനങ്ങളാണിവ.

# ഈ ഗൂഗിളിന്റെ ഓരോ തമാശകൾ!

എല്ലാവരേയും വിഢികളാക്കുന്ന ആ ദിവസമാണ് ഗൂഗിൾ തങ്ങളുടെ ജിമെയിൽ സംവിധാനം ആദ്യമായി അവതരിപ്പിച്ചത്. കൃത്യമായി പറഞ്ഞാൽ 20 വർഷങ്ങൾക്ക് മുമ്പ് ഏപ്രിൽ ഒന്നാം തീയതി. ഇത് ഗൂഗിളിന്റെ ഒരു ഏപ്രിൽ ഫൂൾ തമാശയായാണ് അന്ന് പലരും കരുതിയത്. കാരണം അതിന് മുൻ വർഷങ്ങളിലെല്ലാം ഏപ്രിൽ ഫൂൾ ദിനത്തിൽ ഗൂഗിളിന്റെ സഹസ്ഥാപകരായ ലാറി പേജും സെർജി ബ്രിന്നും ചേർന്ന് പലവിധ തമാശകൾ ഒപ്പിച്ചട്ടുണ്ട്.

ചന്ദ്രനിലെ കോപ്പർ നിക്കസ് ഗവേണ കേന്ദ്രത്തിൽ പുതിയ തൊഴിലവസരങ്ങൾ എന്നതായിരുന്നു ഒരു വർഷം ഏപ്രിൽ ഒന്നിന് ഗൂഗിൾ നടത്തിയ പ്രഖ്യാപനം. തങ്ങളുടെ സെർച്ച് എഞ്ചിനിൽ 'സ്ക്രാച്ച് ആൻഡ് സ്നിഫ്' പദ്ധതി നടപ്പാക്കുമെന്നാണ് മറ്റൊരു വർഷം ഏപ്രിൽ ഒന്നിന് കമ്പനി നടത്തിയ പ്രഖ്യാപനം. അതിനാൽ തന്നെ ഏപ്രിൻ ഒന്നിന് ലോക വിഢ്ഢി ദിനത്തിൽ ജിമെയിൽ അവതരിപ്പിച്ചപ്പോൾ അത് ഗൂഗിളിന്റെ മറ്റൊരു തമാശയായിരിക്കുമെന്ന് തന്നെയാണ് ആളുകൾ കരുതിയത്.




ഇന്റർനെറ്റ് തിരച്ചിൽ, വെബ് അധിഷ്ഠിത സേവനം, വെബ്സൈറ്റ് പരസ്യം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനിയാണ് ഗൂഗിൾ. ലോകത്തിലെ ഏറ്റവും വിശാലമായ ഇന്റർനെറ്റ് തിരച്ചിൽ സംവിധാനമാണ് ഗൂഗിൾ. അറിവുകൾ ശേഖരിച്ച് സാർവ്വ ദേശീയമായി ലഭ്യമാക്കുക എന്നതാണ് ഗൂഗിളിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഗൂഗിളിന്റെ ചരിത്രത്തിലെ തന്നെ വിപ്ലവമാണ് ജിമെയിൽ സൃഷ്ടിച്ചത്.

തുടക്കത്തിൽ ജിമെയിലിനെ കുറിച്ച് ആളുകൾക്കിടയിൽ സംശയങ്ങൾ ഉണ്ടായിരുന്നുവെങ്കിലും വൈകാതെ തന്നെ കോടിക്കണക്കിന് ഉപയോക്താക്കളെയാണ് ജിമെയിൽ നേടിയെടുത്തത്. കൂടാതെ വിപുലമായ സ്റ്റോറേജ് സംവിധാനവും ഇതിനൊപ്പം നൽകപ്പെട്ടിരുന്നു. ഓരോ അക്കൗണ്ടിനും ഒരു ജിഗാബൈറ്റ് സ്റ്റോറേജ് എന്ന അഭിമാനിക്കാനാവുന്ന സൗജന്യ സേവനമാണ് ജിമെയിലിലൂടെ ഗൂഗിൾ ഉപയോക്താക്കൾക്ക് നൽകുന്നത്. ഒരു ടെറാബൈറ്റ് സ്റ്റോറേജ് ശേഷിയുള്ള ഐഫോണുകൾ ലഭ്യമായ കാലത്ത് ഇത് തമാശയായി തോന്നുമെങ്കിലും 13,500 ഇമെയിലുകൾ സൂക്ഷിച്ചുവെക്കുന്നതിന് ഇത് സഹായിക്കുമായിരുന്നു.

അന്നത്തെ പ്രധാന സേവനദാതാക്കളായ യാഹൂവിന്റെയും മൈക്രോസോഫ്റ്റിന്റെയും വെബ്മെയിൽ 30 മുതൽ 60 മെയിലുകൾ മാത്രം സൂക്ഷിച്ചുവയ്ക്കാൻ കഴിയുമ്പോഴായിരുന്നു ഗൂഗിളിന്റെ ഈ നേട്ടമെന്നും ഓർക്കണം. സെർച്ച് സംവിധാനം, വേഗത, സ്റ്റോറേജ് തുടങ്ങിയ നിർണായകമായ മൂന്ന് ഘടകങ്ങളും ചേർന്ന ജിമെയിലിനെ എല്ലാവരും ഇരുകൈയ്യും നീട്ടി സ്വീകരിച്ചു.

2004 ഏപ്രിൽ ഒന്നിന് ഉച്ച കഴിഞ്ഞാണ് ജിമെയിലിനെക്കുറിച്ചുള്ള വാർത്ത അന്താരാഷ്ട്ര വാർത്താ ഏജൻസിയായ അസോസിയേറ്റ് പ്രസ് പ്രസിദ്ധീകരിച്ചത്. നിലവിൽ ജിമെയിലിന് 1.8 ബില്ല്യൺ സജീവ അക്കൗണ്ടുകൾ ഉണ്ട്. ഇപ്പോൾ 15 ജിഗാബൈറ്റ് സൗജന്യ സ്റ്റോറേജും ഗൂഗിൾ ഫോട്ടോസും ഗൂഗിൾ ഡ്രൈവും നൽകുന്നു. ഗൂഗിളിന്റെ തുടക്കത്തിൽ നൽകിയ 1 ജിബി സ്റ്റോറേജുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് 15 മടങ്ങ് അധികമാണെങ്കിലും നിലവിലെ ഉപയോക്താക്കൾക്ക് ഇപ്പോൾ അത് മതിയാകാതെ വരുന്ന സാഹചര്യമുണ്ട്. ഇതും ഗൂഗിൾ പ്രതീക്ഷിച്ചിരുന്നതാണ്.

ഇപ്പോളും ആധിപത്യം പുലർത്തുന്ന സെർച്ച് എഞ്ചിൻ എന്നതിനുമപ്പുറം ഗൂഗിളിന്റെ ഇന്റർനെറ്റ് സാമ്രാജ്യത്തിന്റെ വിപുലീകരണത്തിൽ ആദ്യത്തെ മൂലക്കല്ലായി ജിമെയിൽ സ്ഥാനം പിടിച്ചു. ജിമെയിന് ശേഷം ഗൂഗിൾ മാപ്സും ഗൂഗിൾ ഡോക്സും ഗൂഗിൾ അവതരിപ്പിച്ചു. ഇതിന് പിന്നാലെ വീഡിയോ സൈറ്റായ യൂട്യൂബ് ഗൂഗിൾ ഏറ്റെടുത്തത്. വൈകാതെ ക്രോം ബ്രൗസറും ആൻഡ്രോയിഡ് ഓപ്പറേറ്റിങ് സംവിധാനവും ഗൂഗിൾ പുറത്തിറക്കി.

ഇന്നും ലോകത്തിലെ ഭൂരിഭാഗം സ്മാർട്ട് ഫോണുകളിലും ഇവയുടെ ആധിപത്യമാണ് ഉള്ളത്. ഉപയോക്താക്കളുടെ താത്പര്യത്തിന് അനുസരിച്ചുള്ള വിഭവങ്ങൾ അവർ പങ്കുവെച്ചു. വൈകാതെ പരസ്യങ്ങളും ഗൂഗിളിൽ അവതരിപ്പിക്കപ്പെട്ടു.

അപ്രതീക്ഷിതമായ ഒരു അക്ഷരപ്പിശകിൽ നിന്നും പിറവിയെടുത്തതാണ് ഗൂഗിൾ എന്ന പദം. ഒന്നിനു ശേഷം നൂറു പൂജ്യങ്ങൾ വരുന്ന സംഖ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗൂഗിൾ (googol) എന്ന പദം സെർച്ച് എൻജിന്റെ പേരാക്കാനായിരുന്നു സ്ഥാപകരുടെ ലക്ഷ്യം. അമേരിക്കൻ ഗണിത ശാസ്ത്രജ്ഞനായ എഡ്വേഡ് കാസ്നറുടെ അനന്തരവൻ ഒൻപത് വയസുകാരൻ മിൽട്ടൺ സൈറോറ്റയാണ് 1938 ൽ ആദ്യമായി ഗൂഗൾ എന്ന പദം ഉപയോഗിച്ചത്.

ഗണിത ശാസ്ത്രജ്ഞരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഈ പദം തന്നെ തങ്ങളുടെ സെർച്ച് എൻജിന് പേരായി നൽകാം എന്നായിരുന്നു ഗൂഗിളിന്റെ പിറവിക്ക് പിന്നിൽ പ്രവർത്തിച്ചവരുടെ ചിന്ത. എണ്ണിയാലൊടുങ്ങാത്ത വിവരങ്ങൾ ഈ സെർച്ച് എൻജിനിൽ ലഭ്യമാകും എന്ന സന്ദേശമായിരുന്നു വിവക്ഷ. എന്നാൽ അവർ എഴുതിയത് അക്ഷരപ്പിശകോടെയായെന്ന് മാത്രം. അങ്ങനെ ഗൂഗളിന് പകരം ഗൂഗിൾ ആയി.

ഏതായാലും തങ്ങൾക്കു പറ്റിയ അക്ഷരപ്പിശക് മറ്റാരെയും വഴിതെറ്റിക്കരുത് എന്ന ചിന്ത ഗൂഗിൾ ഉടമകൾക്ക് ഉണ്ടെന്നുള്ളതാണ് രസകരമായ വസ്തുത. ഗൂഗിൾ എന്ന് ടൈപ്പ് ചെയ്യുമ്പോൾ വന്നുപോയേക്കാവുന്ന അക്ഷര പിശകുകളുടെ ഫലങ്ങളെല്ലാം ഡൊമെയ്ൻ പദങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് gogle.com, googel.com എന്നിങ്ങനെ തെറ്റായി ടൈപ്പ് ചെയ്താലും ചെന്നെത്തുന്നത് ഗൂഗിളിൽ തന്നെയായിരിക്കും. ഗൂഗിളിനു സദൃശമായ അക്ഷരത്തെറ്റുകളെല്ലാം ഇപ്രകാരം ശരിയായ ഡൊമെയിൻ നാമത്തിലേക്ക് വഴിതിരിച്ചു വിട്ടിരിക്കുകയാണ്.

# ഇൻസൈഡർ ട്രേഡിംഗിൽ കുറ്റം സമ്മതിച്ചു ട്രംപ് മീഡിയ കമ്പനിക്ക് ധനസഹായം നൽകിയ 2 സഹോദരന്മാർ




മുൻ പ്രസിന്റ് ഡൊണാൾഡ് ട്രംപിന്റെ പൊതു സമൂഹമാധ്യമ കമ്പനിക്ക് ധനസഹായം നൽകിയ രണ്ട് സഹോദരന്മാർ ബുധനാഴ്ച ഇൻസൈഡർ ട്രേഡിംഗിൽ കുറ്റം സമ്മതിച്ചതായി റിപ്പോർട്ട്. ട്രംപ് മീഡിയയുമായി ലയിക്കുന്നതിനു മുമ്പ് ഡിജിറ്റൽ വേൾഡ് അക്വിസിഷൻ കോർപ്പറേഷന്റെ ഓഹരികളിൽ വ്യാപാരം നടത്തി മൈക്കൽ ഷാർട്സ്മാനും ജെറാൾഡ് ഷാർട്സ്മാനും ദശലക്ഷക്കണക്കിന് സമ്പാദിച്ചു എന്നാണ് ന്യൂയോർക്കിലെ ഫെഡറൽ പ്രോസിക്യൂട്ടർമാർ പറയുന്നതനുസരിച്ച് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

അതേസമയം ഫ്ളോറിഡയിലെ സണ്ണി ഐൽസ് ബീച്ചിലെ മൈക്കൽ ഷാർട്സ്മാൻ (52), ഫ്ളോറിഡയിലെ അവഞ്ചുറയിൽ നിന്നുള്ള ജെറാൾഡ് ഷാർട്സ്മാൻ (45) എന്നിവരെ കഴിഞ്ഞ ജൂലൈയിൽ സെക്യൂരിറ്റീസ് തട്ടിപ്പ് കുറ്റത്തിന് അറസ്റ്റ് ചെയ്തിരുന്നു. കേസിൽ അവർ ഓരോരുത്തരും ബുധനാഴ്ച കുറ്റസമ്മതം നടത്തി.

ജൂലൈയിൽ ശിക്ഷിക്കപ്പെടുമ്പോൾ ഓരോരുത്തരും 20 വർഷം വരെ തടവ് അനുഭവിക്കേണ്ടിവരും എന്നാണ് സൂചന, എന്നാൽ പ്രോസിക്യൂട്ടർമാർ ഏകദേശം മൂന്ന് വർഷത്തെ ശിക്ഷ ശുപാർശ ചെയ്തു.

അതേസമയം ഉണഅജയും ട്രംപ് മീഡിയയും തമ്മിൽ വരാനിരിക്കുന്ന ലയനത്തെക്കുറിച്ചുള്ള രഹസ്യസ്വഭാവമുള്ള വിവരങ്ങൾ ലഭിച്ചതായി മൈക്കിളും ജെറാൾഡ് ഷാർട്സ്മാനും കോടതിയിൽ സമ്മതിച്ചു, കൂടാതെ ആ വിവരങ്ങൾ ലാഭകരവും എന്നാൽ നിയമവിരുദ്ധവും ആയ തുറന്ന മാർക്കറ്റ് ട്രേഡുകൾ ഉണ്ടാക്കാൻ ഉപയോഗിച്ചു എന്നും അറ്റോർണി ഡാമിയൻ വില്യംസ് പറഞ്ഞു. ഉണഅജന്റെ ബോർഡ് ഓഫ് ഡയറക്ടർമാരിൽ സഹോദരങ്ങൾ ഒരു അസോസിയേറ്റിനെ നിയമിച്ചതായും ട്രംപ് മീഡിയയുമായുള്ള ലയന പദ്ധതിയെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ അവർ നൽകിയെന്നും പ്രോസിക്യൂട്ടർമാർ വ്യക്തമാക്കി. അവർ ഒരുമിച്ച് 22 മില്യൺ ഡോളർ അനധികൃത ലാഭം ഉണ്ടാക്കി എന്നും പ്രോസിക്യൂട്ടർമാർ കൂട്ടിച്ചേർത്തു.

അതേസമയം സഹോദരങ്ങളുടെ ഈ തട്ടിപ്പുകളെ കുറിച്ച് മുൻ പ്രസിഡന്റ് ട്രംപിന് അറിയാമായിരുന്നതിന് തെളിവുകളൊന്നുമില്ല, അതുകൊണ്ട് തന്നെ അദ്ദേഹം കേസിന്റെ ഭാഗമല്ല.

# 'ശക്തമായി എതിർക്കുന്നു'; അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെപേരുമാറ്റിയ ചൈനീസ് നടപടിയിൽ യുഎസ്

വാഷിങ്ടൺ: അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേരുമാറ്റിയ ചൈനീസ് നടപടിയിൽ അതിരൂക്ഷ വിമർശനവുമായി യുഎസ്. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നും പേര് മാറ്റാൻ ചൈന ശ്രമിച്ചാലും യാഥാർഥ്യത്തിന് മാറ്റമുണ്ടാകില്ലെന്നും യുഎസ് ചൂണ്ടിക്കാട്ടി. 'യഥാർത്ഥ നിയന്ത്രണ രേഖയ്ക്ക് കുറുകെയുള്ള നുഴഞ്ഞുകയറ്റങ്ങളിലൂടെയോ കയ്യേറ്റങ്ങളിലൂടെയോ, പ്രാദേശിക അവകാശവാദങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള ഏകപക്ഷീയമായ ശ്രമങ്ങളെ അമേരിക്ക ശക്തമായി എതിർക്കുന്നു,' ഒരു യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്പ്രതിനിധിയെ ഉദ്ധരിച്ച്സൗത്ത് ചൈന മോണിംഗ് പോസ്റ്റ് (റിപ്പോർട്ട് ചെയ്തു. ഇക്കഴിഞ്ഞ ദിവസമാണ് അരുണാചൽ പ്രദേശിലെ 30 സ്ഥലങ്ങൾക്ക് പുതിയ പേര് നൽകി ചൈന നാലാം പട്ടിക പുറത്തിറക്കിയത്. ഇന്ത്യയുടെ കടുത്ത എതിർപ്പ് നിലനിൽക്കെയാണ് ചൈനയുടെ ഭാഗത്തു നിന്ന് വീണ്ടും നടപടിയുണ്ടായത്.

ചൈനീസ് നടപടിയിൽ പ്രതികരിച്ച വിദേശകാര്യ മന്ത്രി എസ് ജയശങ്കർ അരുണാചൽ പ്രദേശ് ഇപ്പോഴും എപ്പോഴും ഇന്ത്യയുടെ ഭാഗമായി തുടരുമെന്ന് വ്യക്തമാക്കി. 'നിങ്ങളുടെ വീടിന്റെ പേര് ഞാൻ മാറ്റിയാൽ അത് എന്റേതാകുമോ? അരുണാചൽ പ്രദേശ് ഇന്ത്യൻ സംസ്ഥാനമാണ്.






# റഷ്യൻ എണ്ണ കമ്പനികൾക്ക് അമേരിക്കയുടെ കൂച്ചുവിലങ്ങ്



വില കുറച്ച് പണമുണ്ടാക്കാൻ ശ്രമിച്ച റഷ്യയുടെ എണ്ണ കമ്പനികൾക്ക് വൻ തിരിച്ചടിയായിരിക്കുകയാണ് അമേരിക്കൻ ഉപരോധം. ഇത് വിദേശത്ത് നിന്ന് റഷ്യയിലേക്ക് പണം അയക്കാൻ പ്രയാസമായിരിക്കുകയാണ്. റഷ്യയുടെ ഉക്രെയ്ൻ അധിനിവേശത്തിന്റെ രണ്ടാം വാർഷികം എത്തിനിൽക്കുമ്പോഴാണ് പുതിയ ഉപരോധവുമായി യു.എസ് എത്തിയത്. പ്രമുഖ റഷ്യൻ ടാങ്കർ ഗ്രൂപ്പായ സോവ്കോംഫ്ളോട്ടിനെ ലക്ഷ്യമിട്ടായിരുന്നു മാർച്ച് ആദ്യം ഉപരോധം ഏർപ്പെടുത്തിയത്.

അതേസമയം യുഎഇയിൽ ഉൾപ്പെടെ റഷ്യയിലേക്ക് അയക്കുന്ന പണത്തിന് കർശനമായ പരിശോധന തുടരുകയാണ്. ഇതോടെ റഷ്യൻ കമ്പനികൾക്ക് പണം ലഭിക്കാൻ വൈകുന്നതാണ് പ്രതിസന്ധിക്ക് കാരണം. വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് റഷ്യയെ നയിക്കുന്ന ഈ നീക്കത്തിന് കാരണം അമേരിക്കൻ ഉപരോധമാണ്.

ഉക്രെയിനെതിരായ യുദ്ധം തുടങ്ങിയ ശേഷം രണ്ട് തരത്തിലുള്ള പ്രതിസന്ധിയാണ് അമേരിക്ക റഷ്യയ്ക്ക് സൃഷ്ടിച്ചിരിക്കുന്നത്. റഷ്യയുടെ എണ്ണയും വാതകവും വാങ്ങിയിരുന്ന യൂറോപ്പിനെ ആദ്യം പിന്തിരിപ്പിക്കുകയാണ് അമേരിക്ക ചെയ്തത്. ഇതോടെ റഷ്യയുടെ പ്രധാന വരുമാന മാർഗം അടയുമെന്ന് അമേരിക്ക കരുതി. എന്നാൽ ബദൽ വിൽപ്പന കേന്ദ്രങ്ങൾ അതിവേഗം കണ്ടെത്തുകയായിരുന്നു റഷ്യ.

ചൈന, ഇന്ത്യ, തുർക്കി തുടങ്ങിയ രാജ്യങ്ങളിലേക്ക് റഷ്യ കൂടുതലായി എണ്ണ വിൽക്കാൻ തയ്യാറായി. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ ചെലവാണ്. ഇതേ തുടർന്ന് ഇന്ത്യ ആദ്യം മടിച്ചെങ്കിലും വില കുറച്ച് നൽകാമെന്ന വാഗ്ദാനം റഷ്യ മുന്നോട്ടുവച്ചു. നിലവിൽ ഇന്ത്യ ഏറ്റവും കൂടുതൽ എണ്ണ വാങ്ങുന്നത് റഷ്യയിൽ നിന്നാണ്.

റഷ്യയുമായി നേരിട്ടുള്ള പണമിടപാട് നടത്തുന്ന രാജ്യങ്ങൾ വിരളമാണ്. യുഎഇ, തുർക്കി തുടങ്ങിയ രാജ്യങ്ങൾ വഴി ഇടപാട് നടത്തുന്നവരുമുണ്ട്. ഈ വേളയിലാണ് അമേരിക്ക ചില റഷ്യൻ എണ്ണ കമ്പനികളുമായി ഇടപാട് നടത്തുന്നത് തടഞ്ഞത്. ഇവരുമായി ഇടപാട് നടത്തുന്നവർക്കെതിരെ നടപടിയുണ്ടാകുമെന്നും മുന്നറിയിപ്പ് നൽകി. ബാരലിന് 60 ഡോളറിനേക്കാൾ വില കുറച്ച് റഷ്യ എണ്ണ വിൽക്കുന്നത് തടയുകയും ചെയ്തു.

പ്രതിസന്ധി ഘട്ടത്തിൽ പലപ്പോഴും റഷ്യയെ സഹായിക്കാനെത്തിയ ചൈനയിലെ ബാങ്കുകളും പണമയക്കുന്നതിൽ നിരീക്ഷണം ശക്തമാക്കി എന്നാണ് പുതിയ വിവരം. അമേരിക്കൻ ഉപരോധം ഭയന്ന് ചൈന, തുർക്കി, യുഎഇ എന്നിവിടങ്ങളിലെ ബാങ്കുകൾ പരിശോധന കർശനമാക്കിയിട്ടുണ്ടെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട്. അതുകൊണ്ടുതന്നെ റഷ്യയിലേക്ക് എണ്ണയുടെ പണമെത്തുന്നത് മാസങ്ങൾ വൈകിയാണ്. ഇത് റഷ്യയുടെ വരുമാനത്തിനെ സാരമായി ബാധിക്കുകയും ചെയ്തു.

ചില വിദേശ ബാങ്കുകൾ റഷ്യയിലേക്ക് പണമയക്കാനുള്ള ആവശ്യം നിരസിക്കുന്നുണ്ട്. അമേരിക്ക കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികൾക്കും വ്യക്തികൾക്കുമല്ല പണമയക്കുന്നത് എന്ന് എഴുതി വാങ്ങുകയാണ് ബാങ്കുകൾ. യുഎഇയിലെ ഫസ്റ്റ് അബുദാബി ബാങ്ക്, ദുബായ് ഇസ്ലാമിക് ബാങ്ക് എന്നിവ റഷ്യൻ ബന്ധമുള്ള നിരവധി അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തു.

തുർക്കിയുടെ സിറാഅത്ത്, വാക്കിഫ് ബാങ്ക്, ചൈനയുടെ ഐസിബിസി, ബാങ്ക് ഓഫ് ചൈന എന്നീ ധനകാര്യ സ്ഥാപനങ്ങൾ റഷ്യയുമായി സാമ്പത്തിക ഇടപാട് നടത്തുന്നുണ്ടെങ്കിലും പരിശോധന കർശനമാക്കി. അതുകൊണ്ടുതന്നെ മാസങ്ങളോളം വൈകിയാണ് പണം റഷ്യയിലെത്തുന്നത്. പണമിടപാട് പ്രതിസന്ധി നിലനിൽക്കുന്നുണ്ടെന്ന് റഷ്യൻ സർക്കാർ വക്താവ് ദിമിത്രി പെസ്കോവ് സ്ഥിരീകരിച്ചു.

പുതിയ ഉപരോധം റഷ്യൻ എണ്ണയുടെ ലഭ്യത കുറയ്ക്കുമെന്നും വിപണിയിൽ വെല്ലുവിളികൾ സൃഷ്ടിക്കുമെന്നും ചരക്ക് നിരക്ക് വർധിപ്പിക്കുമെന്നുമുള്ള ആശങ്കയിലാണ് ഇന്ത്യൻ റിഫൈനർ കമ്പനികൾ. ഇത് റഷ്യൻ എണ്ണയുടെ വില കിഴിവ് കുറയുന്നതിനുമിടയാക്കും.

# കാനഡയിൽ സ്ഥിര താമസം ആഗ്രഹിക്കുന്നവരുടെ ശ്രദ്ധയ്ക്ക്! ഏപ്രിൽ 30 മുതൽ ചെലവേറും



ഒട്ടാവ: ഇമിഗ്രേഷൻ, റെഫ്യൂജീസ്, സിറ്റിസൺഷിപ്പ് കാനഡ (IRCC) എന്നിങ്ങനെയുള്ള ചില അപേക്ഷകർക്ക് അടുത്ത മാസം മുതൽ ഫീസ് വർദ്ധന പ്രഖ്യാപിച്ചിരിക്കുകയാണ് കാനഡ. ഇതേ തത്തുടർന്ന് കാനഡയിലെ സ്ഥിര താമസ പ്രോഗ്രാമുകളുടെ ഫീസിലും വർധന ഉണ്ടാകുമെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്യുന്നു.

പുതിയ നിരക്കുകൾ ഏപ്രിൽ 30 ന് പ്രാബല്യത്തിൽ വരുമെന്ന് ഏജൻസി അറിയിച്ചു. ഇത് കാനഡയിലെ ഉപഭോക്തൃ വില സൂചിക കണക്കിലെടുത്ത് കണക്കാക്കുമ്പോൾ രാജ്യത്തിന്റെ കുടിയേറ്റ, അഭയാർത്ഥി സംരക്ഷണ ചട്ടങ്ങളെ (ഐആർപിആർ) അടിസ്ഥാനമാക്കിയുള്ളതാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. 2024 ഏപ്രിലിനും 2026 മാർച്ചിനുമിടയിൽ ഫീസ് ബാധകമാകുമെന്ന് റിപ്പോർട്ട് പറയുന്നു.

പെർമനന്റ് റെസിഡൻസി അപേക്ഷയുടെ ചാർജ് 515 കനേഡിയൻ ഡോളറിൽ നിന്ന് 575 കനേഡിയൻ ഡോളറായിരിക്കും. ഫെഡറൽ വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കും ക്യുബെക്ക് വിദഗ്ധ തൊഴിലാളികൾക്കും അപേക്ഷാ ചെലവ് 950 കനേഡിയൻ ഡോളറായി ഉയരും.

പരിചരണത്തിൽ പരിചയമുള്ളവർക്ക്, ലൈവ്ഇൻ കെയർഗിവർ പ്രോഗ്രാമിനും കെയർഗിവർ പൈലറ്റിനും കീഴിലുള്ള അപേക്ഷകർ 635 കനേഡിയൻ ഡോളറും ആശ്രിതരായ കുട്ടികൾക്ക് 175 കനേഡിയൻ ഡോളറും നൽകണം. പ്രൊവിൻഷ്യൽ നോമിനി പ്രോഗ്രാം, അറ്റ്ലാന്റിക് ഇമിഗ്രേഷൻ ക്ലാസ്, നിരവധി ഇക്കണോമിക് പൈലറ്റ് പ്രോഗ്രാമുകൾ തുടങ്ങിയ വിവിധ റെസിഡൻസി പ്രോഗ്രാമുകൾക്കും ഫീസ് വർധിപ്പിക്കും.

2022ൽ, 118,000ത്തിലധികം ഇന്ത്യക്കാർ കാനഡയിൽ സ്ഥിരതാമസ പദ്ധതിക്ക് കീഴിൽ സ്ഥിരതാമസമാക്കി. ഇത് മൊത്തം പുതിയ താമസക്കാരിൽ 27 ശതമാനം വരും. 31,841 സ്ഥിരതാമസക്കാരുമായി ചൈന ഇന്ത്യക്ക് പിന്നിലായിരുന്നു. അടുത്തിടെ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രബന്ധം വഷളായിരുന്നു. ഇത് 2023 ലെ അപേക്ഷകളെ ബാധിച്ചേക്കാമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

# ഒക്ലഹോമയിലെ സ്ത്രീകളുടെ തിരോധാനത്തിൽ ദുരൂഹത

ഒക്ലഹോമ: ഒക്ലഹോമ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ പ്രകാരം വാരാന്ത്യത്തിൽ കുട്ടികളെ കൂട്ടിക്കൊണ്ടുപോകാൻ പോകുന്നതിനിടെ അപ്രത്യക്ഷരായ കൻസാസ് വനിതകളായ വെറോണിക്ക ബട്ട്ലറുടെയും ജിലിയൻ കെല്ലിയുടെയും തിരോധാനത്തിൽ ദുരൂഹതകൾ ഉണ്ടെന്ന് സംശയിക്കാൻ മതിയായ തെളിവുകളുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

ഇരയുടെ വാഹനത്തിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ദുരൂഹതകൾ സൂചിപ്പിക്കുന്നതിന് തെളിവുകളുണ്ടെന്ന് തങ്ങളുടെ അന്വേഷണ ഉദ്യോഗസ്ഥർ വിശ്വസിക്കുന്നു. തങ്ങൾ ഇപ്പോഴും ഈ ഇരകൾക്കായി തിരച്ചിൽ തുടരുകയാണ്, നിലവിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്ന് ഒഎസ്ബിഐ ഒരു പ്രസ്താവനയിൽ പറഞ്ഞു.

ചൊവ്വാഴ്ച, ഒഎസ്ബിഐ പബ്ലിക് ഇൻഫർമേഷൻ മാനേജർ ഹണ്ടർ മക്കീ ഫോക്സ് ന്യൂസ് ഡിജിറ്റലിനോട് പറഞ്ഞത്, സ്ത്രീകൾ അപകടത്തിലാണെന്ന് വിശ്വസിക്കപ്പെടുന്നു.

കാരണം അവരെ അവസാനമായി കാണുകയോ കേൾക്കുകയോ ചെയ്തിട്ട് ഇപ്പോൾ ദിവസങ്ങളായെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സംഭവത്തിൽ അന്വേഷണം ശക്തമാക്കിയിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.







# ക്രിമിനൽ ഭായിമാരെത്ര? കണക്കറിയാതെ സർക്കാർ




തിരുവനന്തപുരം: സംസ്ഥാനത്ത് ജോലിതേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനലുകളുടെ എണ്ണം വർദ്ധിച്ചതോടെ ജീവഭയത്തിലാണ് മലയാളികൾ. തൃശൂർ വെളപ്പായയിൽ കഴിഞ്ഞ ദിവസം ടി.ടി.ഇയെ ട്രെയിനിൽ നിന്നും തള്ളിയിട്ട് കൊന്ന സംഭവത്തിൽ ഒഡിഷ സ്വദേശിയും വളർത്തു നായയെചൊല്ലി ഹൈക്കോടതി ഡ്രൈവറെ മർദിച്ചു കൊന്ന കേസിൽ ഉത്തരേന്ത്യൻ സ്വദേശികളും പിടിയിലായതോടെ ഒരിടവേളയ്ക്ക് ശേഷം അന്യ സംസ്ഥാനക്കാർ വീണ്ടും ഭയം വിതക്കുകയാണ്.

അനുദിനം അതിക്രമങ്ങൾ പെരുകുമ്പോഴും ഇവരെക്കുറിച്ചുള്ള കണക്കുകളോ വിവരങ്ങളോ ഇല്ലാതെ ഇരുട്ടിൽ തപ്പുകയാണ് പൊലീസ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തി കേരളത്തിൽ ജോലി ചെയ്യുന്നവരുടെ ക്രിമിനൽ പശ്ചാത്തലം അന്വേഷിച്ച് അവരെക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുമെന്ന് പലപ്പോഴും ആവർത്തിക്കാറുണ്ടെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല.

2016 ഏപ്രിലിൽ പെരുമ്പാവൂരിലെ നിയമവിദ്യാർത്ഥിനി ജിഷയെ കൊലപ്പെടുത്തിയ അസം സ്വദേശി അമീറുൾ ഇസ്ലാമിന് വധശിക്ഷ കിട്ടിയശേഷവും ഇത്തരം നിരവധി കേസുകളുണ്ടായി. 2016-23 കാലത്ത് 168 അന്യസംസ്ഥാനക്കാർ പ്രതികളായ 127 കൊലക്കേസുകളുണ്ട്. ലഹരിവിൽപ്പനയ്ക്ക് നൂറുകണക്കിന് കേസുകൾ വേറെയുമുണ്ട്. കൂടുതൽ അന്യസംസ്ഥാനക്കാരുള്ള എറണാകുളത്തിന് പിന്നിൽ മലപ്പുറവും തൃശൂരുമാണ്. മാരകമായ ലഹരി ഉപയോഗിക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കേസുകൾ കൂടുന്നുവെന്ന് പൊലീസും പറയുന്നു.

2016 മുതൽ കൊലപാതകം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടത് 10, 546 അതിഥി തൊഴിലാളികളാണെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. അന്യസംസ്ഥാന തൊഴിലാളികളിൽക്രിമിനൽപശ്ചാത്തലമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കേണ്ടത് ആഭ്യന്തര വകുപ്പാണെന്നാണ് മന്ത്രി പറയുന്നത്. എന്നിട്ടും ഇവരെക്കുറിച്ച് കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കാനോ നിരീക്ഷിക്കാനോ സർക്കാർ സംവിധാനങ്ങൾ ഇപ്പോഴും ശ്രമിച്ചിട്ടില്ല. ആഭ്യന്തരവകുപ്പിനാകട്ടെ അതിനെക്കുറിച്ച് യാതൊരു വിവരവുമില്ല.

അതിഥി തൊഴിലാളികളുടെ ഇൻഷുറൻസ് ആനുകൂല്യങ്ങളും നൽകുന്ന ആവാസ് പദ്ധതിയിൽ 5,16,320 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് സർക്കാരിന്റെ പക്കലുള്ള ഏക കണക്ക്. 2013ൽ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തിയ പഠനത്തിൽ കേരളത്തിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണം 23.5 ലക്ഷം ആണെന്ന് വ്യക്തമാക്കിയിരുന്നു. നിലവിൽ 35 ലക്ഷത്തിലധികം പേർ ഉണ്ടാകുമെന്നാണ് നിഗമനം. 29 സംസ്ഥാനങ്ങളിലെ 194 ജില്ലകളിൽ നിന്നാണ് കേരളത്തിലേക്ക് കുടിയേറ്റം നടക്കുന്നത്. ഇവയിൽ അഞ്ചിൽ നാലു ഭാഗവും വരുന്നത് പശ്ചിമബംഗാൾ, തമിഴ്നാട്, കർണാടക, ഒഡീഷ, ജാർഖണ്ഡ്, ബിഹാർ, ഉത്തർപ്രദേശ്, അസം എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ്. ബംഗ്ലാദേശ്, നേപ്പാൾ, മ്യാൻമർ എന്നിവിടങ്ങളിൽ നിന്നുള്ളവരും അന്യസംസ്ഥാനക്കാരെന്ന വ്യാജേനയെത്തുന്നുണ്ട്.

കെട്ടിടനിർമ്മാണം, ഹോട്ടലുകൾ, പാറമട, പ്ലൈവുഡ് ഫാക്ടറി, വാണിജ്യസമുച്ചയങ്ങൾ, തട്ടുകടകൾ തുടങ്ങി എല്ലാ മേഖലകളിലും അന്യസംസ്ഥാനക്കാരുണ്ട്. മിക്കവരുടെയും യഥാർത്ഥ പേരുപോലും തൊഴിലുടമയ്ക്ക് പോലുമറിയില്ല. കൃത്യമായ വിവരങ്ങൾ ശേഖരിക്കാത്തത് മുതലെടുത്താണ് അന്യസംസ്ഥാനക്കാർ കുറ്റകൃത്യങ്ങൾ ചെയ്യുന്നത്. പരിശോധന ഇല്ലാതായതോടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികളെന്ന വ്യാജേന കൊടുംകുറ്റവാളികൾ പോലും വ്യാജ തിരിച്ചറിയൽ കാർഡുമായി സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്.

ഇന്ത്യൻ പൗരന് എവിടെയും സഞ്ചരിക്കാനും ജോലിചെയ്യാനും അവകാശമുള്ളതിനാൽ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. അതിനാൽ ക്ഷേമ പദ്ധതി രജിസ്ട്രേഷനിലൂടെ വിവരം ശേഖരിക്കുക മാത്രമേ നിർവ്വാഹമുള്ളൂ. എന്നാൽ ഇതിനോട് ഇവരിൽ ഭൂരിപക്ഷത്തിനും താല്പര്യമില്ല.

തൊഴിലുടമകൾ വഴി രജിസ്ട്രേഷൻ നടത്താൻ തൊഴിലുടമകളുടെ വിവരവും പൊലീസിന്റെ പക്കലില്ല. അന്യസംസ്ഥാനക്കാർ വാഹകരായ രോഗങ്ങളും വൃത്തിഹീനമായ താമസപ്രദേശങ്ങളിൽ നിന്നും പൊട്ടിപുറപ്പെടുന്ന പകർച്ച വ്യാധികളും മറ്റൊരു ഭീഷണി.

## ഞെട്ടിക്കുന്ന കുറ്റകൃത്യങ്ങൾ

1. കേശവദാസപുരത്തെ വീട്ടമ്മ മനോരമയെ കൊലപ്പെടുത്തി മൃതദേഹം കിണറ്റിൽ തള്ളി
2. പേരൂർക്കട അമ്പലമുക്കിൽ ചെടി നഴ്സറി ജീവനക്കാരിയെ കുത്തികൊലപ്പെടുത്തി സ്വർണ്ണമാല കവർന്നു
3. അരൂരിൽ ബാറിൽ മദ്യപിച്ച് തർക്കത്തെതുടർന്ന് അസം സ്വദേശിയെ അന്യസംസ്ഥാനക്കാരൻ കൊന്നു
4. റബർ ഫാക്ടറിയിലെ മോഷണം തടഞ്ഞതിന് സെക്യൂരിറ്റി ജോസിനെ അസം സ്വദേശി തലയ്ക്കടിച്ച് കൊന്നു
5. പത്തനംതിട്ടയിൽ കുടിയേറ്റ തൊഴിലാളിയെ സുഹൃത്ത് മർദ്ദിച്ച് കൊലപ്പെടുത്തി
6. മലപ്പുറത്ത് മോഷണശ്രമത്തിനിടെ സ്ത്രീയെ 2അസം സ്വദേശികൾ കൊലപ്പെടുത്തി
7. എറണാകുളം പുത്തൻവേലിക്കരയിൽ 60വയസുകാരിയെ കൊലപ്പെടുത്തിയത് അസംകാരൻ
8. എറണാകുളത്ത് 14കാരിയെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയത് 4അന്യസംസ്ഥാനക്കാർ
9. കിഴക്കമ്പലം കിറ്റക്സിൽ പൊലീസിനെ ആക്രമിച്ചതിന് അറസ്റ്റിലായത് 174 അന്യസംസ്ഥാനക്കാർ






# ടി. ടി. ഇയെ തള്ളിയിട്ടത് കൊല്ലാൻ തന്നെയെന്ന് എഫ്. ഐ. ആർ

തൃശൂർ: ട്രെയിനിൽനിന്ന് ടി.ടി.ഇ വിനോദിനെ തള്ളിയിട്ട് കൊലപ്പെടുത്തിയ കേസിൽ പ്രതി ഒഡിഷ സ്വദേശി രജനീകാന്ത രണജിത്തിനെതിരെ റെയിൽവേ പൊലീസ് കൊലക്കുറ്റം ചുമത്തി. ടി.ടി.ഇയെ കൊല്ലണമെന്ന ലക്ഷ്യത്തോടെയാണ് പ്രതി തള്ളിയിട്ടതെന്ന് എഫ്.ഐ.ആറിൽ പറയുന്നു. ട്രെയിനിന്റെ എസ് 11 കോച്ചിന്റെ പിന്നിൽ വലതു ഡോറിന് സമീപത്ത് നിൽക്കുകയായിരുന്ന ടി.ടി.ഇയെ പ്രതി പിന്നിൽനിന്ന് രണ്ടു കൈകൊണ്ടും തള്ളിയിടുകയായിരുന്നു. ഇന്നലെ വൈകിട്ട് തൃശൂർ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

പാലക്കാട് റെയിൽവേ പൊലീസ് കസ്റ്റഡിയിലെടുത്ത പ്രതിയെ ഇന്നലെ അർദ്ധരാത്രിയോടെയാണ് തൃശൂരിലെത്തിച്ചത്. യാത്രക്കാർ നൽകിയ വിവരം അനുസരിച്ച് പാലക്കാട് നിന്നാണ് പ്രതിയെ റെയിൽവേ പൊലീസ് പിടികൂടിയത്. തൃശൂരിൽ നിന്ന് കയറിയ പ്രതിയോട് ടി.ടി.ഇ ടിക്കറ്റ് ചോദിച്ചത് മുളങ്കുന്നത്തുകാവ് റെയിൽവേ സ്റ്റേഷൻ കഴിഞ്ഞാണ്. എറണാകുളം പാട്ന സൂപ്പർ ഫാസ്റ്റ് തൃശൂരിൽ നിന്ന് പുറപ്പെട്ടത് വൈകിട്ട് 6.47നാണ്. ഏഴോടെയാണ് സംഭവം നടന്നത്.

ജനറൽ ടിക്കറ്റുമായി റിസർവ് കോച്ചിൽ കയറിയതിന് ആയിരം രൂപ പിഴ നൽകണമെന്ന് പറഞ്ഞതോടെയാണ് പ്രതി പ്രകോപിതനായത്. കൈയിൽ പണമില്ലായിരുന്നെന്നും പിഴ നൽകണമെന്നും പറഞ്ഞതോടെയാണ് തള്ളിയിട്ടതെന്ന് പ്രതി മൊഴി നൽകി. തർക്കത്തിനൊടുവിൽ വിനോദ് ഫോൺ ചെയ്യുന്നതിനിടെയാണ് തള്ളിയിട്ടത്. സംഭവശേഷം ഇയാൾ യാത്രക്കാരോടും തട്ടിക്കയറി.





### പ്രതിയുമായി തെളിവെടുത്തു

വെളപ്പായ റെയിൽവേ ഓവർ ബ്രിഡ്ജിന് താഴെ ട്രാക്കിൽ നിന്നാണ് വിനോദിന്റെ മൃതദേഹം കണ്ടെത്തിയത്. പ്രതിയെ ഈ ഭാഗത്തെത്തിച്ച് തെളിവെടുത്തു. ഭാവവ്യത്യാസമില്ലാതെയാണ് പ്രതി പൊലീസിന്റെ ചോദ്യങ്ങളോട് പ്രതികരിച്ചത്. ട്രെയിനിൽ നടന്ന തർക്കവും പുറത്തേക്ക് തള്ളിയിട്ട സാഹചര്യവും വിവരിച്ചു. പ്രതിയുടെ ശാരീരിക പരിമിതിയും സുരക്ഷയും കണക്കിലെടുത്ത് ട്രാക്കിന് സമീപം മൺതിട്ടയിൽ നിന്നാണ് തെളിവെടുത്തത്.

റെയിൽവേ പൊലീസും വിരലടയാള വിദഗ്ദ്ധരും സ്ഥലത്ത് പരിശോധന നടത്തി. വിനോദിന്റെ തലമുടി അടക്കമുള്ള തെളിവുകൾ ശേഖരിച്ചു. ട്രെയിനിൽ നിന്ന് തള്ളിയിട്ടപ്പോൾ തലയ്ക്കേറ്റ ഗുരുതര പരിക്കും കാലുകൾ അറ്റുപോയതും വിനോദിന്റെ മരണത്തിന് കാരണമായെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്. വീഴ്ചയിൽ പാളത്തിലെ പില്ലറിലോ മറ്റോ തലയിടിച്ച് ആഴത്തിൽ പരിക്കേറ്റിട്ടുണ്ട്. തൊട്ടടുത്ത ട്രാക്കിലൂടെ പോയ ട്രെയിൻ കയറിയാണ് രണ്ടുകാലും അറ്റുപോയതെന്നാണ് കരുതുന്നത്. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലായിരുന്നു പോസ്റ്റുമോർട്ടം.







# അച്ഛനും മകളുമുൾപ്പെടെ 3 പേരുടെ ജീവനെടുത്ത് ടിപ്പർ

പെരുമ്പാവൂർ/പയ്യന്നൂർ: സംസ്ഥാനത്ത് ഇന്നലെ രണ്ട് ടിപ്പർ അപകടങ്ങളിൽ മൂന്നു ബൈക്ക് യാത്രക്കാർക്ക് ദാരുണാന്ത്യം. എം.സി റോഡിൽ ഒക്കൽ താന്നിപ്പുഴ പള്ളിക്കുസമീപം കൃഷി അസി. കോതമംഗലം കറുകടം കുന്നശേരി വീട്ടിൽ കെ.എ. എൽദോസ് (52), മകൾ ബ്ളെസി (24) എന്നിവരാണ് മരിച്ചത്. പയ്യന്നൂർ കൊറ്റി റെയിൽവേ ഓവർബ്രിഡ്ജിനു സമീപത്തെ അപകടത്തിൽ കവ്വായി റോഡിൽ കണ്ണൂർ കാട്ടാമ്പള്ളി സ്വദേശി താജുദ്ദീൻ (32) തത്ക്ഷണം മരിച്ചു.

താന്നിപ്പുഴയിൽ രാവിലെ 8 മണിയോടെയായിരുന്നു അപകടം. കോയമ്പത്തൂരിൽ നഴ്സിംഗ് വിദ്യാർത്ഥിനിയായ ബ്ളെസിയെ അങ്കമാലി റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവിടാൻ പോകുമ്പോഴാണ് ബൈക്കിനുപിന്നിൽ ടിപ്പർ ലോറിയിടിച്ചത്. ഇരുവരും റോഡിലേക്കു തെറിച്ചുവീണു. ടോറസ് ഇരുവരുടേയും ദേഹത്തുകൂടി കയറിയിറങ്ങി. കുരുങ്ങിയ ബൈക്കുമായി പത്തുമീറ്ററോളം ടോറസ് മുന്നോട്ടുനീങ്ങി. ബ്ളെസി തത്ക്ഷണം മരിച്ചു. എൽദോസിനെ അങ്കമാലി എൽ.എഫ് ആശുപത്രിയിൽ എത്തിച്ചെങ്കിലും പത്തുമിനിട്ടിനകം മരിച്ചു.

ഇരുവരുടേയും മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് കൈമാറി. സംസ്കാരം ഇന്ന് രാവിലെ പത്തിന് കോതമംഗലം മാർതോമ ചെറിയപള്ളി സെമിത്തേരിയിൽ. സിനിയാണ് എൽദോസിന്റെ ഭാര്യ. മകൻ: ബേസിൽ. ടോറസ് ലോറി ഡ്രൈവർ ഷിജോയെ പൊലീസ് കസ്റ്റഡിയിലെടുത്തു.

പയ്യന്നൂർ കവ്വായി റോഡിൽ ഇന്നലെ ഉച്ചയ്ക്ക് 2.30 മണിയോടെയായിരുന്നു അപകടം. ഒളവറ ഭാഗത്തു നിന്നു താജുദ്ദീൻ വന്ന ബൈക്കിൽ കൊറ്റി റെയിൽവേസ്റ്റേഷൻ ഭാഗത്തു നിന്ന് വരികയായിരുന്ന ടിപ്പർ ഇടിക്കുകയായിരുന്നു. തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷൻ റോഡിൽ വർഷങ്ങളായി കാട്ടാമ്പള്ളി ട്രേഡേഴ്സ് എന്ന പേരിൽ സിമന്റ്, ഇഷ്ടിക, ഓട് തുടങ്ങിയ സാധനങ്ങളുടെ കച്ചവടം നടത്തിവരികയായിരുന്നു താജുദ്ദീൻ. ഭാര്യ: റഫീന (മാങ്കടവ്). മൃതദേഹം പരിയാരത്തെ കണ്ണൂർ ഗവ: മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ.










## അരുണാചൽ പ്രദേശിൽ മലയാളികളുടെ മരണം:

# സാത്താൻ സേവയെന്ന് നിഗമനം, അന്വേഷണത്തിന് അഞ്ചംഗ സംഘം

തിരുവനന്തപുരം: അരുണാചൽ പ്രദേശിലെ ഹോട്ടൽ മുറിയിൽ ദമ്പതികളെയും സുഹൃത്തിനെയും ദേഹമാസകലം മുറിവേറ്റ് മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം അന്വേഷിക്കാൻ അരുണാചൽ പൊലീസ് അഞ്ചംഗ സംഘത്തെ നിയോഗിച്ചു. മരണത്തിനു പിന്നിൽ സാത്താൻസേവ നിഗമനത്തിലാണ് അരുണാചൽ പൊലീസും. കേരള പൊലീസുമായി സഹകരിച്ചാണ് അന്വേഷണമെന്ന് ഇറ്റാനഗർ എസ്.പി കെനി ബാഗ്ര പറഞ്ഞു.

നവീൻ മറ്റുള്ളവരെ ദേഹത്ത് മുറിവേൽപ്പിച്ച് കൊലപ്പെടുത്തിയ ശേഷം അതുപോലെ ജീവനൊടുക്കുകയായിരുന്നുവെന്നാണ് പൊലീസിന് ലഭിച്ച പ്രാഥമിക തെളിവുകളിൽനിന്ന് വ്യക്തമായത്. ആര്യയെ കാണാനില്ലെന്ന കേസ് അന്വേഷിക്കുന്ന വട്ടിയൂർക്കാവ് പൊലീസ് എസ്.ഐ രാകേഷും സംഘവും അതിനിടെ അരുണാചലിൽ എത്തിയിട്ടുണ്ട്.

പോസ്റ്റുമോർട്ടം നടത്തിയ മൃതദേഹങ്ങൾ ഏറ്റുവാങ്ങാൻ ബന്ധുക്കൾ ഇറ്റാനഗറിലെത്തി. മൂവരുടെയും മൃതദേഹം ഇന്ന് കേരളത്തിലെത്തിക്കും. ദേവിയുടെയും ആര്യയുടെയും മൃതദേഹം തിരുവനന്തപുരത്തും നവീൻ തോമസിന്റെ മൃതദേഹം നെടുമ്പാശ്ശേരിയിലുമാകും എത്തിക്കുക. ആര്യ തങ്ങളുടെ മകളാണെന്നു പറഞ്ഞാണ് ദേവിയും നവീനും ഹോട്ടലിൽ മുറിയെടുത്തത്. നവീൻ തോമസിന്റെ രേഖകളാണ് മുറി എടുക്കാൻ നൽകിയത്.





പെസഹ വ്യാഴ ദിനമായ മാർച്ച് 28 നായിരുന്നു അത്. പിറ്റേന്ന് ദുഃഖവെള്ളി, അതുകഴിഞ്ഞ് ശനി, അടുത്ത ദിവസം ഈസ്റ്റർ ദിനമായ ഞായർ. ഈ മൂന്നുദിവസങ്ങളിലും ഇവർ യാത്രയിലായിരുന്നു. ഈസ്റ്റർ ദിനം രാത്രിയാണ് റൂമിൽ മടങ്ങിയെത്തിയത്.

ഏപ്രിൽ ഒന്നിന് ഇവരെക്കുറിച്ച് ഒരു വിവരവും ഇല്ലാതായി. മറ്റുള്ളവരുടെ ദേഹമാസകലം വരഞ്ഞു മുറിച്ച് ചോര ഒഴുക്കിവിട്ട ശേഷം നവീൻ കൈമുറിച്ച് ആത്മഹത്യചെയ്യുകയായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്.

### മരണാനന്തര ട്രാപ്പ്

നവീൻ തോമസും ദേവിയും വർഷങ്ങളായി മരണാനന്തര ജീവിതത്തെപ്പറ്റി പഠിക്കുന്നുണ്ടായിരുന്നുവെന്ന് മൊബൈൽ ഫോണിൽ നിന്ന് ലഭിച്ച തെളിവുകളിൽ വ്യക്തമായി. മരണാനന്തര ജീവിതം, അന്യഗ്രഹ ജീവിതം എന്നിവയെക്കുറിച്ചുള്ള ആശങ്ങൾ ആദ്യം പഠിച്ചത് നവീൻ തോമസായിരുന്നു. പിന്നീട് മറ്റു രണ്ടുപേരെയും ഇതിലേക്ക് കൂട്ടികൊണ്ടുവന്നു. ആര്യയുടെ കഴുത്തിനും ദേവിയുടെയും നവീന്റെയും കൈയിലുമാണ് മുറിവുകൾ. രക്തം കട്ടപിടിക്കാതിരിക്കാനുള്ള ഗുളികകൾ ഇവർ കഴിച്ചിരുന്നു. ബാക്കി വന്നത് പൊലീസ് കണ്ടെത്തി.

### പ്ലേറ്റിൽ തലമുടി, കറുത്തവളകൾ

മൂവരെയും മരിച്ചനിലയിൽ കണ്ടെത്തിയ മുറിയിൽ നിന്ന് ഒരുപ്ലേറ്റിൽ തലമുടിയും കറുത്തവളകളും കണ്ടെത്തി. ഈ തെളിവുകളും ചോര വാർന്നുപോയുള്ള മരണത്തിനായി സ്വീകരിച്ച രീതികളും കോർത്തിണക്കിയാണ് സാത്താൻസേവയാണെന്ന സംശയത്തിൽ പൊലീസ് എത്തിയത്. ഇവർ ഇതിനായി തിരഞ്ഞെടുത്ത ദിവസങ്ങളും സംശയം ബലപ്പെടുത്തുന്നു.

പെസഹവ്യാഴം, ദുഃവെള്ളി, ഈസ്റ്റർ ദിനങ്ങളുമായിബന്ധപ്പെട്ടാണ് ഇവർ അരുണാചലിലെ ഉൾഗ്രാമമായ 'സിറോ' യിൽ എത്തുന്നത്. ഈസ്റ്റർ ദിനത്തിൽ ഇവർ സാത്താൻസേവ നടത്തിയെന്നാണ് പൊലീസിന്റെ നിഗനമം.

നവീനും ദേവിയും ഒന്നര വർഷം മുൻപും അരുണാചൽപ്രദേശിലെ സിറോയിലേക്ക് യാത്ര ചെയ്തിരുന്നു. ഗൂഗിൾ മാപ്പ് നോക്കിയാണ് ഇവരുടെ യാത്രാവിവരം കണ്ടെത്തിയത്. പ്രദേശത്ത് സാത്താൻ സേവയോ ബ്ലാക്ക് മാജിക്കോ നടത്തുന്ന സംഘങ്ങളുണ്ടാകാമെന്നും പൊലീസ് സംശയിക്കുന്നു.

### മൃതദേഹവും കാത്ത് കല്ല്യാണവീട്

വട്ടിയൂർക്കാവ് മേലത്തുമേലെ സ്വദേശിനി ആര്യ ബി.നായരുടെ കല്ല്യാണം അടുത്ത മാസം ഏഴിനായിരുന്നു. ആഭരണവും വസ്ത്രങ്ങളും വരെ എടുത്തു. കല്ല്യാണത്തിനൊരുങ്ങിയ ഈ വീട്ടിലേക്കാണ് ആര്യയുടെ മൃതദേഹം എത്തിക്കുന്നത്. ആര്യ മരിച്ച വിവരം അമ്മയെ അറിയിച്ചിട്ടില്ല.

ആര്യയെ ഭീഷണിപ്പെടുത്തി കൊണ്ടുപോയതാണെന്ന സംശയവും ബന്ധുക്കൾ ആരോപിക്കുന്നു. 27ന് രാവിലെ സ്കൂളിൽ ജോലിക്കു പോയ ആര്യ മടങ്ങിയെത്താത്തതിനെ തുടർന്ന് ഫോണിൽ വിളിച്ചപ്പോൾ സ്വിച്ച് ഓഫ് ആയിരുന്നു. സ്കൂളിൽ വിളിച്ചപ്പോൾ അവധി അപേക്ഷ നൽകിയതായി മനസിലായി. പിന്നീടാണ് വട്ടിയൂർക്കാവ് പൊലീസിൽ പരാതി നൽകിയത്.




# ആറ്റിങ്ങലിൽ 1.64 ലക്ഷം ഇരട്ടവോട്ടുകളെന്ന ആരോപണവുമായി അടൂർ പ്രകാശ്

തിരുവനന്തപുരം: ആറ്റിങ്ങൽ മണ്ഡലത്തിൽ 1.64 ലക്ഷം ഇരട്ടവോട്ടുകളുണ്ടെന്ന ആരോപണവുമായി യുഡിഎഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ്.

തെളിവു സഹിതം ചൂണ്ടിക്കാട്ടിയിട്ടും വെറും 348 ഇരട്ടവോട്ടുകൾ മാത്രമേയുള്ളൂവെന്ന മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസറുടെ നിലപാട് ദുരൂഹമാണെന്നും അടൂർ പ്രകാശ് ആരോപിച്ചു. അന്തിമ വോട്ടർ പട്ടിക കൂടി പ്രസിദ്ധീകരിശേഷം ആവശ്യമെങ്കിൽ നിയമനടപടിയുമായി മുന്നോട്ടു പോകുമെന്നും വ്യക്തമാക്കി.

കൂടുതൽ ഇരട്ടവോട്ടുകളുണ്ടോ എന്നു പരിശോധിക്കാൻ വോട്ടർപട്ടികയുടെ ഡിജിറ്റൽ പകർപ്പ് ആവശ്യപ്പെട്ടെങ്കിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ (സിഇഒ) സഞ്ജയ് എം.കൗൾ നൽകിയില്ലെന്നും ആരോപിച്ചു.

# നെടുമുടിഹോം സ്റ്റേയിലെ കൊലപാതകം: പ്രതി പിടിയിൽ

ചെങ്ങന്നൂർ: റിസോർട്ട് ജീവനക്കാരിയായ ആസം സ്വദേശിനി ഹസിറയെ കഴുത്തിൽ ഷാൾ മുറുക്കി കൊലപ്പെടുത്തിയ കേസിൽ പ്രതി ആസം സ്വദേശി സഹാ അലിയെ പൊലീസ് പിടികൂടി. ആലപ്പുഴ നെടുമുടിയിലാണ് ഈ കൊലപാതകം നടന്നത്.



ഹസീറയുടെ സുഹൃത്തായ സഹ അലിയെ ചെങ്ങന്നൂരിൽ നിന്നാണ് പിടികൂടിയത്. നെടുമുടിയിൽ റിസോർട്ട് ജീവനക്കാരിയായിരുന്നു ഹസീറ. കഴുത്തിൽ പർദ്ദയുടെ ഷാൾ മുറുക്കിയ നിലയിലായിരുന്നു ഹസീറയെ കണ്ടെത്തിയത്.

ഇരുകാതുകളിലെയും കമ്മൽ നഷ്ടമായിരുന്നു. ഒരു കാതിലെ കമ്മൽ പറിച്ചെടുത്ത നിലയിലാണ് ഹസീറയെ കണ്ടെത്തിയത്.ഇതോടെ കൊലപാതകമാണെന്ന നിഗമനത്തിലെത്തിയ അന്വേഷണത്തിനൊടുവിലാണ് സുഹൃത്ത് സഹാ അലി പിടിയിലായത്.

# വൈക്കത്ത് ആന രണ്ടാം പാപ്പാനെ ചവിട്ടിക്കൊന്നു!

വൈക്കം: വൈക്കത്ത് ആന രണ്ടാം പാപ്പാനെ ചവിട്ടി കൊന്നു. വൈക്കം ടി.വി.പുരം ശ്രീരാമ സ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ചു നടന്ന വിളക്ക് എഴുന്നള്ളിപ്പിനിടെയാണ് അതി ദാരുണമായ സംഭവം നടന്നത്. ചങ്ങല ഇടാൻ ശ്രമിക്കുന്നതിനിടെ 2-ാം പാപ്പാനെ മുൻകാലിനു തട്ടിമറിച്ചിട്ടശേഷം ചവിട്ടി കൊല്ലുകയായിരുന്നു. ബുധനാഴ്ച രാത്രി ഒൻപതു മണിയോടെയാണു സംഭവം. കോട്ടയം ചങ്ങനാശേരി പാത്താമുട്ടം സ്വദേശി അരവിന്ദ്(26) ആണ് മരിച്ചത്.

തോട്ടയ്ക്കാട് കുഞ്ഞുലക്ഷ്മി എന്ന ആനയാണ് അരവിന്ദിനെ ചവിട്ടിയത്. ഒരു മാസം മുമ്പാണ് അരവിന്ദ്, കുഞ്ഞുലക്ഷ്മി എന്ന ആനയുടെ രണ്ടാം പാപ്പാനായി ജോലിക്കു കയറിയത്.

# ഒരുമയുടെ മൂല്യമറിയാതെ 'ഇൻഡ്യ' സഖ്യം

തീവ വൈവിധ്യത്തിലും ഏകത്വത്തിന്റെ ദീപ്തി കണ്ടെത്താൻ വേദാന്തികൾക്കു കഴിയും. വൈരുധ്യങ്ങളെ അദൃശ്യമായിണക്കുന്ന ദൈവിക കരസ്പർശമുള്ള കാണാച്ചരടുകൾ ഗണിച്ചെടുക്കാനാകുമവർക്ക്. പക്ഷേ, ലോക്സഭാ തെരഞ്ഞെടുപ്പിൽ എൻ.ഡി.എയെ പരാജയപ്പെടുത്താൻ പൊരുതുന്ന ഇൻഡ്യ സഖ്യത്തിനുള്ളിൽ കൈകോർക്കലുകൾ ആവർത്തിക്കുന്നതിനപ്പുറമായി വൈരുധ്യങ്ങൾ നീങ്ങി ഏകത്വം കടന്നു വരുന്ന വഴികൾ കണ്ടെത്താൻ 'രാഷ്ട്രീയ വേദാന്തികൾ' ക്കാകുന്നില്ല.




രാഹുൽഗാന്ധിയെ മുന്നിൽ നിർത്തുന്ന കോൺഗ്രസിനെതിരെ കേരളത്തിൽ സി.പി.എം ജീവന്മരണ പോരാട്ടത്തിലാണ്. മാഹിയിലെ സി.പി.എം എത്തി നിൽക്കുന്നതും വലിയ രാഷ്ട്രീയ പ്രതിസന്ധിയിൽ. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒരേ മണ്ഡലത്തിൽ ത്തന്നെ വ്യത്യസ്ത നിലപാട് സ്വീകരിക്കേണ്ടിവരുമോ എന്ന ആശങ്ക. കേന്ദ്രഭരണപ്രദേശമായ പുതുച്ചേരി മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥിക്കൊപ്പം നിൽക്കുമ്പോൾ അതേ മണ്ഡലത്തിന്റെ ഭാഗമായ മാഹിയിൽ എന്ത് നിലപാടെടുക്കുമെന്ന് സ്ഥിരീകരിക്കാനാകുന്നില്ല. പുതുച്ചേരിയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായ വി.വൈദ്യലിംഗത്തെ പിന്തുണയ്ക്കുന്നുവെന്നുമാത്രമല്ല, പ്രചാരണരംഗത്ത് പരസ്യമായി അവർക്കൊപ്പം സി.പി.എം. പങ്കെടുക്കുകയും ചെയ്യുന്നു.

പത്രികാസമർപ്പണവേളയിലും കോൺഗ്രസ് സ്ഥാനാർഥിക്കൊപ്പം സി.പി.എം. നേതാക്കളുണ്ടായിരുന്നു. എൻ.ഡി.എയാണ് ഇവിടെ മുഖ്യ എതിരാളി. ഡി.എം.കെ., മുസ്ലിം ലീഗ്, സി.പി.ഐ. കക്ഷികളുള്ള സഖ്യത്തിനൊപ്പമാണ് സി.പി.എം. കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ഭാഗമായാണ് മാഹിയിലെ സി.പി.എം. ഘടകം പ്രവർത്തിക്കുന്നത്. അവിടെ കോൺഗ്രസിനെ പിന്തുണച്ചാൽ കേരളത്തിലൊട്ടാകെയും വടകരയിൽ പ്രത്യേകിച്ചും സി.പി.എമ്മിനെതിരെ എതിരാളികൾ അത് ആയുധമാക്കുമെന്ന ആശങ്കയുണ്ട് പാർട്ടിക്ക്. വല്ലാത്ത ഗതികേടെന്ന് അടക്കം പറയുന്നു ഇടതു മുന്നണി പ്രവർത്തകർ.

ഭിന്നിപ്പിച്ചു ഭരിക്കുക എന്നത് സ്വേച്ഛാധിത്യത്തിന്റെ പതിവു തന്ത്രമാണെന്ന കാര്യം പോലും ഇതിനിടെ, ഇൻഡ്യ മുന്നണി നേതാക്കൾ മറക്കുന്നു. തങ്ങളുടെ അധികാരം ഉറപ്പിക്കാൻ എതിരാളികളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുക എന്ന തന്ത്രം ചരിത്രാതീതകാലം മുതലേയുള്ളതാണ്. നമ്മുടെ രാജ്യത്ത് അതു നിരന്തരം ആവർത്തിക്കുന്നു. ഈ ഭിന്നിപ്പിക്കൽ തന്ത്രത്തെ അതിജീവിക്കാൻ എന്താണു മാർഗമെന്നത് ഏറ്റവും ഗൗരവതരമായ ചോദ്യം തന്നെ. ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നു പറയുന്നവർ അക്കാര്യം ജനത്തെ ബോധ്യപ്പെടുത്താൻ തരിമ്പും ശ്രദ്ധ ചെലുത്തുന്നില്ല.

ദേശീയ തലത്തിലുള്ള നിലപാടല്ല ഇൻഡ്യ സഖ്യത്തിലെ പല കക്ഷികൾക്കും സംസ്ഥാന തലങ്ങളിലുള്ളത്. കേരളത്തിലും ബംഗാളിലും ഒക്കെ അതു വളരെ വ്യക്തം. ഡൽഹിയിൽ കൈകൊർത്തുപിടിച്ചുനിന്ന പ്രതിപക്ഷ നേതാക്കൾ പലരും സംസ്ഥാനങ്ങളിലെത്തുമ്പോൾ പരസ്പരം പോരടിക്കുന്നു. കേരളത്തിലാണ് ഈ ദുഃസ്ഥിതി ഏറ്റവും രൂക്ഷം. താത്വികമായ വിശകലനം കൊണ്ടൊന്നും ജനങ്ങൾക്കു മുന്നിൽ നിന്ന് ഇതു മറച്ചുപിടിക്കാനാവില്ല. പഴയകാല വോട്ടർമാരല്ല ഇപ്പോഴത്തെ വോട്ടർമാർ എന്ന കാര്യം മറന്നാണ് ഇക്കാര്യത്തിൽ വിവിധ പക്ഷങ്ങളിലെ നേതാക്കളുടെ വാചകക്കസർത്ത് മുറുകുന്നത്.

വലിയ രാഷ്ട്രീയ മാറ്റങ്ങളോടെ ലോക്സഭാ തെരഞ്ഞെടുപ്പിന് രാജ്യം ഒരുങ്ങുമ്പോൾ ആ ജാഗ്രത അതിപ്രധാനം. ഭരണം പിടിച്ചെടുക്കുക എന്ന ലക്ഷ്യം കൂടി പ്രതിപക്ഷത്തിനുണ്ടാവുക സ്വാഭാവികം. ഭരണപക്ഷമാകട്ടെ പിടിച്ചുനിൽക്കാനും നിലവിലെ ഭൂരിപക്ഷം വർധിപ്പിക്കാനുമുള്ള തന്ത്രങ്ങളാണ് പയറ്റുന്നത്. രണ്ടും സ്വാഭാവികമായ കാര്യങ്ങൾ. അതേസമയം, അതിനായി ഇരുകൂട്ടരും സ്വീകരിക്കുന്ന മാർഗങ്ങളും വളച്ചുകെട്ടകന്നതാകണം. വോട്ടർമാർ അതാണിച്ഛിക്കുന്നത്.

ഭരണപക്ഷത്തും പ്രതിപക്ഷത്തും തർക്കങ്ങളുണ്ടാവുക സ്വാഭാവികം. അധികാരം കൈയിലുള്ളവർക്ക് നേതാക്കളെ മാത്രമല്ല അണികളെയും പിടിച്ചുനിർത്താൻ മാർഗങ്ങൾ പലതുണ്ടാവും. എന്നിട്ടും ചില സംസ്ഥാനങ്ങളിൽ ബി.ജെ.പിക്ക് ഭിന്നതകളുടേതായ കനത്ത വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. പ്രതിപക്ഷ ഇൻഡ്യ സഖ്യത്തിന്റെ കാര്യം പറയാനുമില്ല. ദേശീയ ഭരണ മുന്നണിയിൽ ബി.ജെ.പിയുടെ അടുത്തെങ്ങും എത്തില്ല സഖ്യകക്ഷികൾ. പക്ഷേ, പ്രതിപക്ഷത്ത് അതല്ല സ്ഥിതി. കോൺഗ്രസാണ് പ്രതിപക്ഷ സഖ്യത്തെ നയിക്കുന്നതെന്നാണു വയ്പ്പെങ്കിലും ആ സഖ്യത്തിലെ പല നേതാക്കളും അത് അത്രകണ്ട് അംഗീകരിക്കാൻ തയാറാകുന്നില്ല. അതേസമയം, കോൺഗ്രസിന്റെ ഇപ്പോഴത്തെ സ്ഥിതി നന്നായറിയാവുന്ന അവർ വിലപേശലിനുള്ള ഒരു അവസരവും പാഴാക്കുന്നുമില്ല.

## ജയിലിനെ ഭയന്ന്

പ്രതിപക്ഷ പ്രമുഖരെ കേസിൽ പെടുത്തുകയും അറസ്റ്റു ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്യുമ്പോൾ മാത്രം സംരക്ഷിക്കപ്പെടേണ്ടതാണോ ജനാധിപത്യമെന്ന മൂർച്ഛയേറിയ ചോദ്യം ജനങ്ങൾ ഉയർത്തുന്നുണ്ട്. ഡൽഹി രാംലീലാ മൈതാനത്തു നടന്ന ഇൻഡ്യ സഖ്യ റാലിയുടെ മുദ്രാവാക്യം 'ജനാധിപത്യത്തെ രക്ഷിക്കൂ' എന്നായിരുന്നു. സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ശരദ് പവാർ,പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ, ഫാറൂക്ക് അബ്ദുല്ല, സീതാറാം യെച്ചൂരി, ഡി. രാജാ, തേജസ്വി യാദവ്, ഉദ്ധവ് താക്കറെ, കെ.സി വേണുഗോപാൽ തുടങ്ങി നിരവധി നേതാക്കൾ പരസ്പരം കൈകോർത്തു നിൽക്കുന്ന ചിത്രം പ്രതിപക്ഷ സഖ്യത്തിന്റെ ഐക്യത്തിന്റെയും കെട്ടുറപ്പിന്റെയും യാഥാർഥ ചിത്രമാണോ എന്നതാണ് തുടർ ദിനങ്ങളിൽ കണ്ടറിയേണ്ടത്. ഇൻഡ്യ സഖ്യവുമായി ബംഗാളിൽ ഇടഞ്ഞു നിൽക്കുന്ന തൃണമൂൽ കോൺഗ്രസിന്റെ പ്രതിനിധിയായ ഡെറിക് ഒബ്രിയാനും രാംലീല മൈതാനത്തെ റാലിയിൽ കൈകോർത്തിരുന്നെങ്കിലും മമതയുടെ മനസ് ഇപ്പോഴും അവ്യക്തം.

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിന്റെ അറസ്റ്റും ജയിൽവാസവുമാണ് ഈ വമ്പൻ റാലിയുടെ അടിയന്തിര പ്രകോപനം. അരവിന്ദ് കേജരിവാളിന്റെ ഭാര്യ സുനിത, ഇഡി അറസ്റ്റു ചെയ്ത ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ഭാര്യ കൽപന എന്നിവർ റാലിയിലെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളായി. കേജരിവാളിന്റെ സന്ദേശം ഭാര്യ സുനിത റാലിയിൽ വായിച്ച് ആവേശം പകർന്നു.

മാത്രമല്ല ഇൻഡ്യ സഖ്യം അധികാരത്തിലെത്തിയാൽ നടപ്പാക്കുന്ന ആറു കാര്യങ്ങളും യോഗത്തിൽ അവതരിപ്പിച്ചു. ഡൽഹി മാതൃകയിൽ രാജ്യം മുഴുവൻ പാവപ്പെട്ടവർക്കു സൗജന്യ വൈദ്യുതി ഉൾപ്പെടെയുള്ളതാണീ വാഗ്ദാനങ്ങൾ. ഇതെല്ലാം സഖ്യത്തിന്റെ അനുമതിയോടെയാണോ എന്ന കാര്യം അവ്യക്തം. ഏതായാലും നടപ്പാക്കിയാൽ നാട്ടുകാർക്കു ഗുണം ചെയ്യുന്നതാണീ വാഗ്ദാനങ്ങളെല്ലാമെന്നതിൽ തർക്കമാവശ്യമില്ല.

അതേസമയം, നാട്ടുകാരെ കാണിക്കാൻ വേദിയിൽ കൈകോർത്തതുകൊണ്ടു മാത്രം ഐക്യമാകില്ല. അതു താഴേ തട്ടിലേക്കും വരികയെന്നതാണു പ്രധാനം. എങ്കിലേ ജനങ്ങൾ സഖ്യത്തെ വിശ്വസിക്കൂ എന്ന കാര്യം നേതാക്കൾ മറന്നാൽ എല്ലാം പ്രഹസനമാകും. ഈ തമാശക്കളിക്ക് ആവർത്തിച്ച് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ് കേരളം.

പാറ്റ്നയിലും മുംബൈയിലുമൊക്കെ ഇന്ത്യ സഖ്യത്തിന്റെ ഐക്യദാർഢ്യ സമ്മേളനങ്ങൾ നടന്നെങ്കിലും രാജ്യ തലസ്ഥാനത്ത് ഇതാദ്യമായാണ് നേതാക്കളെല്ലാം കൈകോർത്തു നിൽക്കുന്നത്. സമ്മേളനത്തിൽ സംസാരിച്ചവർ ഉയർത്തിക്കാട്ടിയ പ്രശ്നങ്ങളെല്ലാം തികച്ചും പ്രസക്തമായവതന്നെ.

ഭരണഘടനാ മാറ്റത്തിനും ജനങ്ങളുടെ അവകാശ നിഷേധത്തിനും വഴി വയ്ക്കുന്നതാണ് നിലവിലെ ഭരണകക്ഷിയുടെ തുടർവിജയം എന്നു രാഹുൽ ഗാന്ധി മുന്നറിയിപ്പു നൽകുന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനെക്കുറിച്ചുള്ള ആശങ്കയും രാഹുൽ ആവർത്തിക്കുന്നുണ്ട്.

ഡൽഹി റാലിയുടെ സംഘാടനത്തിനു ആം ആദ്മി പാർട്ടിയും കോൺഗ്രസുമാണു മുൻകൈ എടുത്തത്. പക്ഷേ അരിവന്ദ് കേജരിവാളിന്റെ അറസ്റ്റിലേക്കു നയിച്ച മദ്യനയ അഴിമതിയെക്കുറിച്ച് ആദ്യം ആരോപണം ഉന്നയിച്ചതു കോൺഗ്രസാണെന്ന് എതിർപക്ഷം ചൂണ്ടിക്കാട്ടുന്നു. അഴിമതിക്കാരെ രക്ഷിക്കാനാണ് ഇന്ത്യ സഖ്യം ഇപ്പോൾ ശ്രമിക്കുന്നതെന്നാണു മീററ്റിൽ യുപിയിലെ തെരഞ്ഞെടുപ്പു പ്രചാരണത്തിനു തുടക്കമിട്ടുകൊണ്ടു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്. ഇലക്ടറൽ ബോണ്ട് വിവാദമുൾപ്പെടെയുള്ള കാര്യങ്ങളിൽ മോദിക്കും വിശദീകരണങ്ങളൊന്നുമില്ല. ഭരണപക്ഷമായാലും പ്രതിപക്ഷമായാലും വാഗ്ദാനങ്ങളോടും നിലപാടുകളോടും പ്രതിബദ്ധത പുലർത്തുന്നുണ്ടോ എന്നതാണു പ്രധാനം. അതാണു ജനം വിലയിരുത്തുന്നതും.

◗ *ബാബു കദളിക്കാട്*



# ഇന്ദിരാഗാന്ധിയുടെ മരണവും ഡൽഹിയിലെ സംഭവവികാസങ്ങളും



എന്നും അത്താണിയായി
ഉമ്മൻചാണ്ടി 34

ജോഷി ജോർജ്

**മഹാത്മാഗാന്ധിജിയുടെ ശവസംസ്കാരച്ചടങ്ങിനുശേഷം, ഡൽഹിയിൽ ഇത്രയും ജനക്കൂട്ടം ഉണ്ടായ മറ്റൊരു സംഭവം ഇന്ദിരഗാന്ധിയുടെ ശവസംസ്കാരച്ചടങ്ങായിരുന്നു.**

ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട വാർത്ത അറിഞ്ഞശേഷം ഉമ്മൻചാണ്ടി ഏറെനേരം ആലോചനയിൽ അമർന്നു പോയി. അപ്പോൾ എ.കെ. ആന്റണി ചെന്നൈയിലായിരുന്നു. തമിഴ്നാട്ടിലെ കോൺഗ്രസ്സിന്റെ ആസ്ഥാനമായ സത്യമൂർത്തി ഭവനിൽ. അന്നവിടെ കോൺഗ്രസ് നേതാക്കളും പ്രവർത്തകരുമായി കൂടിക്കാഴ്ചയും ചർച്ചകളുമായിരുന്നു. ആന്റണി തമിഴ്നാടിന്റെയും ആന്ധ്രയുടെയും ലക്ഷദ്വീപിന്റെയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെയും ചുമതലയുള്ള എ.ഐ.സി.സി. ജനറൽ സെക്രട്ടറി കൂടിയാണ്.

ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തുവരുന്ന കാലമാണ്. പ്രധാനമന്ത്രിയായ ഇന്ദിരാ വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും ഓരോ മണ്ഡലങ്ങളിൽ മത്സരിക്കണമെന്ന് പാർട്ടിയിൽ ആലോചന നടന്നിരുന്നത് ആന്റണി ഉമ്മൻചാണ്ടിയോട് പറഞ്ഞിരുന്നു.

തമിഴ്നാട്ടിൽ ഇന്ദിരാ മത്സരിക്കുന്നതിനെക്കുറിച്ചു കൂടി ആലോചിക്കാനാണ് അപ്പോൾ ചെന്നൈയിലെത്തിയതു തന്നെ. "സത്യമൂർത്തി ഭവനിൽ എത്തിയ സംസ്ഥാന പാർട്ടി നേതാക്കൾക്കും പ്രവർത്തകർക്കും ഇന്ദിരാജി തമിഴ്നാട്ടിൽ മത്സരിക്കുമെന്ന വിവരം ഏറെ ആവേശം പകർന്നെന്നും തലേന്ന് വിളിച്ചപ്പോൾ ആന്റണി അതേക്കുറിച്ച പറയുകയും ചെയ്തു. മധുരയാണ് സംസ്ഥാന നേതാക്കൾ നിർദേശിച്ചതത്രെ. അങ്ങനെ ചർച്ചകൾ നടക്കുമ്പോഴാണ് ഡൽഹിയിൽ നിന്ന് സന്ദേശമെത്തുന്നത്. ഇന്ദിരാജിക്ക് വെടിയേറ്റു എന്ന വാർത്ത.

"പിന്നീട് എല്ലാം യാന്ത്രികമായിരുന്നു. കൂടിക്കാഴ്ച അവസാനിപ്പിച്ചു. ആരോ തമിഴ്നാട് സർക്കാറുമായി ബന്ധപ്പെട്ടു. സംസ്ഥാന നേതാക്കൾ പ്രത്യേക വിമാനം ഏർപ്പാടുചെയ്തു. അവർക്കൊപ്പം ഡൽഹിയിലെത്തി. ആ ദിവസത്തെ ഡൽഹിയിലെ അന്തരീക്ഷം ഒരിക്കലും മറക്കാൻ കഴിയില്ലെന്നു ആന്റണി ഏറെ വിഷമത്തോടെ പറഞ്ഞതും ഉമ്മൻ ചാണ്ടി ഓർത്തുപോയി.

ഒരിക്കൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായപ്പോൾ മണ്ണെണ്ണയുടെ നികുതി കൂട്ടണമെന്ന് ആരോ ശുപാർശ ചെയ്തു. ആ നിർദേശം അടങ്ങിയ ഫയൽ ഇന്ദിരാഗാന്ധി വലിച്ചെറിഞ്ഞു. ജനങ്ങളുടെ നാഡിമിടിപ്പ് അറിയാവുന്നതിനാലാണ് ഇന്ദിരാ നികുതികൂട്ടാൻ തയ്യാറാകാതിരുന്നത്.

രാജ്യത്തെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ അവർ മനസ്സിലാക്കിയിരുന്നു. എന്നും അവരോട് സഹാനുഭൂതി പുലർത്തിയിരുന്നു. ആദിവാസികൾക്ക് വനഭൂമിയിൽ അവകാശം നൽകുന്ന നിയമത്തിന്റെ പോലും തുടക്കം കുറിച്ചത് ഇന്ദിരായുടെ കാലത്താണ്. ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യ സമുന്നത സ്ഥാനം നേടിയെടുത്തതും ഇന്ദിരാഗാന്ധിയുടെ കാലത്തായിരുന്നു.

### ഡൽഹി വിറങ്ങലിച്ച സന്ദർഭം

ഏതാണ്ട് 25 വെടിയുണ്ടകൾ ഇന്ദിരാഗാന്ധിയുടെ ശരീരത്തിൽ പതിഞ്ഞിരുന്നു. മറ്റു സുരക്ഷാ ഭടന്മാർക്ക് അതുവരെ തിരിച്ച് ഒരു വെടിപോലും പൊട്ടിക്കാനായിരുന്നില്ല.സത്വന്ത്സിംഗ്തന്റെയന്ത്രത്തോക്കിലെ ഉണ്ടകൾ ഇന്ദിരയുടെ ദേഹത്തേക്ക് പായിപ്പിച്ചുകൊണ്ടിരുന്ന നേരത്ത്, ഏറ്റവും പിന്നിലുണ്ടായിരുന്നു രാമേശ്വർ ദയാൽ ഓടി മുന്നോട്ടുവന്നു.

ദയാൽ അടുത്തെത്തിയതും സത്വന്ത് സിംഗിന്റെ തോക്കിൽ നിന്നുമുതിർന്ന ഉണ്ടകൾ അയാളുടെ കാലിലും തുടയിലും തുളച്ചുകയറി, നിമിഷനേരം കൊണ്ട് ആ മനുഷ്യൻ തറയിൽ വീണുപോയി.

അപ്പോഴേക്കും ഇന്ദിരയുടെ അനുചരരെല്ലാം അവിടേക്ക് ഓടിയെത്തി. വെടിയുണ്ടകളേറ്റ് അരിപ്പപോലെ ആയിരുന്ന ഇന്ദിരയുടെ ശരീരം കണ്ടു പരിഭ്രാന്തരായ അവർ പരസ്പരം എന്തൊക്കെയോ ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു. ഈ സമയം നമ്പർ വൺ അക്ബർ റോഡിൽ നിന്നിരുന്ന പോലീസ് ഓഫീസർ ദിനേശ് കുമാർ ഭട്ട്, ബഹളം കേട്ട് അങ്ങോട്ടോടിവന്നു. ആ ഓഫീസറ കണ്ടതോടെ ബിയാന്ത് സിംഗും സത്വന്ത് സിംഗും തങ്ങളുടെ തോക്കുകൾ താഴെയിട്ടു. 'ഞങ്ങൾക്ക് ചെയ്യാനുള്ളത് ഞങ്ങൾ ചെയ്തുകഴിഞ്ഞു, ഇനി നിങ്ങൾക്ക് ചെയ്യാനുള്ളത് നിങ്ങൾ ചെയ്തോ..! '

ഒട്ടും മടിക്കാതെ നാരായൺ സിംഗ് മുന്നോട്ടുവന്ന് ബിയാന്ത് സിംഗിനെ കീഴ്പ്പെടുത്തി, നിലത്തേക്ക് മറിച്ചിട്ടു. ഗാർഡ്രൂമിൽ നിന്ന് ഓടിവന്ന ഐടിബിപി ഭടൻ സത്വന്ത് സിംഗിനെയും കീഴടക്കി. പ്രധാനമന്ത്രിയുടെ വസതിക്ക് സമീപം സദാ ഒരു ആംബുലൻസ് തയ്യാറായി നിൽക്കുമെങ്കിലും, അന്ന് അതിന്റെ ഡ്രൈവർ അപ്രത്യക്ഷനായിരുന്നു.

ഇന്ദിരയുടെ ഉപദേഷ്ടാവായിരുന്ന മഖൻലാൽ ഫോത്തേദാർ ബഹളം വെച്ചു കൊണ്ട് അവിടെത്തി. "ആരെങ്കിലും ഒരു കാറും കൊണ്ട് ഓടിവാ" എന്ന് നിർദേശിച്ചു. വെളുത്ത ഒരു ആംബുലൻസ് കാർ വന്നു. അതിന്റെ പിൻസീറ്റിലേക്ക് ആർ.കെ. ധവാനും സബ് ഇൻസ്പെക്ടർ ദിനേശ് ഭട്ടും ചേർന്ന് ഇന്ദിരഗാന്ധിയെ കിടത്തി. മുൻ സീറ്റിൽ ധവാൻ, ഫോത്തേദാർ, ഡ്രൈവർ എന്നിവർ ഇരുന്നു.

വണ്ടി പുറപ്പെടാൻ തുടങ്ങുമ്പോഴേക്കും ഈ ബഹളമൊക്കെ കേട്ട് അകത്ത് നൈറ്റ് ഗൗണിൽ നിന്നിരുന്ന സോണിയ ഗാന്ധി, 'മമ്മീ.. മമ്മീ.. ' എന്നലറിവിളിച്ചു കൊണ്ട് നഗ്നപാദയായി പുറത്തേക്കോടിവന്നു. കാറിനുള്ളിൽ വെടിയേറ്റുകിടന്ന ഇന്ദിരയെക്കണ്ടപ്പോൾ അതേ വേഷത്തിൽ തന്നെ സോണിയയും പിൻസീറ്റിൽ കേറി. ചോരയിൽ കുളിച്ച ഇന്ദിരയുടെ തല സോണിയ തന്റെ മടിയിലേക്ക് എടുത്തുവെച്ചു.

നാലുകിലോമീറ്റർ ദൂരം അംബാസഡറിൽ പറന്നുപോകുന്നതിനിടെ ആരും ഒരക്ഷരം മിണ്ടിയില്ല. എഐഐഎംഎസ് ആശുപത്രിയിൽ എത്തിയപ്പോഴേക്കും സോണിയാ ഗാന്ധിയുടെ നൈറ്റ് ഗൗൺ ഇന്ദിരയുടെ ചോരയാൽ കുളിച്ചുകഴിഞ്ഞിരുന്നു.

ഒമ്പതര മണിക്ക് കാർ കാഷ്വാലിറ്റിയിലെത്തി. അവിടെ ഇന്ദിരയുടെ ബ്ലഡ് ഗ്രൂപ്പായ ഒ നെഗറ്റീവ് അവിടെ ആവശ്യത്തിന് സ്റ്റോക്കുണ്ടായിരുന്നു. എന്നാൽ, അവർ കാറിൽ അവിടെ എത്തുന്നതിനിടെ നമ്പർ വൺ സഫ്ദർജംഗ് മാർഗിലുള്ള വസതിയിൽ നിന്ന് ആരും തന്നെ ആശുപത്രിയിൽ വിളിച്ച് ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടുണ്ടെന്നോ, കാറിൽ പ്രധാനമന്ത്രിയെ അങ്ങോട്ട് കൊണ്ടുവരുന്നുണ്ടെന്നോ ഒന്നും പറഞ്ഞിരുന്നില്ല. എമർജൻസി വാർഡിന്റെ വാതിൽ തുറന്ന് ഇന്ദിരയെ അകത്തേക്ക് സ്ട്രെച്ചറിൽ എടുക്കുന്നതിനിടെ മൂന്നുമിനിറ്റ് നഷ്ടപ്പെട്ടു. അവിടെ ഉണ്ടായിരുന്ന സ്ട്രെച്ചറിൽ ഇന്ദിരയെ ആകെത്തേക്ക് കൊണ്ടുപോയി.

അതുകണ്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർമാർ ഒരുനിമിഷം സ്തംഭിച്ചുനിന്നു. അവർ ആശുപത്രിയിലെ ഏറ്റവും പരിചയസമ്പന്നനായ കാർഡിയോളജിസ്റ്റിനോട് കാര്യങ്ങൾ ഫോണിലൂടെ അറിയിച്ചു. മിനിറ്റുകൾക്കുള്ളിൽ ഡോ. ഗുലേറിയ, ഡോ. എം.എം. കപൂർ തുടങ്ങിയ വിദഗ്ധർ ഇന്ദിരക്കടുത്തെത്തി.

ഇസിജിയിൽ നേരിയ ആക്ടിവിറ്റി കാണിക്കുന്നുണ്ടായിരുന്നുവെങ്കിലും, പൾസ് കിട്ടുന്നുണ്ടായിരുന്നില്ല. കണ്ണിലെ കൃഷ്ണമണികൾ ഡൈലേറ്റ് ചെയ്തുതുടങ്ങി. ഡോക്ടർമാർ വായിലൂടെ ട്യൂബിട്ട് ശ്വാസകോശത്തിലേക്ക് നേരിട്ട് ഓക്സിജൻ എത്തിക്കാനും, തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം നിലനിർത്താനും ശ്രമിച്ചുകൊണ്ടിരുന്നു. 80 ബോട്ടിൽ രക്തമാണ് ഇന്ദിരാഗാന്ധിക്ക് ഒന്നിനുപിറകെ ഒന്നായി കയറ്റിയത്.

ഡോ. ഗുലേറിയ അതേപ്പറ്റി പിന്നീട് പറഞ്ഞത് ഇങ്ങനെയാണ്.

വെടിയേറ്റ നിലയിൽ ഇന്ദിരാ ഗാന്ധിയെ ആദ്യം കണ്ടപ്പോൾ തന്നെ അവർ മരിക്കാൻ പോവുകയാണ് എന്നെനിക്ക് തോന്നിയിരുന്നു. ഞാൻ ആദ്യം ഇസിജി എടുത്തു. അപ്പോഴേക്കും എല്ലാം അവസാനിച്ചിരുന്നു. ഉടൻ അദ്ദേഹം അന്നത്തെആരോഗ്യമന്ത്രിശങ്കരാനന്ദിനെവിളിച്ച് എന്തുചെയ്യണം എന്ന് ചോദിച്ചു. മരിച്ചതായി അറിയിക്കട്ടെ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം വേണ്ട എന്ന് പറഞ്ഞു.

ഇന്ദിരയുടെ ശരീരം ഹാർട്ട് ലങ് മെഷീനുമായി ബന്ധിപ്പിക്കപ്പെട്ടു. മരിച്ചു എന്ന തോന്നൽ ഡോക്ടർമാർക്കൊക്കെ ഉണ്ടായിരുന്നിട്ടും, ഇന്ദിരയെ ആശുപത്രിയുടെ എട്ടാം നിലയിലെ ഓപ്പറേഷൻ തീയേറ്ററിലേക്ക് കൊണ്ടുപോയി. ഇന്ദിരയുടെ കരളിന്റെ വലതുഭാഗം തുളച്ചുകൊണ്ട് വെടിയുണ്ടകൾ കടന്നുപോയിരുന്നു. വൻകുടലിലും വെടിയുണ്ടകളേറ്റ പന്ത്രണ്ട് മുറിവുകളെങ്കിലും ഉണ്ടായിരുന്നു. ചെറുകുടലിനുംകാര്യമായക്ഷതമേറ്റുകഴിഞ്ഞിരുന്നു. ശ്വാസകോശത്തിലും വെടിയുണ്ടകൾ തുളച്ചുകയറിയിരുന്നു. ഒപ്പം, വാരിയെല്ലുകളും ഒടിഞ്ഞുപോയിട്ടുണ്ടായിരുന്നു. ആകെ ഒരു അവയവം മാത്രമാണ് വെടിയുണ്ടകളേൽക്കാതെ രക്ഷപ്പെട്ടത്. അത്, ഇന്ദിരയുടെ ഹൃദയമായിരുന്നു.

ആശുപത്രിയിൽവെച്ച്ഇന്ദിരാഗാന്ധിയുടെ മരണം സ്ഥിരീകരിക്കപ്പെട്ടു. എന്നാൽവൈകുന്നേരമാകുംവരെആ വിവരം സർക്കാർ പരമ രഹസ്യമാക്കിവെച്ചു.

ഓപ്പറേഷൻ ബ്ലൂസ്റ്റാറിനു ശേഷം സിഖുകാരിൽ നിന്ന് ഇന്ദിരാഗാന്ധിക്കു നേരെ അക്രമണമുണ്ടാകാൻ സാധ്യതയുണ്ട് എന്ന ഇന്റലിജൻസ് റിപ്പോർട്ട് ഐബിയിൽ നിന്ന് വന്നിരുന്നു. പ്രധാനമന്ത്രിയുടെ വസതിയ്ക്കരികിൽ ഡ്യൂട്ടിയിലുള്ള എല്ലാ സിഖ് ഭടന്മാരെയും അവിടെ നിന്ന് മാറ്റണം എന്നും അവർ നിർദേശിച്ചിരുന്നു.

എന്നാൽ, ഇങ്ങനെയൊരു നിർദേശവുമായുള്ള ഫയൽ ഇന്ദിരയുടെ മേശപ്പുറത്ത് എത്തിയപ്പോൾ ഒരൊറ്റ ചോദ്യമാണ് ഇന്ദിര ചോദിച്ചത്, 'നമ്മൾ മതേതരത്വം ഉയർത്തിപ്പിടിക്കുന്നവല്ലേ..? 'സിഖ് സുരക്ഷാ സൈനികരെ ഡ്യൂട്ടിയിൽ നിന്ന് നീക്കുക എന്ന നിർദേശത്തിന് ഇന്ദിര വഴങ്ങിയില്ല. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മതേതരത്വമൂല്യങ്ങൾ അതിലംഘിച്ചുകൊണ്ട് അങ്ങനെയൊരു വിവേചനം കാണിക്കാൻ അവർ വിസമ്മതിച്ചു.

ഇന്ദിരാജിയുടെ മൃതദേഹം സഫ്ദർജങ് റോഡിലെ വസതിയിലും പിന്നീട് തീൻ മൂർത്തിഭവനിലും പൊതുദർശനത്തിന് വെച്ചു. വൈകുന്നേരം രാജീവ്ഗാന്ധി എത്തി. അദ്ദേഹം പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞചെയ്തു. തുടർന്ന് ഉദ്യോഗസ്ഥരുടെയോഗംവിളിച്ചുചേർത്തശേഷം പാർട്ടി ഭാരവാഹികളുടെ യോഗവും രാജീവ്ഗാന്ധി വിളിച്ചിരുന്നു. അക്രമം തടയാൻ പാർട്ടി നേതാക്കൾ ശ്രദ്ധിക്കണമെന്നാണ് രാജീവ്ഗാന്ധി നിർദേശിച്ചത്.

### കേരള നേതാക്കൾ ഡൽഹിയിലേക്ക്

അന്ന് 12 മണിയോടെയാണ് ആന്റണിയുടെ ഫോൺ വരുന്നത്. ഔദ്യോഗികമായി സ്ഥിരീകരണം വന്നില്ല എങ്കിലും ഇന്ദിരാജി നമ്മെ വിട്ടുപിരിഞ്ഞു. അത് കേട്ടതോടെ ഉച്ച കഴിഞ്ഞുള്ള വിമാനത്തിൽ ഡൽഹിക്ക് പോകാൻ കരുണാകരനും ഉമ്മൻചാണ്ടിയും തച്ചടി പ്രഭാകരനും അടിയോടിയും ഉടൻ റെഡിയായി.

വിമാനയാത്രയ്ക്കിടയിൽ ആരും ഒന്നും സംസാരിക്കുന്നില്ല. രാത്രിയാണ് ഡൽഹിയിൽ എത്തിയത്. വിമാനത്താവളത്തിൽ നിന്നും കേരള ഹൗസിലേക്ക് കാറിൽ പോകുമ്പോൾ ജനക്ഷോഭത്തിന്റെ ലക്ഷണങ്ങൾ ഡൽഹി നഗരത്തിൽ കാണാമായിരുന്നു.

അതിരാവിലെ തന്നെ തീൻ മൂർത്തി ഭവനിൽ എത്തി ഉമ്മൻചാണ്ടിയും മറ്റു സഹയാത്രികരും. പൂക്കൾക്ക് നടുവിൽ ഐശ്വര്യമാർന്ന മുഖം കൊലയാളികൾ ഇക്കണ്ട വെടിയുണ്ടകൾ മുഴുവൻ പായിച്ചിട്ടും ആമുഖത്തെഐശ്വര്യംതെല്ലുംകുറഞ്ഞിരുന്നില്ല. ദുഃഖങ്ങളെല്ലാം ഉള്ളിൽ കടിച്ചമർത്തിക്കൊണ്ട് അക്ഷോഭ്യനായി നിൽക്കുകയാണ് രാജീവ് ഗാന്ധി. തൊട്ടടുത്ത് സോണിയ ഗാന്ധിയും ഉണ്ട്. രാഹുലും പ്രിയങ്കയും ശവമഞ്ചത്തോട് ഒട്ടിച്ചേർന്ന് ഇരിക്കുകയാണ്. ഗാന്ധിജിയുടെശവസംസ്കാരച്ചടങ്ങിനുശേഷംഡൽഹിയിൽഇത്രയും ജനക്കൂട്ടം ഉണ്ടായ മറ്റൊരു സംഭവമില്ല. രാജീവ്ഗാന്ധി ചിതയ്ക്ക് തീകൊളുത്തും വരെ, ആന്റണിയും കരുണാകരനും ഉമ്മൻചാണ്ടിയുമൊക്കെ ഉണ്ടായിരുന്നു. "തീൻമൂർത്തി ഭവനിൽ പൊതുദർശനത്തിനുവെച്ച നിലയിലാണ് ഇന്ദിരാജിയുടെ മുഖം അവസാനമായി കാണുന്നത്. (തുടരും)






# സഞ്ജയ് സിംഗ് ജയിൽമോചിതൻ; സ്വീകരണമൊരുക്കി പ്രവർത്തകർ



ന്യൂഡൽഹി: മദ്യനയക്കേസിൽ സുപ്രീംകോടതി ജാമ്യം ലഭിച്ച ആം ആദ്മി രാജ്യസഭാ എം.പി സഞ്ജയ് സിംഗ് തീഹാറിൽ ജയിലിൽ നിന്ന് മോചിതനായി. അറസ്റ്റിലായി 182-ാം ദിവസമാണ് പുറത്തിറങ്ങാനായത്. ഇന്നലെ രാത്രി എട്ടേകാലോടെ മോചിതനായ സഞ്ജയ് സിംഗിനെ നൂറുകണക്കിന് നപ്രവർത്തകർ പുഷ്പഹാരം അണിയിച്ചും, വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ നൃത്തംവച്ചും വരവേറ്റു. വൻ സുരക്ഷാ സന്നാഹം ഏർപ്പെടുത്തിയിരുന്നു. വീട്ടിലും ആഘോഷപൂർവം അദ്ദേഹത്തെ വരവേറ്റു. ദൃശ്യങ്ങൾ തത്സമയം കാണിക്കാൻ ആം ആദ്മി ഓഫീസിൽ എൽ.ഇ.ഡി സ്ക്രീനുകൾ ഒരുക്കിയിരുന്നു. ജയിലിലെ പൂട്ടുകൾ തകർക്കപ്പെടുമെന്നും കേജ്രിവാൾ ഉൾപ്പെടെ നേതാക്കൾ പുറത്തുവരുമെന്നും സഞ്ജയ് സിംഗ് പ്രതികരിച്ചു. സന്തോഷിക്കാനുള്ള സമയമല്ല. പോരാട്ടത്തിന്റെ സമയമാണ്.എല്ലാവരുംപുറത്തിറങ്ങിയാലേസന്തോഷിക്കാനാവൂ. പുറത്തിറങ്ങിയതിന് പിന്നാലെ കേജ്രിവാളിന്റെ ഭാര്യ സുനിതയെ സന്ദർശിച്ചു.

### ജാമ്യവ്യവസ്ഥകൾ ഇങ്ങനെ

സുപ്രീംകോടതി ജാമ്യം അനുവദിച്ചെങ്കിലും ജാമ്യവ്യവസ്ഥകൾ വിചാരണക്കോടതിക്ക് തീരുമാനിക്കാമെന്ന് വ്യക്തമാക്കിയിരുന്നു. മദ്യനയക്കേസുമായി ബന്ധപ്പെട്ട് പ്രസ്താവന നടത്തരുതെന്ന് സുപ്രീംകോടതി പറഞ്ഞിരുന്നു. രാഷ്ട്രീയ പ്രവർത്തനത്തിനും തടസമില്ല.

1. പാസ്പോർട്ട് കെട്ടിവയ്ക്കണമെന്ന് ഡൽഹി റൗസ് അവന്യു കോടതി
2. തെളിവുകൾ നശിപ്പിക്കരുത്
3. അന്വേഷണഉദ്യോഗസ്ഥന് ഫോൺനമ്പർ കൈമാറണം
4. ഡൽഹിക്ക് പുറത്തുപോയാൽ ഫോൺ ലൊക്കേഷൻ ഓൺ ആയിരിക്കണം

# മഹാരാഷ്ട്രയിൽ തീപിടിത്തം; കുട്ടികളുൾപ്പെടെ 7 മരണം

മുംബയ്: മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജി നഗറിലുണ്ടായ തീപിടിത്തത്തിൽ കുട്ടികളുൾപ്പെടെ ഒരു കുടുംബത്തിലെ ഏഴ് പേർക്ക് ദാരുണാന്ത്യം. ഇന്നലെ പുലർച്ചെ നാലിനായിരുന്നു സംഭവം. പുക ശ്വസിച്ചാണ് മരണം സംഭവിച്ചതെന്നാണ് പ്രാഥമിക നിഗമനം. മരിച്ചവരിൽ രണ്ട് പേർ കുട്ടികളാണ്.

അഗ്നിശമന സേന സ്ഥലത്തെത്തിയപ്പോഴേക്കും ഏഴു പേരും മരണപ്പെട്ടിരുന്നു. ആലം ടൈലേഴ്സ് എന്ന കടയിലാണ് തീപിടിത്തമുണ്ടായത്. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ നിരവധി കടകൾ പ്രവർത്തിച്ചിരുന്നു. മുകളിലത്തെ നിലയിൽ താമസക്കാർ ഉണ്ടായിരുന്നു. തീപിടിത്തമുണ്ടായ ശേഷം പുക മുകളിലത്തെ നിലയിലേക്ക് പടരുകയായിരുന്നു. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. അന്വേഷണം തുടരുകയാണെന്ന് പൊലീസ് പറഞ്ഞു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

# കർണാടക ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസിന് മുന്നിൽ കഴുത്തറുത്ത് ആത്മഹത്യ ശ്രമം

ബംഗളൂരു: കർണാടക ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസിന് മുന്നിൽ കഴുത്തറുത്ത് ആത്മഹത്യ ശ്രമം നടത്തി മധ്യവയസ്കൻ. മൈസൂർ സ്വദേശിയായ ശ്രീനിവാസാണ് ചീഫ് ജസ്റ്റിസ് നിലയ് വിപിൻചന്ദ്ര അഞ്ജാരിയയുടെ മുന്നിൽ കത്തികൊണ്ട് കഴുത്തറുത്ത് ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് പൊലീസ് പറഞ്ഞു.

കോടതി മുറിയിലേക്ക് കടന്നു വന്ന ശ്രീനിവാസ് തന്റെ കൈവശമുണ്ടായിരുന്ന ഫയലുകൾ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ ഏൽപിച്ച ശേഷം കൈയിൽ കരുതിയിരുന്ന കത്തി ഉപയോഗിച്ച് കഴുത്തറക്കുകയായിരുന്നു.

ചീഫ് ജസ്റ്റിസ് കോടതി മുറിയിൽ എത്തിയതിനു പിന്നാലെയാണ് സംഭവം.

സുരക്ഷാ ഉദ്യോഗസ്ഥർ ഉടൻ തന്നെ സ്ഥലത്തെത്തി ഇയാളെ ആശുപത്രിയിൽ എത്തിച്ചു. ശ്രീനിവാസ് ഇപ്പോൾ ചികിത്സയിലാണെന്ന് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

എന്തുകൊണ്ടാണ് ശ്രീനിവാസ് ഇത്തരമൊരു നടപടി സ്വീകരിച്ചതെന്ന് അറിയില്ല.

കോടതി മുറിക്കുള്ളിൽ നടന്ന സുരക്ഷാ വീഴ്ചയിൽ ചീഫ് ജസ്റ്റിസ് ആശങ്ക രേഖപ്പെടുത്തി.

സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ പൊലീസിനോട് ആവശ്യപ്പെട്ടു.

# കേജ്രിവാളിന് നാലരകിലോ ഭാരം കുറഞ്ഞെന്ന് ആംആദ്മി

ന്യൂഡൽഹി: മദ്യനയക്കേസിലെ ഇ.ഡി അറസ്റ്റിനുപിന്നാലെ മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാളിനു നാലര കിലോ ശരീരഭാരം കുറഞ്ഞെന്ന് വിദ്യാഭ്യാസമന്ത്രി അതിഷി. പ്രമേഹബാധിതനാണ് അദ്ദേഹം. ജയിലിൽ ആരോഗ്യനില മോശമാകുന്നു.

ബി.ജെ.പിയോട് രാജ്യവും ദൈവവും പൊറുക്കില്ല. കേജ്രിവാളിന് എന്തെങ്കിലും സംഭവിച്ചാൽ പ്രത്യാഘാതമുണ്ടാകുമെന്നും അതിഷി മുന്നറിയിപ്പ് നൽകി. തിഹാർ ജയിലിനുപുറത്ത് ഇന്നലെയും ആം ആദ്മി പാർട്ടി പ്രവർത്തകർ പ്രതിഷേധിച്ചു.

### തള്ളി ജയിൽ അധികൃതർ

കേജ്രിവാളിന്റെ ശരീരഭാരം 65 കിലോയിൽ തന്നെ തുടരുന്നുവെന്ന് തിഹാർ ജയിൽ അധികൃതർ വ്യക്തമാക്കി. ഡോക്ടർമാർ അദ്ദേഹത്തെ പരിശോധിക്കുന്നുണ്ട്. ആരോഗ്യനില തൃപ്തികരമാണ്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വീട്ടിൽ നിന്നെത്തിക്കുന്ന ഭക്ഷണമാണ് കഴിക്കുന്നതെന്നും അറിയിച്ചു.

പ്രശസ്തിക്കുവേണ്ടി കേജ്രിവാളിനെ കൊലപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്ന റിപ്പോർട്ടുകളെ തുടർന്ന് അദ്ദേഹത്തെ പാർപ്പിച്ചിരിക്കുന്ന രണ്ടാം നമ്പർ ജയിലിൽ സുരക്ഷ ശക്തമാക്കി.

### ഞായറാഴ്ച ഉപവാസ സമരം

അറസ്റ്റിൽ പ്രതിഷേധിച്ച് ഡൽഹി ജന്തർ മന്ദറിൽ ഞായറാഴ്ച ആം ആദ്മി പാർട്ടി ഉപവാസ സമരം നടത്തും. ജനാധിപത്യം സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവർ അന്ന് രാജ്യവ്യാപകമായി ഉപവാസം അനുഷ്ഠിക്കണമെന്ന് ഡൽഹി പൊതുഭരണമന്ത്രി ഗോപാൽ റായ് ആഹ്വാനം ചെയ്തു.

### അതിഷിക്ക് വക്കീൽ നോട്ടീസ്

ബി.ജെ.പിയിൽ ചേർന്നില്ലെങ്കിൽ ഒരുമാസത്തിനകം തന്റെ വീട്ടിൽ ഇ.ഡി റെയിഡും അറസ്റ്റുമുണ്ടാകുമെന്ന മുന്നറിയിപ്പ് ലഭിച്ചതായുള്ള അതിഷിയുടെ വെളിപ്പെടുത്തലിനെതിരെ വക്കീൽ നോട്ടീസ്.

അപകീർത്തികരമായ പ്രസ്താവനയെന്ന് ആരോപിച്ച് ബി.ജെ.പി ഡൽഹി ഘടകമാണ് നോട്ടീസ് അയച്ചത്. അതിഷി പരസ്യമായി മാപ്പുപറയണമെന്നും ബി.ജെ.പി ഡൽഹി അദ്ധ്യക്ഷൻ വിരേന്ദ്ര സച്ച്ദേവ ആവശ്യപ്പെട്ടു.






# വിജയിയുടെ 'ദ ഗോട്ടിൽ' വിളിച്ചിരുന്നു: വിനീത്





വിജയ് നായകനായ 'ദ ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം' എന്ന ചിത്രത്തിൽ അവസരം ലഭിച്ചെങ്കിലും അത് ചെയ്യാൻ പറ്റിയില്ലെന്ന് വെളിപ്പെടുത്തുകയാണ് വിനീത് ശ്രീനിവാസൻ. വെങ്കിട് പ്രഭു സംവിധാനം ചെയ്യുന്ന വിജയ് ചിത്രം ദ ഗോട്ട് ഇപ്പോൾ ചിത്രീകരണത്തിൻറെ അവസാന ഘട്ടത്തിലാണ്. വിനീത് ശ്രീനിവാസൻ-പ്രണവ് മോഹൻലാൽ കൂട്ടുകെട്ടിലെത്തുന്ന 'വർഷങ്ങൾക്ക് ശേഷം' സിനിമയുടെ പ്രമോഷന്റെ ഭാഗമായുള്ള അഭിമുഖത്തിലാണ് വിനീത് ഇക്കാര്യം വെളിപ്പെടുത്തുന്നത്. 'എനിക്ക് വളരെ ഇഷ്ടപ്പെട്ട സംവിധായകനാണ് വെങ്കിട് പ്രഭു. അദ്ദേഹം വിളിച്ച് ഒക്ടോബറിലാണ് ദളപതി ചിത്രത്തിൽ വേഷം ചെയ്യാൻ പറ്റുമോ എന്ന് ചോദിച്ചത്. എന്നാൽ ഞാൻ'വർഷങ്ങൾക്ക് ശേഷം' ഷൂട്ട് ചെയ്യുന്ന സമയം ആയിരുന്നു. ഞാൻ നോ പറഞ്ഞില്ല, പക്ഷെ അത് ചെയ്യാൻ സാധിച്ചില്ല'- എന്നാണ് അഭിമുഖത്തിൽ വിനീത് പറഞ്ഞത്. നേരത്തെയും വെങ്കിട് പ്രഭു തൻറെ ഇഷ്ടപ്പെട്ട സംവിധായകനാണ് എന്ന് വിനീത് പറഞ്ഞിട്ടുണ്ട്. അതേ സമയം 'വർഷങ്ങൾക്ക് ശേഷം' ചിത്രത്തിൻറെ ട്രെയിലർ നേരത്തെ ഇറങ്ങിയിരുന്നു. സൗഹൃദവും സിനിമയും സ്വപ്നങ്ങളും നൊമ്പരങ്ങളും പ്രണയവുമെല്ലാം ഒത്തുചേർന്ന ഒരു കംപ്ലീറ്റ് പാക്കേജായിരിക്കും ചിത്രമെന്നാണ് ട്രെയിലർ ഉറപ്പ് നൽകുന്നത്. വമ്പൻ ക്യാൻവാസിൽ വലിയൊരു താരനിരയുമായി ഒരുക്കിയിരിക്കുന്ന ചിത്രം റംസാൻ - വിഷു റിലീസായി ഏപ്രിൽ പതിനൊന്നിന് തീയറ്ററുകളിൽ പ്രദർശനത്തിന് എത്തും. വിനീത് ശ്രീനിവാസൻ തന്നെ തിരക്കഥ ഒരുക്കുന്ന ചിത്രത്തിൽ പ്രണവിനും ധ്യാനിനുമൊപ്പം നിവിൻ പോളിയും ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. അജു വർഗീസ്, കല്യാണി പ്രിയദർശൻ, ബേസിൽ ജോസഫ്, വിനീത് ശ്രീനിവാസൻ, നീരജ് മാധവ്, നീത പിള്ളെ, അർജുൻ ലാൽ, അശ്വത് ലാൽ, കലേഷ് രാംനാഥ്, ഷാൻ റഹ്മാൻ എന്നിങ്ങനെ ഒരു വലിയ താരനിര തന്നെയാണ് ചിത്രത്തിൽ അണിനിരക്കുന്നത്.

## 'ബഡേ മിയാൻ ഛോട്ടേ മിയാൻ' ചിത്രത്തിലെ വില്ലൻ വേഷം ആദ്യം നിരസിച്ചിരുന്നു: പൃഥ്വിരാജ്




അലി അബ്ബാസ് സഫർ സംവിധാനത്തിലൊരുങ്ങുന്ന 'ബഡേ മിയാൻ ഛോട്ടേ മിയാൻ' ചിത്രത്തിൽ വില്ലനായി എത്തുന്നത് മലയാളത്തിന്റെ സ്വന്തം പൃഥ്വിരാജാണ്.'നാം ഷബാന' എന്ന ചിത്രത്തിന് ശേഷം ഏഴു വർഷം കഴിഞ്ഞാണ് പൃഥ്വിരാജ് ഹിന്ദി സിനിമയിലേക്ക് തിരിച്ചെത്തുന്നത് എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. . ചിത്രത്തിലെ ഈ വില്ലൻ വേഷം താൻ ആദ്യം നിരസിച്ചിരുന്നുവെന്നാണ് പൃഥ്വി പറയുന്നത്. എന്നാൽ ആ വേഷം കൈവിട്ടു പോയിരുന്നേൽ താൻ പിന്നീട് തന്നെ തന്നെ ചവിട്ടിയേനെ എന്ന് പറഞ്ഞിരിക്കുകയാണ് പൃഥ്വിരാജ്. 'സലാർ ചിത്രത്തിന്റെ സംവിധായകൻ പ്രശാന്ത് നീലാണ് ബഡേ മിയാൻ ഛോട്ടേ മിയാൻ ചെയ്യാൻ പ്രചോദനം നൽകിയത്. സലാറിൻറെ ക്ലൈമാക്സ് ഷൂട്ടിനിടെയാണ് അലി അബ്ബാസ് ചിത്രത്തിന്റെ സ്ക്രിപ്റ്റ് പറയുന്നത്. എന്നാൽ ഡേറ്റ് ക്ലാഷിനാൽ ചെയ്യാൻ സാധിക്കില്ലെന്ന് പ്രശാന്ത് നീലിനോട് പറഞ്ഞു.ഇതെല്ലാം കേട്ട അദ്ദേഹം അത് ചെയ്യാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെന്ന് തോന്നുന്നുവെന്നും അറിഞ്ഞുകൊണ്ട് ഈ ചിത്രം ഉപേക്ഷിച്ചാൽ പിന്നീട് സങ്കടപ്പെടും എന്നും പറഞ്ഞു. പ്രശാന്ത് അന്ന് പറഞ്ഞത് തികച്ചും ശരിയാണ്. ബഡേ മിയാൻ ഛോട്ടേ മിയാൻ ഉപേക്ഷിച്ചിരുന്നെങ്കിൽ ഇപ്പോൾ ഞാൻ തന്നെ എന്നെ ചവിട്ടിയെനേ' എന്ന് പൃഥ്വിരാജ് അഭിമുഖത്തിൽ പറഞ്ഞു.

## മഹിമ നമ്പ്യാരുടെ ഫോൺ നമ്പർ 7 വർഷം ബ്ലോക്ക് ചെയ്തിരുന്നെന്ന് ഉണ്ണി മുകുന്ദൻ



ഉണ്ണി മുകുന്ദൻ നായകനായ 'ജയ് ഗണേഷ്' എന്ന ചിത്രം ഏപ്രിൽ 11നാണ് തിയേറ്ററുകളിൽ എത്തുകയാണ്. ചിത്രത്തിന്റെ പ്രമോഷൻ പരിപാടികളുടെ തിരക്കിലാണ് ഉണ്ണി ഇപ്പോൾ. ചിത്രത്തിൽ മഹിമ നമ്പ്യാർ ആണ് നായികയായി എത്തുന്നത്. ഇപ്പോൾ മഹിമാ നമ്പ്യാരെക്കുറിച്ച് ഉണ്ണി പങ്കുവച്ച ഒരു ഓർമ്മയാണ് വൈറൽ ആവുന്നത്. മഹിമയുടെ ഫോൺ നമ്പർ ഏഴ് വർഷത്തോളം ബ്ലോക്ക് ചെയ്തിരുന്നതായി വെളിപ്പെടുത്തിയിരിക്കുകയാണ് നടൻ. റെഡ് എഫ്എമ്മുമായുള്ള അഭിമുഖത്തിലാണ് ഉണ്ണി മുകുന്ദൻ മഹിമയെ ബ്ലോക്ക് ചെയ്തതിനെക്കുറിച്ച് സംസാരിച്ചത്.മാസ്റ്റർ പീസ് എന്ന സിനിമ കഴിഞ്ഞപ്പോൾ മഹിമയെ ബ്ലോക്ക് ചെയ്തതാണ്. മഹിമ എന്നെ എന്തോ ആവശ്യത്തിന് വേണ്ടി വിളിച്ചിരുന്നു. പുള്ളിക്കാരി ഉദയേട്ടന്റെ (ഉദയകൃഷ്ണ) ഫാമിലി ഫ്രണ്ടാണ്. ഉദയ് പറഞ്ഞിട്ടാണ് വിളിക്കുന്നത് എന്നാണ് പുള്ളിക്കാരി പറയുന്നത്. ഇതെന്താണ് ഉദയ് എന്ന് പറയുന്നതെന്ന് ഞാൻ ആലോചിച്ചു. മൊത്തത്തിൽ ഒരു ബഹുമാനം ഇല്ലായ്മ. ശരി ശരി എന്ന് പറഞ്ഞ് ഞാൻ ബ്ലോക്ക് ചെയ്തു. പിന്നീട് ഞാൻ ഉദയേട്ടനെ വിളിച്ച് ഈ കൊച്ച് ഉദയ് എന്ന് വിളിക്കുന്നു. അവളോട് മര്യാദയ്ക്ക് സംസാരിക്കാൻ പറയണമെന്ന് ഞാൻ പറഞ്ഞു. അത് കാര്യമാക്കേണ്ട പാവം കൊച്ചാണെന്ന് അദ്ദേഹം പറഞ്ഞു. ഏഴ് വർഷം കഴിഞ്ഞാണ് മഹിമയെ അൺബ്ലോക്ക് ചെയ്യുന്നത്. പുള്ളിക്കാരി ആർഡിഎക്സിലൂടെ ഹിറ്റടിച്ചു. ഞാൻ ഇക്കാര്യം മറന്നിരുന്നു. ജയ് ഗണേശിലേക്ക് നായികയെ വേണം, ആർഡിഎക്സിലെ മഹിമ നമ്പ്യാരുണ്ടെന്ന് രഞ്ജിത്ത് പറഞ്ഞു. അവളെ കോൺടാക്ട് ചെയ്ത് സൈൻ ചെയ്തോളൂ എന്ന് ഞാൻ. എന്നാൽ ഇല്ല., എനിക്കൊരു സ്ക്രീൻ ടെസ്റ്റ് നടത്തണമെന്ന് രഞ്ജിത്ത്. ആർഡിഎക്സ് സൂപ്പർഹിറ്റ് പടമാണ്, ഇനി സ്ക്രീൻ ടെസ്റ്റ് വേണമെന്ന് പറഞ്ഞാൽ എന്തെങ്കിലും കേൾക്കേണ്ടി വരുമെന്ന് ഞാൻ പറഞ്ഞു. പക്ഷെ മഹിമ സ്ക്രീൻ ടെസ്റ്റ് തന്നു. ഗംഭീര സ്ക്രീൻ ടെസ്റ്റായിരുന്നു. ഞാൻ വളരെ ഇംപ്രസ്ഡ് ആയി. നന്നായെന്ന് പറഞ്ഞ് മെസേജ് ചെയ്യാൻ നോക്കിയപ്പോൾ അൺബ്ലോക്ക് എന്ന് കണ്ടു. ഞാൻ ഒന്നുമറിയാത്ത പോലെ മെസേജ് ഇട്ടു. ഓക്കേ, താങ്ക് യൂ ഉണ്ണീ എന്ന് അവളൊരു മെസേജ് ഇട്ടു. മറന്ന് കാണുമെന്ന് കരുതി. പക്ഷെ നീ എന്നെ ബ്ലോക്ക് ചെയ്തതല്ലേ എന്ന് മഹിമ ചോദിച്ചു. എനിക്കാ സമയത്ത് അങ്ങനെ തോന്നിയെന്ന് പറഞ്ഞു. ഇതായിരുന്നു ഉണ്ണി പങ്കുവച്ച മഹിമയെ കുറിച്ചുള്ള ഓർമ്മ.

## 'ഡബിൾ സ്വെറ്റ്, ഡബിൾ ഫൺ'; സൂര്യയ്ക്കൊപ്പം ജ്യോതികയുടെ വർക്ക് ഔട്ട്



ആരാധകരുടെ പ്രിയപ്പെട്ട താരജോഡി ആണ് സൂര്യയും ജ്യോതികയും. താരങ്ങൾ സോഷ്യൽ മീഡിയയിലും സജീവമാണ്. താരങ്ങളുടെ കുടുംബ വിശേഷങ്ങൾ അറിയാനും ആരാധകർക്ക് ഏറെ താല്പര്യം ഉണ്ട്. അതുകൊണ്ട് തന്നെ ഇവർ ഒരുമിച്ചുള്ള വിഡിയോയും ഫോട്ടോയ്ക്കും ഏറെ സ്വീകാര്യത ലഭിക്കാറുണ്ട്.ജിമ്മിൽ വർക്ക്ഔട്ട് ചെയ്യുന്ന വിഡിയോകളും ജ്യോതിക സോഷ്യൽമീഡിയയിൽ ആരാധകർക്കായി പങ്കുവെയ്ക്കാറുണ്ട്. ഇപ്പോഴിതാ സൂര്യയ്ക്കൊപ്പമുള്ള വർക്ക്ഔട്ട് വിഡിയോയാണ് താരം പുറത്തുവിട്ടിരിക്കുന്നത്. വിഡിയോ ഇതിനകം വൈറൽ ആയി കഴിഞ്ഞു.'ഡബിൾ സ്വെറ്റ്, ഡബിൾ ഫൺ' എന്ന ക്യാപ്ഷനോടെ വർക്ക് ഔട്ട് വിഡിയോ ജ്യോതിക ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തത്.

## ആലിയ ഭട്ടിനെ കങ്കണ അന്യായമായി ടാർഗെറ്റു ചെയ്തു; കൂടെ നിന്നത് അതുകൊണ്ടെന്ന് രൺദീപ് ഹൂഡ







ആലിയ ഭട്ടിനെ നിരന്തരം വിമർശിക്കുന്ന നടിയാണ് കങ്കണ റണാവത്ത്. ആലിയ ഒരു സാധാരണ നടി മാത്രമാണെന്നാണ് 2019ൽ കങ്കണ പറഞ്ഞത്. അന്ന് ആലിയയ്ക്ക് പിന്തുണയുമായി നടൻ രൺദീപ് ഹൂഡ രംഗത്തെത്തിയിരുന്നു. ഇപ്പോഴിതാ കങ്കണ ആലിയയെ ലക്ഷ്യമിട്ടപ്പോൾ താൻ പ്രതിരോധിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കിയിരിക്കുകയാണ് രൺദീപ്. യുട്യൂബർ സിദ്ധാർത്ഥ് കണ്ണന് നൽകിയ അഭിമുഖത്തിലാണ് താരം തുറന്ന് പറഞ്ഞത്. 2014ൽ പുറത്തിറങ്ങിയ ഇംതിയാസ് അലിയുടെ ഹൈവേ എന്ന ചിത്രത്തിലാണ് ആലിയയും രൺദീപും ഒരുമിച്ച് അഭിനയിച്ചത്. ആലിയയുമായി തനിക്ക് ആത്മീയ ബന്ധമുണ്ടെന്ന് രൺദീപ് പറയുന്നു. അവൾക്കും അങ്ങനെ തോന്നുന്നുണ്ടോ എന്നറിയില്ല. അത് അവളുടെ ഇഷ്ടമാണ്. എനിക്ക് എനിക്കുവേണ്ടി മാത്രമേ സംസാരിക്കാൻ കഴിയൂ. അവൾ എപ്പോഴും പുതിയ കാര്യങ്ങൾ പരീക്ഷിക്കുന്നത് ഞാൻ കണ്ടു. ആലിയയെ കങ്കണ റണാവത്ത് അന്യായമായി ടാർഗെറ്റുചെയ്തതിനാലാണ് ഞാൻ ആലിയയ്ക്ക് വേണ്ടി ആത്മാർത്ഥമായി നിലകൊണ്ടത്. ഈ ഇൻഡസ്ട്രിയിൽ നിന്ന് നിങ്ങൾക്ക് ഒരുപാട് കിട്ടിയെന്ന് ഞാൻ കരുതുന്നുണ്ടെങ്കിലും, നിങ്ങൾക്ക് ലഭിച്ചിട്ടില്ലെന്ന് തോന്നുന്ന കാര്യങ്ങളിൽ നിങ്ങളുടെ സഹ അഭിനേതാക്കളെയോ സഹപ്രവർത്തകരെയോ ടാർഗെറ്റുചെയ്യുന്നത് അനുചിതമാണ്.എനിക്ക് അത് ചെയ്യണമെന്ന് തോന്നി (ആലിയയെ പ്രതിരോധിക്കുക) ഞാൻ അത് ചെയ്തു. ഞാൻ അതിനെക്കുറിച്ച് ഇത്ര ആഴത്തിൽ ചിന്തിച്ചിട്ടില്ല'' രൺദീപ് വിശദീകരിച്ചു.'ഗല്ലി ബോയ്' റിലീസ് ചെയ്ത സമയത്താണ് കങ്കണ ആലിയയുടെ അഭിനയത്തെ പരിഹസിച്ച് സംസാരിച്ചത്. ഗല്ലി ബോയിയിലെ ആലിയയുടെ പ്രകടനം സാധാരണ പ്രകടനം മാത്രമാണെന്നായിരുന്നു കങ്കണയുടെ പ്രതികരണം.

## കാർ രജിസ്ട്രേഷനായി ആർടിഒ ഓഫീസിൽ നേരിട്ടെത്തി ജൂനിയർ എൻടിആർ



ആരാധകരുടെ പ്രിയ താരമാണ് ജൂനിയർ എൻടിആർ. വെള്ളിത്തിരയിലായാലും പുറത്തായാലും താരം തന്റെ ഗ്ലാമർ കൊണ്ട് ആരാധകരുടെ ശ്രദ്ധ കീഴടക്കുന്നത് പുതിയ കാര്യമല്ല. ഇപ്പോൾ ഹൈദരാബാദിലെ ഖൈരതാബാദിലെ ഒരു ആർടിഒ ഓഫീസിൽ നടന്ന കണ്ട വാർത്തയാണ് വൈറൽ ആവുന്നത്. തന്റെ പുതിയ കാർ രജിസ്റ്റർ ചെയ്യാനായി ആണ് അദ്ദേഹം എത്തിയത് എന്നാണ് സൂചന.ക്ലാസിക് ബ്ലൂ ഡെനിം ജീൻസും കറുത്ത ലോംഗ് സ്ലീവ് ടീ-ഷർട്ടും ധരിച്ചാണ് താരം എത്തിയത്. അദ്ദേഹത്തിന്റെ സ്റ്റൈലിഷ് ഡാർക്ക് കളർ ഷെയ്ഡും താരത്തിന്റെ ലുക്ക് പൂർണമാക്കി. ആകർഷകമായ ബ്ലാക്ക് ആൻഡ് വൈറ്റ് സ്നീക്കറാണ് അദ്ദേഹം തന്റെ വേഷത്തിനൊപ്പം ധരിച്ചത്. താരത്തിന്റെ ചിത്രങ്ങൾ ഇതിനോടകം വൈറൽ ആണ്.

## ആദ്യ ഒഡീഷനിൽ തഴയപ്പെട്ടു; ഇന്ന് ആ നടി തെന്നിന്ത്യയിലെ താരറാണി



തെന്നിന്ത്യയിലെ സൂപ്പർ നായികയാണ് അനുഷ്ക ഷെട്ടി. ബ്രഹ്മാണ്ഡ ചിത്രം ബാഹുബലിയിൽ നായികയായതോടെ താരത്തിന്റെ സ്വീകാര്യത ഒന്നുകൂടി വർധിച്ചു. തെന്നിന്ത്യയിൽ ഇന്ന് ഏറ്റവും താരമൂല്യം ഉള്ള നായികമാരിൽ ഒരാളാണ് ഇന്ന് അനുഷ്ക. എന്നാൽ താരത്തിന്റെ ആദ്യ ഒഡീഷനിൽ താരം വിജയിച്ചില്ല എന്നും ചിത്രത്തിന്റെ നിർമ്മാതാവ് താരത്തെ തള്ളിക്കളയുകയായിരുന്നു എന്നുമാണ് റിപ്പോർട്ടുകളിൽ പറയുന്നത്.താരത്തിന്റെ ഇത്തരത്തിൽ ഓഡീഷൻ നൽകുന്ന സമയത്തെ ഒരു ഫോട്ടോഷൂട്ട് ചിത്രങ്ങളും വൈറൽ ആയിരുന്നു. ഒരു കന്നഡ ചിത്രത്തിന്റെ ഓഡീഷൻ ചിത്രങ്ങൾ ആണ് വൈറൽ ആയത്. അന്ന് സെലക്ട് ആയില്ലെങ്കിലും താരം തളർന്നില്ല. പിന്നീട് 2005 ഇത് കന്നഡ ചിത്രത്തിലൂടെ താരം ഉഗ്രൻ അരങ്ങേറ്റം ആണ് നടത്തിയത്.രാജമൗലിയുടെ വിക്രമുരുടു എന്ന ചിത്രമാണ് അനുഷ്കയ്ക്ക് വഴിത്തിരിവായത്. തുടർന്ന് സൂപ്പർ നായികയായ താരം ബാഹുബലിയുടെ ഇന്ത്യയിലെ തന്നെ ഏറ്റവും താരമൂല്യം ഉള്ള നായികയായി മാറി.



# 1.1 ബില്യൺ ആസ്തി; ഫോബ്സ് പട്ടികയിൽ ഇടം നേടി ടെയ്‌ലർ സ്വിഫ്റ്റ്

ഫോബ്സ് അടുത്തിടെ ആണ് ലോകത്തിലെ ഏറ്റവും ധനികരായ വ്യക്തികളുടെ പട്ടിക പുറത്തുവിട്ടത്. 813 ശതകോടീശ്വരന്മാരുമായി യുണൈറ്റഡ് സ്റ്റേറ്റ്സ് ആണ് പതിവ് പോലെ ഒന്നാം സ്ഥാനത്ത് എത്തിയത്. 406 കോടീശ്വരന്മാരുമായി ചൈനയാണ് രണ്ടാം സ്ഥാനത്ത്. 200 ശതകോടീശ്വരന്മാരുമായി ഇന്ത്യ മൂന്നാം സ്ഥാനം നിലനിർത്തി.തന്റെ കരിയറിന്റെ മികച്ച സമയത്ത് നിൽക്കുന്ന ടെയ്‌ലർ സ്വിഫ്റ്റ് 1.1 ബില്യൺ ഡോളറിന്റെ ആസ്തിയുമായി ആദ്യമായി ഈ പട്ടികയിൽ സ്ഥാനം പിടിച്ചു. ഏറ്റവും സമ്പന്നരായ 20 വ്യക്തികളിൽ 14 പേർ അമേരിക്കക്കാരാണ്. എട്ട് പേർ ആദ്യ പത്തിൽ ഇടം നേടിയിട്ടുണ്ട്. ആഗോളതലത്തിൽ ഏറ്റവും ധനികനായ വ്യക്തി ഫ്രഞ്ച് സംരംഭകനായ ബെർണാഡ് അർനോൾട്ടാണ്. ഡെൽ ടെക്നോളജീസിന്റെ സ്ഥാപകനായ മൈക്കൽ ഡെൽ തന്റെ സമ്പത്ത് 91 ബില്യൺ ഡോളറായി വർധിപ്പിച്ചു പട്ടികയിൽ പതിനാറാം സ്ഥാനം നേടി.അതേസമയം ചൈനയുടെ ശതകോടീശ്വരന്മാരുടെ എണ്ണം 496-ൽ നിന്ന് 406 ആയി ഇത്തവണ കുറഞ്ഞിട്ടുണ്ട് എന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്.

# അന്യസംസ്ഥാനക്രിമിനലുകളും കേരളത്തിലെ ക്വട്ടേഷൻ സംഘങ്ങളും ഭായി ഭായി?

കേരളാ വിൻഡോ

ഈ ആഴ്ചക്കുറിപ്പ് തയ്യാറാക്കുന്നതിനുമുമ്പേ ചാനലിൽ ഒന്നു പരതി. കോതമംഗലത്ത് ടിപ്പറിടിച്ച് പിതാവും മകളും മരിച്ചതായി വാർത്ത കണ്ടു. ട്രെയിനിൽ നിന്ന് ടി.ടി.ഇയെ തള്ളിയിട്ടു കൊന്നതിന്റെ ഫോളോഅപ്പ് ചാനലുകളിലുണ്ട്.

ഒപ്പം, കൊടുങ്ങല്ലൂർ തൃശൂർ റൂട്ടിലെ ശാസ്താ ബസ്സിലെ കണ്ടക്ടർ ഒരു യാത്രക്കാരനെ ബസ്സിൽ നിന്ന് ചവിട്ടിത്താഴെയിട്ട ശേഷവും മർദ്ദിക്കുന്ന വാർത്തയും ചിത്രവും മനോരമയിലുണ്ട്. ഒരു കടുവ കിണറ്റിൽ വീണു കിടക്കുന്ന വിഷ്വൽ ഏഷ്യാനെറ്റ് ന്യൂസിലുണ്ട്.

ചൂട് കലശലായതോടെ മനുഷ്യമനസുകളുടെ താളം തെറ്റുന്നുണ്ടോ? വന്യജീവികൾ അക്രമാസക്തരാകുന്നത് കാട്ടിലെ ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റമാണെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. ഇപ്പോൾ നാട്ടിലെ മനുഷ്യരും 'കിളി പോയ' അവസ്ഥയിലായോ?



### കാലം മാറിയത് അറിയണം നാം

ഇപ്പോഴും ടൂവീലറും ഫോർ വീലറുകളും ഡ്രൈവ് ചെയ്യുന്ന പ്രായമേറിയവർ റോഡ് മാറിപ്പോയത് അറിഞ്ഞില്ലെന്നു സംശയിക്കണം. സ്പീഡും ലഹരിയും റോഡ് മരണക്കെണി തീർക്കുകയാണ് ഇന്ന്. ടിപ്പർ ഓടിച്ചു വരുന്നവർ ആനപ്പുറത്തിരിക്കുന്ന ജാഡയോടെയാണ് നിരത്തിലിറങ്ങുന്നത്. 'വേണമെങ്കിൽ വഴി മാറിപ്പോടാ' എന്ന മട്ടിലുള്ള ബീഭത്സ രൂപമായി ടിപ്പർ ഓടിക്കുന്നവർ മാറുന്നുണ്ട്. 'മനഃപ്പൂർവമല്ലാത്ത നരഹത്യ' എന്ന സുന്ദരപദ പ്രയോഗം പലപ്പോഴും ഡ്രൈവിംഗിൽ അനാസ്ഥ കാണിക്കുന്നവർക്ക് തുണയായി മാറുന്നു.

മോട്ടർ വാഹന വകുപ്പിലും പൊലീസും ബസ്സുകാർക്കും ടിപ്പർ ലോറിക്കാർക്കും കുട പിടിക്കുമ്പോൾ, അവർ ആരെ പേടിക്കാൻ? മനുഷ്യ ജീവനുകൾക്ക് പുല്ലുവില കൽപ്പിക്കുന്ന ഭാരവാഹന ഡ്രൈവർമാർക്ക് പെറ്റിയടിക്കുന്ന കലാപരിപാടി മാത്രമേ ഇപ്പോൾ അധികൃതരുടെ ഭാഗത്തു നിന്നുള്ളു. തിരുവനന്തപുരത്ത് അപകടമുണ്ടാക്കിയ ടിപ്പറിന് 25ഓളം തവണ പെറ്റിയടിച്ചതായി വാർത്തയുണ്ടായിരുന്നു.

### വലിയൊരു കെണി മലയാളിയെ കാത്തിരിക്കുന്നു..

ധനവകുപ്പിന്റെ അനുമതി കൂടാതെ കേരളാ പൊലീസ് 47 കോടി രൂപ ചെലവഴിച്ചത് വിവാദമായിട്ടുണ്ട്. എന്നാൽ ക്രമസമാധാനരംഗത്ത് ഇങ്ങനെയൊരു അനുമതി തേടൽ ഉണ്ടാക്കുന്ന പുകിൽ ചില്ലറയല്ല. പൊലീസ് ഇത്തരം പ്രശ്നങ്ങളെ നേരിടുന്നത് ചില കുറുക്കു വഴികളിലൂടെയാണ്. അവർ പണം ചെലവാക്കേണ്ട കേസ് അന്വേഷണത്തിൽ നിന്ന് തൽക്കാലം പിന്നാക്കം പോകും. അങ്ങനെ വരുമ്പോൾ, ഒരു സ്ത്രീയെ തോട്ടിൽ ചവിട്ടിത്താഴ്ത്തി സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കിയ മുജീബ് റഹ്മാൻ എന്ന പ്രതിയെ പോലുള്ളവരുടെ മേൽ പൊലീസ് നടത്തേണ്ട നിരീക്ഷണം പൊലീസും 'സാ' മട്ടിലാക്കും. മുജീബ് റഹ്മാന്റെ പേരിൽ അൻപതോളം കേസുകളുണ്ടത്രെ. ഒരു വൃദ്ധയെ ബലാൽക്കാരം ചെയ്തു കവർച്ച നടത്തിയ കേസിൽ മുജീബ് നിയമത്തിന്റെ പിടിയിൽ നിന്ന് വഴുതിപ്പോയതെങ്ങനെയെന്നത് ഇപ്പോഴും ദുരൂഹതയാണ്.

കോതമംഗലത്തിനടുത്ത് വീട്ടിൽ ഒറ്റയ്ക്കായിരുന്ന വൃദ്ധയുടെ സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തു കൊലപ്പെടുത്തിയ കേസിലെ പോലീസ് അന്വേഷണം മലയാളികൾക്ക് ഒരു ഡെയിഞ്ചർ സിഗ്നൽ നൽകുന്നുണ്ട്. മലയാളികളും അന്യസംസ്ഥാനക്കാരും ഉൾപ്പെട്ട സംഘമാണോ ഈ അരും കൊല നടത്തിയെതെന്ന സംശയമാണ് പൊലീസിനുള്ളത്. ക്വട്ടേഷൻ വലിയ തുകയ്ക്കെടുത്ത്, അന്യസംസ്ഥാന ക്രിമിനലുകളെ ഉപയോഗിച്ച് കുറഞ്ഞ റേറ്റിന് നടപ്പാക്കുന്ന രീതി കേരളത്തിൽ ആരംഭിച്ചു കഴിഞ്ഞോ? മലയാളി മനസ്സല്ലേ, മാന്ത്രിക കുതിരപ്പുറമേറി പണമുണ്ടാക്കാൻ ഏതു വഴിയിലൂടെയും പാഞ്ഞെന്നു വരാം.

### പ്രഭാതസവാരി പലരും ഉപേക്ഷിച്ചു കഴിഞ്ഞുവോ?

കേരളത്തിൽ വാഹനാപകടങ്ങളെ ഭയന്നും, പേപ്പട്ടികളെ പേടിച്ചും പ്രഭാത നടത്തം പലരും ഒഴിവാക്കിത്തുടങ്ങി. ഇലക്ഷൻ രംഗം ചൂടുപിടിച്ചതോടെ പേപ്പട്ടിയ്ക്കെല്ലാം ഇന്ന് മാർക്കറ്റ് വാല്യൂ ഇല്ല. പകരം ഇ.ഡി, സി.എ.എ., ഐ.ടി. തുടങ്ങിയ ചുരുക്കപ്പേരുകളാണ് പ്രചാരണ യോഗങ്ങളിൽ പകിട പന്ത്രണ്ടായി രാഷ്ട്രീയക്കാർ വീശിയെറിയുന്നത്.

മന്ത്രിയായി എം.ബി. രാജേഷ് ചുമതലയേറ്റപ്പോൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുമെന്ന് ജനം പ്രതീക്ഷിച്ചിരുന്നു. എന്നാൽ, അവസാനം 'പവനായി ശവമായി' എന്ന മട്ടിൽ രാജേഷ് മന്ത്രി മറ്റ് മന്ത്രിമാരെ പോലെ തന്നെ ക്യാപ്ടന്റെ മുമ്പിൽ നാവടക്കി നിൽക്കുന്നതും പണിയെടുക്കാതിരിക്കുന്നതും നാം കണ്ടു. പേപ്പട്ടി പ്രശ്നത്തിൽ എത്രത്തോളം നിർവികാരത കാണിക്കുന്നുണ്ടെന്ന് സമീപകാല മാധ്യമ വാർത്തകളിലുണ്ട്. പ്രതിവർഷം ശരാശരി 1 ലക്ഷം പേർക്ക് പേപ്പട്ടികളുടെ കടിയേറ്റിട്ടും ഭരണകൂടം അനങ്ങുന്നതേയില്ല.

കാസർകോട് തൃക്കരിപ്പൂരിൽ അയൽവീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ഒന്നര വയസ്സുകാരനെ പേപ്പട്ടി കടിച്ചെടുത്തു കൊണ്ടുപോയത് ജനുവരി രണ്ടാം വാരത്തിലാണ്. കൊല്ലത്ത് കടയ്ക്കലിൽ അമ്പലത്തിൽ മുത്തശ്ശിയോടൊപ്പം തൊഴാൻ പോയ അഞ്ചു വയസ്സുകാരന്റെ ചെവിക്ക് കടിച്ച് മുറിവേൽപ്പിച്ചതാണ് മറ്റൊരു സംഭവം. പേപ്പട്ടികളെ നിയന്ത്രിക്കാന് നായ്ക്കളുടെ വന്ധ്യംകരണമാണ് ഏറ്റവും നല്ല മാർഗം. എല്ലാ ജില്ലകളിലും ആനിമൽ ബർത്ത് കൺട്രോൾ സെന്ററുകൾ (ഏ.ബി.സി) ആരംഭിക്കുമെന്ന സർക്കാർ വാഗ്ദാനം ഇപ്പോഴും കടലാസിൽ ഉറങ്ങുകയാണ്. ഏബിസി കേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്തിയതായി മന്ത്രി പറയുന്നുണ്ട്. പക്ഷെ സർക്കാർ നടപടി അവിടെ ഒതുങ്ങിനിൽക്കുന്നു. ഇതിനിടെ തെരുവു വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എടുക്കണമെന്ന ലക്ഷ്യത്തോടെ 2022ൽ ആരംഭിച്ച പദ്ധതിയും ഫലവത്തായില്ല.

സുപ്രീംകോടതി പോലും കേരളത്തിലെ തെരുവ് നായ്ക്കളെ സംബന്ധിച്ച വിഷയത്തിൽ ഇടപെട്ടിരുന്നു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം 2017ൽ ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. എണ്ണായിരത്തോളം പരാതികളാണ് കമ്മിറ്റിക്ക് ലഭിച്ചത്. കമ്മറ്റി പ്രഖ്യാപിക്കുന്ന നഷ്ട പരിഹാരം രണ്ടും മൂന്നും വർഷം കഴിയുമ്പോഴാണ് പരാതിക്കാർക്ക് ലഭിക്കുന്നത്. ഒരു പല്ലിന് 10,000 രൂപയെന്ന കണക്കിൽ നഷ്ടപരിഹാരം ലഭിക്കേണ്ടതാണെങ്കിലും ചുവപ്പുനാടയുണ്ടാക്കുന്ന പ്രശ്നങ്ങളിൽ പെട്ട് നഷ്ടപരിഹാരം പലപ്പോഴും ശുഷ്ക്കിച്ചു പോകുകയാണ് പതിവ്.

എന്തിനും ഏതിനും ലാഭം മാത്രമല്ല, കൊള്ള ലാഭമെന്ന മലയാളിയുടെ ചിന്ത ഇന്ന് വ്യാപകമാണ്. തട്ടിപ്പുകളുടെ നിഗൂഢ വഴികൾ കണ്ടെത്തുന്നതിൽ മലയാളി പലപ്പോഴും പരാജയപ്പെടുന്നു. 2023ൽ ഓൺലൈൻ പ്ലാറ്റ് ഫോമിൽ കേരളത്തിന് നഷ്ടമായത് 201.79 കോടിയാണ്. രാജ്യത്താകെ ഓൺലൈനിൽ നഷ്ടമായത് 7488.64 കോടിയാണ്. ഏറ്റവും കൂടുതൽ പണം നഷ്ടപ്പെട്ടത് മഹാരാഷ്ട്രയ്ക്കാണ് 990 കോടി. വർക്ക് ഫ്രം ഹോം അല്ല മലയാളിയെ കുടുക്കിയത്. പകരം വീട്ടിലിരുന്നും പണമുണ്ടാക്കാനുള്ള കുറുക്കു വഴികൾ തേടിയതാണ് മലയാളിക്ക് വിനയായത്.

### കണ്ണിൽ ചോരയില്ലാത്തവരോ ഭരണാധികാരികൾ?

കഴിഞ്ഞയാഴ്ച രണ്ട് ദയനീയ മുഖങ്ങൾ കേരളത്തിന്റെ ഉള്ളുലച്ചു. റിയാസ് മൗലവി കേസിൽ പ്രതികളെ വെറുതെ വിട്ട കോടതിക്കു മുന്നിൽ അലറിക്കരഞ്ഞ മൗലവിയുടെ ഭാര്യയുടെ മുഖമാണ് ഇതിൽ ഒന്ന്. രണ്ടാമത്തേത് കൊല്ലപ്പെട്ട സിദ്ധാർത്ഥന്റെ നാൽപ്പത്തിയൊന്നാം ചരമ ദിനത്തിൽ അമ്മ എം.ആർ. ഷീബ കുഴഞ്ഞു വീണു കിടക്കുന്ന രംഗം. ഈ രണ്ട് സംഭവങ്ങളിലും കുറ്റം ചെയ്തവരെ ഭരണകർത്താക്കൾ സംരക്ഷിച്ചുവെന്ന് പൊതുസമൂഹം സംശയിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അമ്മമാരുടെ കണ്ണുനീരു വീണ് നനയുന്ന ഈ കൊച്ചു കേരളം ഈ കൊടുംക്രൂരതകൾക്കെല്ലാം വലിയ വില കൊടുക്കേണ്ടിവരില്ലേ?

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വളരാൻ നിരപരാധരുടെ കണ്ണുനീർ മതിയെന്ന് കരുതരുത് ആരും. ചരിത്രം പഠിച്ചാൽ, അത്തരം കൊടും ക്രൂരതകൾക്ക് മാപ്പ് ലഭിച്ചതായി കാണാനാവില്ല.

### ആടുജീവിതവും ചില വിമർശനങ്ങളും

പൃഥ്വിരാജ് വിയർപ്പൊഴുക്കിയും പണം ചെലവഴിച്ചും നിർമ്മിച്ച ആടുജീവിതമെന്ന സിനിമയെ മറുനാടൻ ഷാജനും ഹരീഷ് പേരടിയുമെല്ലാം അതിക്രൂരമായി വിമർശിച്ചത് കണ്ടു. സോഷ്യൽ മീഡിയ ഒരു പ്രത്യേക ലോകമാണ്. എല്ലാവരും നല്ലതു പറയുന്നതുപോലെ ഒഴുക്കിനൊപ്പം നീങ്ങിയാൽ കാഴ്ചക്കാരെ കിട്ടില്ല.

എല്ലാവരും പറഞ്ഞതിനെതിരെ പറഞ്ഞാലേ സംഗതി വൈറലാകൂ. ഒരു നടന്റെയും സംവിധായകന്റെയും ത്യാഗവും കഷ്ടപ്പാടുമെല്ലാം 'ഗ്രാസ്' പോലെ അവഗണിക്കുന്നതും അവരെ 'ഭള്ള്' പറയുന്നതും ഒരു സ്റ്റൈലായിരിക്കാം. അവരോട് ദൈവം പൊറുക്കട്ടെ!

◗ ആന്റണിചടയംമുറി





# ട്രാപ്പ് ഹൗസിൽ ബൗട്ടിസ്റ്റക്കൊപ്പം വൻ താരനിര

ഗാർഡിയൻസ് ഓഫ് ഗാലക്സീസ്, ഡ്യൂൺ, സ്പെക്ടർ തുടങ്ങിയ ചിത്രങ്ങളിലൂടെ പ്രശസ്തനായ നടനാണ് ഡേവ് ബൗട്ടിസ്റ്റ . ഇപ്പോൾ ട്രാപ്പ് ഹൗസ് എന്ന പുതിയ ആക്ഷൻ ചിത്രത്തിലാണ് അദ്ദേഹം അഭിനയിക്കുന്നത്. ഇപ്പോൾ ബൗട്ടിസ്റ്റയോട് ഒപ്പം ചേരുന്ന അഭിനേതാക്കളുടെ ലിസ്റ്റ് പുറത്ത് വിട്ടിരിക്കുകയാണ്.അവതാർ: ദി വേ ഓഫ് വാട്ടർ നടൻ ജാക്ക് ചാമ്പ്യൻ ഐടി ഫെയിം സോഫിയ ലിലിസിനൊപ്പം ചിത്രത്തിൽ ചേരും. മെക്സിക്കൻ നടി കേറ്റ് ഡെൽ കാസ്റ്റിലോയും ചിത്രത്തിൽ പ്രത്യക്ഷപ്പെടും. ബെറ്റർ കോൾ സൗളിന്റെ ടോണി ഡാൽട്ടൺ, ഗോസിപ്പ് ഗേൾ ആലും വിറ്റ്നി പീക്ക്, ജുമാൻജി: വെൽക്കം ടു ദി ജംഗിളിൽ നിന്നുള്ള ബോബി കന്നാവെൽ എന്നിവരാണ് മറ്റ് അഭിനേതാക്കൾ ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് സ്രഷ്ടാക്കളായ ഗാരി സ്കോട്ട് തോംസണും ടോം ഒകോണറും ചേർന്നാണ് ട്രാപ് ഹൗസിന്റെ തിരക്കഥ എഴുതിയിരിക്കുന്നത്. ട്രാപ്പ് ഹൗസ് സംവിധാനം ചെയ്യുന്നത് മൈക്കൽ ഡൗസാണ്. മാർക്ക് ഗോൾഡ്ബെർഗ്, സിഗ്നേച്ചർ ഫിലിംസിന്റെ സാറാ ഗബ്രിയേൽ, മൈക്കൽ പ്രസ്, സ്കോട്ട് ഫ്രീ പ്രൊഡക്ഷൻസിന്റെ റെബേക്ക ഫ്യൂവർ എന്നിവർ ചിത്രം നിർമ്മിക്കും.




## ഫൈനൽ ഡെസ്റ്റിനേഷൻ ആറാം ഭാഗം ഒരുങ്ങുന്നു




ഏറെ ആരാധകരുള്ള ചിത്രമാണ് ഫൈനൽ ഡെസ്റ്റിനേഷൻ. ഫൈനൽ ഡെസ്റ്റിനേഷൻ പുതിയ ഭാഗം ഉണ്ടാണ് ആരംഭിക്കുമെന്ന് ക്രെയ്ഗ് പെറി നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ ചിത്രത്തിന്റെ ഏറ്റവും പുതിയ അപ്ഡേറ്റ് പുറത്തു വന്നിരിക്കുകയാണ്.അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം അനുസരിച്ചു ഫൈനൽ ഡെസ്റ്റിനേഷൻ ആറാം ഭാഗത്തിനായുള്ള പ്രധാന അഭിനേതാക്കളെ ന്യൂ ലൈൻ സിനിമ തീരുമാനിച്ചു എന്ന വിവരമാണ് പുറത്തു വരുന്നത്. ടിയോ ബ്രിയോൺസ്, ബ്രെക് ബാസിംഗർ, കെയ്റ്റ്ലിൻ സാന്താ ജുവാന, അന്ന ലോർ, റിച്ചാർഡ് ഹാർമോൺ, ഓവൻ പാട്രിക് ജോയ്നർ, മാക്സ് ലോയ്ഡ്-ജോൺസ്, ടിൻപോ ലീ, റിയ കിൽസ്റ്റെഡ് എന്നിവരാണ് ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ എന്നാണ് പുറത്തു വരുന്ന വിവരം.അതേസമയം ചിത്രത്തിന്റെ ഇതിവൃത്തത്തെക്കുറിച്ചുള്ള വിവരങ്ങളൊന്നും ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ നിർമ്മാണം വാൻകൂവറിൽ പുരോഗമിക്കുകയാണ്. ലോറി ഇവാൻസ് ടെയ്ലർ, ഗയ് ബുസിക്ക് എന്നിവരുടെ തിരക്കഥയിൽ ആദം ബി സ്റ്റെയ്നും സാക്ക് ലിപോവ്സ്കിയും ചേർന്നാണ് ചിത്രം സംവിധാനം ചെയ്യുന്നത്.

## തഗ് ലൈഫിൽ ജയം രവിക്ക് പകരം അരവിന്ദ് സ്വാമി എത്തും



മണിരത്നം-കമൽഹാസൻ ചിത്രം തഗ് ലൈഫിൽ നിന്ന് ദുൽഖറും ജയം രവിയും പിന്മാറി എന്ന റിപ്പോർട്ടുകളെത്തിയിരുന്നു. ദുൽഖറിന്റെ കഥാപാത്രത്തിലേക്ക് നടൻ സിമ്പുവിനെ പരിഗണിക്കുന്നുവെന്ന റിപ്പോർട്ടുകൾ വന്നിരുന്നു. ഇപ്പോഴിതാ ജയം രവിക്ക് പകരം അരവിന്ദ് സ്വാമി സിനിമയുടെ ഭാഗമാകുമെന്ന അപ്ഡേറ്റാണ് വന്നിരിക്കുന്നത്.മലയാളത്തിൽ നിന്ന് ഐശ്വര്യ ലക്ഷ്മി, ജോജു ജോർജ് തുടങ്ങിയവരും തഗ് ലൈഫിന്റെ ഭാഗമാകുന്നുണ്ട്. രാജ് കമൽ ഫിലിംസ് ഇന്റർനാഷണലും റെഡ് ജയന്റ് മൂവീസും ചേർന്നാണ് തഗ് ലൈഫ് നിർമ്മിക്കുന്നത്. തൃഷ, ഗൗതം കാർത്തിക് എന്നിവരും സിനിമയുടെ ഭാഗമാണ്.ഡേറ്റ് ക്ലാഷ് മൂലമാണ് ദുൽഖറും ജയം രവിയും സിനിമയിൽ നിന്ന് പിന്മാറിയത്. തഗ് ലൈഫ് വൈകുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നായി പറയുന്നത് ലോക്സഭാ തിരഞ്ഞെടുപ്പാണ്.

## റീ റിലീസിന് ഒരുങ്ങി കാർത്തിയുടെ പയ്യ



തമിഴ്നാട്ടിൽ രജനികാന്ത്, കമൽഹാസൻ, വിജയ്, സൂര്യ തുടങ്ങിയ താരങ്ങളുടെ വമ്പൻ വിജയ ചിത്രങ്ങൾ ഇപ്പോൾ റീ റിലീസ് ചെയ്യുകയാണ്. ആ കൂട്ടത്തിലേക്ക് കാർത്തിയുടെ സൂപ്പർഹിറ്റ് ചിത്രം പയ്യ യും റീ റിലീസിന് ഒരുങ്ങുന്നു. കാർത്തിയുടെ കരിയറിലെ ആദ്യ സൂപ്പർഹിറ്റായിരുന്നു പയ്യ. ലിങ്കുസാമി സംവിധാനം ചെയ്ത പയ്യ ഈ മാസം 11ന് റീ റിലീസ് ചെയ്യും. 2010 ഏപ്രിൽ രണ്ടിന് റിലീസ് ചെയ്ത സിനിമ ഇന്നലെ 14 വർഷങ്ങൾ പൂർത്തിയാക്കിയിരുന്നു. ലിങ്കുസാമി തന്നെ രചനയും നിർമ്മാണവും നിർവഹിച്ച സിനിമയിൽ തമന്നയായിരുന്നു നായികാ കഥാപാത്രത്തെ അവതരിപ്പിച്ചത്. മിലിന്ദ് സോമൻ, ജഗൻ, സോണിയ ദീപ്തി തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തി. സിനിമ പോലെ തന്നെ പയ്യയിലെ യുവൻ ശങ്കർ രാജ ഒരുക്കിയ ഗാനങ്ങൾ എല്ലാം ഹിറ്റുകളായിരുന്നു. ലിങ്കുസാമിയുടെ അഞ്ചാൻ എന്ന സിനിമയും റീ റിലീസിന് ഒരുങ്ങുന്നുണ്ട്. അഞ്ചാൻ റീ റിലീസിന്റെ ഔദ്യോഗിക പ്രഖ്യാപനം ഉടനുണ്ടാകുമെന്നാണ് ഇ ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്. ഇത് തമിഴകത്തെ വമ്പൻ റീ റിലീസുകളിൽ ഒന്നായിരിക്കും എന്നാണ് സൂചന. ഗ്യാങ്സ്റ്റർ ആക്ഷൻ ഡ്രാമയായിരുന്നു അഞ്ചാൻ.

## വിജയുടെ അവസാന ചിത്രം തമിഴിലെ ഈ സൂപ്പർ ഹിറ്റ് സംവിധായകനോടൊപ്പം



നടൻ വിജയ് യുടെ അവസാന ചിത്രം ഒരുക്കുന്നത് തമിഴിലെ സൂപ്പർ ഹിറ്റ് സംവിധായകൻ എച്ച്. വിനോദ് എന്ന് റിപ്പോർട്ട്. റിപ്പോർട്ട്പ്രകാരം സിനിമ ചർച്ചകൾ നടന്നെന്നും സംവിധായകന്റെ കഥയിൽ വിജയ് തൃപ്തനാണെന്നുമാണ്. എന്നാൽ ഇതുവരെ ഔദ്യോഗിക പ്രഖ്യാപനമുണ്ടായിട്ടില്ല.ഉടൻ തന്നെ വിജയ് ചിത്രം പ്രഖ്യാപിക്കുമെന്നാണ് വിവരം. വിജയ് യുടെ അവസാന ചിത്രത്തിനായി സംവിധായകരായ കാർത്തിക് സുബ്ബരാജ്, എച്ച് വിനോദ്, ആർ ജെ ബാലാജി തുടങ്ങിയവരുമായി ചർച്ചകൾ നടന്നിരുന്നു.ഇപ്പോൾ എച്ച്. വിനോദിന്റെ പേരാണ് ഉയർന്നു കേൾക്കുന്നത്. ഈ ചിത്രം മുഴുനീള പൊളിറ്റിക്കൽ ത്രില്ലറായിരിക്കുമെന്നാണ് റിപ്പോർട്ട്വെങ്കട് പ്രഭു സംവിധാനം ചെയ്യുന്ന ചിത്രമാണ് ഗോട്ടാണ് അണിയറയിൽ ഒരുങ്ങുന്ന വിജയ് ചിത്രം. വിജയ് ഡബിൾ റോളിൽ എത്തുന്ന ചിത്രത്തിൽ പ്രശാന്ത്, പ്രഭുദേവ, അജ്മൽ, മീനാക്ഷി ചൗധരി, സ്നേഹ, ലൈല, ജയറാം, പാർവതി നായർ, പ്രേംജി, വൈഭവ് എന്നിവരാണ് മറ്റു പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. യുവാൻ ശങ്കർ രാജയാണ് സംഗീത സംവിധാനം നിർവഹിക്കുന്നത്.ചിത്രമായ തുനിവാണ് ഏറ്റവും ഒടുവിൽ എച്ച്. വിനോദ് സംവിധാനം ചെയ്ത ചിത്രം. 2014ൽ മനോബാല നിർമ്മിച്ച സതുരംഗ വേട്ടൈയിലൂടെയാണ് കോളിവുഡിൽ അരങ്ങേറ്റം കുറിക്കുന്നത്. നേർകൊണ്ട പാർവൈ, വലിമൈ എന്നിവയാണ് മറ്റു ചിത്രങ്ങൾ.



# അല്ലു അർജ്ജുൻ അറ്റ്ലി ചിത്രത്തിൽ നായിക തൃഷ

ഇന്ത്യൻ സിനിമയിലെ ഹിറ്റുകളുടെ തമ്ബുരാക്കന്മാരാണ് സംവിധായകൻ ആറ്റ്ലീയും തെലുങ്കനടൻ അല്ലു അർജ്ജുനും. ഇതാദ്യമായി ഇരുവരും ഒന്നിക്കുന്നു. നായികയായി കേൾക്കുന്നത് നടി തൃഷയെയാണ്. അല്ലുഅർജ്ജുൻ ആറ്റ്ലീ കോംബോ പോലെ ആദ്യമായിട്ടാണ് തൃഷ അല്ലുവിവിന്റെ നായികയാകുന്നത്.ഒരു ഫ്രഷ് കോമ്പോ ആണ് ഇത്തവണ അറ്റ്ലി ആഗ്രഹിക്കുന്നത്. നിലവിൽ ടോപ് വൺ പൊസിഷനിൽ നിൽക്കുന്ന തൃഷ ഈ സിനിമയിൽ നായികയായാൽ അതൊരു ഫ്രഷ് കോമ്പോ തന്നെയായിരിക്കും എന്ന തീരുമാനത്തിൽ തൃഷയെ പരിഗണിച്ചതായും പറയപ്പെടുന്നു. പ്രോജക്റ്റിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവരേണ്ടതുണ്ട്. ആറ്റ്ലീ ചിത്രത്തിൽ സംവിധായകനും അഭിനേതാക്കൾക്കും പുറമേ, പ്രശസ്ത സംഗീതസംവിധായകൻ അനിരുദ്ധ് രവിചന്ദറാകും സിനിമയ്ക്ക് സംഗീതമൊരുക്കുക എന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.അടുത്തകാലത്തായി അനിരുദ്ധിന്റെ സംഗീതം സിനിമകളുടെ വിജയത്തിന്റെ അവിഭാജ്യഘടകമായി മാറിയിട്ടുണ്ട്. നിലവിൽ, അല്ലു അർജുൻ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന 'പുഷ്പ 2: ദ റൂൾ' തിരക്കിലാണ്. 2024 ഓഗസ്റ്റ് 15 ന് റിലീസ് ചെയ്യും. തൃഷ കൃഷ്ണൻ മെഗാസ്റ്റാർ ചിരഞ്ജീവിയ്ക്കൊപ്പം സോഷ്യോ ഫാന്റസി ചിത്രമായ 'വിശ്വംഭര'യിലും പ്രവർത്തിക്കുന്നു. 2025 ജനുവരി 10-ന് റിലീസ് ചെയ്യും. ഷാരൂഖ് ഖാൻ, നയൻതാര എന്നിവർക്കൊപ്പം അഭിനയിച്ച സൂപ്പർ ബ്ലോക്ക്ബസ്റ്റർ 'ജവാൻ' ആയിരുന്നു അറ്റ്ലിയുടെ അവസാന ചിത്രം.

## ബാരി അവ്റിച്ചിന്റെ ഡോക്യുമെന്ററി 'ബോൺ ഹംഗറി'യുടെ നിർമ്മാതാവായി പ്രിയങ്ക ചോപ്ര



പ്രിയങ്ക ചോപ്ര ജോനാസ് തന്റെ ഓരോ പ്രോജക്റ്റിലൂടെയും ലോകമെമ്പാടുമുള്ള പ്രേക്ഷകരെ പ്രചോദിപ്പിക്കുന്ന ഒരു താരമാണ്. ബാരി അവ്റിച്ചിന്റെ വരാനിരിക്കുന്ന ഡോക്യുമെന്ററിയായ 'ബോൺ ഹംഗ്രി'യ്ക്കായി പ്രിയങ്ക നിർമ്മാതാവിന്റെ വേഷം അണിയുന്നു എന്നാണ് ഇപ്പോൾ പുറത്തു വരുന്ന വിവരം. തന്റെ ഇൻസ്റ്റാഗ്രാമിലൂടെ താരം തന്നെയാണ് ഇക്കാര്യം ആരാധകരെ അറിയിച്ചത്.ഒരു സവിശേഷമായ കാഴ്ചപ്പാടിലൂടെ പ്രേക്ഷകരെ ആകർഷിക്കാൻ കഴിവുള്ള കഥകളുമായും ചലച്ചിത്ര നിർമ്മാതാക്കളുമായും ഒത്തുചേരാൻ ആണ് ഞങ്ങൾ എപ്പോഴും ശ്രമിക്കുന്നത് എന്നാണ് താരം കുറിച്ചത്. ബാരി അവ്റിച്ചിന്റെ പുതിയ ഫീച്ചർ ഡോക്യുമെന്ററി, 'ബോൺ ഹംഗറി' അത്തരത്തിൽ ഉള്ള ഒന്നാണ്. സാഷിന്റെ സഹിഷ്ണുതയുടെയും നിശ്ചയദാർഢ്യത്തിന്റെയും അവിശ്വസനീയമായ കഥ എന്നെ വളരെയധികം ആകർഷിച്ചു, മാത്രമല്ല ഇത് വളരെ സെൻസിറ്റീവായ ഒരു കഥയുടെ അതിശയകരമായ ചിത്രീകരണമാണ്, ഈ കഥ നിങ്ങളുമായി പങ്കിടാൻ ഞങ്ങൾക്ക് കാത്തിരിക്കാനാവില്ല' എന്നും താരം ഇൻസ്റ്റാഗ്രാമിൽ കുറിച്ചു.

## ആഗോള ഹിറ്റായി മഹേഷ് ബാബുവിന്റെ 'കുർച്ചി മാടത്ത പെട്ടി'




മഹേഷ് ബാബുവിന്റെ ഗുണ്ടൂർകാരം ചിത്രത്തിലെ 'കുർച്ചി മാടത്ത പെട്ടി' എന്ന ഹിറ്റ് ഗാനം കുറച്ച് നാളുകളായി ആരാധകരുടെ മനം കവരുകയാണ്. ഗാനം ഇതിനകം തന്നെ യൂടൂബിൽ ട്രെൻഡിങ് ആണ്. ഇപ്പോഴിതാ എൻബിഎ ഗെയിമിലും പാട്ട് ഹിറ്റായിരിക്കുകയാണ്. ഗെയിമിന്റെ ഹാഫ് ടൈമിൽ പാട്ട് പ്ലേ ചെയ്യുകയായിരുന്നു, ഇതിന്റെ വീഡിയോ ഇപ്പോൾ എക്സിൽ പ്രചരിക്കുന്നുണ്ട്.സംഗീത സംവിധായകൻ തമൻ ഒരുക്കിയ കുറിച്ചി മാടത്ത പെട്ടി ഭാഷാ അതിർവരമ്പുകൾ മറികടന്ന് രാജ്യത്തുടനീളം ട്രെൻഡിംഗ് ഹിറ്റായി മാറി. മഹേഷ് ബാബു, ഷംന കാസിം (പൂർണ), ശ്രീലീല എന്നിവരുടെ നൃത്തച്ചുവടുകൾ പാട്ടിനെ ഗംഭീരമാക്കി.ഇൻസ്റ്റാഗ്രാം, ടിക് ടോക്ക് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ ഈ ഗാനം അതിവേഗം അന്താരാഷ്ട്ര അംഗീകാരം നേടി, അതിർത്തികൾക്കപ്പുറത്ത് വ്യാപകമായ ജനപ്രീതി നേടി.ഒരു മാസം മുമ്പ് യൂട്യൂബിൽ അപ്‌ലോഡ് ചെയ്ത ഈ ഗാനം ഇതിനകം തന്നെ 15 കോടിയിലധികം കാഴ്ചകൾ നേടിക്കഴിഞ്ഞു.

## കുറുപ്പിന്റെ കളക്ഷൻ മറികടന്ന് ആടുജീവിതം







ആടുജീവിതം വൻ ഹിറ്റിലേക്ക് കുതിക്കുകയാണ്. ദുൽഖർ നായകനായ കുറുപ്പിന്റെ ലൈഫ്ടൈം കളക്ഷൻ ആടുജീവിതം മറികടന്നിരിക്കുകയാണ്. ആടുജീവിതത്തിന്റെ നേട്ടം വെറും ആറ് ദിവസം കൊണ്ടാണ് എന്നതും പ്രാധാന്യം അർഹിക്കുന്നുവെന്ന് സിനിമാ ട്രേഡ് അനലിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നു.ദുൽഖറിന്റെ കുറുപ്പ് ആകെ 81 കോടി രൂപയായിരുന്നു നേടിയത് ബോക്സ് ഓഫീസ് കളക്ഷൻ റിപ്പോർട്ടിൽ നിന്ന് മനസിലാകുന്നത്. ഇതുവരെയായി പൃഥ്വിരാജിന്റെ ആടുജീവിതം 82 കോടി രൂപയിൽ അധികം നേടിയെന്നുമാണ് പുതിയ കളക്ഷൻ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നത്. ആടുജീവിതത്തിന്റെ ബജറ്റും ഏകദേശം 82 കോടി രൂപയായിരുന്നു. നിലവിലെ സൂചനകൾ മലയാളത്തിന്റെ എക്കാലത്തെയും കളക്ഷൻ റെക്കോർഡ് പൃഥ്വിരാജിന്റെ പേരിലെത്തുമോയെന്ന ആകാംക്ഷയുണ്ടാക്കുന്നതുമാണ്. മലയാളത്തിൽ നിന്ന് വേഗത്തിൽ 50 കോടി ക്ലബിലെത്തി എന്ന റെക്കോർഡും ആടുജീവിതത്തിനാണെന്നത് ചിത്രത്തിന്റെ വമ്പൻ വിജയത്തെ സൂചിപ്പിക്കുന്നതാണ്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

111

| | |
|---|---|
| Movie | Muttathe Mulla (1977) |
| Director | Sasikumar |
| Lyrics | Pappanamkodu Lakshmanan |
| Music | V Dakshinamoorthy |
| Singer | KJ Yesudas |

മനം പോലെയാണോ മംഗല്യം
ആ മംഗല്യമാണോ സൌഭാഗ്യം
ഉടഞ്ഞ മനസ്സുകളിൽ
ഉറങ്ങാത്ത കണ്ണുകളിൽ
ഉത്തരമുണ്ടെങ്കിൽ പറയൂ
നിങ്ങൾക്കുത്തരമുണ്ടെങ്കിൽ പറയൂ
നിങ്ങൾ പറയൂ

പൂത്താലി ചരടിൽ കോർത്താൽ നിൽക്കുമോ
ചേർച്ചകൾ ഇല്ലാത്ത ഹൃദയങ്ങളെ
മംഗളം നേർന്നവരേ മാനം കാത്തവരേ
മനസ്സാക്ഷി യുണ്ടെങ്കിൽ പറയൂ
നിങ്ങൾക്ക് മനസ്സാക്ഷിയുണ്ടെങ്കിൽ പറയൂ




മലർമെത്ത നനഞ്ഞത് പനിനീരിലോ
നവവധു തൂകിയ മിഴിനീരിലോ
ആദ്യത്തെ രാത്രിയല്ലേ
അരികത്തു പ്രിയനെവിടെ
ആരുടെ തെറ്റെന്നു പറയൂ
ഇതാരുടെ തെറ്റെന്നു പറയൂ
(മനം പോലെ)

ഡൽഹി ഡെർബാർ

# കച്ചത്തീവ് ദ്വീപ് വിഷയം ബി.ജെ.പിക്ക് ബൂമറാങ്ങായി മാറുമോ..?




1971ലെ പാക്ക് യുദ്ധക്കാലത്ത് പാകിസ്ഥാന്റെ സൈനീക വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനും മറ്റും സിലോൺ സൗകര്യം നൽകിയത് ഇന്ത്യക്ക് കടുത്ത തലവേദനയായി. സിലോണിനെ ഇന്ത്യൻ പക്ഷത്തു നിർത്തേണ്ടത് ഇന്ത്യയുടെ ഭാവി സുരക്ഷയ്ക്ക് ആവശ്യമാണെന്ന് ഇന്ദിരാഗാന്ധി സർക്കാരിന് ബോധ്യമായി. സ്വതന്ത്രയെങ്കിലും അതുവരെ ബ്രിട്ടീഷ് ഡൊമിനിയനിലായിരുന്ന സിലോൺ 1972ൽ ശ്രീലങ്ക എന്ന പുതിയ പേരിൽ റിപ്പബ്ലിക്കായ സമയത്ത്, ആ ലക്ഷ്യത്തോടെ നടത്തിയ ചർച്ചകളിലാണ് 1922 കാലത്തെ ധാരണ സമുദ്രാതിർത്തി ഉടമ്പടിയായി കച്ചത്തീവ് വിഷയം മാറിയത്.

കച്ചത്തീവിനെചൊല്ലിപ്രധാനമന്ത്രിനരേന്ദ്രമോദി കൊളുത്തിവിട്ട വിവാദം ബൂമറാങ്ങാവുകയാണോ..? നയതന്ത്ര വിദഗ്ധർ തന്നെ മുന്നറിയിപ്പുനൽകുന്നത് അങ്ങിനെയാണ്. കച്ചത്തീവ് വിഷയം അന്താരാഷ്ട്രതലത്തിൽചർച്ചയാക്കുന്നത്രാജ്യത്തിന്ദോഷംചെയ്യുമെന്നാണ്മുൻവിദേശകാര്യ സെക്രട്ടറിമാരുടെയും നിലപാട്. വിവിധ രാജ്യങ്ങളിൽ ഇന്ത്യയുടെ വിദേശ കാര്യ സെക്രട്ടറിമാരായി പ്രവർത്തിച്ചിട്ടുള്ള ശിവശങ്കർ മേനോൻ, നിരുപമ റാവു എന്നിവരും മുൻ ഹൈക്കമ്മീഷണർ അശോക് കാന്തയുമാണ് വിഷയത്തിൽ പ്രതികരിച്ചിട്ടുള്ളത്. കച്ചത്തീവ് വിഷയം രാഷ്ട്രീയ പ്രചാരണ വിഷയമാക്കിയാൽ സെൽഫ് ഗോളാകുമെന്ന് ശിവശങ്കർ മേനോൻ ചൂണ്ടിക്കാട്ടുന്നു. വിഷയം വിവാദമാക്കുന്നത് ശ്രീലങ്കയുമായുള്ള ബന്ധത്തെ ബാധിക്കുമെന്ന് നിരുപമ റാവുവും വ്യക്തമാക്കി. സർക്കാരുകൾ മാറുന്നതിന് അനുസരിച്ച് നയതന്ത്ര നിലപാടുകൾ മാറ്റുന്നത് രാജ്യത്തിന് നല്ലതല്ലെന്നാണ് അശോക് കാന്തയുടെ അഭിപ്രായം.

കച്ചത്തീവ് ദ്വീപ് ശ്രീലങ്കയ്ക്ക് നൽകിയതാര്? നെഹ്റു പ്രധാനമന്ത്രി ആയിരുന്ന നാളുകളിൽ അദ്ദേഹത്തിന് കച്ചത്തീവിൽ യാതൊരു താല്പര്യവും ഉണ്ടായിരുന്നില്ല എന്നും ഇന്ദിരാഗാന്ധി രാജ്യതാല്പര്യം നോക്കാതെ 1974ൽ ശ്രീലങ്കയ്ക്ക് വിട്ടുകൊടുക്കുകയുമായിരുന്നു എന്നാണ് ഇപ്പോഴത്തെ ആരോപണം. സത്യത്തിൽ 1921ൽ തന്നെ മിക്കാവാറും ധാരണയിലെത്തിയിരുന്ന സമുദ്രാതിർത്തി 1974ൽ അംഗീകരിക്കുക മാത്രമാണുണ്ടായത്.

## എന്താണ് കച്ചത്തീവ് വിഷയം?

രാമേശ്വരത്തിനു സമീപം ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടയിൽ പാക് കടലിടുക്കിൽ സ്ഥിതിചെയ്യുന്ന 285 ഏക്കർ വിസ്തൃതിയുള്ള ഒരു ചെറുദ്വീപാണ് കച്ചത്തീവ്. 1.6 കിലോമീറ്റർ നീളവും 300 മീറ്ററിലധികം വീതിയുമുള്ള ഈ ചെറു ദ്വീപ് അഗ്നിപർവത സ്ഫോടനത്തെത്തുടർന്ന് പതിനാലാം നൂറ്റാണ്ടിലാണ് രൂപപ്പെട്ടതെന്ന് വിശ്വസിക്കുന്നു. ഇന്ത്യൻ തീരത്ത് നിന്ന് 20 കിലോമീറ്റർ അകലെയും വടക്കൻ ശ്രീലങ്കയുടെ പ്രധാന നഗരങ്ങളിലൊന്നായ ജാഫ്നയിൽ നിന്ന് 62 കിലോമീറ്റർ തെക്ക് പടിഞ്ഞാറുമായിട്ടാണ് കച്ചത്തീവ് സ്ഥിതി ചെയ്യുന്നത്. ജനവാസമില്ലാത്ത ഈ ദ്വീപിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്ഥാപിതമായ ഒരു ക്രിസ്ത്യൻ പള്ളി മാത്രമാണ് ഇപ്പോഴുള്ളത്. നിലവിൽ ശ്രീലങ്കൻ അധീനതയിലുള്ള ദ്വീപിൽ ഓരോ വർഷവും നടക്കുന്ന തിരുന്നാൾ ദിനങ്ങളിൽ മാത്രമാണ് ഇവിടെക്ക് ജനങ്ങൾക്ക് പ്രവേശനമുള്ളത്. ബാക്കി ദിനങ്ങളിൽ ആളൊഴിഞ്ഞ ഒരു തുരുത്ത് മാത്രമാണ് ഈ ദ്വീപ്.

മധ്യകാലഘട്ടത്തിന്റെ തുടക്കത്തിൽ ശ്രീലങ്കയിലെഅന്നത്തെജാഫ്നരാജവംശത്തിന്റെ അധീനതയിലായിരുന്നു ഈ ദ്വീപ്. എന്നാൽ പതിനേഴാം നൂറ്റാണ്ടിൽ ഇത് ഇന്ത്യയിലെ രാമനാഥപുരം ആസ്ഥാനമായുള്ള രാമനാട് രാജ്യത്തിന് കൈമാറുകയായിരുന്നു. രാമനാട് രാജാവിന്റെ ഭരണകാലത്ത് ഈ ദ്വീപിൽ നിന്ന് ഔഷധച്ചെടികളും മറ്റും ശേഖരിക്കാൻ ജാഫ്ന നിവാസികൾക്ക് പാട്ടക്കരാർ നൽകിയിരുന്നു. പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി. സമുദ്ര മത്സ്യബന്ധന അതിരുകൾ നിർണയിക്കാൻ 1921 മുതൽ ഇന്ത്യയും അത്പോലെ അന്ന് ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലുണ്ടായിരുന്ന ശ്രീലങ്കയും തമ്മിൽ 1921 മുതൽ ഈ ദ്വീപിന്മേൽ അവകാശത്തർക്കം തുടങ്ങിയിരുന്നു. വർഷങ്ങളോളംഈതർക്കം നീണ്ടു നിൽക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണകാലത്ത് ഉദ്യോഗസ്ഥർ നടത്തിയ സർവേയിൽ കച്ചത്തീവ് ശ്രീലങ്കയുടെ ഭാഗമായി അടയാളപ്പെടുത്തിയിരുന്നു, എന്നാൽ ഇന്ത്യയിൽ നിന്നുള്ള ഒരു സംഘം ബ്രിട്ടീഷ് പ്രതിനിധികൾ രാമനാട് രാജ്യത്തിനാണ് യഥാർത്ഥ ഉടമസ്ഥാവകാശം എന്ന് കാണിച്ച് ഈ തീരുമാനത്തെ എതിർക്കുകയായിരുന്നു. ഇരു രാജ്യങ്ങളും സ്വതന്ത്രമായ ശേഷവും ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം തുടർന്നു. 1956ൽ അന്നത്തെ ശ്രീലങ്കൻ സർക്കാർ കച്ചത്തീവിനു മേൽ അവകാശമുന്നയിച്ചു. 1968ൽ ഇന്ത്യയും ശ്രീലങ്കയും സമുദ്രാതിർത്തി നിർണയിച്ചപ്പോൾ അവകാശത്തർക്കം രൂക്ഷമായി. 1971ലെ പാക്ക് യുദ്ധകാലത്ത് അമേരിക്കൻ സമ്മർദ്ദത്തിനു വഴങ്ങിപാകിസ്ഥാന്റെസൈനീക വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനും മറ്റും സിലോൺ സൗകര്യം നൽകിയത് ഇന്ത്യക്ക് കടുത്ത തലവേദനയായി. സിലോണിനെ ഇന്ത്യൻ പക്ഷത്തു നിർത്തേണ്ടത് ഇന്ത്യയുടെ ഭാവി സുരക്ഷയ്ക്ക് ആവശ്യമാണെന്ന് ഇന്ദിരാഗാന്ധി സർക്കാരിന് ബോധ്യമായി. സ്വതന്ത്രയെങ്കിലും അതുവരെ ബ്രിട്ടീഷ് ഡൊമിനിയനിലായിരുന്ന സിലോൺ 1972ൽ ശ്രീലങ്ക എന്ന പുതിയ പേരിൽ റിപ്പബ്ലിക്കായ സമയത്ത്, ആ ലക്ഷ്യത്തോടെ നടത്തിയ ചർച്ചകളിലാണ് 1922 കാലത്തെ ധാരണ സമുദ്രാതിർത്തി ഉടമ്പടിയായിത്തീർന്നത്. ഇതൊപ്പിട്ടത് 1974ലും. ശ്രീലങ്കയുടെ പരമാധികാര പ്രദേശമായി അംഗീകരിക്കുമ്പോഴും ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾക്ക് വല ഉണക്കാനും, വിശ്രമിക്കാനും അവകാശമുണ്ടായിരിക്കുമെന്ന് ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

1974 ജൂലൈ എട്ടിനാണ് ഇന്ദിരാ ഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രിയായിരിക്കെ ഇന്ത്യക്കും ശ്രീലങ്കയ്ക്കുമിടയിലെ സമുദ്രാതിർത്തി നിർണയിക്കുന്ന കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവക്കുന്നത്. ഇതോടെ കച്ചത്തീവ് ഔദ്യോഗികമായി ശ്രീലങ്കയുടെ ഭാഗമാകുകയായിരുന്നു.

കരാറിലെ വ്യവസ്ഥയനുസരിച്ച് തീർഥാടനത്തിനും മൽസ്യബന്ധനത്തിനുമായി ഇന്ത്യൻ പൗരന്മാർക്ക് പ്രത്യേക അനുമതി ഇല്ലാതെ തന്നെ ദ്വീപിലേക്ക് പ്രവേശിക്കാം. ഇത്തരമൊരു വ്യവസ്ഥ നിലനിന്നിരുന്നെങ്കിലും ഇന്ത്യയിൽ നിന്നുള്ള തമിഴ് മത്സ്യത്തൊഴിലാളികൾക്ക് നേരെ ലങ്കൻ നാവികസേന സമുദ്രാതിർത്തി ലംഘിച്ചുവെന്ന് ആരോപിച്ച് നിരന്തര ആക്രമണം നടത്തിവന്ന സാഹചര്യത്തിൽ പണ്ട് മുതൽക്കേ തമിഴ്നാട് രാഷ്ട്രീയത്തിൽ പ്രധാന ചർച്ചാവിഷയമായിരുന്നു കച്ചത്തീവ് വിഷയം.

1974ലെ ഉടമ്പടിക്ക് പാർലമെന്റിന്റെ അംഗീകാരം ഇല്ലെന്നും കരാർ റദ്ദാക്കണമെന്നും കച്ചത്തീവ് വീണ്ടെടുക്കണമെന്നും ആവശ്യപ്പെട്ട് 2013ൽ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി ജയലളിത കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഇടപെടാനാകില്ലെന്നും പാർലമെന്റിൽ ഉന്നയിക്കാനുമാണ് കോടതി ആവശ്യപ്പെട്ടത്.

തമിഴ്നാട്ബി.ജെ.പിഘടകംഅധ്യക്ഷൻ കെ. അണ്ണാമലൈ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ എങ്ങനെയാണ് കച്ചത്തീവ് ദ്വീപ് ശ്രീലങ്കയ്ക്ക് കൈമാറിയതെന്നറിയാൻ വിവരാവകാശ നിയമം അനുസരിച്ച് അപേക്ഷ നൽകിയിരുന്നു. അണ്ണാമലൈയ്ക്ക് ലഭിച്ച വിവരാവകാശ രേഖകൾ ദി ഇന്ത്യൻ എക്സ്പ്രസ്സ് പത്രം പുറത്തുവിട്ടതോടെയാണ് ലങ്കയിലെ ആളൊഴിഞ്ഞ ഈ ദ്വീപ് വീണ്ടും ഇന്ത്യൻ രാഷ്ട്രീയത്തിൽ കത്തിക്കയറാൻ തുടങ്ങിയത്.

1961ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഒരു യോഗത്തിൽ കച്ചത്തീവ് ശ്രീലങ്കയ്ക്ക് വിട്ടുകൊടുക്കുന്നതിൽ പ്രശ്നമില്ലെന്ന് പറഞ്ഞതായി വിവരാവകാശ രേഘകളിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. നെഹ്റു ഈ വിഷയം അപ്രസക്തമായി തള്ളിക്കളഞ്ഞതായും റിപ്പോർട്ടിൽ പറയുന്നു.

റിപ്പോർട്ട് പ്രകാരം ഇരുരാജ്യങ്ങളും തമ്മിലുള്ള കരാർ ഒപ്പിടുന്നതിന് മുൻപ്, 1974 ജൂണിൽ അന്നത്തെ വിദേശകാര്യ സെക്രട്ടറി കേവൽ സിംഗ് അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി എം. കരുണാനിധിയെ കച്ചത്തീവ് കൈമാറാനുള്ള തീരുമാനം അറിയിച്ചു. രാമനാട് രാജാവിന്റെ ജമീന്ദാരി അവകാശങ്ങളെക്കുറിച്ചും കച്ചത്തീവ് കൈവശം വച്ചിരിക്കുന്നുവെന്ന അവകാശവാദം തെളിയിക്കുന്നതിനുള്ള തെളിവുകൾ കാണിക്കുന്നതിൽ ശ്രീലങ്കയുടെ പരാജയത്തെക്കുറിച്ചും സിംഗ് പരാമർശിച്ചിരുന്നു. ഇന്ത്യയേക്കാൾ കൂടുതൽ കച്ചത്തീവിൽ ശ്രീലങ്കയ്ക്ക് വളരെ ദൃഢമായ നിലപാടാണുള്ളതെന്നും കേവൽ സിംഗ് വ്യക്തമാക്കിയിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലഘട്ടത്തിൽ സിലോൺ എന്ന് വിളിക്കപ്പെട്ടിരുന്ന ശ്രീലങ്ക, 1925 മുതൽ ഇന്ത്യയുടെ എതിർപ്പുകളില്ലാതെ കച്ചത്തീവിന്റെ പരമാധികാരം ഉറപ്പിക്കുകയായിരുന്നു. സർക്കാരിന്റെ ഈ തീരുമാനത്തിനെതിരെ പ്രതിപക്ഷം അന്ന് പ്രതിഷേധ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും കച്ചത്തീവ് എന്ന ആ ചെറുദ്വീപ് വിട്ടുനൽകുകയായിരുന്നു എന്നാണ് റിപ്പോർട്ടിൽ അവകാശപ്പെടുന്നത്.

ഇതാദ്യമായല്ല നരേന്ദ്ര മോദി കച്ചത്തീവ് വിഷയം ഉയർത്തുന്നത്. 'ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ' കച്ചത്തീവ് കോൺഗ്രസ് ശ്രീലങ്കയ്ക്ക് നിർലോഭമായി വിട്ടുകൊടുത്തുവെന്ന് കഴിഞ്ഞ വർഷവും മോദി പാർലമെന്റിൽ വിമർശിച്ചിരുന്നു. കോൺഗ്രസിന്റെ ചരിത്രമെല്ലാം രാജ്യത്തെ വിഭജിക്കുന്നതാണെന്നും മോദി ലോക്സഭയിൽ ആക്ഷേപം ചൊരിഞ്ഞിരുന്നു.

ഡി.എം.കെയിൽ നിന്നുള്ളവരും തമിഴ്നാട് സർക്കാരും മുഖ്യമന്ത്രിയും നിരന്തരം കച്ചത്തീവ് വീണ്ടെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മോദി വ്യക്തമാക്കിയിരുന്നു.

ഡി.എം.കെ മാത്രമല്ല, തമിഴ്നാട്ടിലെ മറ്റ് രാഷ്ട്രീയ പാർട്ടികളും 1974ലെ കരാർ പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ദീർഘകാലമായി ആവശ്യപ്പെട്ടിരുന്നു. തമിഴ് മത്സ്യത്തൊഴിലാളികൾക്ക് നേരെ ശ്രീലങ്കൻ നാവികസേന നടത്തുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കാൻ ഇതാണ് ഏക മാർഗമെന്നാണ് പാർട്ടികൾ അവകാശവാദം ഉന്നയിക്കുന്നത്. തമിഴ്നാട്ടിലെ പ്രതിപക്ഷമായ അണ്ണാ ഡിഎംകെ ലോക്സഭാ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ മുന്നോട്ടുവെച്ച വാഗ്ദാനങ്ങളിൽ ഒന്നാണ് ശ്രീലങ്കയിൽ നിന്ന് കച്ചത്തീവ് വീണ്ടെടുക്കുന്നത്.

എന്നാൽ താൽക്കാലിക രാഷ്ട്രീയ നേട്ടത്തിന് നയതന്ത്ര നിലപാടുകൾക്ക് തുരങ്കം വയ്ക്കുന്ന നടപടികൾ സ്വീകരിക്കരുത് എന്നാണ് വിഷയത്തിൽ കോൺഗ്രസ് മോദിക്ക് നൽകുന്ന മറുപടി. കച്ചത്തീവ് രാഷ്ട്രീയ നേട്ടത്തിനായി ഇന്ദിരാ ഗാന്ധി വിട്ടു നൽകി എന്ന് വിഡ്ഢികൾ മാത്രമേ വിശ്വസിക്കൂ എന്ന് കോൺഗ്രസ് നേതാവ് മനീഷ് തിവാരി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രൽ ബോണ്ട്പോലുള്ള നാണക്കേടിൽ നിന്നും ശ്രദ്ധ തിരിക്കാൻ മോദി നടത്തുന്ന ശ്രമം ഇന്ത്യയുടെ നയതന്ത്ര നിലപാടിന് തന്നെ കനത്ത തിരിച്ചടിയാകുമോ എന്ന് ചിന്തിക്കുന്ന നയതന്ത്ര വിദഗ്ധരാണേറെയും.

*എമ എൽസ എൽവിൻ*

# ഭൂമിയ്ക്കും സമയ ദോഷം...!

കാലാവസ്ഥാ വ്യതിയാനം ഭൂമിയുടെ വരെ താളം തെറ്റിച്ചെന്നാണ് റിപ്പോർട്ട്. അത് സൂര്യനെ ചുറ്റിവരാൻ 24 മണിക്കൂർ വേണമെന്ന ശാസ്ത്രലോകത്തിന്റെ സിദ്ധാന്തം തന്നെ തെറ്റിക്കുകയും ചെയ്തു. മഞ്ഞുരുകൽ ശക്തമായിരിക്കുകയാണ്. ഇതേത്തുടർന്ന് ഭൂമിയുടെ അച്ചുതണ്ടിലെ കറക്കത്തിന്റെ വേഗം വരെ കുറഞ്ഞിരിക്കുകയാണ്. ഇതുകൊണ്ട് സംഭവിക്കാൻ പോകുന്നത് നമ്മൾ സമയം കണക്കാക്കുന്ന രീതി വരെ മാറ്റേണ്ടി വരുമെന്നതാണ്.

2022 ജൂലൈ 29നാണ് പതിവിന് വിപരീതമായി 24 മണിക്കൂറിൽ താഴെ സമയത്തിൽ ഭൂമി 'ചുറ്റിക്കറങ്ങി'യെത്തിയത്. അന്നേദിവസം ഭ്രമണ സമയമായ 24 മണിക്കൂറിൽ 1.59 മില്ലി സെക്കൻഡ് കുറവിലാണ് ഭൂമി ഭ്രമണം പൂർത്തിയാക്കിയത്. ഇതോടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യം കുറഞ്ഞ ദിനമായി ജൂലൈ 29 മാറുകയും ചെയ്തു. ഭൂമിയുടെ ഭ്രമണവേഗം സൂക്ഷ്മമായി നിരീക്ഷിക്കുന്ന അറ്റോമിക് ക്ലോക്കാണ് സഞ്ചാരവേഗത്തിലുണ്ടായ ഈ വ്യത്യാസങ്ങൾ കണ്ടെത്തിയത്.

ഭൂമിയുടെ കറക്കത്തിന്റെ വേഗം കുറയുമ്പോൾ സ്വാഭാവികമായും അത് സമയത്തിനൊത്ത് പോകില്ലെന്നാണ് ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നത്. മഞ്ഞുപാളികൾ ഉരുകുന്നതിന്റെ ഉപഗ്രഹ ചിത്രങ്ങളും ശാസ്ത്രജ്ഞർക്ക് ലഭ്യമായിട്ടുണ്ട്. ഈ പ്രക്രിയ വളരെ വലിയ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുകയെന്നും വിദഗ്ധർ പറയുന്നു.

സാധാരണ മഞ്ഞുപാളികൾ ഉരുകുമ്പോൾ അത് സമുദ്രത്തിൽ ലയിച്ച് പോവുകയാണ് ചെയ്യാറുള്ളത്. ഈ സമയം നമ്മുടെ ഗ്രഹത്തിന്റെ മധ്യഭാഗം കൂടുതൽ ഭാരമേറിയതാവും. അത് ഭൂമിയുടെ കറക്കത്തെ പതിയെയാക്കും. ഈ സാഹര്യത്തിൽ നമ്മുടെ സമയം ലോകത്താകെ മാറും. പുതിയ സമയത്തിന് അനുസരിച്ച് നമ്മൾ അഡ്ജസ്റ്റ് ചെയ്യേണ്ടി വരും.

ഉപഗ്രഹങ്ങൾ, കമ്പ്യൂട്ടറുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള എല്ലാത്തിനെയും അത് ബാധിക്കും. കാരരണം ഇവയെല്ലാം സമയത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതാണ്. ഓരോ സെക്കൻഡും അവർക്ക് പ്രധാനപ്പെട്ടതാണ്. അതിനാൽ ലോകത്തെ മുഴുവൻ മാറ്റിമറിക്കാൻ സാധിക്കുന്നതായിരിക്കും ഈ മാറ്റം. ആഗോള സമയ സൂചിക അഥവാ യുടിസി ഭൂമിയുടെ ഭ്രമണത്തിന് അനുസരിച്ചാണ് സമയക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഭ്രമണ വേഗത മാറിയാൽ ഇതിലും മാറ്റം വരുത്തേണ്ടി വരും.

ഹിമപാളികൾ ഉരുകിയില്ലെങ്കിൽ 2026 നുള്ളിൽ നിലവിലെ സാഹചര്യത്തിൽ ഒരു സെക്കൻഡ് സമയ ക്രമത്തിൽ കുറയ്ക്കേണ്ടതായി വരും. എന്നാൽ നേർ വിപരീതമായിട്ടാണ് സംഭവിക്കുന്നതെങ്കിൽ വലിയ മാറ്റം 2029 ൽ എത്തും. ശാസ്ത്ര പ്രസിദ്ധീകരണമായ നേച്ചറിൽ പ്രസിദ്ധീകരിച്ച പഠനത്തിലാണ് ഇക്കാര്യങ്ങളെല്ലാം പറയുന്നത്. ആഗോള താപനം നമ്മുടെ ഗ്രഹത്തെ അപകടകരമായ രീതിയിൽ ബാധിച്ച് തുടങ്ങിയിരിക്കുന്നു എന്നാണ് പഠനത്തിൽ പറയുന്നത്.

നെഗറ്റീവ് ലീപ്പ് സെക്കൻഡ് എന്നാൽ സമയത്തിൽ മാറ്റം വരുന്നതിനെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. ഡങ്കൻ ആഗ്ന്യുവാണ് ഈ പഠനത്തിന് നേതൃത്വം നൽകിയത്. സ്ക്രിപ്സ് ഇൻസ്റ്റിറ്റിയൂഷൻ ഓഫ് ഓഷ്യാനോഗ്രാഫിയിലെ ജിയോഫിസിസിറ്റാണിത് അദ്ദേഹം. സമുദ്രത്തിലെ ഹിമപാളികളും ഭൂമിയുടെ ഭ്രമണത്തിലെ മാറ്റങ്ങളും തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് അദ്ദേഹം പഠനം നടത്തിയത്. 2020 മുതൽ തന്നെ ഒരു ദിവസം പൂർത്തിയാകാൻ 24 മണിക്കൂർ വേണ്ടെന്ന് വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അതേവർഷം ജൂലൈ 19 നാണ് 1960കൾക്കു ശേഷം ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് ഒരു ദിവസം പൂർത്തിയായത് എന്നതും ശ്രദ്ധേയമാണ്. 'നെഗറ്റീവ് ലീപ്പ് സെക്കൻഡ്' പ്രകാരം ഒരു ദിവസത്തിൽ 1.4602 മില്ലിസെക്കൻഡാണ് കുറയുന്നത്. ആഗോള താപനം കാരണം ഭൂമി കറങ്ങുന്നതിന്റെ വേഗം ഇനിയും കൂടിയേക്കാമെന്നും വിദഗ്ധർ പ്രവചിക്കുന്നുണ്ട്.





## 'വരാനിരിക്കുന്ന ലോകകപ്പ് ടീമിൽ നിന്നും സഞ്ജുവിനെ ഒഴിവാക്കും'; ഇർഫാൻ പത്താൻ

ടി20 ലോകകപ്പിൽ ഇന്ത്യൻ ടീമിലേക്ക് സഞ്ജു സാംസണിനെ ഉൾപ്പെടുത്താതെ ഇർഫാൻ പത്താൻ. ഇന്ത്യൻ ടീമിന്റെ വിക്കറ്റ് കീപ്പിങ്ങിൽ ഏതൊക്കെ താരങ്ങളുണ്ടാകുമെന്ന് പറയുന്നതിനിടയാണ് ഇർഫാൻ പത്താൻ സഞ്ജുവിനെ ഉൾപ്പെടുത്താതെ സംസാരിച്ചത്.ഇതിന്റെ കാരണവും അദ്ദേഹം വ്യക്തമാക്കി.സഞ്ജു സാംസൺ മത്സരിക്കുന്ന മറ്റു താരങ്ങളെക്കാൾ ഒരുപാട് പിന്നിലാണെന്നും ഐപിഎല്ലിൽ ആദ്യം മത്സരത്തിൽ മികച്ച പ്രകടനം പുറത്തെടുത്തെങ്കിലും പിന്നീടുള്ള മത്സരത്തിൽ നിലനിർത്താൻ സഞ്ജുവിന് സാധിച്ചിട്ടില്ലെന്നുമാണ് ഇ.എസ്.പി.എൻ ക്രിക് ഇൻഫോയോട് പ്രതികരിക്കുന്നതിനിടെ ഇർഫാൻ പത്താൻ പറഞ്ഞത്.'വരാനിരിക്കുന്ന ലോകകപ്പ് ടീമിൽ നിന്നും ഞാൻ സഞ്ജു സാംസണിനെ ഒഴിവാക്കും. അതിന് കാരണം എന്തെന്നാൽ അവൻ രാജസ്ഥാൻ റോയൽസിന് വേണ്ടി ഒരു ടോപ്പ് ബാറ്ററായിട്ടാണ് കളിക്കുന്നത്. ഇത് ഇന്ത്യൻ ടീമിൽ സാധ്യമാവില്ല. ഇന്ത്യൻ ടീമിൽ രോഹിത് ശർമ, വിരാട് കോഹ്ലി യശ്വസി ജെയ്സ്വാൾ, ശുഭ്മൻ ഗിൽ തുടങ്ങിയ താരങ്ങൾ ഉണ്ടാവും എന്ന് ഉറപ്പാണ് അതുകൊണ്ടുതന്നെ ഈ സ്ഥാനങ്ങളിൽ സഞ്ജുവിനെ ഇറക്കാൻ ഒരിക്കലും സാധിക്കില്ല,' ഇർഫാൻ പത്താൻ പറഞ്ഞു.ജിതേഷ് ശർമ, റിഷഭ് പന്ത്, കെ.എൽ രാഹുൽ എന്നീ താരങ്ങളെയാണ് ഇർഫാൻ പത്താൻ ടി20 ലോകകപ്പ് ടീമിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നത്.

## ഡു പ്ലെസിസിനെ പുറത്താക്കണമെന്ന് ആർസിബി ആരാധകർ



ഫാഫ് ഡു പ്ലെസിസിന്റെ ക്യാപ്റ്റൻസിക്കെതിരെ തുറന്നടിച്ചു റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ആരാധകർ.ഡു പ്ലെസിസിന്റെ മോശം ഫോം ആരാധകരെ ചൊടിപ്പിച്ചിട്ടുണ്ട്. നാല് മത്സരങ്ങളിൽ മൂന്നിലും തോറ്റ ആർസിബി പോയിന്റ് പട്ടികയിൽ ഒമ്പതാം സ്ഥാനത്താണ്.ഇങ്ങനെ പോയാൽ ആർസിബി പ്ലേ ഓഫ് കാണില്ലെന്ന് ആരാധകർക്ക് ഉറപ്പാണ്. ബാറ്റിംഗിൽ മോശം ഫോമിൽ തുടരുന്ന ഡു പ്ലെസിസിനെ ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് മാറ്റാൻ ടീം മാനേജ്മെന്റ് തയ്യാറാകണമെന്നാണ് ആരാധകരുടെ ആവശ്യം.നാല് ഇന്നിംഗ്സുകളിൽ നിന്ന് 65 റൺസ് മാത്രമാണ് ഡു പ്ലെസിസിന് ഇതുവരെ നേടാനായത്. ചെന്നൈ സൂപ്പർ കിങ്സിനെതിരായ മത്സരത്തിൽ 23 പന്തിൽ 35 റൺസെടുത്തതാണ് ഇതുവരെയുള്ള മികച്ച പ്രകടനം. ഡു പ്ലെസിസിന് ഇപ്പോഴും പ്ലെയിംഗ് ഇലവനിൽ അവസരം ലഭിക്കുന്നത് അദ്ദേഹം ക്യാപ്റ്റനായതുകൊണ്ടാണ്. ക്യാപ്റ്റന്റെ ഉത്തരവാദിത്തത്തിന് യോജിച്ച ഒരു മാച്ച് വിന്നിംഗ് ഇന്നിംഗ്സ് അദ്ദേഹത്തിന് ഇതുവരെ കളിക്കാനായിട്ടില്ല. ഡു പ്ലെസിസിനെ ക്യാപ്റ്റനായി തുടരാൻ അനുവദിക്കുന്നത് ആത്മഹത്യാപരമാണെന്നാണ് ആർസിബി ആരാധകരുടെ അഭിപ്രായം.ടന്റി 20യിൽ മികച്ച ബാറ്ററായ ഇംഗ്ലണ്ട് താരം വിൽ ജാക്സ് ആർസിബിയുടെ സ്ക്വാഡിൽ ഉണ്ട്. ഇതുവരെ ഒരു കളിയിൽ പോലും അവസരം ലഭിച്ചിട്ടില്ല. ഡു പ്ലെസിസിനെ മാറ്റി വിൽ ജാക്സിനെ ഓപ്പണറായി പരീക്ഷിക്കണമെന്നും ആരാധകർ പറയുന്നു. മാത്രമല്ല വിൽ ജാക്സിനെ പാർട് ടൈം ബൗളറായും ഉപയോഗിക്കാൻ സാധിക്കും. നായകസ്ഥാനം മറ്റാർക്കെങ്കിലും നൽകി ഡു പ്ലെസിസിന് പകരം വിൽ ജാക്സിനെ ഓപ്പണറാക്കുകയാണ് ആർസിബി മാനേജ്മെന്റ് ചെയ്യേണ്ടതെന്നും ആരാധകർക്ക് അഭിപ്രായമുണ്ട്.

# സ്വന്തമാക്കിയാൽ ചരിത്രം; അപൂർവ റെക്കോഡിനരികെ ക്രിസ്റ്റ്യാനോ



39 വയസ്സ് കഴിഞ്ഞിട്ടും ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ഫുട്ബോൾ പ്രേമം അവസാനിച്ചിട്ടില്ല. വിരമിക്കാൻ കാലുകൾ അനുവദിക്കുന്നിടത്തോളം താൻ ഫുട്ബോൾ ഗ്രൗണ്ടിൽ ഉണ്ടാകുമെന്ന് ഇഞ്ഞ7 ഇതിനകം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ സൗദി പ്രോ ലീഗ് ക്ലബ്ബായ അൽ നാസർ എഫ്സിക്ക് വേണ്ടിയാണ് റൊണാൾഡോ കളിക്കുന്നത്. സൗദി പ്രോ ലീഗ് 2023-2024 സീസണിൽ തുടർച്ചയായ രണ്ടാം ഹാട്രിക്കോടെയാണ് പോർച്ചുഗൽ സൂപ്പർ താരം തിളങ്ങുന്നത്. സൗദി പ്രൊ ലീഗിൽ അബ എഫ് സിക്ക് എതിരേ സി ആർ 7 ഹാട്രിക്ക് നേടി. കഴിഞ്ഞ മത്സരത്തിൽ അൽ തായ് എഫ് സിക്ക് എതിരേയും താരം ഹാട്രിക് നേടിയിരുന്നു. കരിയറിൽ ഇതോടെ റൊണാൾഡോ 65 ഹാട്രിക്കുകൾ പൂർത്തിയാക്കി. അബ ക്ലബ്ബിന് എതിരേ 11, 21, 42 മിനിറ്റുകളിലായിരുന്നു ക്രിസ്റ്റ്യാനോ റൊണാൾഡോ ഗോൾ നേടിത്. മത്സരത്തിൽ 8 – 0 ന് അൽ നസർ ജയം ആഘോഷിച്ചു.ഇതോടെ 2023 – 2024 സൗദി പ്രൊ ലീഗിൽ സി ആർ 7 ന്റെ ഗോൾ സമ്പാദ്യം 24 മത്സരങ്ങളിൽ നിന്ന് 29 ആയി. ലീഗിൽ ടോപ് സ്കോറർ സ്ഥാനത്ത് ഒറ്റയ്ക്കു വിഹരിക്കുകയാണ് താരം. അബ ക്ലബ്ബിന് എതിരേ ഹാട്രിക്കിന് ഒപ്പം ഒരു ഗോൾ അസിസ്റ്റും റൊണാൾഡോ നടത്തിയിരുന്നു. ഇതോടെ 10 അസിസ്റ്റുമായി ഏറ്റവും കൂടുതൽ അസിസ്റ്റിലും പോർച്ചുഗൽ താരം സൗദി പ്രൊ ലീഗിൽ ഒന്നാം സ്ഥാനത്ത് എത്തി. ഇത്തവണത്തെ സൗദി പ്രൊ ലീഗിൽ ടോപ് സ്കോറർ സ്ഥാനത്ത് ഫിനിഷ് ചെയ്ത് ഗോൾഡൻ ബൂട്ട് സ്വന്തമാക്കിയാൽ ക്രിസ്റ്റ്യാനോ റൊണാൾഡോയെ കാത്തിരിക്കുന്നത് അപൂർവ നേട്ടമാണ്. നാല് വ്യത്യസ്ത രാജ്യങ്ങളിലെ ലീഗുകളിൽ ഗോൾഡൻ ബൂട്ട് സ്വന്തമാക്കുന്ന ആദ്യ ഫുട്ബോളർ എന്ന ചരിത്രമാണ് പോർച്ചുഗൽ താരത്തിനെ കാത്തിരിക്കുന്നത്. ക്രിസ്റ്റ്യാനോ 2023 ജനുവരി 1 ന് അൽ നാസർ എഫ്സിയിൽ എത്തി. 2023 – 2024 സീസണിൽ CR7 മിന്നുന്ന ഫോമിലാണ്. ഈ സീസണിൽ ഇതുവരെ ആകെ 35 ഗോളുകളും 12 അസിസ്റ്റുകളും പോർച്ചുഗൽ ഇതിഹാസം നേടിയിട്ടുണ്ട്. 33 മത്സരങ്ങളിൽ നിന്നാണിത്. 900 കരിയർ ഗോളുകളുടെ നാഴികക്കല്ലിലേക്ക് സിആർ7 അടുക്കുന്നുവെന്നതും ശ്രദ്ധേയമാണ്.അബ ക്ലബ്ബിന് എതിരായ ഹാട്രിക്ക് കൂടി ആയതോടെ ക്ലബ്ബിനും രാജ്യത്തിനുമായി ആകെ 885 ഗോൾ ക്രിസ്റ്റ്യാനോ റൊണാൾഡോ പൂർത്തിയാക്കി. പോർച്ചുഗലിനു വേണ്ടി 128 ഉം ക്ലബ് തലത്തിൽ 757 ഉം ഉൾപ്പെടെ ആണിത്. 900 ഗോളിലേക്ക് വെറും 15 എണ്ണത്തിന്റെ അകലം മാത്രമാണ് സൂപ്പർ താരത്തിന് ഇനിയുള്ളത്. ഈ സീസണിൽ റൊണാൾഡോ 900 ഗോൾ സ്വന്തമാക്കുമോ എന്നാണ് അറിയേണ്ടത്.

# 'പ്രകടനത്തിലൂടെ വിമർശനങ്ങളുടെ വായ അടപ്പിക്കാനാണ് ഹാർദിക് ശ്രമിക്കേണ്ടത്:' രവി ശാസ്ത്രി





ന്യൂഡൽഹി: മുംബൈ ഇന്ത്യൻസ് ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് രോഹിത് ശർമയെ മാറ്റി ഹർദിക് പാണ്ഡ്യയെ കൊണ്ടുവന്നതിനെതിരെ ആരാധകരുടെ ഭാഗത്ത് നിന്ന് ഉണ്ടായ പ്രതിഷേധത്തിൽ പ്രതികരിച്ച് രവി ശാസ്ത്രി. മുംബൈ ഇന്ത്യൻസ് ക്യാപ്റ്റനായി ഹർദിക് പാണ്ഡ്യയെ പ്രഖ്യാപിക്കുമ്പോൾ കുറച്ചുകൂടി വ്യക്തത വരുത്തിയിരുന്നുവെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നുവെന്ന് രവി ശാസ്ത്രി പറഞ്ഞു.മികച്ച പ്രകടനത്തിലൂടെ വിമർശനങ്ങളുടെ വായ അടപ്പിക്കാനാണ് ശ്രമിക്കേണ്ടത്.'ഇത് ഇന്ത്യൻ ക്രിക്കറ്റ് ടീമല്ല. ഇത് ഫ്രാഞ്ചൈസി ക്രിക്കറ്റ് ആണ്. അവർ ഡോളർ നൽകിയാണ് കളിക്കാരെ എടുത്തിരിക്കുന്നത്. അവരാണ് മുതലാളിമാർ. ക്യാപ്റ്റൻ ആരാകണമെന്ന് നിശ്ചയിക്കാൻ അവർക്ക് അവകാശമുണ്ട്. 'നിങ്ങൾക്ക് ഹർദിക് പാണ്ഡ്യയെ ക്യാപ്റ്റൻ ആക്കണമെങ്കിൽ, ഞങ്ങൾ ഭാവി നോക്കിയാണ് എന്ന് പറഞ്ഞ് കൊണ്ട് അവതരിപ്പിച്ചിരുന്നുവെങ്കിൽ കുറച്ചുകൂടി എളുപ്പമാകുമായിരുന്നു. നല്ല ടീമിനെ വാർത്തെടുക്കാനാണ് ശ്രമിക്കുന്നത്. എല്ലാവർക്കും അറിയാവുന്നതുപോലെ രോഹിത് തന്റെ ജോലി ഭംഗിയായി നിർവഹിച്ചു. 'മുംബൈ ഇന്ത്യൻസ് വിജയിച്ചു തുടങ്ങിയാൽ ഈ വിമർശനങ്ങളെല്ലാം തീരും. നിലവിൽ മൂന്ന് മത്സരങ്ങൾ തോറ്റിരിക്കുകയാണ് മുംബൈ ഇന്ത്യൻസ്. അതിനാൽ, ഹർദിക്കിനോടുള്ള എന്റെ ഉപദേശം ശാന്തനായിരിക്കുക, ക്ഷമയോടെയിരിക്കുക, അവഗണിക്കുക, കളിയിൽ പൂർണമായി ശ്രദ്ധ കേന്ദ്രീകരിക്കുക. ഒന്നുരണ്ട് പ്രകടനങ്ങൾ തുടരുക. മുംബൈ ഇന്ത്യൻസ് ഒരു മികച്ച ടീമാണ്. അവർ ജയത്തിന്റെ പാതയിൽ വീണ്ടും എത്തിയാൽ വിമർശനങ്ങളെല്ലാം കെട്ടടങ്ങും. നിങ്ങൾ മത്സരങ്ങൾ ജയിക്കുക, കാര്യങ്ങൾ മാറും.' -രവി ശാസ്ത്രി പറഞ്ഞു

## പാരീസ് ഒളിമ്പിക്സ് സമ്മതം മൂളി എൻസോയും മാർട്ടിനെസും; മെസിയും കളിച്ചേക്കും

ലണ്ടന് : ഈ വർഷത്തെ പാരീസ് ഒളിമ്പിക്സിൽ കളിക്കാനൊരുങ്ങി അർജന്റെൻ താരങ്ങളായ എമിലിയാനോ മാർട്ടിനസും എൻസോ ഫെർണാണ്ടസും. ഒളിപിംക്സിൽ കളിക്കാൻ അനുവദിക്കണമെന്ന് എമി മാർട്ടിനസ് ആസ്റ്റൻ വില്ലയോടും എൻസോ ഫെർണാണ്ടസ് ചെൽസിയോടും അഭ്യർഥിച്ചു.അർജന്റീനിയൻ പരിശീലകൻ ഹാവിയർ മഷറാനോയാണ് താരങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുക. ലയണൽ മെസ്സിയെ ടീമിൽ ഉൾപ്പെടുത്താനുള്ള ശ്രമത്തിലാണ് മഷറാനോ.മെസ്സിയുമായി മഷറാനോ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അന്തിമ






തീരുമാനം മെസ്സി പ്രഖ്യാപിച്ചിട്ടില്ല. അതേ സമയം, എയ്ഞ്ചൽ ഡി മരിയയെ ഒളിമ്പിക് ടീമിലേക്ക് ക്ഷണിച്ചെങ്കിലും ഓഫർ നിരസിച്ചു. കോപ്പ അമേരിക്കയിൽ കളിച്ച് വിരമിക്കാനാണ് ഡി മരിയയുടെ തീരുമാനം.23 വയസിൽ താഴെയുള്ളവർക്കാണ് ഒളിംപിക്സിൽ കളിക്കാൻ അനുമതിയെങ്കിലും മൂന്ന് സീനിയർ താരങ്ങളെ ടീമിൽ ഉൾപ്പെടുത്താമെന്നാണ് നിയമം. ഇതനുസരിച്ച് മെസിയെയും മാർട്ടിനെസിനേയും ടീമിൽ ഉൾപ്പെടുത്താനാണ് അർജന്റെൻ കോച്ച് മഷറാനോയുടെ ആലോചന.2008ലെ ബെയ്ജിംഗ് ഒളിംപിക്സിൽ സ്വർണം നേടിയ അർജന്റെൻ ടീമിലും മെസിയും ഡി മരിയയും മഷറാനോയും ഒരുമിച്ച് കളിച്ചിട്ടുണ്ട്. റിക്വൽമേ നയിച്ച അർജന്റീന 2008ലെ ഫൈനലിൽ ഡി മരിയയുടെ ഒറ്റഗോളിന് നൈജീരിയയെ തോൽപിച്ചാണ് ചാമ്പ്യൻമാരായത്.

## സ്റ്റെയിനെയും വിസ്മയിപ്പിച്ച വേഗപന്ത്; ഐപിഎല്ലിൽ മായങ്ക് കുറിച്ചത് പുതുചരിത്രം




ബെംഗളൂരു: ഐപിഎൽ 2024-ലൂടെ ഇന്ത്യൻ ക്രിക്കറ്റിന് പുതിയ താരത്തെ കൂടി ലഭിച്ചിരിക്കുകയാണ്. 21 കാരനായ മായങ്ക് യാദവ് ഐപിഎല്ലിൽ ഇതുവരെ കളിച്ചത് രണ്ട് മത്സരങ്ങൾ മാത്രം. ആ രണ്ട് മത്സരങ്ങളിലും എതിർ ടീമിന്റെ ബാറ്റ്സ്മാൻമാർക്ക് പേടിസ്വപ്നമായി മാറാൻ യുവതാരത്തിന് കഴിഞ്ഞു. രണ്ട് മത്സരങ്ങളിലെയും പ്രകടനത്തിലൂടെ മായങ്ക് തന്റെ പേരിൽ പുതിയ റെക്കോർഡ് കുറിച്ചു. ബെംഗളൂരുവിനെതിരെ ലഖ്നൗ സൂപ്പർ ജയൻറ്സ് 28 റൺസിൻറെ വിജയമാണ് ഇന്നലെ നേടിയത്. അതിൽ നിർണായകമായത് വെറും 14 റൺസുകൾ മാത്രം വിട്ടുകൊടുത്ത് മൂന്ന് വിക്കറ്റുകൾ പിഴുത മയങ്ക് യാദവിൻറെ പ്രകടനവും. ഗ്ലെൻ മാക്സ്വെൽ, കാമറൂൺ ഗ്രീൻ, രജത് പടിദാർ എന്നിവരുടെ വിക്കറ്റുകളായിരുന്നു മയങ്ക് യാദവ് വീഴ്ത്തിയത്.ഇന്നലത്തെ മത്സരത്തിനിടെ ഈ സീസണിലെ ഏറ്റവും വേഗമേറിയ പന്തിൻറെ റെക്കോഡും മയങ്ക് യാദവ് സ്വന്തമാക്കിയിരുന്നു. 156.7 കിലോമീറ്റർ വേഗതയിൽ പന്തെറിഞ്ഞാണ് കഴിഞ്ഞ കളിയിൽ താൻ തന്നെ സൃഷ്ടിച്ച റെക്കോഡ് താരം മറികടന്നത്. ആദ്യ മത്സരത്തിൽ 155 കിലോമീറ്റർ വേഗതയിലായിരുന്നു മയങ്ക് പന്തെറിഞ്ഞത്. എന്നാൽ ഇന്നലെ പ്ലെയർ ഓഫ് ദ മാച്ച് അവാർഡ് ലഭിച്ചതോടെ ഐപിഎൽ ചരിത്രത്തിലെ അപൂർമായൊരു നേട്ടമാണ് യുവതാരം സ്വന്തമാക്കിയത്. ഐപിഎല്ലിലെ ആദ്യ രണ്ട് മത്സരങ്ങളിൽ പ്ലെയർ ഓഫ് ദി മാച്ച് അവാർഡ് നേടുന്ന ആദ്യ താരമായാണ് മയങ്ക് യാദവ് മാറിയത്. ഐപിഎൽ അരങ്ങേറ്റത്തിൽ 16 കളിക്കാരെ കളിയിലെ താരങ്ങളായി തിരഞ്ഞെടുത്തു. എന്നാൽ മായങ്കിന് മാത്രമാണ് ആദ്യ രണ്ട് മത്സരങ്ങളിൽ ഈ നേട്ടം കൈവരിക്കാനായത്. ഐപിഎൽ അരങ്ങേറ്റത്തിൽ പഞ്ചാബ് കിങ്സിനെതിരെ മൂന്ന് വിക്കറ്റ് മായങ്ക് വീഴ്ത്തി. ഈ മത്സരത്തിൽ 27 റൺസാണ് താരം വിട്ടുകൊടുത്തത്.

# എഡിഎച്ച്ഡി: ലക്ഷണങ്ങളും കാരണങ്ങളും അറിയാം



സമീപ വർഷങ്ങളിൽ, കുട്ടികൾക്കും കൗമാരക്കാർക്കും ഇടയിൽ ശ്രദ്ധക്കുറവ്/അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി സിൻഡ്രോം (എഡിഎച്ച്ഡി) വ്യാപനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.'ഒരു കാര്യത്തിലും ശ്രദ്ധ പതിപ്പിക്കാനാകതെ വരുന്ന 'ഇൻഅറ്റൻഷൻ', ഒരു കാര്യത്തിലും ക്ഷമയില്ലാതെ എടുത്ത് ചാടി ഓരോന്ന് ചെയ്യുന്ന'ഇംപൾസിവിറ്റി',ഒരിക്കലുംഅടങ്ങിയിരിക്കാതെ ഓടി നടക്കുന്ന 'ഹൈപ്പർ ആക്ടിവിറ്റി' എന്നിവയാണ് എഡിഎച്ച്ഡിയുടെ മുഖമുദ്ര.

ഹൈപ്പർ ആക്ടിവിറ്റി പല കുട്ടികളിലും ചെറുപ്പത്തിൽ ഉണ്ടാകാറുണ്ടെങ്കിലും ചിലരിൽ മുതിർന്നാലും ഇത് മാറിയെന്നു വരില്ല. സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ അടുത്തിടെ പുറത്തുവിട്ട ഒരു റിപ്പോർട്ട് കുട്ടികളിൽ എഡിഎച്ച്ഡി രോഗനിർണയത്തിൽ വർദ്ധിച്ചുവരുന്ന പ്രവണത വെളിപ്പെടുത്തുന്നു.

എപ്പോഴും വൈകി വരുക, ഒരു ജോലിക്കായി നീക്കി വയ്ക്കേണ്ട സമയത്തെ കുറിച്ച് ധാരണയില്ലാതിരിക്കുക, ബില്ലുകളും മറ്റും അടയ്ക്കാൻ അവസാന നിമിഷം വരെ വൈകിപ്പിക്കുക, 10 മിനിട്ട് കൊണ്ട് തീർക്കാവുന്ന ജോലിയാണെങ്കിൽ പോലും അത് തുടങ്ങാൻ ബുദ്ധിമുട്ടുക എന്നിവയെല്ലാം എഡിഎച്ച്ഡി ലക്ഷണങ്ങളാണ്. തലച്ചോറിന്റെ പ്രീഫ്രോണ്ടൽ കോർട്ടക്സ് സജീവമല്ലാത്തതിനെ തുടർന്നോ ഇതിനെ ഉദ്ദീപിപ്പിക്കുന്ന ഡോപ്പമീൻ തകരാറുകളെ തുടർന്നോ ഒക്കെയാണ് ഇത് സംഭവിക്കുന്നത്. ഈ ലക്ഷണങ്ങൾ സാധാരണയായി കുട്ടിക്കാലത്ത് പ്രകടമാകുകയും കൗമാരം വരെയും പ്രായപൂർത്തിയാകുന്നതുവരെയും നിലനിൽക്കുകയും ചെയ്യും.

2020നും 2022നും ഇടയിൽ 11 ശതമാനത്തിലധികം അമേരിക്കയിലെ കുട്ടികളിലും കൗമാരക്കാരിലും എഡിഎച്ച്ഡി രോഗനിർണയം സ്വീകരിച്ചതായി സമീപകാല ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു, ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏകദേശം 3 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. പെൺകുട്ടികളേക്കാൾ ഇരട്ടി നിരക്കിൽ ആൺകുട്ടികൾക്ക് എഡിഎച്ച്ഡി ഉണ്ടെന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

### ലക്ഷണങ്ങൾ

1. ജോലികളിലോ കളികളിലോ ശ്രദ്ധ നിലനിർത്താനുള്ള ബുദ്ധിമുട്ട്.
2. സ്കൂൾ ജോലികളിലോ മറ്റ് ജോലികളിലോ പലപ്പോഴും അശ്രദ്ധമായ തെറ്റുകൾ വരുത്തുക.
3. ജോലികളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിൽ ബുദ്ധിമുട്ട്.
4. സ്ഥിരമായ മാനസിക പരിശ്രമം ആവശ്യമുള്ള ജോലികൾ ഒഴിവാക്കൽ.
5. ദൈനംദിന പ്രവർത്തനങ്ങളിൽ മറവി

### ഹൈപ്പർ ആക്ടിവിറ്റി:

1. ക്ലാസ് മുറിയിലോ ഭക്ഷണം കഴിക്കുമ്പോഴോ പോലെ ഇരിക്കാനുള്ള ബുദ്ധിമുട്ട്.
2. അമിതമായ സംസാരം അല്ലെങ്കിൽ നിശബ്ദമായി പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവില്ലായ്മ.
3. അനുചിതമായ സാഹചര്യങ്ങളിൽപ്പോലും അമിതമായി ഓടുകയോ കയറുകയോ ചെയ്യുക.
4. അസ്വസ്ഥത അനുഭവപ്പെടുന്നു.
5. മറ്റുള്ളവരുടെ സംഭാഷണങ്ങളിലോ പ്രവർത്തനങ്ങളിലോ ഇടയ്ക്കിടെ തടസ്സപ്പെടുത്തുകയോ ഇടപെടുകയോ ചെയ്യുക.
6. ഗെയിമുകളിലോ ഗ്രൂപ്പ് സാഹചര്യങ്ങളിലോ ഒരാളുടെ ഊഴത്തിനായി കാത്തിരിക്കാനുള്ള ബുദ്ധിമുട്ട്.



## നിത്യയൗവനം വെറും 343 ഡോളറിന്; ഡയറ്റ് പ്ലാൻ വിൽപ്പനയ്ക്ക് വെച്ച് ബ്രയാൻ ജോൺസൺ

നിത്യയൗവനത്തിനായി കോടികൾ മുടക്കുന്ന ശതകോടീശ്വരൻ ആരെന്ന് ചോദിച്ചാൽ ഒരുത്തരമേ ഉള്ളൂ ബ്രയാൻ ജോൺസൺ. കാലിഫോർണിയയിൽ നിന്നുള്ള ശതകോടീശ്വരനായ ബ്രയാൻ 16 കോടി രൂപയാണ് ചെറുപ്പം നിലനിർത്താനുള്ള ചികിത്സകൾക്ക് ചെലവഴിക്കുന്നതെന്ന് പറഞ്ഞിരുന്നു.

നിരവധി പരീക്ഷണങ്ങളിലൂടെ അഞ്ചു വയസ്സോളം കുറഞ്ഞെന്ന അവകാശവാദവും ബ്രയാൻ അടുത്തിടെ പങ്കുവെച്ചിരുന്നു. വ്യായാമങ്ങളും ഭക്ഷണരീതിയും മാത്രമല്ല രക്തം കൈമാറ്റം ചെയ്യുന്ന ചികിത്സ ഉൾപ്പെടെയാണ് ബ്രയാൻ പ്രായം കുറയ്ക്കാനായി ചെയ്തുവരുന്നത്. ഇപ്പോഴിതാ പ്രായം കുറയ്ക്കൽ പ്രക്രിയയുടെ ഭാഗമായ ഒരു രഹസ്യം പുറത്തുവിട്ടിരിക്കുകയാണ് ബ്രയാൻ.

പ്രോജെക്റ്റ്ബ്ലൂപ്രിന്റ്എന്നുപേരിട്ടാണ് ബ്രയാൻ തന്റെ വണ്ണംകുറയ്ക്കൽ ഉദ്യമം ആരംഭിച്ചത്. പ്രത്യേകമായൊരു ഡയറ്റും അതിന്റെ പേരിൽ ബ്രയാൻ ആരംഭിച്ചിരുന്നു. ഇതിപ്പോൾ വില്പനയ്ക്ക് വച്ചിരിക്കുകയാണ് ബ്രയാൻ. അതായത് പ്രോജെക്റ്റ് ബ്ലൂപ്രിന്റിലെ, ബ്ലൂപ്രിന്റ് സ്റ്റാക്ക് എന്നുപേരിട്ട രീതിയാണ് ബ്രയാൻ വിൽപനയ്ക്കായി വച്ചത്.

ഒരു പ്രത്യേകപാനീയം, എട്ടുഗുളികകൾ, സ്നേക്ക് ഓയിൽ, 67 തെറാപ്പികൾ, 400 കലോറികൾ തുടങ്ങിയവ അടങ്ങിയതാണ് ബ്ലൂപ്രിന്റ് സ്റ്റാക്ക്. ആയിരത്തിലേറെ ക്ലിനിക്കൽ ട്രയലുകൾക്കൊടുവിൽ വിജയകരമാണെന്നു തെളിയിച്ചതാണ് ഇതെന്നും ബ്രയാൻ പറയുന്നുണ്ട്.

ഭക്ഷണത്തിനു പകരമല്ല മറിച്ച് പോഷകങ്ങളുടെ കുറവുനികത്തി വണ്ണം കുറയ്ക്കാൻ സഹായിക്കുന്നതാണ് തന്റെ പദ്ധതിയെന്നാണ് ബ്രയാൻ അവകാശപ്പെടുന്നത്.

അമേരിക്ക, ഓസ്ട്രേലിയ, ഓസ്ട്രിയ, ബെൽജിയം, ഇറ്റലി, നെതർലാന്റ്സ്, നോർവേ, പോളണ്ട്, പോർച്ചുഗൽ, സ്പെയിൻ, സ്വീഡൻ, യു.എ.ഇ, യു.കെ. തുടങ്ങി ഇരുപത്തിമൂന്നോളം രാജ്യങ്ങളിൽ തന്റെ ഉത്പന്നങ്ങൾ ലഭ്യമാകുമെന്നും ബ്രയാൻ പറയുന്നു.

## വീണ്ടും വീണ്ടും ഉപയോഗിക്കല്ലേ... വന്ധ്യത മുതൽ ക്യാൻസറിന് വരെ കാരണമാകും



കടകളിൽ നിന്ന് വാങ്ങുന്ന മിനറൽ വാട്ടർ കുപ്പികളിൽ വീണ്ടും വീണ്ടും വെള്ളം നിറച്ച് കുടിക്കുന്ന ശീലമുള്ള വരാണ് നമ്മൾ എല്ലാവരും. ഒറ്റത്തവണ മാത്രം ഉപയോഗിക്കേണ്ട ഈ പ്ലാസ്റ്റിക് കുപ്പികൾ ഒന്നിലധികം തവണ ഉപയോഗിക്കുന്നതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ? ശ്രദ്ധിച്ചില്ലെങ്കിൽ വന്ധ്യത മുതൽ ക്യാൻസറിന് വരെ കാരണമാകാം.

ഒരു ലിറ്റർ കുപ്പിവെള്ളത്തിൽ ശരാശരി 2,40,000 നാനോപ്ലാസ്റ്റിക് അടങ്ങിയിട്ടുണ്ടെന്നാണ് അടുത്തിടെ നടത്തിയ ഒരു പഠനം റിപ്പോർട്ട് ചെയ്തത്. മനുഷ്യനുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും നാനോപ്ലാസ്റ്റിക് വളരെ അപകടകരമാണ്. ഇവ രോഗപ്രതിരോധ സംവിധാനത്തെ സാരമായി ബാധിക്കും.

ശരീരത്തിലെ ഇൻസുലിൻ മരുന്നുകളുടെ പ്രവർത്തനത്തെയും അവ ബാധിക്കും. വന്ധ്യത മുതൽ ക്യാൻസർ വരെയുള്ളവയ്ക്ക് നാനോപ്ലാസ്റ്റിക് കാരണമാകും. മനുഷ്യന്റെ തലമുടിയുടെ ഏഴിലൊന്ന് വലിപ്പമേ നാനോപ്ലാസ്റ്റിക്കിനുള്ളൂ. മനുഷ്യന്റെ രക്തത്തിലും മുലപ്പാലിലും പോലും മൈക്രോപ്ലാസ്റ്റിക് കണ്ടെത്തിയിട്ടുണ്ട്.

മൈക്രോപ്ലാസ്റ്റിക്കിനെ തടയുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പ്രധാനമായും വായുവിലൂടെയും വെള്ളത്തിലൂടെയുമാണ് മൈക്രോപ്ലാസ്റ്റിക്ക് ശരീരത്തിലെത്തുന്നത്. വെള്ളം തിളപ്പിക്കുന്നത് മൈക്രോ പ്ലാസ്റ്റിക്കിനെ നശിപ്പിക്കുന്നില്ല.

വളരേയധികം തവണ ഫില്ടർ ചെയ്ത വെള്ളം കുടിക്കുകയാണ് മൈക്രോപ്ലാസ്റ്റിക്കിനെ ഒരു പരിധി വരേയെങ്കിലും തടയാനുള്ള വഴി. മിനറൽ വാട്ടർ കുപ്പികൾ ഒഴിവാക്കി കട്ടി കൂടുതലുള്ള ഗ്ലാസ് ബോട്ടിലുകൾ ഉപയോഗിക്കുന്നതായിരിക്കും നല്ലത്. ടാപ്പുകളിൽ നിന്നും മറ്റും നേരിട്ട് വെള്ളം കുടിക്കുന്നത് നല്ലതല്ല.

## ഈ പോഷകങ്ങളുടെ കുറവ് അർബുദ സാധ്യത വർധിപ്പിക്കും



ശരീരത്തിലെ കോശങ്ങളുടെ അനിയന്ത്രിതമായ വളർച്ചയെയാണ് ക്യാൻസർ എന്ന് വിളിക്കുന്നത്. ക്യാൻസറിന് നിരവധി കാരണങ്ങളുണ്ട്. പാരമ്പര്യവും ഭക്ഷണക്രമത്തിലും ജീവിതശൈലിയിലുമുള്ള മാറ്റങ്ങളും ക്യാൻസറിന് കാരണമാകാം. ചില ഭക്ഷണ ഘടകങ്ങൾ ക്യാൻസറിനുള്ള സാധ്യത കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. നാം കഴിക്കുന്ന ഭക്ഷണത്തിലെ വിറ്റാമിനുകളുടെയും ധാതുക്കളുടെയും പോഷകങ്ങളുടെയും അഭാവം ക്യാൻസർ സാധ്യത വർദ്ധിപ്പിക്കുമെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു.

ശരീരത്തിന്റെ പൊതുവായ ആരോഗ്യം നിലനിർത്താൻ വിറ്റാമിനുകൾ അത്യാവശ്യമാണ്. വിറ്റാമിൻ സി, എ, ഡി തുടങ്ങിയ അവശ്യ പോഷകങ്ങളുടെ കുറവും ക്യാൻസറിന് കാരണമാകും. അവ ഏതൊക്കെയാണെന്ന് നോക്കാം.

### വിറ്റാമിൻ സി

അബ്സോർബിക് ആസിഡ് എന്നറിയപ്പെടുന്ന വിറ്റാമിൻ സിക്ക് ആന്റിഓക്സിഡന്റ് ഗുണങ്ങളുണ്ട്. ഇവ ശരീരത്തിന് വളരെ പ്രധാനമാണ്. വിറ്റാമിൻ സിയുടെ കുറവ് ക്യാൻസർ സാധ്യത വർദ്ധിപ്പിക്കും.

പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് വിറ്റാമിൻ സി പ്രധാനമാണ്. കൂടാതെ, വിറ്റാമിൻ സി ഒരു ആന്റിഓക്സിഡന്റായി പ്രവർത്തിക്കുന്നു, ഇത് ചില ക്യാൻസറുകളുടെ സാധ്യത തടയാൻ സഹായിക്കുന്നു. വിറ്റാമിൻ സിയുടെ കുറവ് ആന്റിഓക്സിഡന്റ് പ്രതിരോധം കുറയ്ക്കുന്നു, ഇത് ഓക്സിഡേറ്റീവ് സമ്മർദ്ദം വർദ്ധിപ്പിക്കും.

### വിറ്റാമിൻ എ

കണ്ണുകളുടെ ആരോഗ്യത്തിനും രോഗപ്രതിരോധശേഷി കൂട്ടാനും കോശങ്ങളെ വേർതിരിക്കുവാനും സഹായിക്കുന്ന ആവശ്യ ഘടകമാണ് വിറ്റാമിൻ എ. വിറ്റാമിൻ എയുടെ സജീവ രൂപങ്ങളായ റെറ്റിനോയിഡുകൾ ജീനുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുകയും കോശവളർച്ചയിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്യുന്നു.

വിറ്റാമിന് എയുടെ കുറവ് വിവിധ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത കൂട്ടുമെന്നാണ് പഠനങ്ങൾ പറയുന്നത്. പ്രത്യേകിച്ച് ശ്വാസകോശം, അന്നനാളം, ആമാശയം എന്നിവയെ ബാധിക്കുന്നവ. വിറ്റാമിൻ എ ക്യാൻസർ സാധ്യത കുറയ്ക്കുന്ന ആന്റി ഓക്സിഡന്റായി പ്രവർത്തിക്കും.

### വിറ്റാമിൻ ഡി

കാൽസ്യം മെറ്റബോളിസം, രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ, എല്ലുകളുടെയും പല്ലുകളുടെയും ആരോഗ്യങ്ങളിലെല്ലാം നിർണായക പങ്ക് വഹിക്കുന്നവയാണ് വിറ്റാമിൻ ഡി. വിറ്റാമിൻ ഡിയുടെ കുറവ് പല ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കാം.

പേശികൾക്ക് ബലക്ഷയം, എല്ലുകളുടെ മോശം ആരോഗ്യം തുടങ്ങിയവയ്ക്ക് പുറമേ ചില അർബുദ സാധ്യത കൂട്ടാനും വിറ്റാമിൻ ഡിയുടെ കുറവ് കാരണമാകും. വിറ്റാമിൻ ഡിയുടെ കുറവ് സ്തനാർബുദം, പ്രോസ്റ്റേറ്റ്, വൻകുടൽ, പാൻക്രിയാറ്റിക് ക്യാൻസറുകൾ തുടങ്ങിയവയുടെ അപകടസാധ്യത കൂട്ടുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

### സെലീനിയം

ആന്റിഓക്സിഡന്റ് ഗുണങ്ങളുള്ള ഒരു ധാതുവാണ് സെലീനിയം. ഹൃദയാരോഗ്യം സംരക്ഷിക്കാനും പ്രതിരോധശേഷി വർധിപ്പിക്കാനും ചില ക്യാൻസറുകൾ തടയാനും സെലീനിയത്തിന് കഴിയും. സെലീനിയത്തിന്റെ കുറവ് പ്രോസ്റ്റേറ്റ്, ശ്വാസകോശം, വൻകുടൽ, ചർമ്മം എന്നിവയുൾപ്പെടെ വിവിധ ക്യാൻസറുകളുടെ അപകടസാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. റിയാക്ടീവ് ഓക്സിജൻ സ്പീഷീസുകളെ (ROS) നിർവീര്യമാക്കുന്ന ഗ്ലൂട്ടാത്തയോൺ പെറോക്സിഡേസുകളുടെയും എൻസൈമുകളുടെയും ഘടകമായി സെലീനിയം പ്രവർത്തിക്കുന്നു.

# 'ഇനി സർവീസില്ല'; ഐഫോൺ 6 പ്ലസ് കാലഹരണപ്പെട്ട ലിസ്റ്റിൽ



ഐക്കണിക് വേർഷൻ 'ഐഫോൺ 6 പ്ലസിനെ' കാലഹരണപ്പെട്ട ഉത്പന്നങ്ങളുടെ പട്ടികയിൽപെടുത്തി ആപ്പിൾ. അതായത് ഇനി സ്റ്റോറുകളിലൂടെയും അംഗീകൃത ദാതാക്കളിലൂടെയും ഉപകരണത്തിന് അറ്റകുറ്റപ്പണികളോ സേവനമോ നൽകില്ല.

ഐഫോൺ 6നൊപ്പം 2014 സെപ്തംബറിൽ ലോഞ്ച് ചെയ്ത ഐഫോൺ 6 പ്ലസ് 2016 സെപ്തംബറിലാണ് വില്പന നിർത്തിവച്ചത്.

ഏഴ് വർഷത്തിലേറെയായി വിതരണം നിർത്തിയ ഉൽപ്പന്നങ്ങളെയാണ് ആപ്പിൾ കാലഹരണപ്പെട്ട (obsolete) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

നേരത്തെ, ഐഫോൺ 6 പ്ലസിനെ ആപ്പിൾ വിന്റേജ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. വിതരണം നിർത്തി അഞ്ച് വർഷത്തിൽ ഏറെയായതും എന്നാൽ, ഏഴ് വർഷത്തിൽ കൂടാത്തതുമായ ഉത്പന്നങ്ങളെയാണ് ആപ്പിൾ വിന്റേജ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

വിന്റേജ് ഉത്പന്നങ്ങൾക്കും ആപ്പിളിൽ നിന്ന് ഒരു തരത്തിലുള്ള ഹാർഡ്‌വെയർ സർവീസും ലഭിക്കില്ല.

അതേസമയം റെഡ് ഐഫോൺ 8, 8 പ്ലസ് നിറങ്ങൾ വിന്റേജ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഷേഡുകൾ ഇപ്പോൾ നിലവിലുള്ളതാണ്.

# രഹസ്യമായി ശേഖരിച്ച ഇൻകോഗ്നിറ്റോ ഡാറ്റ നശിപ്പിക്കാൻ ഗൂഗിൾ




ഇൻകോഗ്നിറ്റോ പ്രശ്നത്തിൽ ഗൂഗിളിനെതിരായ ഒത്തുതീർപ്പിന്റെ ഭാഗമായി, ഉപഭോക്താക്കളുടെ ഇന്റർനെറ്റ് തിരയൽ ഡാറ്റയുടെ വലിയൊരു ഭാഗം നീക്കം ചെയ്യും.

ഇൻകോഗ്നിറ്റോ മോഡ് അഥവാ പ്രൈവറ്റ് മോഡിൽ ആയിരുന്ന ഉപഭോക്താക്കളുടെ സെർച്ച് വിവരങ്ങൾ ശേഖരിച്ച് അവരുടെ സ്വകാര്യതയിലേക്ക് കടന്നു കയറുന്നുവെന്ന പേരിൽ ഗൂഗിളിനെതിരെ നിയമ സ്ഥാപനമായ ബോയസ് ഷില്ലർ ഫ്ളെക്സ്നർ കേസ് നൽകിയിരുന്നു.

ഈ കേസ് ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായി വിവരങ്ങൾ നീക്കം ചെയ്യാൻ കമ്പനി സമ്മതിച്ചേക്കുമെന്നാണ് പറയപ്പെടുന്നത്. ഇനി മുതൽ വിവരശേഖരണത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്നും ഗൂഗിൾ അറിയിച്ചു.

2020ൽ ബോയ്സ് ഷില്ലർ ഫ്ളെക്സ്നർ 5 ബില്യൺ ഡോളർ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഗൂഗിളിനെതിരെ കോടതിയെ സമീപിച്ചു. ഗൂഗിൾ ക്രോമിലെ ഇൻകോഗ്നിറ്റോ മോഡിലും മറ്റ് ബ്രൗസറുകളിൽ പ്രൈവറ്റ് മോഡിലും ഇന്റർനെറ്റ് ഉപയോക്താക്കളുടെ സെർച്ച് ആക്ടിവിറ്റികൾ ഉപയോക്താവിന്റെ സമ്മതമില്ലാതെ ഗൂഗിൾ ട്രാക്ക് ചെയ്തുവെന്നായിരുന്നു കേസ്. തുടർന്ന് 2023 ഡിസംബറിൽ കേസ് തീർപ്പാക്കാൻ തീരുമാനിച്ചു.

കേസ് തള്ളണമെന്ന ഗൂഗിളിന്റെ ആവശ്യം കോടതി നേരത്തെ തള്ളിയിരുന്നു. സാൻഫ്രാൻസിസ്കോ കോടതിയിലാണ് ഒത്തുതീർപ്പ് ഫയൽ ചെയ്തത്. ജൂലൈ 30ന് കോടതി കേസ് പരിഗണിക്കും. വാദം കേൾക്കുന്ന ജഡ്ജി വോന്നെ ഗോൺസാലസ് റോജേഴ്സാണ് ഒത്തുതീർപ്പ് വ്യവസ്ഥകൾക്ക് അംഗീകാരം നൽകേണ്ടത്. നിലവിലെ കേസിൽ നഷ്ടപരിഹാരതുകയ്ക്ക് പകരമായാണ് വിവരശേഖരം നീക്കം ചെയ്യാമെന്ന വ്യവസ്ഥ മുന്നോട്ടുവെക്കുന്നത്.

# അക്കൗണ്ടില്ലെങ്കിലും ചാറ്റ് ജിപിടി ഉപയോഗിക്കാം; എഐ ലോകത്ത് വൻ നീക്കം




ഏറ്റവും ജനപ്രിയമായ എഐ ചാറ്റ് ബോട്ടുകളിൽ ഒന്നാണ് ചാറ്റ് ജിപിടി. ഇതുവരെ, ഓപ്പൺ എഐ അക്കൗണ്ടുള്ളവർക്ക് മാത്രമേ ചാറ്റ് ജിപിടി ഉപയോഗിക്കാൻ കഴിയുമായിരുന്നുള്ളു. എന്നാൽ ഇനി മുതൽ അതിന്റെ ആവശ്യമില്ല. കമ്പനി തന്നെയാണ് പുതിയ അപ്ഡേഷനെക്കുറിച്ച് അറിയിച്ചിരിക്കുന്നത്.

ചാറ്റ് ജിപിടിയുമായി നടത്തുന്ന ചാറ്റുകൾ ഭാഷാ മോഡലിന്റെ വികസനത്തിനായി ഉപയോഗിക്കുമെന്നും കമ്പനി ബ്ലോഗ് പോസ്റ്റിൽ പറയുന്നുണ്ട്. ചാറ്റ് ഇതിന് ഉപയോഗിക്കുന്നത് ഇഷ്ടമല്ലെങ്കിൽ അത് ഓഫ് ചെയ്യാനും സൗകര്യമുണ്ട്.

ലോഗിൻ ചെയ്യാതെ തന്നെ നിങ്ങൾക്ക് ചാറ്റ് ജിപിടിയുമായി എന്തും സംസാരിക്കാം. എന്നാൽ അത് സൂക്ഷിക്കണമെങ്കിൽ അക്കൗണ്ടിൽ ലോഗിൻ ചെയ്യേണ്ടതുണ്ട്. നിങ്ങൾ വോയ്സ് മറുപടികൾ ലഭിക്കാനും മറുപടികൾ മറ്റുള്ളവരുമായി പങ്കിടാനും ആഗ്രഹിക്കുന്നുവെങ്കിൽ അക്കൗണ്ടിൽ ലോഗിൻ ചെയ്യണമെന്നതും ഓർക്കുക.

ഡാൽ-ഇ 3 പോലുള്ള ഓപ്പൺ എഐ ഉല്പന്നങ്ങളും ചാറ്റ് ജിപിടിയുടെ പെയ്ഡ് പതിപ്പും ഉപയോഗിക്കാനും അക്കൗണ്ട് വേണം. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൂടുതൽ സുരക്ഷാ മാർഗങ്ങൾ സ്വീകരിച്ചതായും കമ്പനി വ്യക്തമാക്കിയിട്ടുണ്ട്.

അടുത്തിടെ 'കസ്റ്റമൈസ്ഡ് ഇൻസ്ട്രക്ഷൻസ്' എന്ന പേരിൽ പുതിയൊരു ഫീച്ചർ കമ്പനി അവതരിപ്പിച്ചത് ഏറെ ശ്രദ്ധ നേടിയിരുന്നു. ഭാവി ആശയ വിനിമയങ്ങൾക്ക് ഉപയോഗിക്കാനാവും വിധം ചാറ്റ് ജിപിടിയോട് സംസാരിക്കാനാകുന്ന സൗകര്യമാണിത്.

ചാറ്റ് ജിപിടി പ്ലസ് ബീറ്റാ ഉപഭോക്താക്കൾക്കാണ് നിലവിൽ ഈ ഫീച്ചർ ലഭിക്കുക. ചാറ്റ്ജിപിടി ഒരുപാട് സാധ്യതകൾ തുറന്നിടുന്നുണ്ട്. ചാറ്റ് ജിപിടി വിദഗ്ധർക്ക് പ്രതിവർഷം 185,000 ഡോളർ (ഏകദേശം 1.5 കോടി രൂപ) വരെ പ്രതിഫലം നൽകാൻ ലിങ്ക്ഡ്ഇന്നിലെ കമ്പനികൾ തയ്യാറാണെന്ന് അടുത്തിടെ പുറത്തുവന്ന ബിസിനസ് ഇൻസൈഡർ റിപ്പോർട്ട് പറയുന്നുണ്ട്.

# എഐ വാർത്താ പ്ലാറ്റ്ഫോമായ ആർട്ടിഫാക്റ്റ് ഏറ്റെടുത്ത് യാഹൂ




ഇൻസ്റ്റാഗ്രാം സഹസ്ഥാപകരുടെ എഐ വാർത്താ പ്ലാറ്റ്ഫോമായ ആർട്ടിഫാക്റ്റ് ഏറ്റെടുത്ത് യാഹൂ. യുഎസിലുടനീളമുള്ള വാർത്തകളിലും ഓൺലൈൻ സേവനങ്ങളിലും യാഹൂ, ആർട്ടിഫാക്റ്റിന്റെ നൂതന സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതിനാണ് കരാർ.

ആൽഫബെറ്റ്, മെറ്റ പ്ലാറ്റ്ഫോമുകൾ പോലുള്ള ടെക് ഭീമൻമാരുടെ പരസ്യ വിൽപ്പനയുടെ ആധിപത്യത്തിനിടയിൽ മീഡിയ സ്റ്റാർട്ടപ്പുകൾ നേരിടുന്ന നിലവിലുള്ള വെല്ലുവിളികളെ ഈ ഏറ്റെടുക്കൽ പ്രതിഫലിപ്പിക്കുന്നു.

കഴിഞ്ഞ ജനുവരിയിലെ ഒരു ബ്ലോഗ് പോസ്റ്റിൽ, ആർട്ടിഫാക്റ്റ് സാമ്പത്തിക ഞെരുക്കത്തെക്കുറിച്ച് തുറന്ന് പറഞ്ഞിരുന്നു. ടെക്ക്ക്രഞ്ച്, എൻഗാഡ്ജെറ്റ്, യാഹൂ ഫിനാൻസ് തുടങ്ങിയ പ്രശസ്ത വാർത്താ ഔട്ട്ലെറ്റുകളുടെ മാതൃ കമ്പനിയായ യാഹൂ ആർട്ടിഫാക്റ്റിനെ ഒരു വിലപ്പെട്ട കൂട്ടിച്ചേർക്കലായി കരുതുന്നു.

2012ൽ ഇൻസ്റ്റാഗ്രാം ഏറ്റെടുത്തതിനെത്തുടർന്ന് മെറ്റയുടെ (മുമ്പ് ഫേസ്ബുക്ക്) മുൻ എക്സിക്യൂട്ടീവുമാരായ കെവിൻ സിസ്ട്രോമും മൈക്ക് ക്രീഗറും ചേർന്ന് 2023ന്റെ തുടക്കത്തിൽ ആർട്ടിഫാക്റ്റ് സ്ഥാപിച്ചു. 2018 അവസാനത്തോടെ മെറ്റയിൽ നിന്ന് സിസ്ട്രോമും ക്രീഗറും ഇറങ്ങിയത് സിഇഒ മാർക്ക് സക്കർബർഗുമായുള്ള പിരിമുറുക്കത്തെ തുടർന്നാണെന്ന് റിപ്പോർട്ട്.

അതേസമയം സിസ്ട്രോമും ക്രീഗറും യാഹൂവിനായുള്ള ഒരു ഉപദേശകശേഷിയിൽ പ്രവർത്തിക്കുമെന്ന് കമ്പനി പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

# ഇനി ലിങ്ക്ഡ് ഇന്നിലും ഷോർട്ട് വിഡിയോ എത്തുന്നു

ടിക്ടോക്കിലൂടെ ജനപ്രിയമായ ഷോർട്ട് വീഡിയോകൾ അവതരിപ്പിക്കാൻ ഒരുങ്ങുകയാണ് ലിങ്ക്ഡ്ഇൻ. ടിക് ടോക്കിന് ശേഷം, ഇൻസ്റ്റാഗ്രാം, യൂട്യൂബ്, ഫേസ്ബുക്ക്, സ്നാപ്ചാറ്റ് എന്നിവ ഷോർട്ട് വീഡിയോകൾ പരീക്ഷിച്ച് വിജയിച്ചിരുന്നു. ഇപ്പോഴിതാ ഇത്തരം പരീക്ഷണം ലിങ്ക്ഡ്ഇന്നിൽ നടക്കുന്നുണ്ടെന്ന് ടെക്ക്രഞ്ച് റിപ്പോർട്ട് ചെയ്യുന്നു.

നാവിഗേഷൻബാറിലെ പുതിയ 'വീഡിയോ' ടാബിൽ ഹ്രസ്വ വീഡിയോകൾ കാണാനുള്ള ഓപ്ഷൻ ദൃശ്യമാകുമെന്ന് റിപ്പോർട്ട് പറയുന്നു.




വിഡിയോ ഷെയർ ലൈക്ക് കമന്റ് ചെയ്യാൻ സാധിക്കും. ലിങ്ക്ഡ്ഇന്നിൽ ഇതിനകം വീഡിയോ പങ്കുവെക്കാനുള്ള ഓപ്ഷൻ നൽകിയിട്ടുണ്ട്.

ഇതിന് പുറമെയാണ് പുതിയ ഷോർട്ട് വീഡിയോ സൗകര്യവും അവതരിപ്പിക്കുന്നത്. തൊഴിലന്വേഷകരെ രസിപ്പിക്കാൻ ഗെയിമുകൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ലിങ്ക്ഡ്ഇൻ ആലോചിക്കുന്നതായുള്ള റിപ്പോർട്ട് പുറത്തുവന്നിരുന്നു.

# പാലസ്തീന് പൂർണ രാഷ്ട്ര പദവി; ആവശ്യം വീണ്ടും യുഎന്നിൽ

യുണൈറ്റഡ് നേഷൻസ്: പാലസ്തീന് പൂർണ രാഷ്ട്ര പദവി നൽകണമെന്ന ആവശ്യം യുഎന്നിൽ വീണ്ടും അവതരിപ്പിക്കാനൊരുങ്ങുന്നു.2011ൽ ആദ്യം സമർപ്പിച്ച അപേക്ഷയാണ് വീണ്ടും സജീവമാക്കുന്നത്. പാലസ്തീൻ രാജ്യത്തെ അംഗീകരിച്ച 140 രാഷ്ട്രങ്ങളുടെ പേരടങ്ങുന്ന കത്താണ് യു.എൻ രക്ഷാസമിതിക്കുമുന്നിൽ എത്തുന്നത്. 22 അംഗ അറബ് രാഷ്ട്ര സഖ്യം, 57 അംഗ ഇസ്‍ലാമിക സഹകരണ സംഘടന, 120 അംഗ ചേരി ചേരാ കൂട്ടായ്മ എന്നിവയിലെ അംഗങ്ങളും പിന്തുണക്കുന്നവരാണ്. ഗാസയിലെ ഇസ്രയേൽ വംശഹത്യക്കെതിരെ ലോകം ഒറ്റക്കെട്ടായി നിൽക്കുന്ന സാഹചര്യത്തിലാണ് സമ്പൂർണ അംഗത്വത്തിന് വീണ്ടും ശ്രമം നടക്കുന്നത്. യു.എസ്, നീക്കത്തെ എതിർക്കുമെന്ന് ഏതാണ്ട് ഉറപ്പാണ്. അതേസമയം ഈ വർഷം ജൂലൈയോടെ സ്പെയിൻ പാലസ്തീൻ രാഷ്ട്രപദവി അംഗീകരിക്കുമെന്ന് റിപ്പോർട്ട് പുറത്ത് വരുന്നുണ്ട്. മിഡിൽ ഈസ്റ്റ് പര്യടനത്തിനിടെ സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് ആണ് ഇങ്ങനെ പറഞ്ഞത്. യു.എൻ 1940ം അംഗമായി അംഗീകരിക്കാൻ 2011 സെപ്റ്റംബർ 23ന് പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് അന്നത്തെ യു.എൻ സെക്രട്ടറി ജനറൽ ബാൻ കി മൂണിന് കത്ത് നൽകിയിരുന്നു. രക്ഷാസമിതിയിലെ 15 അംഗങ്ങളിൽ 9 പേരുടെ പിന്തുണയാർജിക്കാനാവാതെ നീക്കം പരാജയപ്പെടുകയായിരുന്നു.അന്ന്, എല്ലാവരും പിന്തുണച്ചാലും നീക്കം പരാജയപ്പെടുത്തുമെന്ന് യു.എസ് പ്രഖ്യാപിച്ചിരുന്നു. അന്നത്തെ നിലപാടിൽ മാറ്റമില്ലെന്ന് യു.എസ് ഉപ അംബാസഡർ റോബർട്ട് വുഡ് ചൊവ്വാഴ്ച വ്യക്തമാക്കി.





## അഫ്ഗാനിൽ കുഴിബോംബ് പൊട്ടിത്തെറിച്ച് 9 കുട്ടികൾ മരിച്ചു

കാബൂൾ: കിഴക്കൻ അഫ്ഗാനിസ്ഥാനിൽ പഴയ കുഴിബോംബ് പൊട്ടിത്തെറിച്ച് ഒമ്പത് കുട്ടികൾ കൊല്ലപ്പെട്ടു. ഗസ്നി പ്രവിശ്യയിലെ ഗെറോ ജില്ലയിലെ ഗ്രാമത്തിന് സമീപം കുട്ടികൾ കുഴിബോംബ് കണ്ടെത്തുകയായിരുന്നു. പതിറ്റാണ്ടുകൾ പഴക്കമുള്ള ഈ ബോംബ് കുട്ടികളുടെ കൈവശമിരിക്കെ പൊട്ടുകയായിരുന്നെന്ന് ഗസ്നിയിലെ താലിബാൻ ഇൻഫർമേഷൻ ആൻഡ് കൾച്ചർ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഹമീദുള്ള നിസാർ പറഞ്ഞു.സ്ഫോടനത്തിൽ 5 മുതൽ 10 വയസ്സ് വരെ പ്രായമുള്ള അഞ്ച് ആൺകുട്ടികളും നാല് പെൺകുട്ടികളുമാണ് കൊല്ലപ്പെട്ടത്. ''റഷ്യൻ അധിനിവേശ വേളയിൽ അവശേഷിച്ച പൊട്ടിത്തെറിയില്ലാത്ത ഒരു ബോംബ് അവർ കളിക്കുമ്പോൾ പൊട്ടിത്തെറിച്ചു,'' നിസാർ പറഞ്ഞു.ഞായറാഴ്ച, ഹെറാത്ത് പ്രവിശ്യയിലും കുഴി ബോംബ് പൊട്ടിത്തെറിച്ച് ഒരു കുട്ടി മരിക്കുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

സ്ക്രാപ്പ് മെറ്റൽ ശേഖരിക്കുന്ന കുട്ടികളാണ് മിക്കപ്പോഴും അപകടത്തിൽ പെടുന്നത്. 1979 ലെ സോവിയറ്റ് അധിനിവേശം, തുടർന്നുള്ള ആഭ്യന്തര യുദ്ധം, വിദേശ പിന്തുണയുള്ള ഗവൺമെന്റുകൾക്കെതിരായ 20 വർഷത്തെ കലാപം എന്നിങ്ങനെ ദീർഘമായ സംഘർഷ കാലഘട്ടങ്ങളുടെ ശേഷിപ്പായി പൊട്ടിത്തെറിക്കാതെ കിടക്കുന്ന മൈനുകളും ഗ്രനേഡുകളും മോർട്ടാറുകളും കൊണ്ട് നിറഞ്ഞിരിക്കുകയാണ് അഫ്ഗാനിസ്ഥാനിലെ പ്രദേശങ്ങൾ.പൊട്ടിത്തെറിക്കാത്ത ബോംബുകളും മൈനുകളും ഇപ്പോഴും പതിവായി ജീവൻ അപഹരിക്കുന്നു. കുട്ടികളാണ് പ്രധാന ഇരകളെന്ന് അന്താരാഷ്ട്ര റെഡ് ക്രോസ് കമ്മിറ്റി പറയുന്നു.

### സന്നദ്ധ പ്രവർത്തകരുടെ മരണത്തിൽ പ്രതിഷേധം

## ഗാസയിൽ ഭക്ഷണ വിതരണം നിർത്തി വേൾഡ് സെൻട്രൽ കിച്ചൺ;

ഗാസ: ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട ആറ് വിദേശ സന്നദ്ധ പ്രവർത്തകരുടെ മൃതദേഹങ്ങൾ സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിനായി നടപടികൾ ആരംഭിച്ചു. ഈജിപ്ത് അതിർത്തിയിലെ തെക്കൻ നഗരമായ റഫയിലെ ആശുപത്രിയിലേക്ക് പ്രവർത്തകരുടെ മൃതദേഹങ്ങൾ കൊണ്ടുപോയി. വിദേശികളുടെ മൃതദേഹങ്ങൾ ഗാസയിൽ നിന്ന് പുറത്തെത്തിക്കുകയും പാലസ്തീൻ ഡ്രൈവറുടെ മയ്യിത്ത് ഖബറടക്കാനായി റഫയിലെ കുടുംബത്തിന് കൈമാറുകയും ചെയ്യും.പട്ടിണി കൊണ്ടു വലയുന്ന പാലസ്തീനിൽ ഭക്ഷണം വിതരണം ചെയ്യാനെത്തിയ സന്നദ്ധ സംഘടനയായ 'വേൾഡ് സെൻട്രൽ കിച്ചണി'ന്റെ ഏഴു പ്രവർത്തകരെയാണ് ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇതിൽ മൂന്ന് പേർ ബ്രിട്ടീഷ് പൗരൻമാരാണ്. അമേരിക്ക, ആസ്ത്രേലിയ, പോളണ്ട് എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ്? മറ്റുള്ളവർ. വാഹന ഡ്രൈവറായ പാലസ്തീനിയും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടും. വാർത്ത ഞെട്ടിക്കുന്നതാണെന്നും നിഷ്?പക്ഷ അന്വേഷണം ആവശ്യമെന്നും അമേരിക്കക്കൊപ്പം ബ്രിട്ടനും ആവശ്യപ്പെട്ടു. ദുഃഖകരമായ സംഭവമാണുണ്ടായതെന്ന് ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു പ്രതികരിച്ചു. ഇതേക്കുറിച്ച് അന്വേഷണം നടത്തുമെന്ന് പ്രതിരോധ മന്ത്രി യോവ് ഗാലൻറ്. യു.എൻ സെക്രട്ടറി ജനറൽ ആൻണിയോ ഗുട്ടറസ സംഭവത്തിൽ നടുക്കം പ്രകടിപ്പിച്ചു. ഗാസയിലെ ഗുരുതരമായ സുരക്ഷാ സാഹചര്യം ചൂണ്ടിക്കാട്ടി വേൾഡ് സെൻട്രൽ കിച്ചണും മറ്റ് ചാരിറ്റി ഗ്രൂപ്പുകളും പാലസ്തീനികൾക്കുള്ള ഭക്ഷണ വിതരണം നിർത്തിവച്ചു.



## പ്രശ്നം പരിഹരിച്ച് വാട്സ്ആപ്പും ഇൻസ്റ്റഗ്രാമും തിരിച്ചെത്തി

സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളായ വാട്സ്ആപ്പും ഇൻസ്റ്റഗ്രാമും വീണ്ടും ലഭ്യമായി തുടങ്ങി. രാത്രി 11. 15 ഓടെയാണ് ഇവയുടെ പ്രവർത്തനം താത്കാലികമായി നിലച്ചത്. ലോകമെമ്പാടുമുള്ള നിരവധി ഉപയോക്താക്കൾക്ക് അവരുടെ വാട്ട്സ്ആപ്പ് സെർവറുകളിൽ തകരാർ അനുഭവപ്പെട്ടു. പല ഉപയോക്താക്കൾക്കും വാട്സാപ്പിൽ സന്ദേശം അയയ്ക്കാൻ സാധിക്കുന്നില്ല. ആപ്പിലോ വാട്ട്സ്ആപ്പ് വെബിലോ ലോഗിൻ ചെയ്യാൻ ശ്രമിക്കുന്ന ഉപയോക്താക്കൾക്ക് നിലവിൽ സേവനം ലഭ്യമല്ലെന്ന സന്ദേശമാണ് ലഭിച്ചത്. അതേസമയം ഇൻസ്റ്റഗ്രാമിലും പ്രശ്നങ്ങളുണ്ടായെന്ന് ഉപയോക്താക്കൾ പറഞ്ഞു. ഇൻസ്റ്റഗ്രാമിൽ ഫീഡും സ്റ്റോറുകളും അപ്ഡേറ്റ് ആവുന്നതുമില്ല. ഈ വർഷം ഇത് രണ്ടാം തവണയാണ് മെറ്റയുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഇത്തരത്തിലുള്ള തടസങ്ങൾ നേരിടുന്നത്. മാർച്ചിൽ നിരവധി ഉപയോക്താക്കൾക്ക് ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ത്രെഡ്സ് എന്നിവ പണിമുടക്കിയിരുന്നു.



## തുർക്കിയിലെ നിശാ ക്ലബ്ബിൽ തീപിടുത്തം; 15 പേർ മരിച്ചു

ഇസ്താംബൂൾ: തുർക്കിയിലെ ഇസ്താംബൂളിലെ നിശാ ക്ലബ്ബിൽ ചൊവ്വാഴ്ചയുണ്ടായ തീപിടുത്തത്തിൽ 15 പേർ മരിച്ചു.നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. പരുക്കേറ്റ എട്ടുപേരിൽ ഏഴുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവർ ഗുരുതരാവസ്ഥയിലാണ്.നവീകരണത്തിനായി ക്ലബ്ബ് അടച്ചിട്ടിരിക്കുകയായിരുന്നു. നവീകരണം നടത്തിയിരുന്ന തൊഴിലാളികളാണ് അപകടത്തിൽപ്പെട്ടത്. തീപ്പിടുത്തത്തിന്റെ കാരണം ഇതുവരെ വ്യക്തമായിട്ടില്ല

# കപ്പലുകൾക്ക് നേരെയുള്ള ആക്രമണം മന്ദഗതിയിൽ; ഹൂതികളുടെ ആയുധ ശേഖരം കുറഞ്ഞേക്കാമെന്ന് യുഎസ് കമാൻഡർ

വാഷിംഗ്ടൺ: യമനിലെ ഹൂതി വിമതർ തങ്ങളുടെ ഡ്രോണുകളും കപ്പൽ വിരുദ്ധ ബാലിസ്റ്റിക് മിസൈലുകളും അളവില്ലാതെ ഉപയോഗിച്ചതിൽ അവരുടെ ആയുധ ശേഖരം കുറഞ്ഞേക്കാം എന്ന് യുഎസ് കമാൻഡർ. ഈ സൈഹചര്യത്തിൽ അവരുടെ ആക്രമണത്തിന്റെ വേഗത അൽപ്പം മന്ദഗതിയിലായേക്കാമെന്ന് മിഡിൽ ഈസ്റ്റിലെ യുഎസ് എയർഫോഴ്സ് കമാൻഡർ ബുധനാഴ്ച വ്യക്തമാക്കി.ഇറാൻ പിന്തുണയുള്ള മിലിഷ്യ ഗ്രൂപ്പിന് നേരെയുള്ള അമേരിക്കൻ പ്രതികാര ആക്രമണങ്ങൾ തീർച്ചയായും അവരുടെ പെരുമാറ്റത്തെ ബാധിച്ചിട്ടുണ്ടെന്നും യുഎസ് എയർഫോഴ്സ് സെൻട്രലിന്റെ തലവനായ ലെഫ്റ്റനന്റ് ജനറൽ അലക്സസ് ഗ്രിൻകെവിച്ച് പറഞ്ഞു.ചെങ്കടലിലും ഏദൻ ഉൾക്കടലിലും വാണിജ്യ, സൈനിക കപ്പലുകൾക്ക് നേരെ ഹൂതികൾ ദിവസേന ആക്രമണം നടത്തുകയും യമനിലെ വിമത മേഖലകളിൽ നിന്ന് ഡ്രോണുകളും മിസൈലുകളും വിക്ഷേപിക്കുകയും ചെയ്യുന്നു. ആക്രമണം ഒരു നിർണായക ഷിപ്പിംഗ് റൂട്ട് തടസ്സപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.പ്രതികരണമെന്നോണം യുഎസും സഖ്യകക്ഷികളും ജലപാതയിൽ തങ്ങളുടെ സൈനിക കപ്പൽ സാന്നിധ്യം വർദ്ധിപ്പിക്കാൻ നിർബന്ധിതരായി. കൂടാതെ നിരവധി അവസരങ്ങളിൽ വെടിമരുന്ന്, ആയുധങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയിൽ വ്യാപകമായ പ്രതികാര ആക്രമണം നടത്തി. യുഎസ് കപ്പലുകളും യുദ്ധ വിമാനങ്ങളും ഹൂതികളുടെ ഡ്രോണുകൾക്കും മിസൈലുകൾക്കും നേരെ ബോംബാക്രമണം നടത്തുകയും വിക്ഷേപിക്കാൻ തയ്യാറെടുക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# അൽ അറേബ്യ, അൽ ഹദത്ത്, സ്കൈ ന്യൂസ് അറേബ്യ എന്നീ ചാനലുകൾക്ക് സുഡാനിൽ നിരോധനം









ഖാർത്തൂം: സൗദി സർക്കാർ ഉടമസ്ഥതയിലുള്ള അൽ അറബിയ, അൽ ഹദത്ത്, യുഎഇയുടെ ഉടമസ്ഥതയിലുള്ള സ്കൈ ന്യൂസ് അറേബ്യ ചാനലുകളുടെ പ്രവർത്തനം സുഡാൻ താൽക്കാലികമായി നിർത്തിവച്ചു. സുഡാനീസ് സ്റ്റേറ്റ് ന്യൂസ് ഏജൻസി പറയുന്നതനുസരിച്ച്, പ്രൊഫഷണലിസത്തിന്റെയും സുതാര്യതയുടെയും മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ലൈസൻസുകൾ പുതുക്കുന്നതിലും അവർ കാണിക്കുന്ന അവഗണനയെ തുടർന്നാണ് നടപടി എന്നാണ്.സുഡാനീസ് ജേണലിസ്റ്റ് സിൻഡിക്കേറ്റ് വാർത്താവിതരണ മന്ത്രാലയത്തിന്റെ നീക്കത്തെ അപലപിച്ചു.'സാറ്റലൈറ്റ് ചാനലുകൾ അടച്ചുപൂട്ടുന്നതും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ നിയന്ത്രിക്കുന്നതും പ്രൊഫഷണൽ മാധ്യമങ്ങളുടെ ശബ്ദത്തെ നിശ്ശബ്ദമാക്കും, കൂടാതെ കിംവദന്തികൾക്കും വിദ്വേഷ പ്രസംഗങ്ങൾക്കും വഴി തുറക്കും,' സിൻഡിക്കേറ്റ് ചൊവ്വാഴ്ച പ്രസ്താവനയിൽ പറഞ്ഞു.കഴിഞ്ഞ ഏപ്രിലിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്ശേഷം അങ്ങേയറ്റം മോശമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് നേരെ ചുമത്തിയ ഭീഷണിപ്പെടുത്തൽ തന്ത്രങ്ങളുടെ തുടർച്ചയാണ് ഈ തീരുമാനമെന്ന് പ്രസ്താവന കൂട്ടിച്ചേർത്തു.



## ലോകത്തെ അതിസമ്പന്നരുടെ പട്ടിക പുറത്തുവിട്ട് ഫോബ്സ്; മലയാളികളിൽ എം.എ യൂസഫലി

അബുദാബി: 2024 ലെ അതിസമ്പന്നരുടെ പട്ടിക പുറത്തുവിട്ട് ഫോബ്സ് മാസിക. ലൂയിസ് വിറ്റൺ ഉടമ ബെർണാഡ് അർനാൾട്ടാണ് പട്ടികയിൽ ഒന്നാമത്. 233 ബില്യൻ ഡോളറാണ് ഇദ്ദേഹത്തിന്റെ ആസ്തി. ഇലോൺ മസ്ക് 195 ബില്യൻ ഡോളർ ആസ്തിയുമായി രണ്ടാം സ്ഥാനത്തും ജെഫ് ബെസോസ് 194 ബില്യൻ ഡോളർ ആസ്തിയുമായി മൂന്നാം സ്ഥാനത്തും എത്തി.116 ബില്യൻ ഡോളർ ആസ്തിയോടെ മുകേഷ് അംബാനി ആഗോള ധനികരിൽ ഒമ്പതാം സ്ഥാനത്താണ്. ശതകോടീശ്വരന്മാരായ മലയാളികളിൽ ലുലു ഗ്രൂപ്പ് ഉടമ എം.എ യൂസഫലി വീണ്ടും ഒന്നാമതെത്തി. ശതകോടീശ്വര പട്ടികയിൽ ആദ്യമായി ഒരു മലയാളി വനിതയും ഇടം നേടിയിട്ടുണ്ട്.എം.എ യൂസഫലിക്ക് 7.6 ബില്യൻ ഡോളർ ആസ്തിയാണുള്ളത്. ജോയ് ആലുക്കാസ് (4.4 ബില്യൻ ഡോളർ), ഡോ. ഷംഷീർ വയലിൽ (3.5 ബില്യൻ ഡോളർ), രവി പിള്ള (3.3 ബില്യൻ ഡോളർ), സണ്ണി വർക്കി (3.3 ബില്യൻ ഡോളർ) 1.3 ബില്യൻ ഡോളർ ആസ്തിയോടെ സാറ ജോർജ് മുത്തൂറ്റാണ് പട്ടികയിലെ സമ്പന്ന വനിത.

# 'ഈ മൃഗങ്ങൾക്കൊപ്പം ഒന്നു ജീവിച്ചുനോക്കണം' 20000 ആനകളെ ജർമ്മനിയിലേക്ക് അയക്കുമെന്ന് ബോട്സ്വാനയുടെ ഭീഷണി



ബർലിൻ: പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പഠിപ്പിക്കാൻ ജർമ്മനിയിലേക്ക് 20,000 കാട്ടാനകളെ അയക്കുമെന്ന് ബോട്സ്വാന പ്രസിഡന്റ് മൊഗ്വെറ്റ്സി മസിസി. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ ആനകൾ പെരുകുകയും ശല്യപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ ഭീഷണി.'ഞങ്ങളെ ഉപദേശിക്കുന്നതു പോലെ ജർമൻകാർ ഈ മൃഗങ്ങൾക്കൊപ്പം ഒന്നു ജീവിച്ചുനോക്കണം. ഇതൊരു തമാശയല്ല' -പ്രസിഡന്റ് മസിസി പറഞ്ഞു.1,30,000 ആഫ്രിക്കൻ ആനകളാണ് ബോട്സ്വാനയിലുള്ളത്. രാജ്യത്തിന് ഉൾക്കൊള്ളാവുന്നതിനും വളരെക്കൂടുതലാണിത്. കാട്ടാനകൾ വൻതോതിൽ വിള നശിപ്പിക്കുകയും ജനങ്ങൾക്കു ശല്യമുണ്ടാക്കുകയും ചെയ്യുന്നുണ്ട്.നേരത്തെ, ബോട്സ്വാന സർക്കാർ അയൽരാജ്യമായ അംഗോളയ്ക്ക് 8,000 ആനകളെ നൽകിയിരുന്നു. മൊസാംബിക്കിന് നൽകാമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. ജർമ്മനിക്കും സമാനമായ സമ്മാനം നൽകാമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.വിനോദത്തിനുവേണ്ടിയുള്ള വേട്ടയാടലിലൂടെയാണു കാട്ടാനകളുടെ എണ്ണം നിയന്ത്രിക്കുന്നത്. ബോട്സ്വാന ജനതയ്ക്ക് ഇതൊരു വരുമാനമാർഗവുമാണ്.

പാശ്ചാത്യർ വേട്ടയാടി കൊല്ലുന്ന ആനകളുടെ കൊമ്പും മറ്റു വസ്തുക്കളും തിരികെ കൊണ്ടുപോകാറുണ്ട്.യൂറോപ്യൻ രാജ്യങ്ങളിൽ ജർമനിയിലേക്കാണ് ഏറ്റവും കൂടുതൽ കയറ്റുമതി. ഈ സാഹചര്യത്തിൽ, വേട്ടയാടിക്കൊല്ലുന്ന മൃഗങ്ങളുടെ ഭാഗങ്ങൾ ഇറക്കുമതി ചെയ്യുന്നതു നിരോധിക്കണമെന്ന് ജർമൻ പരിസ്ഥിതി മന്ത്രാലയം ശുപാർശ ചെയ്തിരുന്നു

# 'തായ്‌വാൻ സേന ആക്രമണം ശക്തമാക്കിയാൽ ചൈന നോക്കി ഇരിക്കില്ല'; ഷി ജിൻപിംഗ്

ബെയ്ജിംഗ്: വാഷിംഗ്ടൺ മറികടക്കാൻ പാടില്ലാത്ത ചുവപ്പ് രേഖയാണ് തായ്‌വാൻ എന്ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ്. ചൊവ്വാഴ്ച യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി സംസാരിക്കവെയാണ് പ്രതികരണം.'തായ്‌വാൻ സ്വാതന്ത്ര്യ' ശക്തികൾ ബാഹ്യ ഘടകങ്ങളുടെ സഹായത്തോടെ അവരുടെ 'വിഘടനവാദ പ്രവർത്തനങ്ങൾ' ശക്തമാക്കിയാൽബെയ്ജിംഗ് കൈയും കെട്ടി നോക്കി ഇരിക്കില്ലെന്നും മുന്നറിയിപ്പ് നൽകി. ബൈഡന്റെയും ഷിയുടെയും സംഭാഷണത്തിലെവിഷയങ്ങളിലൊന്നായിരുന്നു തായ്‌വാൻ. തായ്‌വാനെക്കൂടി ഉൾപ്പെടുത്തിയുള്ള 'ഏക ചൈന' നയമാണ് ഇരുരാജ്യങ്ങൾക്കിടയിലെ സൈനിക സംഭാഷണങ്ങളിൽ ബെയ്ജിങ് ഉയർത്തിപ്പിടിച്ചത്.1949-ലെ ആഭ്യന്തരയുദ്ധത്തിൽ തായ്‌വാൻ ചൈനയിൽ നിന്ന് വേർപിരിഞ്ഞു. എന്നാൽ 20 ദശലക്ഷത്തിലധികം ജനസംഖ്യയുള്ള ദ്വീപിനെ ചൈന ഇന്നും അതിന്റെ പ്രദേശമായി കണക്കാക്കുന്നു. സൈനിക ശക്തിയിലൂടെ ഇത് തന്റെ നിയന്ത്രണത്തിലാക്കുമെന്നാണ് ചൈനയുടെ നിലപാടെന്നാണ് റിപ്പോർട്ടുകൾ. അതേസമയം ഇരു പ്രസിഡന്റുമാരും വ്യാപാര സാങ്കേതിക വിഷയങ്ങളും ചർച്ച ചെയ്തു. പ്രയോജനപ്രദമായ സഹകരണം തേടാനും ചൈനയുടെ വികസന ലാഭവിഹിതത്തിൽ പങ്കുചേരാനും യുഎസ് തയ്യാറാണെങ്കിൽ, ചൈന വാതിൽ എപ്പോഴും തുറന്നിടും -ഷി പറഞ്ഞതായി വാങ് ഉദ്ധരിച്ചു.2022 ജൂലൈയിലാണ് ബൈഡനും സിയും അവസാനമായി ഫോണിൽ സംസാരിച്ചത്.







# Kairali
FOODS & EVENTS

CATERING
SNACKS & GROCERIES
TAKE-OUT FOODS
EVENT MANAGEMENT

777 Milwaukee Ave.
Glenview, IL-60025
KairaliFoodsOfGlenview@gmail.com

Both Kairali and P&P Under New Management

രുചിയുടെ രസക്കൂട്ട്....

PH: (847) 729-2100



Tinu Paranjattu 847 845 7022 | Satheesh Niravath 847 338 6681
Mohin Mammoottil 773 679 5526 Ginesh Blackam 773 592 5966
Joby Vaniyakunnel 847 630 7669 | Sherfin Pathanveer 847 729 2100



# P&P ASIAN FOODS

HOUSE OF FRESH MEAT, FISH, VEGETABLE AND SPICES
PH: (847) 663-8100, FAX: (847) 663-8480
8506 GOLF ROAD, NILES, IL 60714

We Accept
VISA MasterCard DISCOVER

**P&P NILES**ൽ നിങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലായിനം മത്സ്യ മാംസാദികൾക്ക് പുറമെ താറാവ്, നാടൻ കോഴി, മുയൽ കൂടാതെ കേരളത്തിനകത്തും പുറത്തുമുള്ള നിരവധി ആയുർവേദ കമ്പനികളുടെ ഗുണനിലവാരമുള്ള അരിഷ്ടം, ലേഹ്യം, കുഴമ്പ് സൗന്ദര്യ വർധനവിനുള്ള കസ്തൂരി മഞ്ഞൾ, രക്തചന്ദനപ്പൊടി എന്നിവയും ഇപ്പോൾ ലഭ്യമാണ്

SHOP WITH US AND YOUR SATISFACTION GUARANTEED
WE SERVE OUR CUSTOMERS BETTER THAN ANONE ELSE